അമരമ്പലം ഗ്രാമപഞ്ചായത്ത്

ജനകീയാസൂത്രണം

സമഗ്ര വികസന രേഖ

വികസന റിപ്പോർട്ട് തയ്യാറാക്കിയ കോർഗ്രൂപ്പുകൾ

കൃഷിയും ജലസേചനവും

പി.എം. അബ്രഹാം മാസ്റ്റർ
തോമസ് മാത്യൂ കാക്കനാട്
പി.സ്. രഘുറാം
കെ. ഗോപാലൻ
എൻ.എം. ബഷീർ

മൃഗസംരക്ഷണവും മത്സ്യബന്ധനവും

ദേവസ്യ. കെ.ജെ
മാത്യു. പി.ടി
മുരളീധരൻ നായർ
ഡോ. ഷൗക്കത്ത്
സുരേന്ദ്രൻ

വ്യവസായം

വി.കെ. അബ്ദുൾഗഫൂർ
കെ. രാജേന്ദ്രൻ
സി.കെ. സരോജിനി
ഷൈൻ. എം.പി

വിദ്യാഭ്യാസം

ത്രേസ്യാമ്മ ടീച്ചർ
കെ.വി. ശങ്കരദാസ്
എം.എൻ. ശശീധരൻ നായർ

കുടിവെള്ളവും പൊതു ജനാരോഗ്യവും

പി. സജിൻ
ഡോ: പി. ശിവശങ്കരൻ
കെ. കൃഷ്ണദാസ്
കെ.പി. വിനോദ്

ഗതാഗതം, ഊർജ്ജം, മാർക്കറ്റ്, ടൂറിസം

കെ. രാജ്മോഹനൻ
കെ.വി. ദിവാകരൻ
സി.കെ അശോക് കുമാർ
നസീർ എം.കെ.
കെ മമ്മദ്

പാർപ്പിടവും സാമൂഹ്യക്ഷേമവും

കക്കുഴി ശിവദാസൻ
ടി. ലഷ്മിയമ്മ
സി. റുഖിയ
റഹമത്ത്. കെ.പി

സംസ്ക്കാരം

ഉണ്ണികൃഷ്ണൻ കളരിക്കൽ
രവീന്ദ്രൻ മാസ്റ്റ
മറിയാമ്മ മാത്യു
ലിബുകോശി

വനിതക്ഷേമം

പി. വിജയലക്ഷിമി
റോജ ഗംഗൻ
സാലി ജോസ്
ശശികുമാർ. ടി.പി.
രാജമ്മ ദാസ്
ഗൗരി.
വി.ജി. ഭവാനിയമ്മ

പട്ടികജാതി – പട്ടികവർഗ്ഗ ക്ഷേമം

ജോസ് മാത്യൂസ്
പി.എം. ഫിലിപ്
കാരിക്കുട്ടി

സഹകരണം

ദേവാനന്ദ്. പി.
സി. വേണുഗോപാൽ
ടി.പി. രാഘവൻ

വിഭവസമാഹരണം

വി.കെ ഭാസ്ക്കരൻ
വി.കെ പ്രഭാകരൻ
നാട്ടറിവും ചരിത്രവും
എൻ.എൻ. സുരേന്ദ്രൻ
കക്കുഴി ശിവദാസൻ

ഒമ്പതാം പദ്ധതി ജനകീയ പദ്ധതി

അമരമ്പലം ഗ്രാമ പഞ്ചായത്ത്

സമഗ്ര വികസന രേഖ



“നമ്മളീ മണ്ണിന്റെയുഷ്പറി
ഞ്ഞോർ

നമ്മളീ നാടിന്റെ തുടി
ഷ്പറിഞ്ഞോർ

നാളെ നാമെത്തേണ്ട
ലക്ഷ്യവും പാതയും

ഇന്നു നാമൊന്നായ്
തിരഞ്ഞെടുക്കും”

എഡിറ്റർ

എൻ. എൻ. സുരേന്ദ്രൻ

എഡിറ്റോറിയൽ ബോർഡ്

കെ. പി. വിനോദ്

കക്കുഴി ശിവദാസൻ

കെ. രാജ്മോഹനൻ

ജോസ് മാത്യൂസ്

വി. കെ. അബ്ദുൽ ഗഫൂർ

പി. സജിൻ

ലേഔട്ട്

ജോസ് മാത്യൂസ്

പി. ദേവാനന്ദ്

ഡി. ടി. പി

ഗ്യാലക്സി കമ്പ്യൂട്ടേഴ്സ്

പ്രിന്റിംഗ്

ഡാറ്റാമേറ്റ്

1. ആമുഖം
2. പഞ്ചായത്ത് പൊതുവിവരണം
3. സാമൂഹിക - സാംസ്കാരിക ചരിത്രം
4. ഭൂപ്രകൃതി , ജനപ്രകൃതി, ജലവിഭവം
5. സാമൂഹിക - സാമ്പത്തിക മേഖലകൾ
    - *5.1. കൃഷിയും ജലസേചനവും*
    - *5.2. മൃഗസംരക്ഷണവും മത്സ്യബന്ധനവും*
    - *5.3. വ്യവസായം*
    - *5.4. വിദ്യാഭ്യാസം*
    - *5.5. പൊതുജനാരോഗ്യം, കുടിവെള്ളം*
    - *5.6. ഗതാഗതം, ഊർജ്ജം, മാർക്കറ്റ്,*
    - *5.7. പാർപ്പിടവും സാമൂഹ്യക്ഷേമവും*
    - *5.8. സംസ്കാരം*
    - *5.9. വനിത*
    - *5.10. പട്ടികജാതി, പട്ടികവർഗ്ഗക്ഷേമം*
    - *5.11. സഹകരണം*
    - *5.12. വിഭവ സമാഹരണം*

അമരമ്പലം ഗ്രാമ പഞ്ചായത്ത്

ഭരണസമിതി



കെ. പി. വിനോദ്
(പ്രസിഡന്റ്)



കെ. രാജ്മോഹനൻ
(വൈസ് പ്രസിഡന്റ്)



കക്കുഴി ശിവദാസൻ
(ചെയർമാൻ. സ്റ്റാന്റിംഗ് കമ്മിറ്റി)

തോമസ് മാത്യു കാക്കനാട് (മെമ്പർ)

വി.എം. മാധവിക്കുട്ടിഅമ്മ (,,)

ത്രേസ്യാമ്മ ടീച്ചർ (മെമ്പർ)

സി.കെ. സരോജിനി (‘‘)

പി. വിജയലക്ഷ്മി (‘‘)

എൻ. എം. ബഷീർ (‘‘)

കെ. ജെ. ദേവസ്യ (‘‘)

സി. വേണു ഗോപാലൻ (‘‘)

1

ആമുഖം

"ഒമ്പതാം പദ്ധതി ജനകീയ പദ്ധതി" എന്ന മുദ്രാവാക്യം സാക്ഷാത്കരിക്കാൻ വേണ്ടി രൂപീകരിച്ച കർമ്മോത്സുകതയുടെ കൂട്ടായ്മയാണ് ജനകീയാസൂത്രണ പ്രസ്ഥാനം. നാടിന്റെ വികസനകാര്യത്തിൽ പോലും നാം, പുലർത്തിയിരുന്ന 'കൂട്ടായ്മക്കു' പകരം 'കൂട്ടായ്മ' വളർത്തുകയാണിതിലൂടെ. അധികാരം ജനങ്ങൾക്ക് എന്ന് എല്ലാവരും ഇതുവരെ ഉദ്ഘോഷിച്ചിരുന്നുവെങ്കിലും ഇപ്പോഴാണ് ആസൂത്രണ ബോർഡും ഗവൺമെന്റും അതിനുള്ള നടപടികൾ ആരംഭിച്ചത്. ജനകീയാസൂത്രണത്തിലൂടെ അധികാരം കുറെയെങ്കിലും ജനങ്ങളിലെത്തിക്കുന്നതിലൂടെ ആഗോള സാമ്പത്തിക ശക്തികളുടെ ആക്രമണത്തെ ചെറുക്കാൻ പ്രാദേശിക ഭരണ സമിതികൾക്ക് ഒരു പരിധിവരെ കെൽപുണ്ടാക്കുവാൻ സഹായിക്കും. ജനകീയവത്കരണത്തിലൂടെയാണിത് സാദ്ധ്യമാകുന്നത്. സ്വന്തം വിധി നിർണ്ണയിക്കാനും അവനവന്റെ ആവശ്യാനുസരണം ഉത്പാദനം നടത്താനും ഗ്രാമീണർക്കുള്ള കഴിവും പ്രാപ്തിയും വർദ്ധിക്കും. ഒരു പരിധിവരെയെങ്കിലും ഇത് സാധിക്കാൻ നാട്ടിൽ ഉറങ്ങിക്കിടക്കുന്ന കർമ്മശേഷിയെ, അധ്വാനശേഷിയെ ഉണർത്തേണ്ടതുണ്ട്.

ഇന്നുള്ള അഞ്ചു ശതമാനത്തിനു പകരം പദ്ധതി ചെലവിന്റെ 35- 45 ശതമാനം പഞ്ചായത്തുകളുടെ നേരിട്ടുള്ള നിയന്ത്രണത്തിലാക്കാനാണ് തീരുമാനം. ഇതിലൂടെ നാളിതു വരെ ഗുണഭോക്താക്കളോട് നിങ്ങൾക്കെന്ത് വേണമെന്ന് ആരും ചോദിച്ചിട്ടില്ല. ജനകീയാസൂത്രണത്തിലൂടെ ഇതു ചോദിക്കുന്നു. വിപുലമായ ജനപങ്കാളിത്തത്തോടെ ഒമ്പതാം പദ്ധതി രൂപീകരിക്കാനാണ് ആസൂത്രണബോർഡ് തീരുമാനിച്ചിരിക്കുന്നത്. കാർഷിക വ്യാവസായിക മേഖലിലയിൽ നാം നേരിടുന്ന പ്രതിസന്ധികൾക്ക് ഒരു പരിധി വരെ പരിഹാരം കാണാൻ ജനകീയാസൂത്രണത്തിനു കഴിയും. അഴിമതിയുടെ അളവു കുറയ്ക്കാനും സ്വജനപക്ഷപാതപരമായ 'അർഹരെ' കണ്ടെത്തുന്ന മാമൂൽ രീതി ഇല്ലാതാക്കാനും അധികാര വികേന്ദ്രീകരണത്തിലൂടെ കഴിയും. പ്രഥമിക ദ്വിതീയ മേഖലകളെ തകർച്ചയിൽ നിന്നും രക്ഷിക്കാൻ ഉത്പാദനവും ഉദ്പാദനക്ഷമതയും വർദ്ധിപ്പിക്കേണ്ടതുണ്ട്. വിദ്യാഭ്യാസ ആരോഗ്യസേവന തുറകളിലെ ഗുണനിലവാരം ഉയർത്താൻ മുകളിൽ നിന്നു തീരുമാനിക്കുന്ന പരിപാടികൾക്കു പകരം ജനകീയ ഇടപെടലുകൾക്കു സാധ്യതയുള്ള സർഗ്ഗാത്മക പ്രവർത്തനങ്ങൾ കണ്ടെത്തണം. ചുരുക്കത്തിൽ അധികാരവികേന്ദ്രീകരണത്തിലൂടെ പുതിയ പഞ്ചായത്തീരാജ് സംവിധാനത്തിലൂടെ വികസനത്തിന്റെ ഗതിവേഗം വർദ്ധിപ്പിക്കാൻ നമുക്കും കഴിയും, കഴിയണം.

വികസനമെന്നാൽ ജനങ്ങളുടെ ജീവിത നിലവാരത്തെ പടിപടിയായി ഉയർത്തുന്ന സാമൂഹ്യ പ്രക്രിയയാണ്. സമ്പത്തിന്റെ ഉൽപാദനവും നീതിപൂർവ്വകവുമായ വിതരണവും നടക്കണം. അതോടൊപ്പം വികസനം സ്ഥായിയായിരിക്കണം. കുറഞ്ഞ സാമ്പത്തിക വളർച്ചയിലും ഉയർന്ന ജീവിത നിലവാരം കേരളത്തിന്റെ പ്രത്യേകതയാണ്.

ജീവിതഗുണത മികച്ചതാണെങ്കിലും വർഷങ്ങളായി കാർഷിക വ്യവസായ മേഖലകളിൽ മുരടിപ്പും പിന്നോട്ടടിയുമാണ്. ഇതു വരെ മികച്ചുനിന്ന ആരോഗ്യ വിദ്യാഭ്യാസ സേവന മേഖലകളിൽ ഗുണനിലവാരം കുത്തനെ താഴുന്നു. ഗവൺമെന്റിന് പദ്ധതിയേതര ചിലവുകൾ കൂടുന്നു. മാറിമാറി വരുന്ന എല്ലാ ഗവൺമെന്റുകൾക്കും റവന്യൂക്കമ്മി വർദ്ധിക്കുന്നു. വികസനാവശ്യങ്ങൾക്ക് മുതൽ മുടക്കാനുള്ള ഗവൺമെന്റിന്റെ കഴിവ് കുറഞ്ഞു വരുന്ന സാഹചര്യത്തിലാണ് ജനങ്ങളുടെ കർമ്മശേഷി ഉപയോഗപ്പെടുത്തി ഒമ്പതാം പദ്ധതി ജനപങ്കാളിത്തത്തോടുകൂടി നടപ്പാക്കാൻ തീരുമാനിച്ചത്.

പൂക്കോട്ടുംപാടം സാംസ്കാരിക നിലയത്തിൽ വച്ച് ആഗസ്റ്റ് 17 ന് ജനകീയാസൂത്രണം പഞ്ചായത്തുതല ഉദ്ഘാടനം നടന്നു. ആശങ്കകളുടേയും അവ്യക്തതകളുടെയും നിഴലിൽ നടന്ന ലളിതമായ ചടങ്ങ് പഞ്ചായത്ത് പ്രസിഡന്റ് ഉദ്ഘടനം ചെയതു. ജില്ലാതല പരിശീലകരെ കണ്ടെത്തി പരിശീലനത്തിനയച്ചു. 19-9-96 ന് അവരുടെ നേതൃത്വത്തിൽ പ്രാദേശിക പരിശീലനം നടത്തി. പങ്കാളിത്തം തൃപ്തികരമായിരുന്നു. കക്ഷിരാഷ്ട്രീയ ആശയവൈരുദ്ധ്യങ്ങൾ വികസനത്തിനു വിഘാതമാകരുതെന്നും പുതിയൊരു വികസനരാഷ്ട്രീയ സംസ്കാരം വളർത്തേണ്ടത് നാടിന്റെ പുരോഗതിക്ക് അനിവാര്യമാണെന്നും പരിശീലനത്തിൽ പങ്കെടുത്തവർക്ക് ബോധ്യമായി. സപ്തംബർ 21, 22, 29, ഒക്ടോബർ 2 എന്നീ തീയ്യതികളിൽ വിവിധ വാർഡുകളിൽ ഗ്രാമസഭകൾ നടന്നു. വികസനത്തിൽ നേരിട്ടു പങ്കാളിയാവുക എന്ന ചരിത്ര ദൗത്യമേറ്റെടുക്കാൻ ഒരു ന്യൂനപക്ഷത്തിനേ കഴിഞ്ഞുള്ളു. അതിനു കാരണം നിരാശയുടെ കവലയിൽ പ്രജ്ഞയറ്റുപോയ ഭൂരിഭാഗം ജനങ്ങളും ഗ്രാമസഭകളെ നിസംഗതയോടെ വീക്ഷിച്ചതാവാം. പങ്കെടുത്തവർ തന്നെ വ്യക്തിനിഷ്ഠമായ ആവശ്യങ്ങൾ ഉന്നയിക്കുന്ന വേദികളായി ഗ്രാമസഭകളെ കണ്ടെങ്കിലും ചുരുക്കം ചിലർ പ്രാദേശിക സമഗ്ര വികസന നിർദ്ദേശങ്ങളും സാധ്യതകളും ഉന്നയിച്ചു. ഗ്രാമസഭാവിശദാംശങ്ങൾ പട്ടിക ഒന്നിൽ

വാർഡു നമ്പർ	ഗ്രാമസഭ നടന്ന തിയ്യതി	ഗ്രാമസഭനടന്ന സ്ഥലം-സമയം	പങ്കാളിത്തം
1	29-9-96	പാറക്കപ്പാടം മദ്രസ്സ -1.30	162
2	21-9-96	ജി.എൽ.പി.എസ് അമരമ്പലം -1.30	202
3	22-9-96	എ.കെ.എം.എ.എൽ.പി.എസ് കുറ്റമ്പാറ -1.30	164
4	21-9-96	വിദ്യാകോളേജ് പൂക്കോട്ടും പാടം -1.30	126
5	2-10-96	S.A.U.P.S. ചേലോട് -1.30	220
6	21-9-96	ചെട്ടിപ്പാടം അംഗനവാടി -1.30	110
7	29-9-96	ചുള്ളിയോട് മദ്രസ്സ -1.30	164
8	2-10-96	N.A.A.M.A.L.P. Sതേൾപ്പാറ -1.30	192
9	22-9-96	N.A.A.M.A.L.P. Sതേൾപ്പാറ -1.30	130
10	2-10-96	GUPS അമരമ്പലം സൗത്ത് -1.30	287
11	29-9-96	GUPS പറമ്പ -2.00	194

ഇതിനോടകം 13 ഡി.ആർ.പി. യോഗങ്ങളും 2 എൽ.ആർ.പി. യോഗങ്ങളും 2 കോർഗ്രൂപ്പ് യോഗങ്ങളും രാഷ്ട്രീയപ്പാർട്ടികളുടെ 2 യോഗങ്ങളും ഉദ്യോഗസ്ഥരുടെ ഒരു യോഗവും നടന്നു. നമ്മുടെ പഞ്ചായത്തിൽ നവംബർ 1 ന് പുനരർപ്പണദിനം വിജയിപ്പിക്കാൻ കഴിഞ്ഞു. ആസൂത്രണ ബോർഡിന്റെയും ഗവൺമെന്റിന്റേയും നിർദ്ദേശപ്രകാരം മിക്കവാറും പഞ്ചായത്തുകളിൽ ജനകീയ പങ്കാളിത്തത്തോടെ അൺടൈഡ് ഫണ്ട് ഉപയോഗിച്ച് നിർമ്മാണപ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുകയാണ് ചെയ്തതെങ്കിൽ നമ്മുടെ പഞ്ചായത്തിൽ പ്രസ്തുത ഫണ്ടിൽ നിന്ന് ഒരു പൈസ പോലും മുടക്കാതെ ജന പങ്കാളിത്തത്തോടെ 10 വാർഡുകളിൽ നിർമ്മാണപ്രവർത്തനങ്ങൾ നടത്തി. നവകേരള സൃഷ്ടക്കായി നമ്മുടെ പങ്കുവഹിക്കാൻ നമ്മൾ തുടങ്ങിവച്ച സന്നദ്ധപ്രവർത്തനത്തിന്റെ അളവ് പതിൻമടങ്ങ് വർദ്ധിപ്പിക്കേണ്ടതുണ്ട്. നവംബർ 1ന് നമ്മുടെ പഞ്ചായത്തിൽ നടത്തിയെ പ്രവർത്തനങ്ങളുടെ വിശദ വിരങ്ങൾ പട്ടിക രണ്ടിൽ ചേർക്കുന്നു

വാർഡു നമ്പർ.	ചെയ്ത പ്രവത്തിദൂരം	റോഡ് ചെലവ്	പങ്കാളിത്തം	മതിപ്പു
1&6	പൂക്കോട്ടു പാടം ടൗൺ ക്ലീനിംഗ്		50	4000.00
2.	മാമ്പൊയിൽ പന്നിക്കോട് റോഡ്	200M	25	2000.00
	പുതിയകളം റോഡ്	150M	35	2000.00
3.	ചെറുമിറ്റിക്കോട് - രാമാങ്കുത്ത് റോഡ് അറ്റകുറ്റപ്പണി	400M	32	3000.00
4	പൂക്കോട്ടും പാടം വില്ലുത്ത് പാടം റോട് അറ്റകുറ്റപ്പണി	100M	25	1000.00
5.	കോമുള്ളും കുന്ന് മണ്ണാത്തിപൊയിൽ റോഡ് അറ്റകുറ്റപ്പണി	750 M	30	2500.00
6.	———			
7.	ചുള്ളിയോട് ടൗൺ ശുചീകരണം	100M	38	3500.00
8.	അറനാടൻ കൈ-കവിളക്കുന്ന് റോഡ്	500M	25	2000.00
9.	കോളനി ഒളർവട്ടം റോഡ്	1.5.KM	75	7000.00

10	ഇല്ലിക്കോട്ടുപൊയിൽ നടപ്പാത നന്നാക്കൽ	500M	75	7000.00
11	ചുള്ളിയോട് ഹോമിയോ ആശുപത്രി ക്ലീനിംഗും പരിസര ശുചീകരണവും	-	50	2000.00

പഞ്ചായത്തിലെ വിവിധ മേഖലകളിലെ വിദഗ്ദരും ഉദ്യോഗസ്ഥരും സന്നദ്ധസംഘടനാപ്രവർത്തകരും അടങ്ങുന്ന കോർഗ്രൂപ്പിൽ നിന്ന് വിഷയ ഗ്രൂപ്പടിസ്ഥാനത്തിൽ ഗ്രൂപ്പുകളെ കണ്ടെത്തി. മിക്കവാറും എല്ലാ ഗ്രൂപ്പിന്റെയും നേതൃത്വം മെമ്പർമാരെയും ഡി.ആർ.പി.മാരെയും ഏൽപിച്ചു. നിശ്ചിത തീയതികളിൽ (നവംബർ 6, 7, 8 രാവും പകലും)

ലഭ്യമായ സന്നദ്ധപ്രവർത്തകരുടേയും മെമ്പർമാരുടെയും ഉദ്യോഗസ്ഥരുടേയും അക്ഷീണ പരിശ്രമത്തിലൂടെയാണ് വികസന റിപ്പോർട്ട് തയ്യാറിക്കിയത്. വികസനരേഖ തയ്യാറാക്കുന്നതിന് മുൻകൂട്ടി നിശ്ചയിച്ച ചില വിദഗ്ദൻമാരും ചില ഉദ്യോഗസ്ഥരും അവരുടെ അറിവും കഴിവും വേണ്ടത്ര ഉപയോഗിച്ചിട്ടില്ല.



നാടിനുവേണ്ടൊരു പദ്ധതി
നമ്മൾ
നാട്ടിൽ നിന്നു തുടങ്ങേണം
ആസൂത്രണവും ജനതതിയൊന്നായ്
കൂടിയിരുന്ന് നടത്തേണം

പഞ്ചായത്ത് പൊതുവിവരണം - 2

പഞ്ചായത്തിന്റെ പേര്	അമരമ്പലം ഗ്രാമപഞ്ചായത്ത് .
ഉൾപ്പെടുന്ന വില്ലേജ്	അമരമ്പലം
ബ്ലോക്ക് പഞ്ചായത്ത്	നിലമ്പൂർ
താലൂക്ക്	നിലമ്പൂർ
അസംബ്ലി മണ്ഡലം	നിലമ്പൂർ
വിസ്തീർണ്ണം	140.15 ച കി മി . (വനം 84.09 ആവാസ സ്ഥലം 56.06)
അതിരുകൾ	
കിഴക്ക്	നീലഗിരി (തമിഴ്നാട്)
പടിഞ്ഞാറ്	നിലമ്പൂർ പഞ്ചായത്ത്
വടക്ക്	കരുളായി പഞ്ചായത്ത്
തെക്ക്	കോട്ടപ്പുഴ
ജനസംഖ്യ	26,804
പുരുഷൻ	13,065
സ്ത്രീകൾ	13,739
കുടംബങ്ങളുടെ എണ്ണം	4,888
ജനസാന്ദ്രത	478.13
അക്ഷരാഭ്യാസമുള്ളവർ	95%
വാർഡുകൾ	11
പ്രസിഡന്റിന്റെ പേര്	കെ പി .വിനോദ്
വൈസ്പ്രസിഡന്റിന്റെ പേര്	കെ .രാജ്മോഹൻ
സ്റ്റാന്റിംഗ്കമ്മിറ്റി ചെയർമാൻ	കക്കുഴി ശിവദാസൻ

3

സാമൂഹിക-സാംസ്കാരിക ചരിത്ര പശ്ചാത്തലം

ചരിത്രഗ്രന്ഥങ്ങളിൽ രേഖപ്പെടുത്താത്ത-തിളങ്ങുന്ന-സാമൂഹ്യസാസ്കാരിക ചരിത്രപശ്ചാത്തലം അമരമ്പലം ഗ്രാമപഞ്ചായത്തിനുണ്ട്.പേരിന്റെ പിന്നിലും ഒരു ചരിത്രമുണ്ട്.അമരൻമാരുടെ അമ്പലം അഥവാ മരണമില്ലാത്ത ഋഷിമാരുടെ ആവാസ കേന്ദ്രമായിരുന്നു ഇവിടം.ഗതകാലചരിത്രത്തിന്റെ അവശേഷിക്കുന്ന ഒരു ബിന്ദുവായി അമരമ്പലം കോവിലകവും ക്ഷേത്രവും ഇന്നും നിലനിൽക്കുന്നു.അമരമ്പലം കോവിലകത്തെ ഇപ്പോഴത്തെ തമ്പുരാനായ ശ്രീ മാനവല്ലഭൻ തിരുമുൽപ്പാടിന്റെ മുൻഗാമികൾ 300 വർഷം മുമ്പ് എടവണ്ണകോവിലകത്തുനിന്നും എത്തിയവരാണ്. അമരമ്പലം പുഴക്കരയിൽ താമസമാക്കിയിരുന്ന നായർ സമുദായത്തിൽ പെട്ട മയ്യത്താമ്മാവൻ എന്നയാളെ ഭീഷണിപ്പെടുത്തിയാണ് തമ്പുരാക്കൻമാർ ഇവിടം താമസമാക്കിയത്.പതിനാലോളം മലവാരങ്ങൾ അമരമ്പലം കോവിലകത്തിൻ കീഴിലായി പിന്നീട്.ഇപ്പോഴത്തെ പഞ്ചായത്തിൽപെട്ട സ്ഥലം അമരമ്പലം കോവിലകം, മഞ്ചേരി കോവിലകം,നിലമ്പൂർ കോവിലകം,സാമൂതിര കോവിലകം,ചെമ്പന്തിട്ട ദേവസ്വം തുടങ്ങിയവരുടെ അധീനതയിലായിരുന്നു.ബ്രീട്ടീഷ് പട്ടാള കുളമ്പടി ശബ്ദവും വെടിമരുന്നിന്റെ ഗന്ധവും വിതറിയ പ്രദേശമാണിവിടം.മലബാർ കലാപകാലത്ത് കലാപകാരികളെ അമർച്ചചെയ്യാൻ കൂറ്റമ്പാറക്കടുത്ത നെല്ലിക്കുന്ന്,കോട്ടക്കുന്ന്,അമ്പലക്കുന്ന് വീട്ടിക്കുന്ന്,കവളമുക്കട്ടക്കടുത്തുള്ള 'പട്ടാളപൊയിൽ'തുടങ്ങിയ സ്ഥലങ്ങളിൽ ബ്രീട്ടീഷുകാർക്ക് സൈനിക കേന്ദ്രങ്ങളുടണ്ടായിരുന്നു.ഒരു പൊയിലിൽ പട്ടാളക്യാമ്പ് ഉണ്ടായിരുന്നതുകൊണ്ടാണ് ആ പ്രദേശം പിന്നീട് 'പട്ടാളപൊയിൽ'എന്ന പേരിൽ അറിയപ്പെടാൻ കാരണം.

ദേശീയ പ്രസ്ഥാന കാലത്തുണ്ടായ ഒരിക്കലും മരിക്കാത്ത ഓർമ്മകൾ അമരമ്പലത്തിനടുത്തുണ്ട്. ലിഖിത ചരിത്രത്തിന്റെ ഏടുകളിൽ സ്ഥാനം ലഭിക്കാതെ പോയ നിരവധി സാമൂഹ്യസ്നേഹികൾ ഇവിടെയുണ്ടായിരുന്നു.കൊമ്മഞ്ചേരി രാരിച്ചൻ എന്ന രാമനുണ്ണിക്കുറുപ്പ്, പൂളക്കൻ ഗോവിന്ദൻ നായർ, കോൽക്കാടാൻ രാമൻ, ചീരു, അരയക്കാടൻ രാമൻ നായർ,പൂക്കുഞ്ഞി കോയ തങ്ങൾ,മാഞ്ചീരിഈശ്വരൻ നമ്പൂതിരി.മുഹമ്മദ് കുരിക്കൾ,കുഞ്ഞുണ്ണി,ചുള്ളിയോട് ചന്തുണ്ണി കുപ്പിണി കുഞ്ഞൻ,T M. രാമനാരായണൻ നായർ,പൊറ്റേക്കാട്ട് വേലായുധൻ നായർ, കുപ്പണി മാതു, തേയിക്കുട്ടി കുന്നത് ലക്ഷ്മിഅമ്മ, ദേവകിയമ്മ, വടക്കുമ്പാട്ട് ചിന്നൻ നായർ, മാധവിയമ്മ തുടങ്ങിയവർ അവരിൽ ചിലരാണ്.

ബ്രിട്ടീഷ് മേധാവിത്വത്തിന്റെ സിംഹാസനത്തിലേക്ക് പ്രതിഷേധത്തിന്റെ അമ്പുകളെയ്ത ദേശാഭിമാനികളായിരുന്നു ഇവരിൽ പലരും.കോൺഗ്രസ്സിന്റെ നേതൃത്വത്തിൽ നടന്ന ദേശീയ സമരത്തിന്റെ ചുക്കാൻ പിടച്ചിരുന്നത് രാമനുണ്ണിക്കുറുപ്പായിരുന്നു.ദേശീയ സമരത്തിൽ പങ്കെടുത്തകാരണത്താൽ അദ്ദേഹത്തിന് ജയിൽ വാസമനുഭവിക്കേണ്ടിവന്നിട്ടുണ്ട്.സാമൂഹ്യപരിഷ്കരണരംഗത്ത് അദ്ദേഹത്തിന്റെ പങ്ക് എടുത്തു പറയേണ്ടതാണ്.1954-ൽ നടന്ന മലബാർ ഡിസ്ട്രിക്ട് ബോർഡിലേക്കു നടന്ന തെരഞ്ഞെടുപ്പിൽ വണ്ടൂർ 'ഫർക'യെ പ്രതിനിധീകരിച്ചിരുന്നത് രാമനുണ്ണക്കുറുപ്പായിരുന്നു.റവന്യൂ ഭരണത്തിൽ പ്രധാനഭാഗമായിരുന്നു ഫർക.ഒരു ഫർകയിൽ പത്തോപന്ത്രണ്ടോ വില്ലേജുകൾ ചേർന്നിരുന്നു.48 ഫർകകളായിരുന്നു മലബാർ ഡിസ്ട്രിക്റ്റ് ബോർഡിനു കീഴിൽ പി.ടി. ഭാസ്കരപണിക്കാരായിരുന്നു അന്ന് ബോർഡ് പ്രസിഡന്റ്

അമരമ്പലം ഗ്രാമപഞ്ചായത്ത് ഓഫീസിന് എതിർവശത്ത് ഇന്ന് പുതുക്കിപണിത വീടിന്റെ സ്ഥാനത്ത് ഒരു പഴയബംഗ്ലാവായിരുന്നു. അവിടെ ബ്രീട്ടീഷ് ഉദ്യോഗസ്ഥൻമാർ വരികയും വിശ്രമിക്കുകയും,ചിലപ്പോൾ താമസിക്കുകയും ചെയ്തിരുന്നു. ബംഗ്ലാവിന്റെ പൂമുഖത്തു കയറി നിന്ന് ബ്രീട്ടീഷുകാർക്കെതിരെ മുദ്രാവാക്യം വിളിച്ചകാരണത്താൽ അറസ്റ്റ്ചെയ്യപ്പെട്ട പൊറ്റക്കാട്ട് വേലായുധൻ നായർ ഇന്നത്തെ തലമുറക്ക് ആവേശമാകുമെന്നതിൽ തർക്കമില്ല.

ഇ. എം. എസ്., എ. കെ. ജി, ചാത്തുണ്ണമാസ്റ്റർ, കെ. പി. ആർ. കെ. എ. കേരളീയൻ, മുഹമ്മദ് അബ്ദുറഹിമാൻ സാഹിബ്, വിനോബഭാവെ, തുടങ്ങിയവരുടെ പാദസ്പർശമേറ്റ മണ്ണാണ് അമരമ്പലം.

മണ്ണിൽ പണിയെടുക്കുന്നവരുടെ ഭൂമിക്കുവേണ്ടിയുള്ള ധീരോദാത്തമായ സമരങ്ങൾ ഈ ഭാഗത്തു നടന്നിട്ടുണ്ട്. കമ്മ്യൂണിസ്റ്റു പാർട്ടിയുടെ മുൻകാല പ്രവർത്തകരായ കോൽക്കാടൻ രാമൻ, T M .രാമനാരായണൻ നായർ, കുഞ്ഞുണ്ണി, പൂളക്കൽ ഗോവിന്ദൻ നായർ, ഈശ്വരൻ നമ്പൂതിരി തുടങ്ങിയവരുടെ നേതൃത്വത്തിലായിരുന്നു സമരം. കമ്മ്യൂണിസ്റ്റ് പാർട്ടി നിരോധിച്ച ഘട്ടത്തിലും ഇവരുടെ നേതൃത്തത്തിൽ പ്രവർത്തനങ്ങൾ നടന്നിരുന്നു. പല നേതാക്കളും ഒളിവിൽ താമസിച്ച് ഇവിടെ പ്രവർത്തിച്ചിരുന്നു. കണ്ണൂർ പയ്യനൂർ സ്വദേശിയായ ഈശ്വരൻ നമ്പൂതിരി, ശാരദ തുടങ്ങിയവർ ഉള്ളാട് ഭാഗത്ത് ഒളിവിൽ താമസിച്ചിരുന്നതായി കോൽക്കാടൻ രാമൻ ഓർമ്മിക്കുന്നു. രാമൻ മുകുന്ദയ്യർ എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. രഹസ്യ കേന്ദ്രങ്ങളിലുള്ളവർക്ക് കത്തുകളെത്തിക്കുന്ന ജോലിയായിരുന്നു അദ്ദേഹത്തിന്. ഒരു നിശ്ചിത സ്ഥലത്ത് പൊതുയോഗം നടത്തുമെന്ന് നിശ്ചയിക്കുകയും പോലീസും ശത്രുക്കളും അവിടെ കേന്ദ്രീകരിക്കുമ്പോൾ പ്രസംഗിച്ച് തീരും മുമ്പ് പോലീസിന് എത്തിപ്പെടാൻ കഴിയാത്ത ദൂരത്തിൽ യോഗം നടത്തുകയും ചെയ്യുന്ന അടവുപരമായ പ്രവർത്തനം അന്നുണ്ടായിരുന്നു.

1929-ലാണ് മദിരാശി ഗവർമ്മെണ്ട് മലബാർ കുടിയാൻമാ നിയമം കൊണ്ടുവന്നത്. കുടിയാൻമാ നിയമ്മനുസരിച്ച് നിലവിൽ വന്ന പാട്ട കോടതി മുഖേന കൃഷിക്കാർക്കു ലഭിച്ചിരുന്ന ചില്ലറ ആനുകൂല്യങ്ങൾ നിഷേധിക്കാനും നിയമത്തിൽ പഴുതുണ്ടായിരുന്നു. പാട്ടം അളന്നതിന് ജന്മിമാർ 'മുറി 'കൊടുത്തിരുന്നില്ല. പാട്ട ബാക്കിയുണ്ടെന്നു പറഞ്ഞ് പലരേയും കള്ളക്കേസിൽ കുടുക്കി. പാട്ടബാക്കിയുടെ പേരിൽ കർഷകരെ ഒഴിപ്പിക്കാൻ അധികാരം ജന്മിമാർക്കുണ്ടായിരുന്നു. അതിനെതിരെ വ്യാപകമായ സമരങ്ങൾ നടന്നിട്ടുണ്ട്. സർക്കാർ ആഫീസുകൾക്കുമുമ്പിൽ നടക്കുന്ന സമരത്തിൽ പങ്കെടുക്കുവാൻ പോകുന്നവർക്ക് യാത്രയയപ്പും, ജയിലിൽ നിന്ന് തിരിച്ചെത്തുന്നവർക്ക് സ്വീകരണം നൽകലും പതിവായിരുന്നു. കുടുംബനാഥൻ ജയിലിലടക്കപ്പെടുമ്പോൾ അവരുടെ വീടുകളിലെ പ്രാഥമിക ചെലവുകൾക്ക് ജനങ്ങളിൽ നിന്ന് പിരിവെടുത്ത് വക കണ്ടെത്തിയിരുന്നു. 1936ൽ എ കെ ജിയുടെ നേതൃത്വത്തിൽ നടന്ന പട്ടിണിജാഥയിൽ പങ്കെടുക്കാൻ ഇവിടെനിന്ന് പ്രതിനിധികൾ പോയിരുന്നു.

രണ്ടാം ലോക മഹായുദ്ധക്കാലത്ത് ദാരിദ്ര്യം മൂർച്ഛിച്ചിരുന്നു. ആ ഘട്ടത്തിലാണ് മലബാർ കർഷക സംഘം തരിശുഭൂമി പ്രക്ഷോഭത്തിന് ആഹ്വാനം ചെയ്തത്. 1941-മുതൽ 42 വരെ സംഘത്തിന്റെ നേതൃത്വത്തിൽ കിഴക്കൻ പ്രദേശമായ സത്യകുമാർ എസ്റ്റേറ്റിലേക്കും, മറ്റു തരിശുഭൂമികളിലേക്കും കർഷകർ മാർച്ചു ചെയ്തു.

കൊത്തും 'പുനം 'ഞങ്ങളിക്കുറിയാരും
പിട്ടും പിരട്ടുമായ് ചാടേണ്ട
തടയണ്ട തടയണ്ട മണ്ണിനു മുന്നേറും

മണ്ണിന്റെ മക്കളോടേറേണ്ട –എന്ന പാട്ടും പാടിയാണ് കർഷകർ സമരഭൂമിയിലേക്ക് പുനം കൃഷിചെയ്യാൻ നീങ്ങിയിരുന്നതെന്ന് കുന്നത്ത് പ്രഭാകരൻ നായർ ഓർമ്മിക്കുന്നു. വനിതകളുടെയും പട്ടികജാതി–പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെയും പ്രാതിനിധ്യം ഉണ്ടായിരുന്നതിന്റെ തെളിവാണ് രേവി, ചീരാമൻ, കുന്നത്ത് ലഷ്മിയമ്മ, ദേവകിയമ്മ, ആതവനാട്ട് ഉണിച്ചിരി, കുപ്പിണിമാത തുടങ്ങയവരുടെ പങ്കാളിത്തം.

1957-ൽ അധികാരത്തിലേറിയ ഇ എം എസ് മന്ത്രിസഭയുടെ കുടുയൊഴിപ്പിക്കൽ തടഞ്ഞുകൊണ്ടുള്ള ഉത്തരവ് കർഷകർക്ക് കുറച്ച് ആശ്വാസം ലഭിക്കുകയുണ്ടായി. തരിശു പ്രക്ഷോഭത്തിനുശേഷം ഭൂമിക്കു വേണ്ടി നടന്ന വലിയ സമരം കുഞ്ഞാലിയുടെ നേതൃത്വത്തിലുള്ളതായിരുന്നു. 1965-ൽ ജയിലിൽ കിടന്നു മത്സരിച്ചു ജയിച്ച കുഞ്ഞാലി ജയിൽ മോചിതനായ ശേഷം വേങ്ങാപരതയിലെ കുടിയൊഴിപ്പിക്കലിനെതിരെ സമരം സംഘടിപ്പിച്ചു. തൊളപ്പൻ കൈ, പൊട്ടിക്കല്ല് എന്നിവിടങ്ങളിൽ ജന്മിമാരുടെ ഭൂമി പിടിച്ചെടുത്ത് വിതരണം ചെയ്തു. പിടിച്ചെടുത്ത ഭൂമിയിൽ നിന്ന് പൊതു ആവശ്യത്തിനുവേണ്ടി തിരിച്ചിട്ട സ്ഥലത്താണ്, ഇന്നത്തെ ആരോഗ്യകേന്ദ്രവും സാംസ്ക്കാരിക നിലയവും സ്ഥിതിചെയ്യുന്നത്.

ദേശീയ പ്രസ്ഥാന കാലത്തും തുടർന്നും നടന്ന സമരങ്ങൾ സാമൂഹ്യ സാംസ്ക്കാരിക രംഗത്ത് മഹത്തായ നേട്ടങ്ങളുണ്ടാക്കിയിട്ടുണ്ട്. അയിത്തത്തിനെതിരെയും അന്ന് പ്രവർത്തനങ്ങൾ ഉണ്ടായിട്ടുണ്ട്. കൗപീനവും ഒറ്റമുണ്ടുമായിരുന്നു അന്ന് കുട്ടികളുടെ വസ്ത്രധാരണം. സ്ക്കൂളിൽ നിന്നു തിരിച്ചെത്തുന്ന കുട്ടികൾ ഒറ്റമുണ്ട് വീടുനു പുറത്ത് അഴിച്ചു വെച്ചിട്ടേ വീടിനകത്തേക്കു കയറാൻ പാടുള്ളു. കൗപീനം അഴിക്കേണ്ട ആവശ്യമില്ല, കാരണം കൗപീനത്തിന് അയിത്തം ബാധകമല്ലെന്ന വിശ്വാസം നിലനിന്നിരുന്നു. അധഃസ്ഥിത വിഭാഗത്തിന് ക്ഷേത്രപ്രവേശനം നിഷേധിച്ചിരുന്ന ആ കാലഘട്ടത്തിൽ അരിനാട സമുദായത്തിൽപ്പെട്ട കണ്ണനെ പൂക്കോട്ടും പാടം ശിവക്ഷേത്രത്തിലേക്ക് കൂടെ കൊണ്ടുപോകാൻ ധൈര്യം കാണിച്ത് കൊമ്മഞ്ചേരി രാമനുണ്ണി കുറുപ്പായിരുന്നു. പൂക്കോട്ടുംപാടത്ത് വായനശാല ആരംഭിച്ചതിന്റെയും, ചുള്ളിയോട് പന്തിഭോജനം സംഘടിപ്പിച്ചതിന്റെയും പിന്നിൽ അദ്ദേഹമായിരുന്നു. വായനശാലയിൽ രാത്രിയിൽ അക്ഷരജ്ഞാനമില്ലാത്തവർക്ക് ആശാൻ വേലായുധന്റെയും മറ്റും നേതൃത്വത്തിൽ ക്ലാസ്സെടുത്തിരുന്നു.

പുരോഗമന ആശയമുള്ളവരെയുൾപ്പെടുത്തി പൊൻകുന്നം ദാമോദരന്റെ ആറടി മണ്ണ്, വഴിവിളക്ക് എന്നീ നാടകങ്ങൾ നിരവധി സ്ഥലങ്ങളിൽ അവതരിപ്പിച്ചിരുന്നു. T.M. രാമനാരായണൻ നായർ, V.K. ഭാസ്ക്കരൻ, വടക്കൻ ചിന്നൻ നായർ, സരോജിനിയമ്മ, ചിന്നു, കുന്നത്ത് പ്രഭാകരൻ നായർ, കുഞ്ഞുണ്ണി നായർ എന്നിവർ അതിന്റ അരങ്ങിലും അണിയറയിലും നിറഞ്ഞുനിന്നിരുന്നു. ഡോ. ഉസ്മാൻ, മാധവൻ തുട

ങ്ങിയ സാസ്ക്കാരിക പ്രവർത്തകരുടെ നേതൃത്വത്തിലുള്ള നിലമ്പൂർ 'യുവജന കലാസമിതി 'ഇ കെ .അയമുവിന്റെ, 'ജ്ജ് നല്ലൊരു മന്സനാകാൻ നോക്ക് 'എന്ന നാടകവും ഈ പ്രദേശത്ത് അവതരിപ്പിച്ചിരുന്നു .ഈ മൂന്നു നാടകങ്ങൾ സാമൂഹ്യ-സാംസ്ക്കാരിക രംഗത്ത് വരുത്തിയ മാറ്റങ്ങൾ കുറച്ചൊന്നുമല്ല .

1950-55 കാലത്ത് മാറാരോഗങ്ങൾ പിടിപെട്ടിരുന്നു .കോളറ, വസൂരി, മലേറിയ (ഹവ്വ) തുടങ്ങിയ രോഗങ്ങൾ നിമിത്തം നിരവധി ആളുകൾ ചികിത്സ ലഭിക്കാതെ മരിച്ചു .അധഃസ്ഥിത വിഭാഗങ്ങളിൽ പെട്ടവരായിരുന്നു കൂടുതലും മരിച്ചത് .ഡോക്ടർമാരുടെ സേവനം ലഭിച്ചിരുന്നത് എന്നെങ്കിലും ഒരു പ്രത്യേക സമയത്ത് ക്യാമ്പ് ചെയ്യുന്ന സമയത്തു മാത്രമാണ് . ഈ കാലത്ത് പുളക്കൽ ഗോവിന്ദൻ നായരുടെ സേവനം മറക്കാൻ കഴിയില്ല .വസൂരി പിടിച്ചവരെ വീട്ടിൽ താമസിപ്പിച്ചിരുന്നില്ല .ദേഹമാസകലം ചീഞ്ഞളിഞ്ഞ് ചലമൊലിച്ചു കിടക്കുന്നവരെ ചികിത്സിക്കുവാനും ,മരിച്ചവരെ മറവുചെയ്യുവാനും പുളക്കൽ ഗോവിന്ദൻ നായർ മുന്നിലുണ്ടായിരുന്നു .കേരള ദുരിത നിവാരണ സമിതിയുടെ മരുന്ന് ഗോവിന്ദൻ നായർ സംഘടിപ്പിച്ച് രോഗികൾക്ക് എത്തിച്ചിരുന്നു .നാട്ടുകാരും വീട്ടുകാരും അടുക്കാൻ ഭയപ്പെട്ട രോഗികളെ പ്രത്യേക ഷെഡ്ഡുകെട്ടി ഗോവിന്ദൻ നായർ ചികിത്സിച്ചിരുന്നു .ദിനംപ്രതി 1-ക, കണ്ട് ചിലവായിരുന്നു .അതിൽ 8അണ (1/2 ഉറുപ്പിക) മാത്രമാണ് ദുരിത നിവാരണ സമിതി നൽകിയിരുന്നത് .ബാക്കി അദ്ദേഹം തന്നെ വഹിക്കുകയായിരുന്നു .

ആദ്യമായി ഇവിടെയുണ്ടായ ചികിത്സാ കേന്ദ്രം പൂക്കോട്ടും പാടത്ത് ഒരു -ഇപ്പോഴത്തെ ആയുർവേദ ഡിസ്പൻസറിയുടെ സ്ഥാനത്ത് -വൈദ്യശാലയായിരുന്നു .നാട്ടിൽ നിന്നും പച്ചമരുന്നുകൾ ശേഖരിച്ച് ഔഷധങ്ങളാക്കി മാറ്റി വിതരണം ചെയ്തിരുന്ന ഒരു വൈദ്യന്റെ സേവനം ഇവിടെയുണ്ടായിരുന്നു .പിന്നീട് അത് ദുരിതാശുപത്രിയായി മാറി .

ആദ്യത്തെ ട്രേഡ് യൂനിയൻ സമരം നടന്നത് മണ്ണാത്തിപൊയിൽ അവറാച്ചൻ എസ്റ്റേറ്റിലാണ് .അപകടം പറ്റിയ തൊഴിലാളിക്ക് പണം ലഭിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടാണ് സമരം നടന്നത് .A.I.T.U.C. -ക്ക് കീഴിലുള്ള ഏറനാട് പ്ലാന്റേഷൻ ലാബർ യൂണിയനാണ് സമരത്തിന് നേതൃത്വം നൽകിയത് .യൂണിയൻ പ്രസിഡന്റ് സി .സി .നാരായണനും സെക്രട്ടറി കുഞ്ഞാലിയുമായിരുന്നു . 60-കളിൽ പ്ലാന്റേഷൻ രംഗത്ത് ശക്തമായ മുന്നേറ്റം സൃഷ്ടിക്കാനും തൊഴിലാളികളിൽ സംഘടിത ബോധം ഉണ്ടാക്കാനും യൂണിയൻ പ്രവർത്തനംകൊണ്ട് കഴിഞ്ഞിട്ടുണ്ട് .തുടർന്നുള്ള കാലത്ത് കാർഷിക മേഖലയിലെ തൊഴിലാളികൾക്ക് കൂലികൂടുതലിനും മറ്റാവശ്യങ്ങൾക്കും വേണ്ടി നടത്തിയ സമരങ്ങളിൽ പട്ടികജാതി-ആദിവാസി വിഭാഗങ്ങളും ഉണ്ടായിരുന്നു . K.S.K.T.U. വിന്റെ നേതൃത്വത്തിൽ നടന്ന സമരത്തിന്റെ ചുക്കാൻ പിടിച്ചിരുന്നത് V.K. ഭാസ്ക്കരൻ ,K .വേലായുധൻ നായർ തുടങ്ങിയവരാണ് .കാർഷിക മേഖലയിലെ തൊഴിലാളികളുടെ ഇന്നത്തെ നേട്ടങ്ങൾക്കു പിന്നിൽ അത്തരം സമരങ്ങളുടെ ചരിത്രമുണ്ട് . പിന്നീട് ആര്യാടൻ മുഹമ്മദ് നേതൃത്വം നൽകിയ യൂണിയനും ഈ മേഖലയിൽ ചില സമരങ്ങൾ നടത്തിയിട്ടുണ്ട് .

പഞ്ചായത്തിലെ ആദ്യത്തെ സ്ക്കൂൾ ഇപ്പോഴത്തെ 1-ാം വാർഡിലെ ഉള്ളാട് എന്ന സ്ഥലത്ത് 1921-ൽ സ്ഥാപിതമായി . ഉള്ളാട് ബോഡ് ഓഫ് ബോയ്സ് സ്ക്കൂൾ .പേരുകേട്ടാൽ ആൺ കുട്ടികൾക്കു മാത്രമുള്ളതാണെന്നു തോന്നും .കളരിക്കൽ മാധവി, പൊറ്റേക്കാടു പാർവ്വതി ,പറയറ്റ നാരായണി ,പറയറ്റ ദേവകി ,പൊറ്റേക്കാടു കല്യാണി ,പൂളക്കൽ ഉള്ളൂലി എന്നിവർ അവിടെ പഠിച്ചിരുന്നു .22- കുട്ടികൾ മാത്രമാണ് ആദ്യം സ്ക്കൂളിൽ ചേർന്നത് . റജിസ്റ്ററിൽ ആദ്യത്തെ പേര് പൂളക്കൽ മാധവൻ എന്നയാളുടേതാണ് .മറ്റു ഭാഗങ്ങളിൽ അനൗപചാരിക വിദ്യാലയങ്ങൾ ഉണ്ടായിരുന്നു .പിന്നീട് 1939-ൽ V .രൈരുനായനാർ ഇന്നത്തെ ചേലോട് എന്ന സ്ഥലത്ത് -പഴയ രൈരുപുരം -സ്ക്കൂൾ സ്ഥാപിക്കുകയുണ്ടായി .

പഞ്ചായത്തിലെ ആദ്യത്തെ പോസ്റ്റാഫീസ് തോട്ടേക്കാടുള്ള അമരമ്പലം പോസ്റ്റാഫീസ് ആണ്.

സ്വാതന്ത്ര്യ ലബ്ധിക്കു മുമ്പു തന്നെ ഇവിടെ ഗ്രാമകോടതി നിലനിന്നിരുന്നു . 1958-വരെ അത് നിലനിന്നിരുന്നതായി പഴമക്കാർ പറയുന്നു .ഗ്രാകോടതിയുടെ ജഡ്ജി പുലിക്കോട്ടു രാവുണ്ണിക്കുട്ടി നായരും, ജഡ്ജിയെ സഹായിക്കുന്നതിനു വേണ്ടി പുളക്കൽ മാധവൻ നായരും ഉണ്ടായിരുന്നു .വക്കീലന്മാരായി ശ്രീ . കുമാരൻ നായരും അരയങ്ങാട്ടു രാമൻ നായരും പ്രവർത്തിച്ചിരുന്നു .അന്നത്തെ കോടതിക്ക് 50-ക വരെ പിഴ വിധിക്കാനും 15-ദിവസത്തെ തടവ് ശിക്ഷ വിധിക്കാനും അധികാരമുണ്ടായിരുന്നു .

പഴയ കാലത്തെ സാമൂഹ്യ-സാംസ്ക്കാരിക-രാഷ്ട്രീയരംഗത്തെ കൂട്ടായ്മ ഇന്നത്തെ തലമുറക്ക് പ്രചോദനം നൽകുന്നമെന്നതിൽ സംശയമില്ല .പക്ഷെ പഴയകാലത്തുണ്ടായിരുന്ന സംഘടിതബോധവും, അത്മാർത്ഥതയും കുറഞ്ഞുവന്നിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു .

മുൻപ് കൃഷി ചെയ്തിരുന്ന പലസ്ഥലത്തും ഇന്ന് പുതിയ കെട്ടിടങ്ങളുയർന്നിരിക്കുന്നു .പ്രകൃതിയെ അമിതമായി ചൂഷണം ചെയ്തതുകൊണ്ട് കാലാവസ്ഥയിലും ഭൂപ്രകൃതിയിലും വന്ന മാറ്റം നിമിത്തം കിഴക്കൻ ഭാഗങ്ങളിലെ നെൽക്കൃഷിയിടങ്ങൾ പലതും ദീർഘകാല വിളകൾക്കാണ് ഉപയോഗിക്കുന്നത് .മറ്റു പല ഘടകങ്ങൾകൂടി ഇതിന്റെ പിന്നിലുണ്ടെന്ന് മറച്ചുവെക്കുന്നില്ല .തേൾപാറ ജംഗ്ഷൻ മുൻപ് നെൽകൃഷിചെയ്തിരുന്ന സ്ഥലമായിരുന്നു .ഭൂവിസ്തൃതിയും, ജനസംഖ്യാതോതും പരിഗണിക്കുമ്പോൾ നമുക്കാവശ്യമായ ഭക്ഷണസാധനങ്ങൾ ഉദ്പാദിപ്പിക്കാനുള്ള ഭൗതിക സൗകര്യം ഉണ്ടെങ്കിലും ഉദ്പാദനം കുറഞ്ഞു

വരികയാണ് .ഭൂമിക്കുവേണ്ടിയും ഉദ്പാദന വർദ്ധന വിനും പൂർവ്വീകർക്കുണ്ടായിരുന്ന ആവേശവും ആത്മാർത്ഥതയും പൂർണ്ണമായി ഉൾക്കൊള്ളാനും വിപുലപ്പെടുത്തുവാനും പുതിയ തലമുറക്ക് കഴിഞ്ഞിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു .സാമൂഹ്യമാറ്റത്തിനു വേണ്ടി സ്ത്രീകളും കഴിഞ്ഞകാലത്ത് സജീവമായി സഹകരിച്ചിരുന്നു .കഴിഞ്ഞ കാല പാരമ്പര്യം ഉയർത്തിപ്പിടിച്ചുകൊണ്ട് സാമൂഹ്യരംഗത്ത് മുന്നേറാൻ വർത്തമാനകാലത്ത് വനിതകൾക്ക് കഴിഞ്ഞിട്ടില്ല എന്ന് സ്വയം വിമർശനപരമായി നമ്മൾ വിലയിരുത്തേണ്ടതുണ്ട് .

അമരമ്പലം ഗ്രാമ പഞ്ചായത്ത് ഓഫീസിനും ഒരു ചരിത്രമുണ്ട് .ആദ്യം പഞ്ചായത്ത് ഓഫീസ് ഉപ്പുവള്ളിയിലായിരുന്നു . ജനകീയ സമരത്തിലൂടെയാണ് ഓഫീസ് കേന്ദ്രം പൂക്കോട്ടുംപാടത്തായത് . ആദ്യം വാടക കെട്ടിടത്തിലും പിന്നീട് സൗജന്യമായി ലഭിച്ച സ്ഥലത്ത് സ്വന്തം കെട്ടിടത്തിലുമായാണ് ഓഫീസ് പ്രവർത്തനം നടന്നു വന്നത് .

ആദ്യത്തെ പഞ്ചായത്ത ഭരണസമിതി 1964-ജനുവരി 1-നാണ് നിലവിൽ വന്നത് .സി വി ,പത്മനാഭൻ നായരായിരുന്നു ആദ്യത്തെ പ്രസിഡന്റ് .K .രാമൻ, P ഗോവിന്ദൻ നായർ ,P പത്മനാഭൻ നായർ ,P കുമാരൻ നായർ ,C K .മുഹമ്മത് മാസ്റ്റർ ,പുതിയറ അലവി, സി .സരോജിനി ,രാവുണ്ണി നായർ തുടങ്ങിയവരായിരുന്നു മെമ്പർമാർ .ഭരണ സമിതി അധികാരമേറ്റതിനു ശേഷം നടന്ന ആദ്യത്തെ വികസന പ്രവൃത്തി -കരുന്താർ പരതയിൽ R S 138/ 1ൽ പഞ്ചായത്തു വക 500 രൂപ ചിലവഴിച്ചുള്ള കിണർ -പ്രസിഡന്റ് സി വി .പത്മനാഭൻ നായർ ഉദ്ഘാടനം ചെയ്തു .

68-ൽ വിഭജനത്തിന്റെ ഫലമായി കരുളായി, അമരമ്പലം പഞ്ചായത്തുകൾ നിലവിൽ വന്നപ്പോൾ അമരമ്പലം പഞ്ചായത്തിന്റെ പ്രസിഡന്റ് K .രാമനായിരുന്നു .

ഇപ്പോഴത്തെ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. കെ പി .വിനോദും ,വൈ .പ്രസിഡന്റ് ശ്രീ .കെ .രാജ്മോഹനനുമാണ് .പഞ്ചായത്തിന്റെ ചരിത്രം ചികഞ്ഞുനോക്കുമ്പോൾ തെളിഞ്ഞു കാണുന്ന മറ്റൊരു കാര്യംകൂടിയുണ്ട് .O K .ഹംസ എന്ന പഞ്ചായത്തിലെ ജീവനക്കാരൻ .15-രൂപ പ്രതിമാസ അലവൻസിൽ 62-63 കാലത്ത് പഞ്ചായത്തിൽ പാർട്ട് ടൈം പൗണ്ട് കീപ്പറുടെ തസ്തികയിൽ പ്രവേശിച്ച ഇദ്ദേഹം പഞ്ചായത്തിന്റെ നടത്തിപ്പിൽ തന്റേതായ പങ്ക് നിർവ്വഹിച്ചിട്ടുണ്ട് .അന്നത്തെ പഞ്ചായത്ത് ഭരണസമിതിയുടെ താൽപര്യവും അദ്ദേഹത്തിന്റെ സേവന സന്നദ്ധതയും കൊണ്ട് പ്രൈവറ്റായി പഠിച്ച് ജൂണിയർ ബിൽ കലക്ടറുടെ തസ്തികക്കനുസരിച്ച വിദ്യാഭ്യാസ യോഗ്യത കൈവരിക്കുകയും ചെയ്തു .100 % നികുതി പിരിക്കുന്നതിൽ കാലാകലങ്ങളിൽ അദ്ദേഹത്തിന്റെ പ്രയത്നം ഉണ്ടായിരുന്നു .ഒരു ചുരുങ്ങിയ കലമൊഴിച്ച് ഇന്നേവരെ അദ്ദേഹത്തിന്റെ സേവനം പഞ്ചായത്തുനു ലഭിച്ചിട്ടുണ്ട് .

പിന്നീട് പുല്ലിക്കുന്നത്ത് പത്മനാഭൻ നായർ, P M. അബ്രഹാം മാസ്റ്റർ എന്നിവർ പ്രസിഡന്റുമാരായിരുന്നു .എം എം .കൃഷ്ണൻകുട്ടി ,P A. തോമസ്, തുടങ്ങിയവർ പ്രസിണ്ടുമാരായിട്ടുണ്ട് . M M . കൃഷ്ണൻ കുട്ടി രണ്ടു പ്രാവശ്യം പ്രസിഡന്റ് പദം അലങ്കരിച്ചിട്ടുണ്ട് .

ജീവിതത്തിന്റെ ഭൂരിഭാഗവും ,സാമൂഹ്യമാറ്റത്തിനുവേണ്ടി വിനിയോഗിച്ച ,പീഡനങ്ങളുടെ ഭാരം ചുമക്കേണ്ടി വന്ന നമ്മുടെ പൂർവ്വീകരുടെ ജ്വലിക്കുന്ന പാരമ്പര്യം ഉയർത്തിപ്പിടിച്ച് സാമൂഹ്യ-സാംസ്ക്കാരി -സാമ്പത്തിക രംഗത്ത് പുരോഗമനപരമായ മാറ്റത്തിന് വഴി തെളിക്കാൻ ഓരോരുത്തരും സ്വയം തയ്യാറാകുമെന്ന് പ്രത്യാശിക്കാം . ■

"ഏല് നോക്കിയൊഴിഞ്ഞാപ്പോരാ
മേലനങ്ങി പണിയെടുക്കേണം
ഒക്കെ നോക്കാൻ സർക്കാരെന്ന്
മുക്കിമൂളിയിരുന്നാ പോര"



4

ഭൂപ്രകൃതി ജനപ്രകൃതി ജലപ്രകൃതി

ഭൂപ്രകൃതി

പശ്ചിമഘട്ട മലനിരകളുടെ പടിഞ്ഞാറുഭാഗത്തായി നീലഗിരിക്കുന്നുകളോട് ചേർന്നുനിൽക്കുന്ന വടക്കേക്കോട്ടമല ഉൾപ്പെടുന്ന മലയോരപ്രദേശങ്ങളും താഴ്വരകളും സമതലങ്ങളും സമന്വയിച്ചു കിടക്കുന്ന പ്രദേശമാണ് അമരമ്പലം പഞ്ചായത്ത് .140 15-ചതു. കി മി .വിസ്തൃതിയുള്ള പഞ്ചായത്തിന്റെ കിഴക്കു ഭാഗം തമിഴ്നാട്ടിലെ നീലഗിരി ജില്ലയും പടിഞ്ഞാറ് വണ്ടൂർ നിലമ്പൂർ പഞ്ചായത്തുകളും വടക്ക് കരുളായി പഞ്ചായത്തും തെക്ക് കാളികാവ് അതിർത്തിയിലൂടെ കടന്നു പോകുന്ന കോട്ടപ്പുഴയും സ്ഥിതി ചെയ്യുന്നു .

വന്യമൃഗങ്ങളും ഗിരിജനങ്ങളും വസിച്ചിരുന്ന ചരിത്രപശ്ചാത്തലമുള്ള അമരമ്പലം പഞ്ചായത്ത് പിന്നീടുവന്ന പാട്ടകൃഷി സമ്പ്രദായവും തുടർന്നുണ്ടായ കേരള ഭൂപരിഷ്ക്കരണ നടപടികളും ഒടുവിലായി വർദ്ധിച്ചതോതിലുണ്ടായ കർഷകകുടിയേറ്റങ്ങളും മൂലം ഒരു വിളഭൂമിയായി മാറി .

ഭൂപ്രകൃതി അനുസരിച്ച് പഞ്ചായത്തിനെ 4 മേഖലകളായി തിരിക്കാം .

1. മലമ്പ്രദേശം
2. കുന്നിൻ പ്രദേശം
3. താഴ്വര
4. സമതലം

മലമ്പ്രദേശങ്ങളിൽ വനമണ്ണും കുന്നിൻ പ്രദേശങ്ങളിൽ ചെമ്മണ്ണും താഴ്വരകളിലും സമതലങ്ങളിലും മണൽ കലർന്ന ചെളിമണ്ണും എക്കൽ മണ്ണും ചേർന്ന് ഫലഭൂയിഷ്ഠമായ മണ്ണിൻ ഘടനയാണ് ഈ പഞ്ചായത്തിലുള്ളത് .

ആകെയുള്ള ഭൂ വിസ്തൃതിയിൽ 60% വനപ്രദേശമാണ് . ബാക്കിയുള്ള ആവാസ പ്രദേശങ്ങളിൽ കുത്തനെയുള്ള ചരിവുകളും ചെറിയ ചെരിവുകളും സമതലങ്ങളും പുഴയുമാണ് .

ജനപ്രകൃതി

1950-കൾ വരെ പഞ്ചായത്തിൽ ജനസംഖ്യ വളരെ കുറവായിരുന്നു .കൃഷിയും കാലിവളർത്തലുമായിരുന്നു ജനങ്ങളുടെ ജീവിതോപാധി .അന്ന് പരമ്പരാഗത തൊഴിൽ മേഖലകളിൽ ഉണ്ടായിരുന്നവർ ഇന്നത്തേതിൽ വ്യത്യസ്തമായി സ്വതന്ത്ര ജീവിതം നയിച്ചവരാണ് .കൈത്തറി ,ഓട്ടുപാത്ര നിർമ്മാണം ,അലക്ക് എന്നീ മേഖലകളിലായി ധാരാളം പേർ ഉണ്ടായിരുന്നു . പിന്നീട് ചെത്ത് തൊഴിലാളികൾ ,ആശാരിമാർ ,പെരുന്തൻമാർ കരുവാൻമാർ ,കുശവന്മാർ ,പനമ്പ് -പായ നെയ്ത്തുകാർ ,ക്ഷുരകന്മാർ എന്നിങ്ങനെയുള്ള പരമ്പരാഗത തൊഴിലാളികൾ ധാരാളമുണ്ടായി .മറ്റൊരു പ്രധാന രംഗം അവിൽ നിർമ്മാണമായിരുന്നു .അവിൽ കുത്തി വീടുകളിൽ എത്തിച്ച് പകരം നെല്ലു വാങ്ങിയിരുന്നു ഇവർ "ബാർട്ടർ "സമ്പ്രദായത്തിലൂടെ നമ്മുടെ കാർഷികരംഗത്തേയും വ്യാവസായിക രംഗത്തേയും പരസ്പരം ബന്ധിപ്പിച്ചുനിർത്തിയിരുന്നു .

ഔപചാരിക വിദ്യാഭ്യാസം കുറവായിരുന്ന കാലങ്ങളിൽ എല്ലാവരും തൊഴിൽ ചെയ്തിരുന്നു .എന്നാൽ ഇന്ന് സെക്കണ്ടറി വിദ്യാഭ്യാസം നേടിയാൽപ്പിന്നെ ആഫീസ് ജോലിയല്ലാതെ മറ്റൊന്നും മാന്യമല്ലാതായിരിക്കുന്നു .ഇതിനു ചെറിയൊരപവാദം എന്ന നിലയ്ക്ക് ഓട്ടോമൊബൈൽ രംഗവും വ്യാപാരമേഖലയും മാത്രമാണുള്ളത് . വിദേശത്തുപോയി എന്തു ജോലിയും ചെയ്യാൻ തയ്യാറുള്ള അഭ്യസ്ത വിദ്യർ നാട്ടിൽ അതിനു തയ്യാറാകുന്നില്ലായെന്നത് നാടിന്റെ അഭിവൃദ്ധിയിൽ പിന്നോട്ടടിക്കു കാരണമാകുന്നു .കൊത്തുപണികളിലും കൊല്ലപ്പണികളിലും അപൂർവ്വ വൈദഗ്ധ്യമുള്ളവർ ഈ പഞ്ചായത്തിന്റെ സവിശേഷതയാണ് . വ്യത്യസ്ത തൊഴിൽ മേഖലകളെ സമ്പുഷ്ടമാക്കാൻ പരമ്പരാഗതമായ നാട്ടറിവുകളുള്ള ഒരു വലിയ ജനസമ്പത്ത് ഇവിടെയുണ്ട് .ജനകീയാസൂത്രണപ്രസ്ഥാനത്തിന് കരുത്തേകാൻ ഈ ജനസമ്പത്ത് പരമാവധി പ്രയോജനപ്പെടുമെന്ന നമുക്ക് പ്രതീക്ഷിക്കാം .

1991ലെ സെൻസസ് പ്രകാരം നമ്മുടെ പഞ്ചായത്തിലെ മൊത്തം ജനസംഖ്യ 26,804 ആണെന്ന് തിട്ടപ്പെടുത്തിയിരിക്കുന്നു . 1996-ലെ ജനകീയാസൂത്രണ പരിപാടിയുടെ ഭാഗമായി നടത്തിയ പ്രാദേശിക സർവ്വെപ്രകാരം ലഭിച്ച വിവരങ്ങൾ താഴെ കൊടുക്കുന്നു .

പട്ടിക 1 ജനസംഖ്യ

ആകെ ജനസംഖ്യ	പുരുഷന്മാർ	സ്ത്രീ	കുട്ടികൾ
26,804	13065	13739	4321

(അവലംബം സെൻസസ് ബോർഡ്)

പട്ടിക 2

വിധവകൾ	വികലാംഗർ	അവിവാഹിതർ	വിവാഹമോചിതർ	സ്ഥിരം രോഗികൾ
546	177	229	208	192

(അവലംബം സാമ്പിൾ സർവ്വെ 96)

പട്ടിക 3

കൃഷി	വ്യവസായം	സർക്കാർ	കൂലി	പൊതു	ഗൾഫ്	ആകെ	തൊഴിൽ രഹിതർ
1014	179	338	4,444	58	450	6483	4334
16	3%	5%	68%	1%	7%		

പട്ടിക 4 പെൻഷൻ

വിധവ	കർഷക	വാർദ്ധക്യ	മറ്റുള്ളവ
188	423	70	93

(അവലംബം സാമ്പിൾ സർവ്വെ 96)

പട്ടിക 5 വീടുകൾ

സ്വന്തം	വാടക	ഓട്	ടെറസ്	കുടിൽ/ഓല	വൈദ്യുതീകരിച്ചത്	
					Y	N
4857	148	3991	220	646	1218	3639

(അവലംബം സാമ്പിൾ സർവ്വെ 96)

പട്ടിക 6 അടുപ്പ്

സാധാരണ	ദക്ഷത കൂടിയത് (പരിഷത് അടുപ്പ്)	മണ്ണെണ്ണ	ഗ്യാസ്
4503	61	156	161

ജലപ്രകൃതി

മലയോരപ്രദേശമായതിനാൽ വർഷത്തിൽ ശരാശരി മഴ ലഭിക്കുന്ന പ്രദേശമാണ് അമരമ്പലം പഞ്ചായത്ത് .വർഷത്തിൽ 7 മാസവും മഴ ലഭിക്കുന്ന അവസ്ഥയാണുള്ളത് .വടക്കേക്കോട്ട മലവാരത്തിൽ നിന്നും ഉത്ഭവിച്ച് അമരമ്പലം പഞ്ചായത്തിന്റെ തെക്കേ അതിർത്തിയിലൂടെ കടന്നുപോകുന്ന കോട്ടപ്പുഴയും തുടർന്ന് തെക്കുപടിഞ്ഞാറൊഴുകുന്ന കുതിരപ്പുഴയും പഞ്ചായത്തിന്റെ ജലവിഭവ ശ്രോതസ്സിൽ പ്രധാന്യ മർഹിക്കുന്നു .

വർഷകാലത്ത് ധാരാളമായി നീരൊഴുക്കുള്ള ചെരങ്ങാതോട് ,മുക്കട്ടതോട് ,വെള്ളോലിതോട ,തിരുമുണ്ടി തോട് തുടങ്ങിയവ പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിലെ കാർഷിക വ്യത്തിക്കും മറ്റു ഗാർഹിക അവശ്യങ്ങൾക്കുമായി ഉപയോഗിക്കുന്നു .

പഞ്ചായത്തിലെ 6,7,8,9 വാർഡുകളെ ഫലഭൂയിഷ്ഠമാക്കിക്കൊണ്ട് ചെറുതും വലുതുമായ നീരുറവകൾ മലനിരകളിൽ നിന്നും ഒഴുകുന്നത് ഇവിടത്തെ ജലവിഭവ ലബ്ധിയിൽ മുഖ്യമായ ഒരു പങ്കു വഹിക്കുന്നു . പഞ്ചായത്തിലെ കുന്നും പ്രദേശങ്ങളിൽ പെടുന്ന ചിലയിടങ്ങളിൽ വേനൽക്കാലത്ത് കുടിവെള്ള ക്ഷാമം കണ്ടു വരുന്നു .

പഞ്ചായത്തിലെ കൃഷിക്കും ഗാർഹികാവശ്യങ്ങൾക്കും ഉപയോഗിക്കുന്ന പ്രകൃതിദത്ത ജലാശയങ്ങൾ താഴെ പറയുന്ന പ്രകാരമാണ് .

കിണറുകൾ			കുളങ്ങൾ		
ധാരാളം	മിതം	ദരിദ്രം	ധാരാളം	മിതം	ദരിദ്രം
31%	40%	29%	24%	45%	31%

കുളങ്ങളുടെ എണ്ണം	
വാർഡ്	എണ്ണം
1	4
2	19
3	5
4	3
5	5
6	4
7	2
8	7
9	12
10	16
11	6

കാലാവസ്ഥ

കാലാവസ്ഥ അടിസ്ഥാനമാക്കി ഈ പഞ്ചായത്തിനെ 2 മേഖലകളാക്കിത്തിരിക്കാം .

1. കിഴക്കൻ മലമ്പ്രദേശം

സ്വഭാവം –മഴക്കൂടുതൽ ,ചൂടുകുറവ്

2. പടിഞ്ഞാറൻ പ്രദേശം –സമതലം

സ്വഭാവം –മഴക്കുറവ് ,ചൂടുകൂടുതൽ

ശരാശരി മഴ സ്ഥിരം ലഭിക്കുന്നുണ്ടെങ്കിലും മഴക്കാലം കുറഞ്ഞു വരുന്നു .തണുപ്പ് കഴിഞ്ഞ 10 വർഷത്തിനുള്ളിൽ വളരെ കുറഞ്ഞു വരുന്നുതായി കാണപ്പെടുന്നു .

മാസം	1994 (m m .)	1995 (m m .)	1996 (m m .)
ഏപ്രിൽ	133.8	110.6	75.04
മെയ്	96.3	180.09	88.02
ജൂൺ	730.01	448.05	591.8
ജൂലായ്	1200.2	684.7	504.2
ആഗസ്റ്റ്	409.2	246.02	241
സപ്തംബർ	134.2	240	262
ഒക്ടോബർ	315.07	111	388
നവംബർ	162.9	113.09	11
ഡിസംബർ	4	–	–
ജനുവരി	–	–	–
ഫിബ്രവരി	11.2	–	–
മാർച്ച്	–	35.3	–



5

സാമൂഹിക സാമ്പത്തിക മേഖലകൾ

5.1

കൃഷി - ജലസേചനം

അമരമ്പലം പഞ്ചായത്ത് എന്നാൽ ഇന്നുള്ള അമരമ്പലം വില്ലേജ്, കരുളായി വില്ലേജ്, മൂത്തേടം വില്ലേജിന്റെ ചിലഭാഗങ്ങൾ എന്നിവ ഉൾപ്പെട്ട പ്രദേശമായിരുന്നു. വനനിബിഢവും വന്യജീവികളുടെ വിഹാരരംഗവുമായിരുന്ന ഈ പ്രദേശത്തിന്റെ ഉടമസ്ഥത കോഴിക്കോട് സാമൂതിരി കോവിലകത്തിൽ നിക്ഷിപ്തമായിരുന്നു. അവരിൽ നിന്നും നിലമ്പൂർ കോവിലകം, മഞ്ചേരി കോവിലകം, അമരമ്പലം കോവിലകം എന്നിവരിലേക്കും അവരിൽനിന്ന് കാര്യസ്ഥപദവി ലഭിച്ചിട്ടുള്ള ചെമ്മന്തിട്ട നായർ, മരക്കച്ചവടക്കാരനായ കല്ലടി ഉണ്ണിക്കമ്മു സാഹിബ്, സത്യകുമാർ എസ്റ്റേറ്റ്, ഇന്ത്യൻ അച്ചുതൻ നായർ, ടി. എൻ. എസ്. നമ്പ്യാർ തുടങ്ങിയവരിലേക്കും കൈവശാവകാശത്തിലും കാണം, പണയം, വാക്കാൽ ചാർത്ത് എന്നിവ വഴിയും അവകാശം ലഭിച്ചു. ജന്മി-കുടിയാൻ വ്യവസ്ഥ ഇവിടെ നിലനിന്നിരുന്നു. സ്വാതന്ത്ര്യ ലബ്ധിക്കു ശേഷവും കേരളപ്പിറവിക്കു മുൻപേയുമായി 'കൃഷിഭൂമി കൃഷിക്കാരന്' എന്ന ആശയത്തിൽ, പല ഉന്നതനേതാക്കൻമാരുടെയും നേതൃത്വത്തിൽ മലബാർ മേഖലയിൽ നടന്ന കാർഷിക സമരങ്ങളിൽ ഈ പ്രദേശത്തുള്ളവരും ഭാഗഭാക്കായി.

ഇവിടെ കൃഷി എന്നാൽ നെൽകൃഷി മാത്രമായിരുന്നു. ഇടക്കാല വിളയായി എള്ള്, ചാമ, ചോളാണ്ടി, മുതിര, തുവര എന്നിവ നെൽകൃഷിക്കുശേഷം നടത്തിയിരുന്നു. സ്വന്തം ആവശ്യത്തിനുള്ള പച്ചക്കറികളും ഓരോ കർഷകനും ഉല്പാദിപ്പിച്ചിരുന്നു. വനനിബിഢമായ പ്രദേശങ്ങളിലെ തേക്ക്, വീട്ടി, ഇരുൾ (കടമരം) തുടങ്ങിയ വൻമരങ്ങൾ ധാരാളമായി മുറിച്ച് കല്ലായി തടിവ്യവസായ കേന്ദ്രത്തിലേക്ക് എത്തിച്ചിരുന്നു. പാഴ്മരങ്ങൾ വെട്ടിമുറിച്ച് കരി വ്യവസായവും നടത്തിയിരുന്നു. വനങ്ങൾ വെട്ടിത്തെളിയിച്ച പ്രദേശങ്ങളിൽ 'മോടൻ' നെൽകൃഷി (പുനം കൃഷി) നടത്തിയിരുന്നു. 1950 നു ശേഷം തരിശായി കിടന്നിരുന്ന കരഭൂമികൾ കുറഞ്ഞ വിലക്ക് ലഭിക്കുമെന്നതിന്റെയടിസ്ഥാനത്തിൽ വൻകിട റബ്ബർത്തോട്ടങ്ങൾക്ക് ആരംഭം കുറിച്ചു. അതിനുശേഷം 1965 കാലഘട്ടത്തിൽ തിരുവിതാംകൂർ ഭാഗത്തുനിന്നും ഇടത്തരക്കാരും ചെറുകിടക്കാരുമായ അനവധി കൃഷിക്കാർ ഈ പ്രദേശത്തേക്ക് കുടിയേറി കാടിനെ നാടാക്കി മാറ്റിയതിന്റെ ഫലമായി ഇവിടം ഒരു മികച്ച കാർഷിക പ്രദേശമായി.

ഭൂപ്രകൃതി (കൃഷിയിടം)

പട്ടിക1

നമ്പർ	ഭൂപ്രകൃതി	വിസ്തൃതി	ശതമാനം
1.	ഉയർന്ന പ്രദേശം	4792.05 ഹെക്ടർ	11%
2.	കുത്തനെയുള്ള ചരിവ്	783.9 "	18%
3.	മിതമായ ചരിവ്	1132.30 "	26%
4.	താഴ്വരകൾ	1929.3 "	44%
5.	പുഴ	25.1 "	0.6%

ഭൂവിനിയോഗം.

പഞ്ചായത്തിന്റെ ആകെ വിസ്തീർണ്ണം 10888.52 ഏക്കർ ആണ്. ഇതിൽ 6533 ഏക്കർ വനമാണ്. ആകെ കൃഷിയിടം 4355 ഏക്കർ ആണ്. ഇത് ഉയർന്ന പ്രദേശം, കുത്തനെ ചരിഞ്ഞ പ്രദേശം, മിതമായ ചരിവുള്ള പ്രദേശം, താഴ്വരകൾ, പുഴ (മുകളിൽ കാണിച്ചിരിക്കുന്ന പട്ടിക പ്രകാരം) എന്നിങ്ങനെ വേർതിരിക്കാവുന്നതാണ്. പഞ്ചായത്തിന്റെ കിഴക്കൻ ഭാഗങ്ങളിൽ വളക്കൂറുള്ള വനമണ്ണും (Forest Soil) വടക്കു വടിഞ്ഞാറു ഭാഗങ്ങളിൽ ചെങ്കല്ലു കലർന്ന മണ്ണും, താഴ്വരകളിൽ പശിമരാശി മണ്ണും, മണൽ മണ്ണും ആണ് കാണപ്പെടുന്നത്.

ഉയർന്ന പ്രദേശങ്ങളിൽ പ്രധാനമായി റബ്ബറും, നിരപ്പായ പ്രദേശങ്ങളിൽ തെങ്ങ്, റബ്ബർ, കമുക് എന്നീ സ്ഥിരവിളകളും ഹ്രസ്വവിളകളായ നെല്ല്, കപ്പ, വാഴ തുടങ്ങിയവയും കൃഷി ചെയ്തു വരുന്നു. വെട്ടുകല്ല് കലർന്ന മൺപ്രദേശങ്ങളിൽ കശുമാവ് കൃഷി ചെയ്യപ്പെടുന്നു. കൊക്കോ, കുരുമുളക്, ജാതി, ഗ്രാമ്പൂ, ഇഞ്ചി, മഞ്ഞൾ, ചേന മുതലായവ തെങ്ങിൻ തോട്ടങ്ങളിൽ ഇടവിളയായി കൃഷി ചെയ്യുന്നുണ്ട്. ചില പ്രദേശങ്ങളിൽ നെൽകൃഷിക്കു ശേഷം പച്ചക്കറികളും, പയർ, എള്ള് തുടങ്ങിയവയും കൃഷി ചെയ്യുന്നുണ്ട്.

പട്ടിക 2

നമ്പർ	വിനിയോഗം	വിസ്തൃതി (ഹെക്ടർ)	ശതമാനം
1.	റബ്ബർ	2614.8	60.04
2.	നെല്ല്	473.2	10.86
3.	തെങ്ങ്	672	15.44
4.	കമുക്	101.2	2.32
5.	കശുമാവ്	98.8	2.27
6.	കുരുമുളക്	51.2	1.17
7.	മറ്റുള്ളവ	343.8	7.9

ഭൂ ഉടമസ്ഥതാ അവകാശം താഴെ പറയും പ്രകാരം കണക്കാക്കാം.

പട്ടിക3

നമ്പർ	വിസ്തൃതി	ശതമാനം (ഉടമസ്ഥർ)
1.	1 സെന്റിനും 10 സെന്റിനും ഇടക്ക്	24.5
2.	11 സെന്റിനും 25 സെന്റിനും ഇടക്ക്	26.17
3.	26 സെന്റിനും 50 സെന്റിനും ഇടക്ക്	19.64
4.	51 സെന്റിനും 1 ഏക്കറിനും ഇടക്ക്	15.31
5.	1 ഏക്കറിനും 2 ഏക്കറിനും ഇടക്ക്	7.46
6.	2 ഏക്കറിനും 5 ഏക്കറിനും ഇടക്ക്	5.13
7.	5 ഏക്കറിനും മുകളിൽ	1.79

നെല്ല്

മുൻകാലങ്ങളിൽ പറമ്പുവട്ടൻ, പടന്നവെള്ള, ചുവന്നായ്മ, ആര്യൻ, തൊണ്ണൂറാൻ, എണ്ണപ്പട്ട, ഉണ്ടാട്ടൻ, കുമ്പളവൻ, കൊച്ചിതൊണ്ണൂറാൻ, ചിറ്റേനി, ചെറുവെള്ളരി തുടങ്ങിയ നാടൻ വിത്തിനങ്ങളാണ് കർഷകർ ഉപയോഗിച്ചിരുന്നത്. ചവറ് (തോല്), ചാണകം, ആട്ടിൻ കാഷ്ഠം, ചാരം (വെണ്ണീറ്) തുടങ്ങിയ നാടൻ ജൈവവളങ്ങൾ ഉപയോഗിച്ചിരുന്നു. ഈ വിത്തുകൾക്ക് താരതമ്യേന ഉത്പാദനക്ഷമത കുറവായിരുന്നു. കീടങ്ങളുടെ ഉപദ്രവവും കുറവായിരുന്നു. കീടനശീകരണത്തിന് നാടൻ രീതിയിലുള്ള പ്രയോഗങ്ങൾ അവലംബിച്ചിരുന്നു. 1960-61 കാലമായപ്പോഴേക്കും എൻ ഇ എസ് ബ്ലോക്കുകൾ മുഖാന്തിരം നെൽകൃഷിക്ക് ജപ്പാൻ മാതൃക അവലംബിക്കാൻ തുടങ്ങി. കോയമ്പത്തൂർ 19,25, നൈനാൻ, ഐ.ആർ എട്ട് തുടങ്ങിയ വിത്തിനങ്ങൾ അക്കാലത്ത് പ്രചാരത്തിൽ വരികയുണ്ടായി. രാസവളങ്ങളും കീടനാശിനികളും ഉപയോഗിക്കാൻ തുടങ്ങി. അതോടുകൂടി നെൽകൃഷിയിൽ ഒരു ഉണർവ്വും ആവേശവും ഉണ്ടായി. ഭൂപരിഷ്കരണ നിയമവും ഈ ഉണർവ്വിന് ഏറെ സഹായകമായിട്ടുണ്ട്. ഏറനാട് താലൂക്കിൽ ഏറ്റവും കൂടുതൽ ലെവി കൊടുത്തിരുന്ന ഒരു പഞ്ചായത്താണ് അമരമ്പലം. ഇന്ന് അത്യുൽപാദനശേഷിയുള്ള വിത്തിനങ്ങൾ (ജ്യോതി, ജയ, പവിഴം, ഐശ്വര്യ തുടങ്ങിയവ) ഉപയോഗിക്കുന്നുണ്ട്.

ഒന്നും രണ്ടും മൂന്നും വിളവുകൾ എടുത്തിരുന്ന പാടങ്ങൾ പിൽക്കാലത്ത് ഭവന നിർമ്മാണത്തിനും കൂടുതൽ ആദായം ലഭിക്കുന്ന മറ്റു കൃഷികളിലേക്കും മാറിപ്പോയി. നെല്ലിന്റെ വിലയിടിവ്, ഉൽപാദനച്ചെലവിൽ വന്ന വർദ്ധനവ്, ജലസേചന സൗകര്യക്കുറവ്, രോഗങ്ങൾ വായ്പാസൗകര്യങ്ങളുടെ അഭാവം, വന്യമൃഗങ്ങളുടെ ശല്യം, തൊഴിലാളികളുടെ മറ്റു തൊഴിൽ മേഖലകളിലേക്കുള്ള കുടിയേറ്റം എന്നിവയൊക്കെയും മേൽപ്പറഞ്ഞതിന് കാരണങ്ങളാണ്.

പ്രകൃതിദത്തമായ മഴയും ജലസ്രോതസ്സുകളും മനുഷ്യ നിർമ്മിതമായ കുളങ്ങളും തോടുകളും ഉപയോഗപ്പെടുത്തിയുള്ള കൃഷിയായിരുന്നു അന്നുണ്ടായിരുന്നത്. തോടുകളിൽ, മുള മരക്കൊമ്പുകൾ, വാഴപ്പിണ്ടി മുതലായവകൊണ്ടുള്ള തടയണകൾ നിർമ്മിച്ച് ജലം കൃഷിക്കുപയോഗിച്ചിരുന്നു. കൂടാതെ ഏത്തം, കയറ്റുമുറം, പോതു എന്നിവയുപയോഗിച്ച് വെള്ളം തേവിനനക്കുമായിരുന്നു. കീട നിയന്ത്രണത്തിന് മുറംവീശൽ, വെണ്ണീർ പറപ്പിക്കൽ, ഇല്ലിമുള്ളുകൊണ്ട് വലിക്കൽ എന്നിവ നടത്തിയിരുന്നു. എലിയെ നശിപ്പിക്കാൻ എലിക്കെണി, എലിപ്പെട്ടി എന്നിവ ഉപയോഗിച്ചിരുന്നു. തെങ്ങ്, റബ്ബർ, എന്നീ കൃഷികളോട് അന്ന് ആഭിമുഖ്യം ഉണ്ടായിരുന്നില്ല.

ജൻമിത്വത്തിന്റെ കീഴിൽ തൊഴിലാളി 'അളവെടുക്കുക' എന്ന രീതി നിലനിന്നിരുന്നു. വിഷുവിനാണ് അളവെടുത്തിരുന്നത്. എണ്ണ, ഉപ്പ്, നാളികേരം, നെല്ല് എന്നിവയാണ് ജന്മി നൽകിയിരുന്നത്. പുരുഷന് 3 ഇടങ്ങഴിയും സ്ത്രീക്ക് 2 ഇടങ്ങഴിയും നെല്ലാണ് നൽകിയിരുന്നത്. ഇങ്ങനെ അളവെടുത്തുകഴിഞ്ഞാൽ ഒരു വർഷത്തേക്ക് ആ ജൻമിയുടെ കീഴിൽ പണിയെടുക്കാൻ അവർ ബാധ്യസ്ഥരായിരുന്നു. അളവെടുക്കുന്ന തൊഴിലാളികൾ ജോലിക്ക് ഹാജരായില്ലെങ്കിൽ ക്രൂരമായ മർദ്ദനത്തിന് ഇരയാകുമായിരുന്നു. തൊഴിലാളികളുടെ കുട്ടികൾക്ക് വിദ്യാഭ്യാസം നേടാൻ അവകാശമുണ്ടായിരുന്നില്ല. അവർ ജൻമിയുടെ കാലികളെ മേയ്ക്കുകയോ വിളകളിലെ കിളികളെ ഓടിക്കുകയോ ചെയ്യണമായിരുന്നു.

തെങ്ങ്

1960 വരെ നാമമാത്രമായേ തെങ്ങുകൃഷി ഉണ്ടായിരുന്നുള്ളു. കൃഷിവകുപ്പുപോലും ഈ മേഖല തെങ്ങുകൃഷിക്ക് അനുയോജ്യമല്ല എന്നായിരുന്നു വിലയിരുത്തിയിരുന്നത്. അതിനവർ പറഞ്ഞകാരണം 6 മാസം തുടർച്ചയായുള്ള വരൾച്ചയായിരുന്നു. എന്നാൽ സാഹസികരായ ചില കർഷകർ ലഭ്യമായ ജലസേചനസൗകര്യങ്ങൾ ഉപയോഗിച്ച് കിഴക്കൻ മേഖലകളിൽ തെങ്ങുകൃഷി തുടങ്ങുകയും, ആ പരീക്ഷണം വിജയിക്കുകയും കൂടുതൽ കർഷകർ അതിലേക്ക് തിരിയുകയും ചെയ്തു. 1970 ആയപ്പോഴേക്കും പഞ്ചായത്തിന്റെ കിഴക്കൻ മേഖലയിൽമാത്രം ഏകദേശം 250 ഏക്കർ സ്ഥലത്ത് തെങ്ങു കൃഷി ആദായകരമായി നടത്താൻ കഴിഞ്ഞു. ജലസേചന സൗകര്യങ്ങൾ പരിമിതമായി മാത്രം ലഭ്യമായിരുന്നതിനാൽ വിളവ് വർദ്ധിപ്പിക്കാൻ കഴിഞ്ഞിരുന്നില്ല. എന്നാൽ ചില കർഷകർ സ്വന്തമായി കുളങ്ങളും കിണറുകളും നിർമ്മിച്ച് ഡീസൽ, മണ്ണെണ്ണ പമ്പുകൾ ഉപയോഗിച്ച് ജലസേചനം നടത്തിയപ്പോൾ വിളവിൽ 40% മുതൽ 50% 'വർദ്ധനവുണ്ടായി. ഇത് കണ്ട് മാറ്റു കർഷകരും ഈ രംഗത്തേക്ക് പ്രവേശിക്കാൻ തുടങ്ങി.

1979ൽ ഗവൺമെന്റിന്റെ സാഡു പദ്ധതി- (Special Agricultural Development Unit) ലോകബാ

ങ്കിന്റെ സഹായത്തോടുകൂടി,അമരമ്പലത്ത് തുടങ്ങിയ തോടെ നാമമാത്രകൃഷിക്കാരും ചെറുകിടക്കാരുമായ ധാരാളം പേർ തെങ്ങുകൃഷിതുടങ്ങി .ബാങ്കുകൾ തെങ്ങു കൃഷിക്ക് ലോണുകൾ നൽകിയപ്പോൾ ,കിണറുകളും കുളങ്ങളും കുഴിച്ച് പമ്പുസെറ്റുകൾ വച്ച് ജലസേചനം നടത്തി ഉത്പാദനം ഗണ്യമായിവർദ്ധിപ്പിക്കാൻ കഴിഞ്ഞു.

സാധു പദ്ധതി :-

ആകെ കൃഷിക്കാർ	വിസ്തൃതി	കുളം	കിണർ	പമ്പുസെറ്റ്
390	465 ഏക്ര	30	285	77

(അവലംബം -കൃഷിഭവൻ)

കൃഷിക്ക് ഏക്കറിന് 4000 രൂപാ ലോൺ

കിണറിന് 5400 രൂപാ,എന്നിങ്ങനെ

കുളം പമ്പു സെറ്റുകൾ തുടങ്ങിയവയ്ക്ക് ആവശ്യാനുസരണം എന്നിങ്ങനെ ലോൺ നൽകിയിരുന്നു .കുളം, കിണർ, പമ്പുസെറ്റ് എന്നിവയ്ക്ക് 2000 രൂപ വീതം സബ്സിഡി നല്കിയിരുന്നു .ഇപ്പോൾ ഈ പഞ്ചായത്തിൽ 675 ഹെക്ടർ തെങ്ങുകൃഷിയുണ്ട് .ജലസേചന സൗകര്യമുള്ള പ്രദേശത്ത് 80നും 100 നും ഇടയിലും ജലസേചനസൗകര്യങ്ങൾ കുറഞ്ഞിടത്ത് 30നും 60നും ഇടക്കും ഉത്പാദനക്ഷമതയുണ്ട് .

റബ്ബർ

റബ്ബർ കൃഷിക്കനുയോജ്യമായ മണ്ണും കാലാവസ്ഥയും ,മറ്റനുകൂല സാഹചര്യങ്ങളുമാണ് ഈ പഞ്ചായത്തിലുള്ളത് .മൊത്തം കൃഷിയിടത്തിൽ 62 % ഇന്ന് ഈ കൃഷി വ്യാപിച്ചിരിക്കുന്നു .കേരളത്തിലെ മറ്റേത് റബ്ബർമേഖലയോടും കിടപിടിക്കുന്ന ഉൽപാദനക്ഷമതയുള്ള തോട്ടങ്ങളാണ് ഇവിടെയുള്ളത്. റബ്ബർ ബോർഡിന്റെ സഹായ നിർദ്ദേശങ്ങളും ഈ കൃഷിവ്യാപിക്കുന്നതിന് വളരെയേറെ സഹായിച്ചിട്ടുണ്ടെന്നു തന്നെ പറയാം.

1950-54 കാലത്ത് ചുള്ളിയോട് മേഖലയിലാണ് റബ്ബർകൃഷി ആരംഭിച്ചത് . അതിനുശേഷം കവളമുക്കട്ടയിലെ ഉരുകുറ്റിയാൻ, പാട്ടക്കരിമ്പ്, വേങ്ങപ്പരത, തേൾപ്പാറ ,തൊണ്ടി തുടങ്ങിയ പ്രദേശങ്ങളിൽ വൻതോതിലുള്ള പ്ലാന്റേഷനുകൾ തുടങ്ങുകയും 65ന് ശേഷമുള്ള കാലഘട്ടത്തിൽ ഇടത്തരക്കാരും സാധാരണക്കാരുമായ ആൾക്കാർ ഈ കൃഷിയിലേക്ക് കൂടുതൽ ആകൃഷ്ടരാകുകയും ചെയ്തു.

ഇന്നത്തെ റബ്ബർകൃഷിയുടെ സ്ഥിതിവിവരം താഴെക്കൊടുക്കുന്നു.

പട്ടിക 4

1	1 ഹെക്ടറിന് താഴെ	300 പേർ
2	1 ഹെക്ടർ മുതൽ 2 ഹെക്ടർ വരെ	400 പേർ
3	2 ഹെക്ടർ മുതൽ 5 ഹെക്ടർ വരെ	150 പേർ
4	5 ഹെക്ടർ മുതൽ 10 ഹെക്ടർ വരെ	50 പേർ
5	10 ന് മേൽ	20 പേർ
	ആകെ	920 പേർ

മറ്റുവിളകൾ :-

കമുക് :നിലവിലുള്ള കൃഷിയടത്തിന്റെ അഞ്ചു ശതമാനത്തോളം കമുക് കൃഷിചെയ്യുന്നു .നെൽക്കൃഷി ആദായകരമല്ലാത്ത പരിതസ്ഥിതിയിൽ നെൽപ്പാടങ്ങൾ നികത്തി കമുക് കൃഷി ചെയ്യുന്നവരുടെ എണ്ണം വർദ്ധിച്ചു വരുന്നുണ്ട് .കുറഞ്ഞകാലം കൊണ്ട് കൂടുതൽ ആദായം ലഭിക്കുന്നു എന്നുള്ളതാണ് ഇതിന്റെ വ്യാപനത്തിനുള്ള കാരണം .പാടം നികത്തുന്ന പ്രവണതയെ നിരുൽസാഹപ്പെടുത്തേണ്ടതാണ് .നാടൻ ഇനങ്ങളായിരുന്നു ആദ്യകാലങ്ങളിൽ കൃഷിചെയ്തിരുന്നത് എന്നാൽ, മംഗള, സുമംഗള, കാസർകോടൻ, മോഹിൻനഗർ തുടങ്ങിയ ഉത്പാദനക്ഷമതകൂടിയ ഇനങ്ങളാണ് ഇന്ന് കൂടുതലായി കൃഷിചെയ്യപ്പെടുന്നത് .

സർക്കാർ തലത്തിൽ ഈ കൃഷിക്ക് വേണ്ട പ്രോത്സാഹനം നൽകുകയാണെങ്കിൽ കൂടുതൽ വികസന സാധ്യതയുള്ള ഒരു കൃഷിയാണിത് .ജലസേചന സൗകര്യങ്ങൾ ,സംസ്കരണം ,മഴക്കാലത്ത് അടയ്ക്ക ഉണക്കുന്നതിനുള്ള യാർഡുകൾ നിർമ്മിക്കുക ,വിപണന സൊസൈറ്റികൾ രൂപീകരിക്കുക ,വായ്പാസൗകര്യം വർദ്ധിപ്പിക്കുക എന്നിവ ചെയ്താൽ ഈ കൃഷി കൂടുതൽ ആദായകരമാക്കാൻ കഴിയും .

കുരുമുളക് :-

ഈ കൃഷിക്കനുയോജ്യമായ മണ്ണും കാലാവസ്ഥയുമാണ് ഇവിടെയുള്ളത് .തെങ്ങ് ,കമുക് തോട്ടങ്ങളിലും വീട്ടു വളപ്പുകളിലും മാത്രമാണ് കുരുമുളക് കൃഷിചെയ്യുന്നത് .ദ്രുതവാട്ടം പോലുള്ള രോഗങ്ങൾ കാരണം ഈ കൃഷി വ്യാപകമായ നാശം നേരിട്ടുകൊണ്ടിരിക്കുകയാണ് . അതിനാൽ കർഷകർ ഈ കൃഷിയിൽ നിന്നും പിന്തിരിഞ്ഞുകൊണ്ടിരിക്കുന്നു . വിദേശനാണ്യം നേടിത്തരുന്നതിൽ മുഖ്യമായ പങ്കു വഹിക്കുന്ന കുരുമുളക് കൃഷിക്ക് ,സർക്കാറിന്റെ സാമ്പത്തികവും സാങ്കേതികവുമായ സഹായം കൂടതൽ ലഭിക്കുന്ന പക്ഷം ഈ പഞ്ചായത്തിൽ കുരുമുളക് കൃഷിയെ പുനരുദ്ധരിക്കാൻ സാധിക്കും .

കശുവണ്ടി :-

മുൻ കാലങ്ങളിൽ ഈ പ്രദേശത്തെ പ്രധാനവിളകളിലൊന്നായിരുന്നു കശുവണ്ടി .കരഭൂമിയിൽ നല്ല പങ്കും ഈ കൃഷിയുടെ പിടിയിലായിരുന്നു . റബ്ബർ, തെങ്ങ് തുടങ്ങിയ കൃഷിയുടെ വ്യാപനം മൂലം ,ഇന്നത് നാമമാത്രമായിത്തീർന്നിരിക്കുന്നു .എന്നിരുന്നാലും , പഞ്ചാത്തിന്റെ പലഭാഗങ്ങളിലും ഈ കൃഷി നിലനിൽക്കുന്നു . ഈ രംഗത്ത് ശാസ്ത്രീയമായ കൃഷിരീതി അവലംബിച്ചു തുടങ്ങിയിട്ടുണ്ട് . മൊത്തം കൃഷിയിടത്തിന്റെ 2.38% പ്രദേശത്തുമാത്രമാണ് കശുമാവ് കൃഷി ഇന്നുള്ളത് .

നേന്ത്രവാഴ :

ഇവിടുത്തെ മറ്റൊരു പ്രധാന കൃഷിയാണ് നേന്ത്രവാഴ . സ്വന്തമായി ഭൂമിയില്ലാത്തവർ പോലും

പാട്ട വ്യവസ്ഥയിൽ വ്യാപകമായി ഈ കൃഷിചെയ്തു വരുന്നു .വർദ്ധിച്ചു വരുന്ന രോഗങ്ങൾ വാഴ കൃഷിയെ സാരമായി ബാധിച്ചിട്ടുണ്ട് . ഉത്പാദിപ്പിക്കപ്പെടുന്ന നേന്ത്രക്കുലകൾക്ക് നല്ല വില ലഭിക്കുവാനുള്ള വിപ ണനസൗകര്യങ്ങളും , മറ്റു ഉപഭോഗവസ്തുക്കളായി സംസ്കരിക്കുവാനും അവസരങ്ങൾ ഉണ്ടാക്കുവാൻ പൊതുമേഖലയിൽ വ്യാപകമായ സൗകര്യങ്ങൾ ഉണ്ടാ വേണ്ടിയിരിക്കുന്നു .പഞ്ചായത്ത് അതിന് മുൻകൈയെ ടുക്കേണ്ടതാണ് .

പച്ചക്കറി :-

മുൻകാലങ്ങളിൽ വ്യാപകമായി ഉണ്ടായിരുന്ന പച്ചക്കറികൃഷി ,വിപണനപരിമിതി ,ഉത്പാദനമാന്ദ്യം തുടങ്ങിയ പ്രശ്നങ്ങൾ മൂലം നാമമാത്രമായിട്ടുണ്ട് . വിപണനസൗകര്യം മറ്റു ശാസ്ത്രസാങ്കേതിക സഹാ യങ്ങൾ എന്നി വലഭ്യമായാൽ ഈ കൃഷി വ്യാപിപ്പി ക്കുവാൻസാധിക്കും .

വിവിധ ഇനം വാഴകൾ ,കപ്പ ,ഇഞ്ചി ,മഞ്ഞൾ , കച്ചോലം ,വെറ്റില തുടങ്ങിയ കൃഷികൾ ആദായകര മായി ഈപ്രദേശത്ത് കൃഷിചെയ്തുവരുന്നു . കൊക്കോ ,ജാതി എന്നിവ ഒരു കാലത്ത് വ്യാപകമായി രുന്നെങ്കിലും വിലക്കുറവ് ഇവയെ പരിമിതപ്പെടുത്തി യിരുക്കുന്നു .ഈയടുത്തകാലത്തായി വ്യാപിച്ചു വരുന്ന ഒരു കൃഷിയാണ് കൈതച്ചക്ക ,കുറ്റിമുല്ല ,ഔഷധച്ചെ ടികൾ എന്നിവയും പരീക്ഷണമായി കൃഷിചെയ്തു വരുന്നു .

വളം :-

പരമ്പരാഗതമായി പറമ്പുകളിൽ നിന്നും ലഭി ക്കുന്ന ജൈവപ്രാധാന്യമുള്ള തോൽ ,പ്രവർ)ആട്ടിൻ കാഷ്ഠം ചാണകം ,എന്നിവയായിരുന്നു വളമായി ഉപ യോഗിച്ചിരുന്നത് .എന്നാൽ ഇപ്പോൾ ആവശ്യാനുസ രണം ഇവ ലഭ്യമല്ല . മണ്ണു പരിശോധനനടത്താതെ പെട്ടന്നുള്ള ലാഭപ്രതീക്ഷയോടുകൂടി രാസവളങ്ങൾ ഉപയോഗിച്ചതുമൂലം മണ്ണിന്റെ രാസഘടനയിൽ പല മാറ്റങ്ങളും സംഭവിച്ചിട്ടുണ്ട് .

അടുത്തകാലത്തായി അമിതമായ രാസവളപ്ര യോഗത്തിൽ നിന്നും ,ജൈവവളപ്രയോഗത്തിലേക്ക് തിരച്ചു വരുന്ന പ്രവണത കാണുന്നുണ്ട് .ചാണകം , കോഴിക്കാഷ്ഠം ,ആട്ടിൻകാഷ്ഠം വേപ്പിൻ പിണ്ണാക്ക് എന്നിവ അന്യസംസ്ഥാനങ്ങളിൽ നിന്നും വരെ കൊണ്ടു വന്നുപയോഗിക്കുകയും അതോടൊപ്പം രാസ വളപ്രയോഗവും ചെയ്യുന്നു എന്നത് ഈ ദിശയിൽ വന്ന ഒരു നല്ലമാറ്റമാണ് .കൃഷിഭവൻമുഖാന്തിരം ലഭി ക്കുന്ന ,ഡയിഞ്ച ,പയർ തുടങ്ങിയ പച്ചില വർഗ്ഗങ്ങൾ കൃഷിചെയ്ത് ഉഴുത് ചേർക്കുന്നു .

കൃഷിക്കാർക്ക് രാസവളത്തിന്റെ ലഭ്യത താഴെ പ്പറയുന്ന ഏജൻസികൾ വഴിയാണ് .

1. അമരമ്പലം സർവ്വീസ് സഹകരണ ബാങ്ക് വക മൂന്ന് ഡിപ്പോകൾ
2. റബ്ബർ ഉത്പാദക സംഘങ്ങൾ 5 എണ്ണം
3. സ്വകാര്യ വ്യക്തികൾ വക 9 എണ്ണം .

കീടനാശിനികൾ :-

പാരമ്പര്യ കീടനിയന്ത്രണമാർഗ്ഗങ്ങൾ ഉപേ ക്ഷിച്ച് ആധുനിക മാർഗ്ഗങ്ങൾ കൃഷിക്കാർ സ്വീകരിച്ചെ ങ്കിലും ,ആയത് വേണ്ടത്ര ഫലപ്രദമായിട്ടില്ല .ഇക്കാര്യ ത്തിൽ വേണ്ടത്ര അറിവുനേടാൻ അവർക്കു കഴിഞ്ഞി ട്ടില്ല .അതുകൊണ്ട് പലപ്പോഴും തെറ്റായ കീടനാശിനി കളാണ് ഉപയോഗിക്കുന്നത് . ഇക്കാര്യത്തിൽ അടിന്ത രമായി ബോധവൽക്കരണം ആവശ്യമാണ് .

കൃഷിസമിതികൾ (രജിസ്റ്റേർഡ്)

കൃഷിക്കാരുടെ പങ്കാളിത്തം ഉറപ്പിക്കാൻ വേണ്ടി നെല്ല് ,തെങ്ങ് ,റബ്ബർ ,എന്നീ കാർഷികമേഖലകളിൽ കർഷസമിതികൾ പ്രവർത്തിക്കുന്നുണ്ട് .

പട്ടിക 5

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സമിതികൾ താഴെച്ചേർക്കുന്നു .

1.	പായമ്പാടം പാടശേഖര സമിതി .	25 ഹെക്
2.	പെരുംചൂരൽ പാടശേഖര സമിതി .	30 ഹെക്
3.	പൂതിയകുളം പാടശേഖര സമിതി .	40 ഹെക്
4.	അമരമ്പലം സൗത്ത് പാടശേഖര സമിതി .	40 ഹെക്
5.	കൂറ്റമ്പാറ പാടശേഖര സമിതി .	50 ഹെക്
6.	പുതിയക്കോട് ചെറായി പാടശേഖര സമിതി .	40 ഹെക്
7.	ആനമുണ്ട പാടശേഖര സമിതി .	40 ഹെക്
8.	കാരക്കുളം ചോലോട് പാടശേഖര സമിതി .	75 ഹെക്
9.	ചുള്ളിയോട് ഉണ്ണിക്കുളം ഏലക്കല് സമിതി	45 ഹെക്
10	കവളമുക്കട്ട പാടശേഖര സമിതി .	25 ഹെക്
11	ചെട്ടിപ്പാടം-പരിയങ്ങാട് പാടശേഖര സമിതി .	50 ഹെക്
	ആകെ	460 ഹെക്

ഇതിൽ ചുള്ളിയോട് പാടശേഖര സമിതിക്ക് 50 % സബ്സിഡി നിരക്കിൽ ഒരു ട്രാക്ടർ കൃഷിവകു പ്പിൽ നിന്നും നൽകിയിട്ടുണ്ട് .

റബ്ബർ ഉത്പാദകസംഘം

പട്ടിക -6

	സ്ഥലം	ഉൾക്കൊള്ളുന്ന വാർഡുകൾ
1.	തേൾപ്പാറ	8, 9 വാർഡുകൾ
2.	ചെട്ടിപ്പാടം	6, 1 വാർഡുകൾ
3.	ചുള്ളിയോട്	7, 11 വാർഡുകൾ
4.	ഉള്ളാട്	1, 2 വാർഡുകൾ
5.	കൂറ്റമ്പാറ	3, 4 വാർഡുകൾ

പഞ്ചായത്തിലെ 11 വാർഡുകൾ ഉൾപ്പെടുത്തി മൊത്തത്തിലുള്ള ഒരു കേരവികസന സമിതി പ്രവർത്തിക്കുന്നു .ഈ സമിതികളുടെ ഒക്കെ പ്രവർത്തനം കാര്യക്ഷമമാക്കിയാൽ കാർഷികമേഖല കൂടുതൽ ഉൽപാദനക്ഷമത കൈവരിക്കും .പാടശേഖരസമിതികളുടെ തുടക്കത്തിലുള്ള വിസ്തീർണ്ണം ഓരോ വർഷവും ക്രമാതീതമായി ചുരുങ്ങി വരുന്നുണ്ട് .

കാർഷിക വായ്പ :-

പ്രധാനമായും പൂക്കോട്ടുംപാടത്ത് സ്ഥിതിചെയ്യുന്ന അമരമ്പലം സർവ്വീസ് സഹകരണബാങ്ക്, അതിന്റെ കവളമുക്കട്ടയിലും ഉപ്പുവള്ളിയിലുമുള്ള രണ്ടു ബ്രാഞ്ചുകളും സൗത്ത് മലബാർ ഗ്രാമീണബാങ്ക് ചുള്ളിയോട് എന്നിവയാണ് കൃഷിക്കാർക്ക് ആശ്രയമായിട്ടുള്ളവ .ഇതിൽ അമരമ്പലം സർവ്വീസ് കൊ-ഓപ്പറേറ്റീവ് ബാങ്കിന്റെ ഹെഡ്ഡോഫീസിൽ നിന്നു മാത്രമേ കാർഷിക കടങ്ങൾ നൽകുന്നുള്ളു .അർഹതയുള്ളവർക്കെല്ലാം വായ്പ നൽകുന്നതായി കാണുന്നില്ല .കൊടുക്കുന്ന കാർഷിക കടങ്ങൾ ദുരുപയോഗം ചെയ്യുന്നുണ്ട് .കൃഷിയുപയോഗത്തിനായി നൽകുന്ന തുക മറ്റു കാര്യങ്ങൾക്ക് ചിലവഴിക്കുന്നത് ശ്രദ്ധിക്കപ്പെടുന്നില്ല എന്നത് ഒരു ന്യൂനതയാണ് .ലഭിക്കുന്ന വായ്പകൾ തന്നെ കാർഷികാവശ്യത്തിനുള്ള ഹ്രസ്വകാല വായ്പകളാണ് .കൃഷിക്കാരുടെ വർദ്ധിച്ചു വരുന്ന ആവശ്യങ്ങൾക്കനുസൃതമായി വായ്പകൾ ലഭിക്കുന്നില്ല .താഴെ കൊടുത്തിരിക്കുന്ന പട്ടികയിൽ നിന്നും ഈ രണ്ടു ബാങ്കുകളും നൽകിയിട്ടുള്ള കാർഷിക വായ്പകളുടെ ഏകദേശ രൂപം ലഭിക്കുന്നതാണ് .

പട്ടിക ഏഴ്

ബാങ്കിന്റെ പേര്	വർഷം	നല്കിയ തുക
A.S.C. Bank പൂക്കോട്ടുംപാടം	1995-96	5651825
സൗത്ത് മലബാർ	1995-96	5234000
ഗ്രാമീണ ബാങ്ക്	96-97	2789000

റബ്ബർ തെങ്ങ് മുതലായവയ്ക്ക് ദീർഘകാലവായപകൾ ഇപ്പോൾ കിട്ടുന്നത് നിലമ്പൂരിലുള്ള യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ, ഫെഡറൽ ബാങ്ക്, കാർഷിക വികസന ബ്യാങ്ക്, കനറാ ബാങ്ക്, എന്നിവയിൽ നിന്നാണ് .

പഞ്ചായത്തിൽ ഒരു ദേശസാൽകൃത ബാങ്കിന്റെ അഭാവം മൂലം ആവശ്യാനുസരണമുള്ള കാർഷിക ലോണുകൾക്ക് വിഷമിക്കുന്നു .നിലമ്പൂർ കോ-ഓപറേറ്റീവ് അർബ്ബൻ ബാങ്കിന്റെ ഒരു ബ്രാഞ്ച് പൂക്കോട്ടുംപാടത്ത് പ്രവർത്തിക്കുന്നുണ്ട് .ആയിതിൽ കാർഷികേതര ലോണുകൾ മാത്രമേ ലഭിക്കുകയുള്ളു .അതും വളരെ പരിമിതമായി മാത്രം .

ജലസേചനം

വേണ്ടത്ര ജലസമ്പത്ത് ഈ പഞ്ചായത്തിലുണ്ടായിട്ടും സർക്കാർ തലത്തിൽ ജലസേചനസൗകര്യങ്ങൾ ഒന്നും തന്നെയില്ലെന്നു പറയാം .ആകെയുള്ളത് പൊട്ടിക്കല്ലിൽ കോട്ടപ്പുഴയിൽ ഉള്ള ഡൈവേർഷൻ കനാൽമാത്രമാണ് . ഇതിലൂടെ കഷ്ടിച്ച് 100 ഏക്രയിൽ ജലസേചനം ചെയ്യാൻ കഴിയും . കൃഷിക്കാർ സ്വന്തമായി കിണറുകളും കുളങ്ങളും കുഴിച്ച് ചില ഭാഗങ്ങളിൽ തെങ്ങിന് ജലസേചനം നടത്തുന്നുണ്ട് .ഇതിൽ കൂടുതലും പഞ്ചായത്തിന്റെ കിഴക്കൻ മേഖലയിലാണ് .

അമരമ്പലം പഞ്ചായത്തിലെ കുളങ്ങൾ

ക്രമനമ്പർ	പേര്	വിസ്തീർണ്ണം	വാർഡുകൾ
1.	പാറയ്ക്കാപ്പാടം കുളം	10	1
2.	പുതിയേടത്ത് പാറക്കുളം	50	2
3.	ചേലോട് മുണ്ടക്കുളം	35	5
4.	വഴിമുച്ചിക്കൽ കല്ലേക്കുളം	15	5
5	അരക്കം പൊയിൽ പാറക്കുളം	20	5
6.	ആനമുണ്ട ചെന്നായ്പ്പൊയിൽ കാലിക്കുളം	20	4
7.	മൂർഖൻ പാടം കുളം	20	7
8.	കൂറ്റമ്പാറ പൂതക്കുളം	20	3
9.	അഞ്ചാംമൈൽ പൂതക്കുളം	15	2
10.	ഉള്ളാട് വാകേരിക്കുളം	10	10
11	അയ്യപ്പൻ കുളം	50	11
12.	ചുള്ളിയോട് കുളം	50	7

13.	നരിപൊയിൽ അമ്പലക്കുളം	68	2
14.	മാമ്പറ്റ കുളം	10	11
15.	ഏലക്കല്ല് കുളം	15	7
16.	തടിയേക്കൽ കുളം	10	4
17.	പരപ്പകുഴിച്ചാൽ കുളം	20	7
18.	മേലേ ഇല്ലിക്കോട്ടു പൊയിൽ ചെട്ടിക്കുളം		10
19	കരിക്കാടൻ തരിശ് കുളം	10	7
20	പറമ്പക്കുളം		6
21	മാമ്പൊയിൽ		2
22.	മൈലാഞ്ചിക്കുളം		2
23	മണക്കുളം		2
24	കൽച്ചിറക്കുളം		9
25.	കരികണ്ടൻ കുളം		2
26.	പുതിയകളം കുളം		2
27.	കരുനെച്ചിക്കുളം		10
28.	പാറുണ്ടഭാഗം കുളം		10
29.	കർത്താം പൊയിൽ കുളം		10
30	ചെന്നായ്പൊയിൽ കുളം		10

തോട്

	പേര്	വാർഡ്	ദൂരം	ജലലഭ്യത
1.	ചെരങ്ങംതോട്	9,8,7	15 K.M.	10 മാസം വരെ
2	മുക്കട്ടതോട്	8	7 K.M.	10 മാസം വരെ
3.	കൊമ്പംകല്ല് തോട്	9,8	8 K.M.	10 മാസം വരെ
4.	കോട്ടപ്പുഴയിൽ നിന്ന് ഉള്ള കനാൽ	8,6	20 K.M.	10 മാസം വരെ
5.	ചേലോട് തോട്	4,5	15 K.M.	6 മാസം വരെ
6.	വലിയതോട്	11,5,4,	20 K.M.	6 മാസം വരെ
7.	താഴെ ചുള്ളിയോട്ചെട്ടി-പ്പാടം തോട്	7,6	15 K.M.	10 മാസം വരെ
8.	ഇരട്ടാംതോട് മൂർഖം പാടം	7	6 K.M.	6 മാസം വരെ
9.	തോട്ടക്കര പറമ്പ് തോട്	6	6 K.M.	6 മാസം വരെ
10.	T.K. കോളനി പാട്ടക്കരിമ്പ് തോട്	9,8	6 K.M.	6 മാസം വരെ
11.	ചെറായിതോട്	3	6 K.M.	6 മാസം വരെ
12.	ചെറുമുറ്റിക്കോട് തോട്	3	6 K.M.	6 മാസം വരെ
13.	വില്ലുത്തുപാടം തിരുമുണ്ടിക്കൽ തോട്	4,5	15 K.M.	6 മാസം വരെ
14.	തോട്ടക്കരയിൽ കോട്ടപ്പുഴ തോട്.	11,6	1.5 K.M.	6 മാസം വരെ
15.	പൂക്കോട്ടും പാടം പായം പാടം കോട്ടപ്പുഴ തോട്	1	2 K.M.	8 മാസം വരെ
16.	നരിപൊയിൽ	2,3	1.5 K.M.	9 മാസം വരെ

കോട്ടപ്പുഴ ജലസേചന പദ്ധതി

1975 കാലം മുതൽ അമരമ്പലം പഞ്ചായത്തിൽ പലേ നിവേദനങ്ങൾ നടത്തിയിട്ടുള്ള ഒരു പദ്ധതിയാണ് .ഈ പദ്ധതി നടപ്പാക്കുന്നപക്ഷം ഈ പഞ്ചായത്തിലെ 9, 8, 7, 6, 1, 2, 3, 4, 5 വാർഡുകളിലുള്ള കാർഷിക മേഖലയ്ക്ക് മുഴുവൻ ജലസേചനം ചെയ്യുവാൻ കഴിയുമെന്നുള്ളതും ,കുറഞ്ഞചിലവിൽ നടപ്പാക്കാൻ കഴിയുന്ന ഒരു ഇടത്തരം പദ്ധതിയുമാമ് .1976ൽ ഈ പദ്ധതിയെക്കുറിച്ചുള്ള ഇൻവെസ്റ്റിഗേഷൻ നടത്തിയിട്ടുള്ളതാണ് .കൂടാതെ ഇലക്ട്രിസിറ്റി ഉത്പാദിപ്പിക്കുവാനും ,അമരമ്പലം പഞ്ചായത്തിന്റെ കിഴക്കുഭാഗത്തുനിന്നും കാളികാവ് പഞ്ചായത്തിന്റെ മേഖലയുമായി ബന്ധിപ്പിക്കുന്ന ഒരു റഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മിക്കാനുദ്ദേശിച്ചുള്ള പദ്ധതിയാണ് ഇത് .ഇത് അമരമ്പലം പഞ്ചായത്തിന്റെ ആസ്ഥാനമായ പൂക്കോട്ടും പാടത്തുനിന്നും 20 കിലോമീറ്റർ ദൂരത്തായി വരും .വടക്കേക്കോട്ടമലയെയും തെക്കേകോട്ടമലയേയും തമ്മിൽ ബന്ധിപ്പിച്ച് ഈ പദ്ധതി നടപ്പാക്കുന്ന പക്ഷം അവിടെനിന്നും കനാൽ വഴി എല്ലാ ഭാഗത്തേക്കും ജലം എത്തിക്കാൻ കഴിയുമെന്നതാണ് .പൂക്കോട്ടുപാടത്തുനിന്നും ഏതാണ്ട് 12 കിലോമീറ്ററോളം പഞ്ചായത്ത് നിർമ്മിച്ച റോഡും ഉണ്ട് .

വർഷകാലത്ത് സൈലന്റ് വാലിയുടെ വടക്കേ ചരിവുമുതൽ പെയ്യുന്ന മഴവെള്ളം മുഴുവൻ കുത്തൊഴുകി പാഴായിപ്പോകുന്നു .ഈ ജലം ഉപയോഗിച്ച് ഈ പഞ്ചായ്തതിന്റെയും കാളികാവ് പഞ്ചായത്തിന്റെയും ഭാഗങ്ങൾ നനയ്ക്കുവാൻ ഉപയോഗിക്കുന്നപക്ഷം ഈ പ്രദേശത്തുകാർഷിക വിളകൾഇന്നുള്ളതിന്റെ ഇരട്ടിയാക്കാൻ സാധിക്കുന്നതാണ് .മലപ്പുറം ജില്ലായുടെ കിഴക്കു ഭാഗത്തുള്ള ധാരാളം നദികളിൽ

ഒന്നു പോലും ഉപയുക്തമാക്കുന്നില്ല എന്നുള്ളത് ഒരു തീരാനഷ്ടമാണ്. ഈ പദ്ധതി ഗവൺമെന്റ് ഏറ്റെടുത്തു ഇതിനാവശ്യമായ പ്രവർത്തനങ്ങൾ 9-ാം പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തീകരിക്കുന്നതിനുള്ള നടപടി കൈക്കൊള്ളാവുന്ന പക്ഷം ഇന്നാടിന്റെയും ജില്ലയുടെയും ഐശ്വരവർദ്ധനവിന് സാധിക്കും

മഴയുടെ നിരക്ക് (Water falls) പട്ടിക 10

മാസം	1994 (m m .)	1995 (m m .)	1996 (m m .)
ഏപ്രിൽ	133.8	110.6	75.04
മെയ്	96.3	180.09	88.02
ജൂൺ	730.01	449.05	591.8
ജൂലായ്	1200.2	684.7	504.2
ആഗസ്റ്റ്	409.2	246.02	241
സപ്തംബർ	134.2	240	282
ഒക്ടോബർ	315.07	111	388
നവംബർ	162.9	113.09	11
ഡിസംബർ	4	–	–
ജനുവരി	–	–	–
ഫിബ്രവരി	11.2	–	–
മാർച്ച	–	35.3	–

അവലംബം :ദ്വീതീയ വിവര ശേഖരണം)

പഞ്ചായത്തിലുള്ള പ്രധാന തോടുകൾ കുളങ്ങൾ ജലസ്രോതസ്സുകളുടേയും പട്ടിക മുൻപേജുകളിൽ ചേർത്തിട്ടുണ്ട്. കുളങ്ങൾ, തോടുകൾ കോട്ടപ്പുഴയിലെ അണക്കെട്ടിനേക്കുറിച്ചുള്ള വിവരങ്ങൾ, കോട്ടപ്പുഴയെയും കുതിരപ്പുഴയേയും ധാരാളം ജലസമ്പത്തുള്ള ഈ പുഴകളിൽ നടപ്പാക്കാൻ കഴിയുന്ന പദ്ധതികൾ ചേർക്കുന്നു. കുതിരപ്പുഴയിൽ തടയണകൾ നിർമ്മിച്ച് ജലസേചനം നടത്താൻ പറ്റുന്നതാണ്. 1-ാം വാർഡിന്റെയും 10-ാം വാർഡിന്റെ ഇടയിൽ കൂടിയും 2-ാം വാർഡ് 3-ാം വാർഡുകളുടേയും അരികിൽ കൂടി പോകുന്ന പുഴയിൽ തടയണകൾകെട്ടുന്നതിനുള്ള പരിശോധന നടത്തി പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ ലിഫ്റ്റ് ഇറിഗേഷൻ നടത്തുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഈ മേഖലകളിലെല്ലാം പൊതുജനങ്ങളുടെ നിർലോഭമായ സഹകരണങ്ങൾ ഉണ്ടാകുന്നതാണ്. കോട്ടപ്പുഴയിൽ പൊട്ടിക്കല്ല് ഡൈവേർഷൻ കനാലിനുതാഴെയായി പരിയങ്ങാട് ചെട്ടിപ്പാടം മേഖലകളിലും രണ്ടു തടയണകൾ നിർമ്മക്കുക.

ചെറുപുഴയിൽ ഫോറസ്റ്റിൽ ഒരു കൈവഴിത്തോടു തിരിച്ചു വിടുന്നതിനാൽ (ഡൈവേർഷൻ കെട്ടും കനാലും) പഞ്ചായത്തിലെ 8, 9 വാർഡുകളിൽ ജലസേചനത്തിന് വളരെയേറെ സഹായിക്കുന്നതാണ്.

കാർഷികോപകരണങ്ങൾ

1 ട്രാക്ടർ 50% സബ്സിഡി സഹായത്തിൽ ചുണ്ടിയോട് ഉണ്ണിക്കുളും ഏലക്കല്ല് പാടശേഖരസമിതിയുടെ കൈവശത്തിലുണ്ട് കൂടാതെ വ്യക്തികളുടെ വകയായി 8 ട്രാക്ടറുകളും ഈ പഞ്ചായത്തിൽ ഉണ്ട്. ഈവ അധികവും റോഡു പണികൾക്കും കെട്ടിട നിർമ്മാണത്തിനുള്ള കല്ല് മണൽ ഇഷ്ടിക അടിക്കുന്നതിനും മറ്റുമാണ് ഉപയോഗിക്കുന്നത്. കുറ്റി പമ്പുകൾ, ഗോക്കർ സ്പ്രേയറുകളും കൃഷിക്കാർക്ക് സബ്സിഡി നിരക്കിൽ നൽകിയിട്ടുണ്ട്.

കൃഷി ഭവൻ

1974ൽ രൂപം കൊണ്ട I.P.D. യൂണിറ്റ് (ഏല) നെൽക്കൃഷിയുടെ അഭിവൃദ്ധിക്കായി പഞ്ചായത്തിൽ നിലവിൽ വന്ന ആദ്യ കൃഷിഓഫീസാണ്. 1979ൽ തെങ്ങുകൃഷിയുടെ വികസനത്തിനായി, സ്പെഷൽ അഗ്രികൾച്ചറൽ ഡവല്പ്മെന്റെ യൂണിറ്റ് (SADU)ആരംഭിച്ചു. 1987ൽ ഒരു പഞ്ചായത്തിൽ ഒരു കൃഷി ഓഫീസ് എന്ന മാനദണ്ഡത്തിൽ, SADU, IED യൂണിറ്റുകളെ ബന്ധിപ്പിച്ച് കൃഷിഭവൻ രൂപം കൊണ്ടു ഒരു കൃഷി ഓഫീസറുടെ നേതൃത്വത്തിൽ, മൂന്ന് കൃഷി അസിസ്റ്റന്റുമാരും ഇവിടെയുണ്ട്. കൃഷി ഭവൻ വഴിയുള്ള കാർഷികാനുകൂല്യങ്ങളും, സ്കീമുകളും, യഥാസമയം ജനങ്ങളിലേക്ക് വിശിഷ്യാ സാധാരണ കർഷകരിലേക്ക് എത്തിച്ചേരുന്നില്ല. ഇപ്പോൾ സ്ഥിരമായി ഒരു കൃഷിഓഫീസറും ഇല്ലാ എന്ന് എടുത്തു പറയാവുന്ന ഒരു ന്യൂനതയാണ്.

പ്രവർത്തനങ്ങൾ :-

കഴിഞ്ഞ എട്ടാം പദ്ധതിയിലെ പ്രവർത്തനങ്ങൾ പട്ടികയായിചേർക്കുന്നു.

കൃഷിഭവൻ മുഖേന കഴിഞ്ഞ പദ്ധതി കാലത്തെ പ്രവർത്തനങ്ങൾ

പദ്ധതിയുടെ പേര്	വിസ്തീർണ്ണം	ചെലവഴിച്ചത്
1 രാസവളം സബ്സിഡി	115 പേർക്ക്	116938.00
2 നെൽകൃഷി	2397 "	3,18,325.00
3 ഇത്തിൾ (കുമ്മായം) കൊടുത്തത് (ഗ്രൂപ്പ് ഫാമിംഗ് സമിതിയിലേക്ക്)	10 "	20, 700.00
4 I.P.R.D. പദ്ധതിയിൽ		
a കുറ്റിപമ്പിന്	51"	30,600.00
b.മെതിയെന്ത്രം	2പേർ	11094.00
c ട്രാക്ടർ	1 ആൾ	1,00000.00
d.റോക്കർ സ്പ്രെയർ	1"	1075.00

e കീടനാശിനി സ്ബ്സിഡി പാടശേഖര സമിതി	10"	61500.00
f. മാതൃകാ കൃഷിക്ക് (കവളമുക്കട്ട)	15 ഹെക്ടർ	15000.00
g ഊർജ്ജിത ധാന്യകൃഷി വികസന പദ്ധതി		50,000.00
h ലൈൻ നടീൽ		1000.00

II ഊർജ്ജിത തെങ്ങുകൃഷി വികസനം

1.കിണർ	71	177500.00
2.പമ്പ് സെറ്റ്	67	167500.00
3.തെങ്ങ്കയറ്റ യന്ത്രം	23	11500.00
4.റോക്കർ സ്പ്രേയർ	17	17,000.00
5.കൂട്ടായ ജലസേചനം കിണർ + പമ്പ്സെറ്റ് + പമ്പ് ഹൗസ് 3 പൂർത്തീകരിച്ചിട്ടില്ല		
6.ഡ്രിപ്പ് ജലസേചനം		4 6,000.00

II കശുമാവ് കൃഷി:

1.പുതിയ നടീൽ, തൈകൾ വിതരണം	1960	5880.00
2.വളം കിറ്റ് വിതരണം	507	13,689.00
3.വളം,കീടനാശിനി (50% സഹായം)	10 ഹെക്ടർ	45000.00
4.കീട നിയന്ത്രണം	72	480കിറ്റ്
5.തേയില കൊതുക് നിയന്ത്രണം	40 ഹെക്ടർ	12,000.00



നാട്ടിൽ മുളയ്ക്കണം
നട്ടാൽ കിളിർക്കണം
നാട്ടുകാരേൽക്കണം പദ്ധതികൾ

5.2

മൃഗസംരക്ഷണം.



അമരമ്പലം ഗ്രാപഞ്ചായത്തിൽ അധിവസിക്കുന്ന ജനങ്ങളിൽ ഭൂരിഭാഗവും കർഷകരാണ്.ഇവരുടെ ഉപ തൊഴിലാണ് കന്നുകാലി വളർത്തൽ.ഒരു കാലത്ത് വണ്ടിവലിക്കുവാനും നിലം ഉഴുന്നതിനും പാലുല്പാ ദിപ്പിക്കുന്നതിനും വേണ്ടി ധാരാളമായി കാലികളെ വളർത്തിയിരുന്നു.ഓരോ കുടുംബത്തലും പത്തും പതി നഞ്ചും കാലികളുണ്ടായിരുന്നു. തരിശായി കിടന്നി രുന്ന ഉയർന്ന ഭൂപ്രദേശങ്ങളിലും കൊയ്ത്തു കഴിഞ്ഞ പാടശേഖരങ്ങളിലും കാലികളെ മേയ്ക്കാൻ കൂട്ടംകൂ ട്ടമായി കൊണ്ടുപോകുമായിരുന്നു.ഇന്നത്തെപ്പോലെ വേലികളോ അതിർത്തി വരമ്പുകളോ ഇല്ലാതെ തരി ശായികിടന്നിരുന്ന കരഭൂമിയിൽ നൂറ് കണക്കിന് കാലി കളെ ഒന്നിച്ച് കൊണ്ടുപോയി മേയ്ക്കാൻ അക്കാലത്ത് സൗകര്യമായിരുന്നു.കരഭൂമി മുഴുവനും റബ്ബറും വയ ലുകൾ നിരത്തി വീടുകളും തെങ്ങും കവുങ്ങും കൃഷിയും ആയതോടുകൂടി കാലികളെ കൂട്ടമായി മേയ്ക്കുന്ന രീതി പാടെ ഇല്ലാതായി.മാത്രമല്ല തീറ്റ പ്പുല്ലും വൈക്കോലും ഇല്ലാതായി.കാലിവളർത്തൽ ശ്രമകരമായ ഒരു തൊഴിലായി മാറുകയും ചെയ്തു. പഴയതുപോലെ വിശാലമായ ഭൂമി ഇന്നില്ല.ഇക്കാല ണങ്ങൾ കൊണ്ടു തന്നെ കാലിവളർത്തുന്നവരുടെ എണ്ണം ഗണ്യമായി കുറഞ്ഞു വന്നു.

ഇന്ന് കർഷകരുടെ കൈവശം ഭൂരിഭാഗവും അത്യുല്പാദന ശേഷിയുള്ള സങ്കരയിനം പശുക്ക ളാണ്.അവയെ സ്വന്തം സ്ഥലത്തും, തൊഴുത്തുക ളിലും കെട്ടിയിട്ട് തീറ്റകൊടുത്ത് വളർത്തുന്നു.നാടൻ ഇനങ്ങളിൽ പെട്ടവ വളരെ വിരളമാണ്. ഉഴുവുകാള കളും വണ്ടിക്കാളകളും പൊതുവേ കാണ്മാനില്ല.അവ യുടെ സേവനം പൂർണ്ണമായും യന്ത്രങ്ങൾ കൈവശപ്പെ ടുത്തി.പശു,ആട് എന്നിവയും ചെറിയതോതിൽ എരു മകളുമാണ് പ്രധാന വളർത്തു മൃഗങ്ങൾ.പക്ഷികളിൽ പ്രധാനമായും കോഴിയും ചില വീടുകളിൽ ചെറിയ തോതിൽ താറാവും,മുയലും പന്നിയും കാണാം.

വിശദവിവരങ്ങൾക്ക് പട്ടിക നോക്കുക.

പട്ടിക 1

വളർത്തുമൃഗങ്ങളുടെ സംഖ്യ 1996

കാള വംശവർദ്ധനവിന്	3
ഉഴവിനും വണ്ടിക്കും	26
കാള വംശവർദ്ധനവിന്	2
ഉഴവിനും വണ്ടിക്കും	12
കറവുള്ളവ	103
ഇല്ലാത്തവ	29
കറവുള്ളവ	1043
ഇല്ലാത്തവ	461

പട്ടിക II

വളർത്തു പക്ഷികൾ

പൂവൻകോഴി	പിടക്കോഴി		താറാവ്		മറ്റുള്ളവ
	മുട്ടയിടാത്തത്	മുട്ടയിടുന്നത്	മുട്ടയിടാത്തത്	മുട്ടയിടുന്നത്	
4053	8045	6230	128	248	148

ഈ ഗ്രാമപഞ്ചായത്തിൽ കാലി സമ്പത്ത് കൂടു തലായുള്ളത്,പാട്ടക്കരിമ്പ്,പുഞ്ച,തേൾപ്പാറ ഒളർവട്ടം, കവളമുക്കട്ട,ചുള്ളിയോട്,ഉള്ളാട്,പുതിയകളം,കുറ്റ മ്പാറ,അമരമ്പലം സൗത്ത് എന്നീ പ്രദേശങ്ങളിലാണ്.

1969 മുതൽ പ്രവർത്തിക്കുന്ന ഒരു ഊർജ്ജിത കാലിവികസന പദ്ധതി ഉപകേന്ദ്രവും 1995 -ൽ ആരംഭിച്ച ഒരു വെറ്റിനറി ഡിസ്പൻസറിയും ഒരേ കെട്ടിട ത്തിൽ പൂക്കോട്ടുംപാടത്ത് പ്രവർത്തിക്കുന്നു.കൂടാതെ തേൾപ്പാറ ഒളർവട്ടത്ത് N K D P ഉപകേന്ദ്രവും പ്രവർത്തിക്കുന്നു.മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ

പ്രവർത്തിക്കുന്ന ഈ മൂന്നു കേന്ദ്രങ്ങൾ മുഖേന നടപ്പാക്കിയ പ്രവർത്തനങ്ങൾ താഴെപ്പറയും പ്രകാര മാണ്.

കൃത്രിമ ബീജസങ്കലനം

തുടക്കത്തിൽ പ്രതിമാസം 5 ബീജദാനം ഉണ്ടാ യിരുന്നത് ഇന്ന് 120 ഓളമായി വർദ്ധിച്ചു.പ്രതിമാസം 200 ഓളം കാലികൾക്ക് ചികിത്സ ഈ കേന്ദ്രങ്ങൾ മുഖേന ലഭിക്കുന്നു.

കൂടുതൽ വിവരങ്ങൾക്ക് ചാർട്ട് ശ്രദ്ധിക്കുക.

കൃത്രിമ ബീജസങ്കലന വിവരങ്ങൾ

വളർത്തുമൃഗം	ആകെ എണ്ണം	ബീജസങ്കലന നടത്തിയവ	2ലധികം തവണ ബീജസങ്കലനം നടത്തിയവ
പശു	1636	620	246
കിടാരി	1042	431	208
എരുമ	55	56	21

നടപ്പു പദ്ധതികൾ –പോരായ്മകൾ – മാറ്റങ്ങൾ .

1. പ്രത്യേക കന്നു കുട്ടി പരിപാലനം

നമ്മുടെ പദ്ധതികളിൽ ഏറ്റവും പ്രാധാന്യം അർഹിക്കുന്നതാണ് പ്രത്യേക കന്നു കുട്ടി പരിപാലനം .ജനിതക ഗുണമുള്ള പശുക്കുട്ടികൾക്ക് പരിചരണം നല്കി പ്രസവങ്ങൾ തമ്മിലുള്ള ഇടവേള കുറക്കുക ,ആദ്യപ്രസവം 30-ാം മാസത്തിനുള്ളിലാക്കുക, ഇൻഷുറൻസ് പരിരക്ഷ നല്കുക തുടങ്ങിയവയാണ് ലക്ഷ്യങ്ങൾ .ഈ പദ്ധതി ഇന്ന് അമരമ്പലം ക്ഷീരോല്പാദക സംഘം ചുള്ളിയോട് മാത്രമുള്ള കർഷകർക്കേ ലഭിക്കുന്നുള്ളൂ .

പോരായ്മകൾ

പഞ്ചായത്തിലെ മുഴുവൻ പ്രദേശത്തും ഈ പദ്ധതി വ്യാപിപ്പിക്കാൻ കഴിഞ്ഞില്ല .എല്ലാ ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ മുഖേന ഉടനേ തന്നെ ഈ പദ്ധതി നടപ്പാക്കേണ്ടതാണ് .

2. പേ വിഷ നിയന്ത്രണ പരിപാടി

ഘട്ടം ഘട്ടമായി പേ വിഷബാധ നിർമ്മാർജ്ജനം ചെയ്യുകയാണ് ലക്ഷ്യം .കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ പേ വിഷ നിർമാർജ്ജന പരിപാടിയെ സംബന്ധിച്ചുള്ള വിവരം

പ്രതിരോധ കുത്തവെയ്പ് നല്കിയവയുടെ എണ്ണം	പശു –	എരുമ –	ആട് –	പട്ടി 70	പൂച്ച –	മറ്റുള്ളവ –
കടിയേറ്റ ശേഷം കുത്തിവയ്പ്പ് നടത്തിയവയുടെ എണ്ണം	24	–	28	–	–	–

പോരായ്മകൾ

ഓരോ വർഷവും വാക്സിൻ വാങ്ങുവാനുള്ള പദ്ധതി വിഹിതം ലഭിക്കുന്നില്ല .അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളെ നശിപ്പിക്കാൻ വേണ്ടത്ര വിദഗ്ദരെ പഞ്ചായത്തിന് ലഭിക്കുന്നില്ല . ലൈസൻസു നിർബന്ധമാക്കുന്നില്ല .

3. കാലിരോഗ നിയന്ത്രണ പദ്ധതി

പഞ്ചായത്തിൽ പടർന്നു പിടിക്കാൻ സാദ്ധ്യതയുള്ള കാലിവസന്ത , കുളമ്പുഹോഗം (R.P & FMD) എന്നീ രോഗങ്ങളെ നിയന്ത്രിക്കുന്നതിനുള്ള പ്രതിരോധ –കുത്തിവെയ്പ്പ് നല്കുന്നു . എങ്കിലും അതിന്റെ പ്രയോജനം എല്ലാ കർഷകർക്കും ലഭിക്കുന്നില്ല .

4. ഊർജ്ജിത പന്നിവളർത്തൽ പദ്ധതി

പന്നിയിറച്ചിയുടെ ഉല്പാദനവും ലഭ്യതയും വർദ്ധിപ്പിക്കാൻ ലക്ഷ്യമിട്ടിട്ടുള്ള ഈ പദ്ധതിയിലേക്ക് ആവശ്യമുള്ള പന്നിക്കുട്ടികളെ ലഭ്യമാക്കാൻ സാധിക്കുന്നില്ല .

4. ആട് വളർത്തൽ

മലബാറിലെ ആടുകളുടെ വംശനാശം ഒഴിവാക്കാൻ ഉദ്ദേശിച്ചുള്ള പദ്ധതിയാണിത് .ഈ സാമ്പത്തിക വർഷം 5 കുടുംബങ്ങൾക്ക് രണ്ട് ആടുകൾ വീതം 10 എണ്ണം മാത്രമേ നൽകുവാൻ സാധിച്ചിട്ടുള്ളൂ .

പോരായ്മകൾ

ആവശ്യമുള്ള കർഷകർക്ക് മുഴുവൻ ആട്ടിൻകുട്ടികളെ ലഭ്യമാക്കാൻ സാധിച്ചുട്ടില്ല .

6. വീട്ടുവളപ്പിലെ കോഴിവളർത്തൽ

കഴിഞ്ഞ സാമ്പത്തിക വർഷം വെറ്റിനറി ഡിസ്പൻസറി മുഖേന ആയിരത്തോളം കോഴികളെ വിതരണം ചെയ്തിട്ടുണ്ട് .

പോരായ്മകൾ

കൂടുതൽ കോഴിക്കുഞ്ഞുങ്ങളെ നല്കാനുള്ള പദ്ധതി വിഹിതം ലഭിക്കുന്നില്ല . രോഗംമൂലം കോഴികൾ വ്യാപകമായി ചത്തൊടുങ്ങുന്നു.

7. തീറ്റപ്പുൽ വിത്ത് വിതരണം

ഈ കേന്ദ്രത്തിൽ നിന്നും കർഷകർക്കായി 36 Kg തീറ്റപ്പുൽ വിത്തു വിതരണം നടത്തുകയുണ്ടായി . കർഷകരുടെ സ്ഥലപരിമിതിമൂലം വേണ്ട രീതിയിൽ അവർക്ക് കൃഷി ചെയ്യാൻ സാധിക്കുന്നില്ല .

ഉല്പാദനമേഖല .

പാലുല്പാദനം

ഈ മേഖലയിൽ പ്രധാന ക്ഷീര ദാതാവ് പശുക്കളാണ് . അതിൽ 75%ത്തോളം അത്യുല്പാദനശേഷിയുള്ള സങ്കരയിനത്തിൽപ്പെട്ട പശുക്കളാണ് ക്ഷീരോല്പാദന മേഖലയിൽ അധികപേരും ദാരിദ്രരേഖക്ക് താഴെയുള്ളവരും ദുർബലവിഭാഗത്തിൽപ്പെട്ടവരുമാണ് . പഞ്ചായത്തിലെ ക്ഷീരോല്പാദന സഹകരണ സംഘങ്ങൾ പാൽ ഉല്പാദനമേഖലയ്ക്ക് നല്കുന്ന സംഭാവന തുടർന്നു വരുന്ന ചാർട്ടിൽ ശ്രദ്ധിക്കുക .

ക്ഷീര സംഘങ്ങൾ മുഖേന ശേഖരിക്കുന്ന പാൽ

1	ചുള്ളിയോട്	55044 ലിറ്റർ/വർഷം
2.	കൂറ്റൻപാറ	37788 ലിറ്റർ/വർഷം
3.	ഒളർവട്ടം	7712 ലിറ്റർ/വർഷം
4.	വേങ്ങാപരത	64140 ലിറ്റർ/വർഷം
5.	ഉള്ളാട്	42048 ലിറ്റർ/വർഷം
	ആകെ	27,6732 ലിറ്റർ
	വ്യക്തികൾ മുഖേന	69183 ലിറ്റർ/വർഷം
	വീട്ടുപയോഗം	27632 ലിറ്റർ/വർഷം
	ആകെ ഉദ്പാദനം	373547 ലിറ്റർ/വർഷം

പ്രശ്നങ്ങൾ

വളരെയധികം ജനങ്ങൾക്ക് തൊഴിലും ഉപജീവനവും നൽകുന്ന ഈ മേഖല ധാരാളം പ്രശ്നങ്ങളെ നേരിടുന്നു.

1. കാലിത്തീറ്റയുടെ അമിതമായ വിലകയറ്റം.
2. വർദ്ധിച്ച പാലുൽപാദന ചിലവുകൾ അനുസരിച്ച് ലഭ്യമാക്കാതെ വരുന്ന പാലിന്റെ വിലക്കുറവ്.
3. കാലിത്തീറ്റയുടെ ഗുണനിലവാരത്തകർച്ച.
4. മേച്ചിൽ സ്ഥലത്തിന്റെ അഭാവം, വൈക്കോലിന്റെയും പച്ചപ്പുല്ലിന്റെയും ദൗർലഭ്യവും.
5. തീറ്റപ്പുൽ കൃഷിയുടെ മാന്ദ്യത.
6. അശാസ്ത്രീയ പശുപരിപാലനം.
7. അത്യുല്പാദന ശേഷിയുള്ള തനതായ കാലിജനുസുകളുടെ അപര്യാപ്തത.

നിർദ്ദേശങ്ങൾ

1. പ്രത്യേക കന്നുകുട്ടിപരിപാലനത്തിനു നൽകുന്ന സബ്സിഡി എല്ലാ കർഷകർക്കും പശു പരിപാലനത്തിനും ലഭ്യമാക്കുക.
2. പഞ്ചായത്തിന്റെയോ സംഘങ്ങളുടെയോ നേരിട്ടുള്ള മേൽനോട്ടത്തിൽ പഞ്ചായത്തിൽ ഒരു മിനി കന്നുകാലി തീറ്റ നിർമ്മാണ കേന്ദ്രം സ്ഥാപിക്കുക.
3. കൃഷി വകുപ്പും, ക്ഷീരവികസന വകുപ്പും, മൃഗസംരക്ഷണവകുപ്പും ഏകോപിപ്പിച്ചുകൊണ്ട് ഊർജ്ജിത തീറ്റപ്പുൽ കൃഷി നടപ്പിലാക്കുക.
4. അകിടുവീക്കം മനസ്സിലാക്കുന്നതിനുള്ള മാസ്റ്റയിറ്റിസ് ഡയഗണോസ്റ്റിക്ക് കിറ്റ് വിതരണം നടത്തുക.
5. എല്ലാ കാലികളെയും ഗ്രൂപ്പ് ഇൻഷൂറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തുക.
6. കൃത്രിമ ബീജാധാന സൗകര്യങ്ങൾ ക്ഷീരോല്പാദന സംഘങ്ങൾ മുഖേന വ്യാപിപ്പിക്കുകയും ബീജാധാനം സൗജന്യമാക്കുകയും ചെയ്യുക.
7. ക്ഷീര കർഷകർക്കിടയിൽ ബോധവൽക്കരണ പരിപാടി കൂടുതൽ ഊർജ്ജിതമാക്കുക.
8. മിനി ഡയറി യൂണിറ്റുകൾ, വനിതാ സംരഭകർക്കുള്ള പശു വളർത്തൽ, കിടാരി വളർത്തൽ യൂണിറ്റുകൾ എന്നിവ ആരംഭിക്കുക.
9. പ്രത്യേക കന്നുകുട്ടി പരിപാലന പരിപാടികൾ ഊർജ്ജിതമാക്കുക, പഞ്ചായത്തു മുഴുവൻ വ്യാപിപ്പിക്കുക.
10. എല്ലാ ക്ഷീരകർഷകർക്കും ഇൻഷുറൻസ് പരിരക്ഷയും പെൻഷൻ പദ്ധതിയും നടപ്പിലാക്കുക.
11. കറവവറ്റുന്ന കന്നുകാലികളെ സംരക്ഷിക്കുന്നതിന് പഞ്ചായത്തന്റെ കീഴിൽ ഒരു പരിരക്ഷണ കേന്ദ്രം സ്ഥാപിക്കുകയും അവയുടെ സംരക്ഷണത്തിന് കർഷകരിൽനിന്നും ന്യായമായ ഒരു ഫീസ് ഈടാക്കുകയും ചെയ്യുക.
12. വൈക്കോലിന്റെ യൂറിയ സമ്പുഷ്ടീകരണം വഴി വൈക്കോലിന്റെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനെ കുറിച്ച് കർഷകരെ ബോധവാന്മാരാക്കുക.

ഇറച്ചികോഴി വളർത്തൽ

ഇറച്ചികോഴി വളർത്തൽ ഈ പഞ്ചായത്തിൽ സാമാന്യം നല്ലരീതിയിൽ നടക്കുന്നുണ്ട്. നല്ലരീതിയിൽ നടക്കുന്ന 4 ഇറച്ചികോഴി ഫാമുകൾ ഈ ഗ്രാമപഞ്ചായത്തിലുണ്ട് കൂടാതെ മറ്റുസ്ഥലങ്ങളിൽനിന്നും കോഴികളെ മാർക്കറ്റിൽ എത്തിച്ച് വില്പന നടത്തുന്നുണ്ട് പ്രതിമാസം സുമാർ 2500 കോഴികളെ ഇവിടെ വളർത്തി വിപണനം നടത്തുന്നതോടൊപ്പംതന്നെ തികയാത്തവയ്ക്ക് സമീപ പ്രദേശങ്ങളെയും, അയൽ സംസ്ഥാനങ്ങളെയും ആശ്രയിക്കുകയും ചെയ്യുന്നു.

പ്രശ്നങ്ങൾ

1. കോഴിക്കുഞ്ഞുങ്ങളുടെ അമിതമായ വിലക്കയറ്റം.
2. കോഴിത്തീറ്റയുടെ വിലക്കയറ്റം.
3. ഈ മേഖലയിൽ വർദ്ധിച്ച ഉൽപാദനചെലവുകൾക്ക് അനുസരണമായ വില, മാർക്കറ്റിൽ ലഭ്യമാകാതെ വരുന്നു.
4. മാർക്കറ്റിങ്ങ് ഏകീകൃതമല്ല.

നിർദ്ദേശങ്ങൾ

1. പൊതുമേഖലയിൽ കോഴിത്തീറ്റയും, കോഴിക്കുഞ്ഞുങ്ങളെയും കർഷകർക്ക് എത്തിച്ചു കൊടുക്കുവാനുള്ള സംവിധാനമേർപ്പെടുത്തുക.
2. സബ്സിഡി നിരക്കിൽ കോഴിക്കുഞ്ഞുങ്ങളേയും, കോഴിത്തീറ്റയും വിതരണം നടത്തുക.
3. കുടുംബത്തിലെ സ്ത്രീകളുടെയും, കുട്ടികളുടെയും ഒഴിവു സമയം ഉപയോഗപ്പെടുത്തി രണ്ടാഴ്ചയിൽ ഒരിക്കൽ 250 ഇറച്ചിക്കോഴികളെ വീതം വില്പനക്ക് സജ്ജമാകുന്ന പദ്ധതി പഞ്ചായത്ത തലത്തിൽ നടപ്പിലാക്കുക.

അടുക്കളമുറ്റത്തെ കോഴിവളർത്തൽ

ഏറ്റവും കുറഞ്ഞ ചിലവിൽ വീടുകളിൽ തന്നെ മുട്ടയുൽപ്പാദിപ്പിക്കുന്നതിനുള്ള പദ്ധതിയാണ് ഇത്. വീട്ടാവശ്യത്തിനുള്ള മുട്ടയുടെ ലഭ്യത ഉറപ്പുവരുത്തുന്നതോടൊപ്പം തന്നെ ഒരു വരുമാന മാർഗ്ഗംകൂടിയാണ് ഇത്. നമ്മുടെ പഞ്ചായത്തിൽ ആഭ്യന്തര വിപണിയിൽ പ്രതിദിനം 4500, മുട്ടകളോളം വിപണനം നടത്തു

ന്നുണ്ട്. ഇതു മുഴുവനും അന്യസംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്നതാണ്. പഞ്ചായത്തിൽ ഈ തൊഴിലിൽ താല്പര്യമുള്ള കർഷകർ, ഗൾഫിൽനിന്നും മടങ്ങിയെത്തുന്ന തൊഴിൽ രഹിതർ തുടങ്ങിയ വിഭാഗങ്ങളെ ഏകോപിപ്പിച്ചുകൊണ്ട് മുട്ടയുൽപാദന വിപണന സംഘങ്ങൾ സ്ഥാപിക്കുക.

പ്രശ്നങ്ങൾ

1. കൃത്യസമയത്ത് മിതമായ നിരക്കിൽ കോഴിക്കുഞ്ഞുങ്ങളെ ലഭിക്കുന്നില്ല.
2. കോഴിവസന്തപോലെയുള്ള മാരക രോഗങ്ങൾക്കെതിരെയുള്ള കുത്തിവയ്പ്പും ചികിത്സയും യഥാസമയം ലഭിക്കുന്നില്ല.

നിർദ്ദേശങ്ങൾ

1. ഗ്രാമപഞ്ചായത്തിലെ എല്ലാ വീടുകളിലും അടുക്കള മുറ്റത്തും കോഴിവളർത്തൽ ഊർജ്ജിതമാക്കുക
2. ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ, മഹിളാ സമാജങ്ങൾ മറ്റു സന്നദ്ധസംഘടനകൾ എന്നിവ മുൻകൈ എടുത്ത് കോഴികൾക്ക് പ്രതിരോധ കുത്തിവെയ്പ്പ് നടത്തുക.
3. ഗുണമേന്മയുള്ള കോഴിക്കുഞ്ഞുങ്ങളെ ലഭിക്കുന്നതിന് പഞ്ചായത്ത തലത്തിൽ എഗ്ഗ് നഴ്സറികൾ സ്ഥാപിക്കുക.
4. സ്കൂൾ പൗൾട്രി ക്ലബുകൾ സ്ഥാപിക്കുക.

മാംസോല്പാദനം

ഈ പഞ്ചായത്തിലെ ജനങ്ങളുടെ പോഷകാഹാര ലഭ്യതയിൽ മുഖ്യമാ .പങ്കു വഹിക്കുന്നത് മാംസമാണ്. ഭൂരിഭാഗം ജനങ്ങളും മാംസം ഉപയോഗിക്കുന്നവരാണ്. ഇവിടേക്ക് ആവശ്യമായ മാംസത്തിന്റെ നല്ലൊരു പങ്കും തമിഴ്നാട് തുടങ്ങിയ അയൽ സംസ്ഥാനങ്ങളിൽ നിന്ന് കൊണ്ടുവരുന്ന മൃഗങ്ങളിൽനിന്നാണ്. ഇവ മിക്കതും ഗുണനിലവാരം കുറഞ്ഞതും രോഗവാഹികളുമാണ്. ഈ ഒരു കാരണം കൊണ്ട് തന്നെ നമുക്ക് ആവശ്യമായ അറവു മൃഗങ്ങളെ നമ്മുടെ പഞ്ചായത്തിൽതന്നെ വളർത്തേണ്ടതാണ്.

1995-96

ഇനം	മാട്	എരുമ	ആട്	പന്നി
ആൺ	1128	204	384	36
പെൺ	258	132	132	--
ചെറുത്	72	96	--	--
ആകെ	1488	432	516	36

ദിവസം 10 മൃഗങ്ങളെ ഇറച്ചിയ്ക്ക് വേണ്ടി അറക്കുന്നുണ്ട്. ആകെ ഒരു വർഷത്തിൽ അറവ് മൃഗങ്ങൾ -2472

പ്രശ്നങ്ങൾ

1. ഈ മൃഗങ്ങളെ പൊതുവഴിയിൽ ഇട്ടാണ് അറക്കുന്നത്. ഇത് മൂലം പൊതുജനാരോഗ്യ പ്രശ്നം ഉണ്ടാക്കുന്നണ്ട്.
2. ശുചിത്വമില്ലാതെയും, അശ്രദ്ധമായും മാംസം വിതരണം ചെയ്യുക മൂലം വളരെയധികം പകർച്ചവ്യാധികൾ പടർന്നുപിടിക്കാൻ ഇടയാകുന്നുണ്ട്.
3. അറവുശാലയിലെ അവശിഷ്ടങ്ങൾ പൊതുസ്ഥലങ്ങളിൽ തന്നെ ഇടുന്നതുകൊണ്ട് അലഞ്ഞ് തിരിഞ്ഞു നടക്കുന്ന നായ്ക്കൾ പെറ്റുപെരുകുകയും, അതു വഴി പേ വിഷബാധ നിയന്ത്രിക്കാൻ കഴിയാത്ത വണ്ണം പ്രശ്നങ്ങൾ ഉണ്ടാക്കുകയും ചെയ്യുന്നു.

നിർദ്ദേശങ്ങൾ

1. പഞ്ചായത്ത് നിർമ്മിച്ച ആധുനിക അറവുശാല അടിയന്തിരമായി പ്രവർത്തനക്ഷമമാക്കുക.
2. നിയമ വിരുദ്ധമായി പ്രവർത്തിക്കുന്ന അറവുശാലകൾ നിരോധിക്കുക.
3. അറവുമാടുകൾക്ക് ലൈസൻസ് നിർബന്ധമാക്കണം.
4. ഗുണമേന്മയുള്ള ഇറച്ചി ലഭിക്കുന്നതിന് വേണ്ടി പ്രത്യേക കന്നുകുട്ടി പോഷണപരിപാടി നടപ്പിലാക്കണം

പന്നിവളർത്തൽ

പഞ്ചായത്തിൽ പന്നി വിളർത്തൽ നാമമാത്രമാണ്. പന്നി വളർത്തൽ പ്രോത്സാഹിപ്പിച്ചാൽ ഗുണമേന്മയുള്ള, പോഷകസമൃദ്ധമായ മാംസം കൂടുതൽ ലഭിക്കും. ഹോട്ടലുകളിലെ അവശിഷ്ടങ്ങൾ, പച്ചക്കറി മാർക്കറ്റിൽ ഉണ്ടാകുന്ന അവശിഷ്ടങ്ങൾ, അറവുശാലകളിലെ ഉപയോഗശൂന്യമായ വസ്തുക്കൾ എന്നിവ പന്നികൾക്കുള്ള പോഷകസമൃദ്ധമായ ആഹാരമാണ്. അതോടൊപ്പം പരിസര മലിനീകരണം വലിയൊരളവിൽ നിയന്ത്രിക്കാനും കഴിയും.

പ്രശ്നങ്ങൾ

1. ആവശ്യാനുസരണം പന്നിക്കുഞ്ഞുങ്ങളെ താല്പര്യമുള്ള കർഷകർക്ക് ലഭിക്കുന്നില്ല.

നിർദ്ദേശങ്ങൾ

1. പഞ്ചായത്തുതലത്തിൽ ഊർജ്ജിത പന്നി വളർത്തൽ വികസന പദ്ധതി നടപ്പിലാക്കി താൽപ

ര്യമുള്ള കർഷകർക്ക് പന്നിക്കുട്ടികളെ വിതരണം ചെയ്യുക,.

2. ആവശ്യമായ വായ്പ സൗകര്യം ലഭ്യമാക്കേണ്ടതാണ്.

ഇറച്ചി മുയൽ വളർത്തൽ

പന്നിവളർത്തൽപോലെ മുയൽ വളർത്തലും പഞ്ചായത്തിൽ നാമമാത്രമാണ്.

പ്രശ്നങ്ങൾ

1. ബോധവൽക്കരണത്തിന്റെ കുറവ്
2. നല്ല മുയൽ കുഞ്ഞുങ്ങളുടെ ലഭ്യതക്കുറവ്

നിർദ്ദേശം

വിദ്യാലയങ്ങളിലെ പൗൾട്രി ക്ലബുകൾപോലെ മുയലിനെ വളർത്താനുള്ള ബോധവൽക്കരണ പ്രോത്സാഹനം വേണ്ടതാണ്.

ആടുവളർത്തൽ

പഞ്ചായത്തിൽ ദുർബലവിഭാഗങ്ങളിൽ ഭൂരിപക്ഷം ജനങ്ങളും ആടുവളർത്തൽ ഉപതൊഴിലായി സ്വീകരിച്ചിട്ടുണ്ട്.2200 ആടുകൾ ഈ പഞ്ചായത്തിൽ ഉണ്ട്.

പ്രശ്നങ്ങൾ

1. മേയാനുള്ള സ്ഥലത്തിന്റെ ദൗർലഭ്യം ആടുവളർത്തലിനു ഭീക്ഷണിയാണ്.
2. വേലികളിൽ പടരുന്ന വള്ളികൾ ആടുകളുടെ ആഹാരത്തിന്റെ പ്രധാനഭാഗമാണ്.വേലിയ്ക്കു പകരം മതിലാകുമ്പോൾ വള്ളിയ്ക്ക് വളരുവാൻ സ്ഥലമില്ലാതെ വരുന്നു.

നിർദ്ദേശങ്ങൾ

1. കുറഞ്ഞ മുതൽ മുടക്കിൽ ഏത് വിഭാഗത്തിൽപെട്ടവർക്കും ഒരു ഉപജീവന മാർഗ്ഗമെന്ന നിലയിൽ ആടു വളർത്തലിൽ ഏർപ്പെടാവുന്നതാണ്.
2. ആടുകൾക്ക് തീറ്റയ്ക്ക് ഉപയോഗിക്കാവുന്ന പിലാവ്,പിലിവാഗ മുതലായ വൃക്ഷങ്ങൾ വ്യാപകമായി വെച്ചുപിടിപ്പിക്കുക.
3. പഞ്ചായത്ത് അടിസ്ഥാനത്തിൽ ആടു മാംസ സംസ്ക്കരണ വിപണന സഹകരണ സംഘങ്ങൾ സ്ഥാപിക്കുക.തി
4. തിരഞ്ഞെടുത്ത കേന്ദ്രങ്ങളിൽ മുട്ടനാട് പ്രജനന യൂണിറ്റുകൾ തുടങ്ങുക.

സേവനമേഖല

പഞ്ചായത്തിൽ പൂക്കോട്ടുംപാടത്ത് ഒരു വെറ്റിനറി ഡിസ്പൻസറി നിലവിൽ ഉണ്ട്.ഒരു വെറ്റിനറി സർജ്ജനും ഒരു ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടറും ഒരു അറ്റന്ററും ഇവിടെ സേവനമനുഷ്ടിക്കുന്നുണ്ട്. യഥാർത്ഥത്തിൽ ഒരു പൂർണ്ണ സമയ വെറ്റിനറി സർജന്റെ സേവനം ഇവിടെ ലഭിക്കുന്നില്ല. ഈ സ്ഥാപനം സ്വകാര്യ കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്.ഒരു വെറ്റിനറി ഡിസ്പൻസറിയുടെ പ്രവർത്തനത്തിന് ഈ കെട്ടിടം തികച്ചും അപര്യാപ്തമാണ്.പഞ്ചായത്തിലെ കന്നുകാലികൾക്കാവശ്യമായ മരുന്നുകൾ ഇവിടെ ലഭ്യമല്ല.ക്ലിനിക്കൽ ലബോറട്ടറി സൗകര്യം ഇവിടെ ഇല്ല. വിജ്ഞാന വ്യാപനത്തിനാവശ്യമായ സംവിധാനങ്ങളും ഇല്ല.ഈ പരിമിതികളൊക്കെയുണ്ടെങ്കിലും ഈ സ്ഥാപനത്തിൽ നിന്നും ലഭ്യമായ ചികിത്സാ സൗകര്യങ്ങൾ ചുവടെ ചേർക്കുന്നു.

രോഗങ്ങൾ	പശു	എരുമ.	ആട്	പട്ടി	കോഴി
1 2	3	4	5	6	7
1. ദഹനസംബന്ധമായ	528	10	180	–	–
2.ശ്വാസകോശസംബന്ധം	60	2	42	–	28
3. ഉപാപചയ സംബന്ധച്ച്	18	4	16	–	–
4. ത്വക് രോഗങ്ങൾ	10	–	4	12	–
5. ധാതുലവണങ്ങളുടെ അഭാവം	14	–	10	–	–
6. പരാഭ രോഗങ്ങൾ	624	–	288	18	–
7. പ്രത്യുല്പാദന വ്യവസ്ഥയുമായി ബന്ധപ്പെട്ടത്	183	26	39	–	–
8. വന്ധ്യത	48	2	4	–	–
9. അകിടുവീക്കം	120	–	12	–	–
10. മുടന്തൻ പനി	78	–	–	–	–
11. കുളമ്പു ദീനം	120	(പ്രതിരോധ കുത്തിവയ്പ്)			
12. കോഴിവസന്ത					2200

1995-96 സാമ്പത്തിക വർഷം ഈ പഞ്ചായത്തിൽ രണ്ട് ഗോരക്ഷാ ക്യാമ്പുകളും രണ്ട് വന്ധ്യതാ നിവാരണ ക്യാമ്പുകളും നടത്തിയിട്ടുണ്ട്.

നിർദ്ദേശങ്ങൾ.

1 കൂടുതൽ കർഷകർക്ക് ഉപയോഗപ്രദമാക്കുന്നതിന് വേണ്ടി ചുള്ളിയോട് ഭാഗത്തേക്ക് ഈ ഡിസ്പൻസറി മാറ്റി സ്ഥാപിക്കേണ്ടതാണ്.

2. അടിയന്തിരമായി ഒരു വെറ്റിനറി സർജന്റെ മുഴുവൻ സമയ സേവനം ലഭ്യമാക്കണം.
3. ആധുനിക രീതിയിലുള്ള ക്ലിനിക്കൽ ലബോറട്ടറി സൗകര്യങ്ങൾ വെറ്റിനറി ഡിസ്പൻസറിയിൽ ലഭ്യമാക്കണം.
4. വിജ്ഞാന വ്യാപനത്തിന് ആവശ്യമായ ബോധ

വിൽക്കരണ കേന്ദ്രങ്ങൾ പഞ്ചായത്ത് തലത്തിൽ ക്ഷീരോല്പാദക സംഘങ്ങൾ മുഖേന ആരംഭിക്കണം.

5. ജന്തുദ്രോഹ നിവാരണ യൂണിറ്റ് പഞ്ചായത്ത് തലത്തിൽ ആരംഭിക്കേണ്ടതാണ്.

6. ബഹുജന പങ്കാളിത്തത്തോടുകൂടിയുള്ള ആസ്പത്രി വികസന സൊസൈറ്റി രൂപീകരിക്കണം.

7. ഡിസ്പൻസറിക്ക് ആവശ്യമായ മരുന്നുകൾ അടിയന്തിരമായി എത്തിച്ചുകൊടുക്കണം.

8. രോഗപ്രതിരോധകുത്തിവെയ്പ്പിന് ആവശ്യമുള്ള വാക്സിനുകൾ യഥാസമയം എത്തിച്ചു കൊടുക്കുകയും ജനങ്ങളിൽ അവബോധം വളർത്തുകയും വേണം.

ഊർജ്ജിത കന്നുകാലി വികസന പദ്ധതി ഉപകേന്ദ്രം.

കാലി സമ്പത്തിന്റെ വലിപ്പം കണക്കിലെടുക്കുമ്പോൾ ഉള്ളാട് കേന്ദ്രമാക്കി പുതിയ ഉപകേന്ദ്രം ആരംഭിക്കേണ്ടതാണ്.പൂക്കോട്ടുംപാടത്തെ ഉപകേന്ദ്രം 1969 മുതൽ വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഇതിന് സെന്ററിനോട് ചേർന്നുള്ള പൊതുസ്ഥലത്ത് സ്വന്തം കെട്ടിടം നിർമ്മിക്കേണ്ടതാണ്.ഉപകേന്ദ്രത്തിൽ പ്രതിരോധ കുത്തിവയ്പ്പുകൾക്ക് ആവശ്യമായ വാക്സിനുകളും പ്രഥമ ശുശ്രൂഷക്കാവശ്യമായ ഔഷധങ്ങളും ഉപകരണങ്ങളും അടിയന്തിരമായി എത്തിക്കണം.

N K D. P. ഉപകേന്ദ്രം

തേൾപ്പാറ ഒളവട്ടത്ത് ഈ കേന്ദ്രം പ്രവർത്തിക്കുന്നു.ഇവിടെയും പ്രഥമ ശുശ്രൂഷക്കുള്ള മരുന്നുകളോ ഉപകരണങ്ങളോ ഇല്ല.ഇവ അടിയന്തിരമായി എത്തിക്കണം.ഈ സ്ഥാപനം കളവമുക്കട്ട,വേങ്ങപ്പരത,പുഞ്ച,പാട്ടക്കരിമ്പ്,ആന്റെണിക്കാട്,പൊട്ടിക്കല്ല്, ഒളർവട്ടം, തേൾപ്പാറ എന്നീ പ്രദേശത്തെ മുഴുവൻ കർഷകർക്കും എളുപ്പത്തിൽ ബന്ധപ്പെടാവുന്ന സ്ഥലമായ വേങ്ങപ്പരതയിലേക്ക മാറ്റി സ്ഥാപിച്ചാൽ കൂടുതൽ കർഷകർക്ക് ഈ ഉപകേന്ദ്രം കൊണ്ട് പ്രയോജനം ലഭിക്കും.

മത്സ്യബന്ധനം

പഞ്ചായത്തിൽ മത്സ്യബന്ധനവുമായി ബന്ധപ്പെട്ട പദ്ധതികൾ ഒന്നുമില്ല.എന്നാൽ ദിനംപ്രതി 15000 മുതൽ 20000 രൂപ വരെ വില വരുന്ന പത്ത് കിന്റൽ കടൽ മത്സ്യം ഈ പഞ്ചായത്തിൽ വിപണനം ചെയ്യുന്നുണ്ട്.മത്സ്യവിപണനത്തിന് ആവശ്യമായ സൗകര്യങ്ങൾ ഇവിടെ ഇല്ലാത്തതിനാൽ പാതയോരങ്ങളിൽ വെച്ച് വില്പന നടത്തുകയും അതു വഴി ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാകുകയും ചെയ്യുന്നു. ഇവിടെ വിപണനം നടത്തുന്ന മത്സ്യം അയൽസംസ്ഥാനങ്ങളിൽ നിന്നും കോഴിക്കോട്,പൊന്നാനി എന്നീ തീരപ്രദേശങ്ങളിൽ നിന്നുമാണ് എത്തുന്നത്.ഇതിൽ നിന്നു മത്സ്യം വളർത്തേണ്ടതിന്റെ പ്രധാന്യം വ്യക്തമാണ്.

പഞ്ചായത്തിൽ ധാരാളം ശുദ്ധജലകുളങ്ങളുണ്ട്. ശുദ്ധജല മത്സ്യകൃഷി ഈ കുളങ്ങളിൽ നടത്തുവുനുള്ള സഹചര്യം ഉണ്ടാക്കണം. 2600 ൽ പരം ആളുകൾ ഈ പഞ്ചായത്തിൽ താമസിക്കുന്നുണ്ട്.ഇതിൽ ഭൂരിഭാഗവും മത്സ്യം ഉപയോഗിക്കുന്നവരും കർഷകരുമാണ്.ഒരു ഉപതൊഴിലെന്നനിലക്ക് ശുദ്ധജല മത്സ്യകൃഷി നടത്താവുന്നതും തദ്വാര പഞ്ചായത്തിലെ തൊഴിലില്ലായ്മക്ക് ചെറിയൊരളവു വരെ പരിഹാരം കാണാവുന്നതുമാണ്.

നിർദ്ദേശങ്ങൾ

1. ശുദ്ധജല മത്സ്യകൃഷിക്ക് ആവശ്യമായ ബോധവൽക്കരണം പഞ്ചായത്ത് തലത്തിൽ നടത്തണം.

2. നിലവിലുള്ള പൊതുകുളങ്ങൾ നന്നാക്കി തല്പരരായ കർഷകർക്ക് മത്സ്യകൃഷിക്ക് പാട്ടത്തിന് കൊടുക്കാവുന്നതാണ്.

3. കുളങ്ങൾ സ്വന്തമായുള്ള സ്വകാര്യ വ്യക്തികളെ മത്സ്യകൃഷി തുടങ്ങുന്നതിനായി പ്രോത്സാഹിപ്പിക്കേണ്ടതാണ്.

4. തല്പരരായ കർഷകർക്ക് ശുദ്ധജല മത്സ്യകൃഷിക്കായി കുളങ്ങൾ നിർമ്മിക്കുന്നതിന് ധനസഹായം ചെയ്തു കൊടുക്കേണ്ടതാണ്.

5. മത്സ്യ കുഞ്ഞുങ്ങളെ യഥാസമയം ആവശ്യക്കാർക്ക് എത്തിച്ചു കൊടുക്കേണ്ടതാണ്.

6. മത്സ്യ വിപണനത്തിന് ആവശ്യമായ സ്ഥല സൗകര്യങ്ങൾ പഞ്ചായത്തിൽ ഉണ്ടാക്കണം.

പൊതുവിൽ പഞ്ചായത്ത് തലത്തിൽ ഒരു സഞ്ചരിക്കുന്ന പാൽ സൊസൈറ്റിയം.ഒന്ന്,അഞ്ച്,പത്ത് എന്നീ വാർഡുകളിൽ ക്ഷീരോൽപാദക സംഘങ്ങളും, ഒന്ന് അഞ്ച്, ഒമ്പത് വാർഡുകളിൽ ഗോബർ ഗ്യസ് പ്ലാന്റുകളും ഒന്ന്, മൂന്ന്, നാല്, രണ്ട്, അഞ്ച്, എട്ട് എന്നീ വാർഡുകളിൽ കാലികളെ കുളിപ്പിക്കുന്നതിനും, മത്സ്യകൃഷിക്ക് ഉതകുന്ന തരത്തിലുള്ള കുളങ്ങളും, ഒന്ന്,രണ്ട്,മൂന്ന്, നാല്,അഞ്ച് എന്നീ വാർഡുകളിൽ ഇറച്ചിക്കോഴി വളർത്തൽ ഫാമുകളും രണ്ടാം വാർഡിലെ ക്ഷീരകർഷകർക്ക് ലാഭവിഹിതം ലഭിക്കണം എന്നും, മൂന്ന്,എട്ട് വാർഡിലെ കർഷകർക്ക് പാൽ വില പതിനഞ്ച് രൂപയായി വർദ്ധിപ്പച്ച് കിട്ടണം എന്നും കൂറ്റൻപാറ സംഘത്തിൽ ഉച്ചക്ക് ശേഷവും പാൽ സംഭരണം നടത്തണമെന്നുമാണ് വിശേഷാൽ ഗ്രാമസഭകളിൽ നിന്ന് ഉയർന്നുവന്ന നിർദ്ദേശങ്ങൾ.



5.9

വ്യവസായം

അമരമ്പലം പഞ്ചായത്തിന്റെ വ്യവസായ ചരിത്രം പഠിക്കുമ്പോൾ കഴിഞ്ഞ 50 വർഷത്തിനുള്ളിൽ ഈ മേഖലയിൽ വന്നിട്ടുള്ള മാറ്റങ്ങൾ പ്രത്യേകം ശ്രദ്ധാർഹമാണ്. കൃഷിക്കും, കച്ചവടത്തിനുമായി കുടിയേറിയ ജനങ്ങൾ ഏറെ താമസിയാതെ ഇവിടത്തെ വനമേഖലയെ ആധാരമാക്കി മരവ്യവസായരംഗത്തേക്കാണ് കടന്നുവന്നു .ഇവിടെ നിന്നു സംഭരിച്ച മരങ്ങൾ പുഴവഴി ഫറൂക്കിലെത്തിച്ച് അറബിനാടുകളിലേക്ക് വരെ കയറ്റിയയച്ചിരുന്നു. കുറ്റ്യാടി ഭാഗത്തുള്ള വിദഗ്തരായിരുന്നു ഇവിടത്തുകാർക്കിതിനു പരിശീലനം നൽകിയത് .അറക്കവാൾ ഉപയോഗിച്ച നാടൻ രീതിയിൽ ഉരുപ്പടി നിർമ്മാണം നടത്താൻ ധാരാളം പേർ വരികയും വൈദ്യുതി വൽക്കരണത്തിന്റെ ഭാഗമായി 80 കളിൽ സ്ഥാപിച്ച 2 ഈർച്ച മില്ലുകൾ ഈ രംഗത്തുവന്നതോടെ ഈ രംഗം മില്ലുകൾ കൈയ്യടക്കുകയും ചെയ്തു.

ബീഡി തെറുപ്പ്മേഖലയാണ് മറ്റൊന്ന് .ഏതെങ്കിലും ഒരു വ്യക്തിയെ കേന്ദ്രീകരിച്ച് പത്തിരുപത് പുരുഷൻമ്മാർ ഒന്നിച്ചിരുന്ന് ഉത്സവപ്രതീതിയോടെയാണ് ബീഡി തെറുത്തിരുന്നത് .പത്രപാരായണവും സാംസ്കാരിക ചർച്ചയും മറ്റും ഇതിന്റെ ഭാഗമായിരുന്നു .എന്നാൽ ഇന്ന് ഈ രംഗത്ത് സ്ത്രീകളുമാണ് കൂടുതൽ. ഈ കാലഘട്ടത്തിൽ വന്ന പുതിയ തൊഴിൽ മേഖലകളിലെ കൂലി കൂടുതൽ പുരുഷന്മാരെ ആകർഷിക്കുകയും തൽസ്ഥാനത്ത് സ്ത്രീകൾ കടന്നു വരികയും ചെയ്തു. ഒരുമിച്ചിരുന്നു ജോലി ചെയ്തിരുന്ന രീതിയിൽ നിന്ന് ജോലി സ്ഥലം വീടുകളിലേക്ക് മാറുകയും, തൊഴിലാളി, തൊഴിലുടമ ബന്ധം നഷ്ടപ്പെട്ട്,അസംസ്കൃത വിപണന കേന്ദ്രത്തിൽനിന്ന് സാധനങ്ങൾ വാങ്ങി ബീഡീ തെറുത്ത് തിരിച്ചുകൊടുക്കുന്ന രൂപത്തിലേക്കുള്ള മാറ്റം സംഘടിത തൊഴിൽ മേഖലയുടെ ശക്തി കുറക്കുകയും, തൻമൂലം തൊഴിലാളികൾക്ക് ലഭ്യമാക്കേണ്ടിയിരുന്ന നിരവധി ആനുകൂല്യങ്ങൾ നഷ്ടമാകുന്നതിന് കാരണമാവുകയു ചെയ്തു.

കരകൗശലവ്യവസായരംഗത്ത് 1969 ലെ സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്ട്രചെയ്ത് 1978 ൽ പായമ്പാടം കേന്ദ്രമായി പ്രവർത്തനം ആരംഭിച്ച പൂക്കോട്ടുംപാടം കരകൗശലവ്യവസായ സഹകരണസംഘം ഇന്നു അതേ അവസ്ഥയിൽ തുടരുകയാണ്,മുഴുവൻ അംഗങ്ങളും സ്ത്രീകളായിട്ടും പ്രസിഡന്റ് പുരുഷനാണ് എന്ന കാരണത്താൽ ഇത് ഒരു ജനറൽ യൂനിറ്റാണ് .25 രൂ ഷെയറുള്ള 25 പേർ ചേർന്നു തുടങ്ങി കഴിഞ്ഞവർഷം വരെ 230 അംഗങ്ങൾ ഉണ്ടായിരുന്നു എന്നാൽ സർക്കാരിന്റെ പ്രത്യേക ഉത്തരവു പ്രകാരം കഴിഞ്ഞ വർഷം തൊഴിൽ എടുക്കാത്ത അംഗങ്ങളെ ഒഴിവാക്കി .ഇപ്പോൾ 1000 രൂ ഷെയറുള്ള 17 പേരാണ് ഉള്ളത്,ഓട മുള ഉപയോഗിച്ചുള്ള കരകൗശല വസ്തുക്കളാണ് ഇവിടെ നിർമ്മിക്കുന്നത് .വിപണനത്തിന് ഏറണാകുളത്തെ അപ്പക്സ് സൊസൈറ്റിയെ ആശ്രയിക്കണമെന്നുള്ളത് ഇവരുടെ സ്വതന്ത്ര വിപണനത്തെ സാരമായി ബാധിക്കുന്നുണ്ട് .ഏറണാകുളത്തേക്കുള്ള ദീർഘയാത്രക്കിടയിൽ വരുന്ന നഷ്ടങ്ങൾ പുറമേ അവർ നിശ്ചയിക്കുന്ന കുറഞ്ഞ വിലയും കൂടി ആകുമ്പോൾ സംഘത്തിന് നഷ്ടം കൂടുന്നു .കരകൗശലനിർമ്മാണയൂനിറ്റുകളിൽ വെച്ച് മലപ്പുറം ജില്ലയിൽ തന്നെ ഒന്നാം സ്ഥാനത്തു നിൽക്കുന്ന ഉൽപ്പന്നങ്ങളാണ് ഇവർ നിർമ്മിക്കുന്നതെങ്കിലും ശരാശരി ഒരാൾക്ക് ഇപ്പോൾകിട്ടുന്നത് ദിവസം 10 രൂപ മാത്രമാണ്. I.R.D.P മേളയാണ് ഇവർക്ക് ഇപ്പോഴും ആശാവഹമായ വിപണന കേന്ദ്രം .ഇവിടെ ഇവർക്ക് ന്യായമായ വിലയും ലഭിക്കുന്നു. ഗതാഗത്തിൽ വരുന്ന കേടുപാടകളുടെ നഷ്ടം ഒഴിവായികിട്ടുന്നു.

സ്റ്റോറേജ് സംവിധാനം മെച്ചപ്പെടുത്തുക. ജില്ലാആസ്ഥാനങ്ങളിൽ പ്രദർശനശാലകൾ സംഘടിപ്പിക്കുക .എന്നീ കാര്യങ്ങൾ ശ്രദ്ധിച്ചാൽ ഈ വ്യവസായത്തിന് വൻവിജയ സാധ്യത ഉണ്ട്.

നമ്മുടെ പഞ്ചായത്തിലെ പൂർവ്വകാല വ്യവസായ രംഗം പരിശോധിക്കുമ്പോൾ പരമ്പരാഗത വ്യവസായമായ ബീഡി തെറുപ്പ്, കളിമൺപാത്ര നിർമ്മാണം, ഓട, മുള, പരമ്പ്, തൊപ്പിക്കുട, വീശിക്കുട നിർമ്മാണം എന്നീരംഗങ്ങളിലാണ് തിളങ്ങി നിന്നിരുന്നത് .എന്നാൽ നമ്മുടെ പഞ്ചായത്തിലെ വ്യവസായിയാഭിവൃദ്ധി കാണുന്നില്ല .ഇത് പരോക്ഷമായി നമ്മുടെ കാർഷിക രംഗംത്തേയും ,തൊഴിൽ രംഗത്തേയും ബാധിക്കുന്നു .ഉദാഹരണമായി വാഴ, പൂള, നെല്ല് തുടങ്ങിയ ഉൽപ്പന്നങ്ങളുമായി ബന്ധിച്ചുള്ള വ്യവസായ സാധ്യതകൾ ഉപയോഗിച്ചാൽ ഭഷ്യവിളകളുടെ കൃഷിരംഗം കൂടുതൽ മെച്ചപ്പെടുത്താം .നമ്മുടെ പഞ്ചായത്തിലെ ഈ രംഗത്തെ കാർഷിക ഉൽപാദനക്ഷമത പരിശോദിച്ചാൽ വളരെ താഴ്ന്ന നിലവാരമാണെന്ന് കാണാം. കാർഷിക രംഗത്തെ തകർച്ചക്ക് ഒരു കാരണം വ്യാവസായിക പിന്നോക്കാവസ്ഥയാണ്.

നമ്മുടെ പഞ്ചായത്തിലെ പരമ്പരാഗത വ്യവസായങ്ങൾ തകർന്നു കൊണ്ടിരിക്കുന്നു .ആധുനിക വ്യവസായങ്ങൾ വ്യാപകമാകുന്നും ഇല്ല .വൻകിട വ്യവസായങ്ങൾ ഒരു മേഖലയിലും നമ്മുടെ പഞ്ചായത്തിൽ ഇല്ല .

നിലവിലുള്ള സ്ഥിതി.

നമ്മുടെ പഞ്ചായത്തിനു ഖാദി മേഖലയിൽ പ്രവർത്തിക്കുന്ന ഏക യൂനിറ്റ് ,കോട്ടപ്പുഴ പാലത്തി നടുത്ത 20 വർ ക്കാലമായി ലാഭകരമായി പ്രവർത്തി ച്ചുവരുന്ന സ്വകാര്യ ചൂരൽ സാമഗ്രികളുടെ നിർമ്മാണ യൂനിറ്റാണ് .10 പേർക്ക് ഇവിടെ സ്ഥിരം ജോലി ലഭിക്കുന്നുണ്ട് .ഖാദി മേഖലയിൽ ഇനിയും ധാരാളം സാധ്യതകളുണ്ട് DWCRA യൂനിറ്റായി തുടങ്ങിയ 'സംഗം' കൊപ്ര സംസ്ക്കരണ യൂനിറ്റ് ഇന്ന് പ്രവർത്തിക്കുന്നില്ല . അശാസ്ത്രീയമായ ആസൂത്രണത്തിന്റെ ഒരു ബലിയാടാണ് ഇത് .മറ്റൊന്ന് ഉപ്പുവള്ളിയിൽ പ്രവർത്തിക്കുന്ന ചെരുപ്പ് യൂനിറ്റാണ് . ഇതിന് ഈ രംഗത്തെ മുഴുവൻ സാധ്യതകളും ചൂഷണം ചെയ്യാൻ സാധിക്കുന്നില്ല .കടം തീർന്നു പോവുന്നുണ്ടെങ്കിലും ജോലിചെയ്യുന്നവർക്ക് കിട്ടുന്ന പ്രതിഫലം വെച്ചുനോക്കിയാൽ ഇതും ഗുരുതരമായി പരിഗണിക്കേണ്ടിവരുന്നു . അടുത്തകാലത്തായി കൂടുതൽ വിജയസാധ്യതകൾ പ്രകടിപ്പിക്കുന്ന തയ്യൽ യൂനിറ്റുകൾ കൂടുതൽ സ്ത്രീകൾക്ക് തൊഴിൽനൽകുന്നുണ്ട് . പ്ളാസ്റ്റിക് കവർനിർമ്മാണവും അടുത്തകാലത്തായി പ്രവർത്തനമാരംഭിച്ച ഫൈബർ ടാങ്ക് നിർമ്മാണവു നമ്മുടെ പഞ്ചായത്തിൽ സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്നുണ്ട് . കൂടാതെ അമരമ്പലം സൗത്തിൽ കുറ്റിമുല്ലകൃഷി വ്യവസായവും , പുൽതൈല നിർമ്മാണയൂനിറ്റും വിജയകരമായി നടന്നു വരുന്നു .ഇഷ്ടികനിർമ്മാണം മരത്തടി വ്യവസായമില്ലുകൾ , ഫർണീച്ചർ ശാലകൾ , എണ്ണകാട് , ധാന്യമില്ലുകൾ , പ്രസ്സുകൾ , ജന : എഞ്ചിനീയറിംഗ് ബീഡിനിർമ്മാണം , ക്ഷീരോല്പ്പന്നനിർമ്മാണം , സോഡാ നിർമ്മാണം , റെഡിമെയ്ഡ് ബ്രേസിയേർസ് , ഗാർമൻസ് നിർമ്മാണം , ആര്യവൈദ്യശാലകൾ , സിമെന്റ് ഹോളോബ്ളോക്ക് നിർമ്മാണം , കരിങ്കൽകാറി എന്നിവയ്ക്കും നമ്മുടെ പഞ്ചായത്തിൽ വിജയസാധ്യതയുടെ പരീഷണഘട്ടത്തിലാണ് .

നിലവിലുള്ള വ്യവസായങ്ങളുടെ ചാർട്ട് (I) കൊടുത്തിരിക്കുന്നു .ഓരോ രംഗത്തും തൊഴിലെടുക്കുന്നവരുടെ കണക്ക് Iമുതൽ V വരെ .

നമ്പർ	വിഭാഗം	ആകെ വ്യവസായങ്ങൾ	തൊഴിലാളികളുടെഎണ്ണം		
			പു	സ്ത്രീ	ആകെ
1	കരകൗശലം	1		17	17
2	കൊപ്രസംസ്കരണം	1		19	19
3	ചെരിപ്പു നിർമ്മാണം	2		10	10
4	ഭക്ഷ്യസംസ്കരണം [മാംസ്യം + ബേക്കറി]	3	38		38
5	ക്ഷീരോൽപ്പന്നം	1		4	4
6	ഇഷ്ടിക കമ്പനി , മില്ല്	17	27	23	50
7	പരമ്പരാഗത കുടിൽ		56	83	139
8	ഫൈബർ വാട്ടർ ടാങ്ക്	1		2	2
9	നാടൻ ഇഷ്ടിക നിർമ്മാണം	1	10	40	50
10	ഖാദിയൂനിറ്റ് (ചൂരൽ)	1	10		10
11	ബീഡി ബ്രാഞ്ച്	3	50	450	500
12	അച്ചടി	2	5	2	7
13	എഞ്ചിനീയറിംഗ്	2	4		4
14	സോഡാ നിർമ്മാണം	2	2		2
15	ജനറൽ എഞ്ചിനീയറിങ്	2	6		6
	Ttal	39	226	650	758

സഹകരണ വ്യവസായ സംഘങ്ങൾ & DRCRA UNITS [വനിത]

ക്രമ നമ്പർ	ഇനം	തൊഴിലാളികൾ പു	സ്ത്രീ	കൂലി പു	സ്ത്രീ	ലാഭം നഷ്ടം
1	പൂക്കോട്ടുംപാടം കരകൗശല വ്യവസായ സഹകരണ സംഘം		17		10	നഷ്ടം
2	'സംഗം' കൊപ്ര സംസ്ക്കരണ DWCRA യൂനിറ്റ്		19		25	നഷ്ടം
3	സൂര്യ ചപ്പൽസ് [DWCRA]	10		10		നഷ്ടം

പരമ്പരാഗത കുടിൽ വ്യവസായങ്ങൾ

നമ്പർ	ഇനം	തൊഴിലാളികൾ പു	സ്ത്രീ	ശരാശരികൂലി .
1	കുട്ട , മുറം , പരമ്പ്	30	45	30
2	പപ്പടം	8	12	35
3	കളിമൺപാത്രം	12	20	30
4	കരുവാൻമാർ	10		50
5	സ്വർണ്ണപ്പണി	35		50
6	മര ആശാരിമാർ	30		150
7	മരം ഫർണ്ണിച്ചർ (കുടിൽ)	40		150
8	പായനെയ്ത്ത്		15	20

പട്ടിക 4

വിവിധ മേഖലകളിലെ കൂലി നിരക്കുകൾ			
നമ്പർ	ഇനം	കൂലിനിരക്ക്	
		പുരുഷൻ	സ്ത്രീ
1	കല്ല് വെട്ട്	150	
2	എസ് ടി ഡി ബൂത്ത്	30	25
3	ഫോട്ടോസ്റ്റാറ്റ്		25
4	പ്ലാസ്റ്റിക്	100	
5	കസേരവരിച്ചിൽ	75	
6	ടൈലറിംഗ്	80	50
7	ഇലട്രീഷ്യൻസ്	80	
8	വയറിംഗ്,പ്ലാനിഗ്	80	
9	ജനറൽ എഞ്ചിനീയറിംഗ്	80	
10	കരിങ്കൽ (മെറ്റൽ) ഹട്ടിംഗ്	150	60
11	സിനിമാശാല	50	
12	ഓട്ടോ വർക്ക്ഷോപ്പ്	75	
13	കെട്ടിട നിർമ്മാണം	150	60
14	പെയിന്റിഗ്	100	
15	സ്വർണ്ണപ്പണി	100	
16	ബീഡി ബ്രാഞ്ച്	35	35
17	കള്ള് ചെത്ത്	40	

പട്ടിക 5
ചെറുകിട വ്യവസായം-യന്ത്രവൽകൃതം

നമ്പർ	ഇനം	എണ്ണം	തൊഴിലാളികൾ		കൂലി	
			പു	സ്ത്രീ	പു	സ്ത്രീ
1	ഇഷ്ടിക നിർമ്മാണം	3	15	23	60	40
2	അച്ചടി	2	2	4	50	25
3	റെസ്-ഫ്ളോർ ഓയിൽ മില്ലുകൾ	14	-	-	50	-
4	ഇൻട്രസ്ട്രീയൽ	2	-	-	50	-

പഞ്ചായത്തിലെ നിലവിലുള്ള വ്യവസായങ്ങൾ

നമ്പർ	ഇനം	എണ്ണം
1	സഹകരണമേഖല	1
2	D. W. C R A	2
3	ഭക്ഷ്യസംസ്ക്കരണം	3
4	ക്ഷീരോല്പന്ന നിർമ്മാണ വിപണനം	1
5	റൈസ് ഫോർ ഓയിൽ മിൽസ്	14
6	കമ്പിനി ഇഷ്ടിക നിർമ്മാണം	3
7	നാടൻ ഇഷ്ടിക നിർമ്മാണം	1
8	ഫൈബർ വാട്ടർ ടാങ്ക്	1
9	ചൂരൽ ഉല്പന്നം	1
10	ബീഡി നിർമ്മാണം	3
11	അച്ചടി	2
12	ജന :എഞ്ചിനിയറിംഗ്	2
13	പ്ലാസ്റ്റിക്ക് നിർമ്മാണം	1
14	പുൽതൈലം നിർമ്മാണം	1
15	കുറ്റിമുല്ല വ്യവസായം	1
16	പപ്പട നിർമ്മാണം	16
17	കളിമൺ പാത്ര നിർമ്മാണം	3
18	ഓട-മുള ഉല്പന്ന നിർമ്മാണം	5
19	റെഡിമെയ്ഡ് ഗാർമെന്റ്സ് (ബ്രേസിയർസ്,മേക്സി,എംബ്രോയിഡറി)	3
20	മരം ഫർണിച്ചർ	10
21	സോഡാ നിർമ്മാണം	2
22	ആരൃവൈദൃശാല	5
23	കരുവാൻ	10
24	ഹോളോ ബ്ലോക്ക് നിർമ്മാണം	1

വ്യവസായ മേഖലയിൽ നേരിടുന്ന പ്രശ്നങ്ങൾ

പൊതു മലബാർ മേഖല നേരിടുന്ന വ്യവ സായിക അവഗണന നമ്മുടെ പഞ്ചായത്തിനെയും ബാധിച്ചിടുണ്ട് .ഇന്ന് നിലവിലുള്ള വൈദ്യതിയുടെ അപര്യാപ്തതയും ഈ മേഖലയുടെ തകർച്ചക്ക് കാരണമാകുന്നു .വ്യവസായരംഗത്തേക്ക് സംരംഭ കരെ ആകർഷിക്കത്തക്ക പരിപാടികൾ ഒന്നും ഇവിടെ നടന്നിട്ടില്ല .വ്യവസായ സാധ്യതകളെ കുറി ച്ചുള്ള അഭാവവും ,വൈദഗ്ദ്ധ്യക്കുറവും ഈ രംഗ ത്തുള്ള തളർച്ചയെ നിലനിർത്തുന്നു . വ്യവസായ സ്ഥലങ്ങൾ ഒന്നും തന്നെ ബോധപൂർവ്വം നിർമ്മി

ക്കാൻ ശ്രമിച്ചിട്ടില്ല എന്നുള്ളതും ഇവിടത്തെ വ്യവ സായത്തകർച്ചയെ ബാധിക്കുന്നു. വ്യവസായരം ഗത്ത് മുതൽ മുടക്കാൻ ശേഷിയുള്ളവർ ഇവിടെ ഉണ്ടെങ്കിലും അവർ മറ്റുമേഖലകളിലാണ് ശ്രദ്ധ തിരി ച്ചിരിക്കുന്നത്. ഗൾഫ് പണം നേടുന്നവർ ധാരാളം ഉണ്ടെങ്കിലും അവരുടെ സമ്പാദ്യം അധികവും കെട്ടി ടനിർമ്മാണ രംഗത്തും ഭൂമിയിലും നിക്ഷേപിക്കുന്ന തായാണ് കാണപ്പെടുന്നത്. ഊഹക്കച്ചവടരംഗ ത്തേക്ക് കൂടതൽ പേർ തിരിയുന്നതും വ്യവസായരം ഗത്തേക്ക് വരുന്നവരേ പോലും ഗതി മാറ്റി വിടുന്നു. അമിതമായി വളർന്നു വരുന്ന ഊഹക്കച്ചവട ദല്ലാള ന്മാർ ഈ രംഗത്ത് പ്രത്യേകം ശ്രദ്ധിക്കപ്പെടേണ്ടകാ ര്യമാണ്. സർക്കാർ ഉദ്യോഗത്തോടുള്ള സമൂഹ ത്തിന്റെ നിലവിലുള്ള താൽപ്പര്യവും, വ്യവസായമേ ഖലിയിലേക്ക് തിരിച്ചുവിടാൻ ഉതകുന്ന തരത്തിലുള്ള വിദ്യാഭ്യാസത്തിന്റെ അഭാവവും ഈ രംഗത്ത് നാം നേരിടുന്ന മുഖ്യ പ്രശ്നങ്ങളാണ് .നിലവിലുള്ള വ്യവ സായങ്ങൾ (പട്ടിക 1

ഈ രംഗത്ത് ഉയർന്നുവന്നില്ല. ഉദാഹരണമായി നാടൻ ചണസഞ്ചികൾ പഞ്ചനാനയപ്പോൾ അതിനെ അതിജീവിക്കാൻ തക്കവണ്ണം ബിഗ്ഷോപ്പറുകൾ മാർക്കറ്റിലിറക്കിയതു പോലെ

സാങ്കേതിക പരിജ്ഞാനക്കുറവും വൈദഗ്ദ്യ ക്കുറവും ആധുനിക വ്യവസായത്തെ പോഷിപ്പിച്ച തുമില്ല.

പരിഹാരങ്ങൾ

പഞ്ചായത്തിനലെ വ്യവസായപുരോഗത്തിക്ക് വേണ്ടിയും നിലവിലുള്ള വ്യവസായങ്ങൾ നേരി ടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ഏതാനും നിർദ്ദേശങ്ങൾ വെക്കുന്നു.

1. പഞ്ചായത്ത് തല വ്യവസായ ഉപദേശക സമിതി രൂപീകരിക്കൽ. (ഭരണസമിതയിലെ ഒരം ഗവും വ്യവസായ കേന്ദ്രത്തിലെ ഒരു പ്രതിനിധിയും ഒരു വ്യവസായിയും ഗ്രാമസേവകരും മഹിളാ സംഘ

നിലവിലുള്ള വ്യവസായങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ	നേരിടുന്ന വ്യവസായങ്ങൾ
1. ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കളുടെ അഭാവം	1. ഇഷ്ടിക കമ്പിനി, ചെരിപ്പ്, യൂനിറ്റ്, കളിമൺ പാത്രനിർമ്മാണം
2. അസംസ്കൃത വസ്തുകൾ ശേഖരിക്കുന്നതിനുള്ള നിയമ തടസ്സം	2. ചൂരൽ വ്യവസായം,കട്ട,മുറം തുടങ്ങിയ പരമ്പ രാഗത വ്യവസായം
3. സ്റ്റോറേജ് സംവിധാനം	3. കൊപ്ര യൂണിറ്റ്,ഇഷ്ടികക്കമ്പിനി
4. ആസുത്രണവൈകല്യം	4. കരകൗശല യൂനിറ്റുൾ,ചെരിപ്പ്,കൊപ്ര,അച്ചാർ, ടൈലറിംഗ് യൂനിറ്റുകൾ
5. വിപണന സൗകര്യക്കുറവ്	5. ഈർച്ച മില്ലുകൾ,ഇഷ്ടികക്കമ്പിനികൾ,പൊടി ക്കുന്ന മില്ലുകൽ,അച്ചടി പ്രസ്സ്.
6. വൈദ്യതിക്കുറവ്	6. ഇഷ്ടിക,ബീഡി
7. അസംസ്കൃത വസ്തുകളുടെ വിലക്കൂടുതൽ	7. ചെരിപ്പ്,കൊപ്ര,കരകൗശലയൂണിറ്റുകൾ
8. മൂലധനക്കുറവ്	

പരമ്പരാഗത വ്യവസായരംഗത്തെ കാലാനു സാരിയായുള്ള മാറ്റം വരുത്താനുള്ള ശേഷിക്കുറവു മൂലം ഉയർന്നു വന്ന ജീവിത ചിലവിനനുസരിച്ച് ലാഭകരമല്ലാതായതും കെട്ടിടനിർമ്മാണം പോലുള്ള രംഗത്തെ കൂടുതൽ കൂലിയിലേക്ക് ആകർഷിക്കപ്പെ ട്ടതും മാറിവരുന്ന ഉപഭോഗസംസ്ക്കാരത്തിനനുസ രിച്ച് ഉൽപ്പന്നരീതിയിൽ പരിഷ്ക്കാരം ഏർപ്പെടു ത്താൻ വേണ്ട വൈദഗ്ദ്ധ്യ കുറവും നമ്മുടെ പഞ്ചാ യത്തിലെ ചെറുകിട പരമ്പരാഗത കുടിൽ വ്യവസാ യരംഗത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. നെല്ലു ല്പാദനത്തിലുള്ള കുറവു മൂലം നമ്മുടെ പഞ്ചായ ത്തിലെ ചില റൈസ്, ഫ്ളോർ മില്ലുകലെങ്കിലും പൂട്ടേണ്ടിവന്നിട്ടുണ്ട്. പ്ലാസ്റ്റിക്ക് യുഗത്തിന്റെ വ്യാപനം പരമ്പരാഗത കുടിൽ വ്യവസായരംഗങ്ങളെ കാര്യ മായി ബാധിച്ചു. ഇതിനെ അതിജീവിക്കാനുള്ള ശേഷി

ടനാ പ്രതിനിധിയും ഉൾപ്പെട്ടിരിക്കണം)

2. വ്യവസായ സെമിനാറുകളും പ്രദർശന ങ്ങളും സംഘടിപ്പിക്കൽ

3. സംരഭകത്വ പരിശീലനവും പ്രചോദനവും നല്കൽ

4. മിനിവ്യവസായ എസ്റ്റേറ്റ്സ്ഥാപിക്കൽ

5. ദേശസാൽകൃത ബാങ്കുകളുടെ ശാഖകൾ തുറക്കാൻ വേണ്ട നടപടികൾ സ്വികരിക്കൽ

6. വ്യവസായ സംരഭകരെ ആകർഷിക്കാനു ഗകുന്ന തരത്തിലുള്ള വ്യവസായനയം ആവിഷ്ക രിക്കുക. (വ്യവസായ വല്കരണം)

7. ലൈസൻസിങ്ങിന് വേണ്ട ലളിത വല്ക്ക രണം

ക്കാൻ ശ്രമിച്ചിട്ടില്ല എന്നുള്ളതും ഇവിടത്തെ വ്യവ സായത്തകർച്ചയെ ബാധിക്കുന്നു. വ്യവസായരം ഗത്ത് മുതൽ മുടക്കാൻ ശേഷിയുള്ളവർ ഇവിടെ ഉണ്ടെങ്കിലും അവർ മറ്റുമേഖലകളിലാണ് ശ്രദ്ധ തിരി ച്ചിരിക്കുന്നത്. ഗൾഫ് പണം നേടുന്നവർ ധാരാളം ഉണ്ടെങ്കിലും അവരുടെ സമ്പാദ്യം അധികവും കെട്ടി ടനിർമ്മാണ രംഗത്തും ഭൂമിയിലും നിക്ഷേപിക്കുന്ന തായാണ് കാണപ്പെടുന്നത്. ഊഹക്കച്ചവടരംഗ ത്തേക്ക് കൂടതൽ പേർ തിരിയുന്നതും വ്യവസായരം ഗത്തേക്ക് വരുന്നവരേ പോലും ഗതി മാറ്റി വിടുന്നു. അമിതമായി വളർന്നു വരുന്ന ഊഹക്കച്ചവട ദല്ലാള ന്മാർ ഈ രംഗത്ത് പ്രത്യേകം ശ്രദ്ധിക്കപ്പെടേണ്ടകാ ര്യമാണ്. സർക്കാർ ഉദ്യോഗത്തോടുള്ള സമൂഹ ത്തിന്റെ നിലവിലുള്ള താൽപ്പര്യവും, വ്യവസായമേ ഖലിയിലേക്ക് തിരിച്ചുവിടാൻ ഉതകുന്ന തരത്തിലുള്ള വിദ്യാഭ്യാസത്തിന്റെ അഭാവവും ഈ രംഗത്ത് നാം നേരിടുന്ന മുഖ്യ പ്രശ്നങ്ങളാണ്. നിലവിലുള്ള വ്യവ സായങ്ങൾ (പട്ടിക 1)

ഈ രംഗത്ത് ഉയർന്നുവന്നില്ല. ഉദാഹരണമായി നാടൻ ചണസഞ്ചികൾ പഞ്ചനാനയപ്പോൾ അതിനെ അതിജീവിക്കാൻ തക്കവണ്ണം ബിഗ്ഷോപ്പറുകൾ മാർക്കറ്റിലിറക്കിയതു പോലെ

സാങ്കേതിക പരിജ്ഞാനക്കുറവും വൈദഗ്ദ്യ ക്കുറവും ആധുനിക വ്യവസായത്തെ പോഷിപ്പിച്ച തുമില്ല.

പരിഹാരങ്ങൾ

പഞ്ചായത്തിനലെ വ്യവസായപുരോഗത്തിക്ക് വേണ്ടിയും നിലവിലുള്ള വ്യവസായങ്ങൾ നേരി ടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ഏതാനും നിർദ്ദേശങ്ങൾ വെക്കുന്നു.

1. പഞ്ചായത്ത് തല വ്യവസായ ഉപദേശക സമിതി രൂപീകരിക്കൽ. ഭരണസമിതയിലെ ഒരം ഗവും വ്യവസായ കേന്ദ്രത്തിലെ ഒരു പ്രതിനിധിയും ഒരു വ്യവസായിയും ഗ്രാമസേവകരും മഹിളാ സംഘ

നിലവിലുള്ള വ്യവസായങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ	നേരിടുന്ന വ്യവസായങ്ങൾ
1. ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കളുടെ അഭാവം	1. ഇഷ്ടിക കമ്പിനി, ചെരിപ്പ്, യൂനിറ്റ്, കളിമൺ പാത്രനിർമ്മാണം
2. അസംസ്കൃത വസ്തുകൾ ശേഖരിക്കുന്നതിനുള്ള നിയമ തടസ്സം	2. ചൂരൽ വ്യവസായം, കട്ട, മുറം തുടങ്ങിയ പരമ്പ രാഗത വ്യവസായം
3. സ്റ്റോറേജ് സംവിധാനം	3. കൊപ്ര യൂണിറ്റ്, ഇഷ്ടികക്കമ്പിനി
4. ആസൂത്രണവൈകല്യം	4. കരകൗശല യൂനിറ്റുൾ, ചെരിപ്പ്, കൊപ്ര, അച്ചാർ, ടൈലറിംഗ് യൂനിറ്റുകൾ
5. വിപണന സൗകര്യക്കുറവ്	5. ഈർച്ച മില്ലുകൾ, ഇഷ്ടികക്കമ്പിനികൾ, പൊടി ക്കുന്ന മില്ലുകൾ, അച്ചടി പ്രസ്സ്.
6. വൈദ്യുതിക്കുറവ്	6. ഇഷ്ടിക, ബീഡി
7. അസംസ്കൃത വസ്തുകളുടെ വിലക്കൂടുതൽ	7. ചെരിപ്പ്, കൊപ്ര, കരകൗശലയൂണിറ്റുകൾ
8. മൂലധനക്കുറവ്	

പരമ്പരാഗത വ്യവസായരംഗത്തെ കാലാനു സാരിയായുള്ള മാറ്റം വരുത്താനുള്ള ശേഷിക്കുറവു മൂലം ഉയർന്നു വന്ന ജീവിത ചിലവിനനുസരിച്ച് ലാഭകരമല്ലാതായതും കെട്ടിടനിർമ്മാണം പോലുള്ള രംഗത്തെ കൂടുതൽ കൂലിയിലേക്ക് ആകർഷിക്കപ്പെ ട്ടതും മാറിവരുന്ന ഉപഭോഗസംസ്ക്കാരത്തിനനുസ രിച്ച് ഉൽപ്പന്നരീതിയിൽ പരിഷ്ക്കാരം ഏർപ്പെടു ത്താൻ വേണ്ട വൈദഗ്ദ്ധ്യ കുറവും നമ്മുടെ പഞ്ചാ യത്തിലെ ചെറുകിട പരമ്പരാഗത കുടിൽ വ്യവസാ യരംഗത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. നെല്ല് ല്പാദനത്തിലുള്ള കുറവു മൂലം നമ്മുടെ പഞ്ചായ ത്തിലെ ചില റൈസ്, ഫ്ളോർ മില്ലുകലെങ്കിലും പൂട്ടേണ്ടിവന്നിട്ടുണ്ട്. പ്ലാസ്റ്റിക്ക് യുഗത്തിന്റെ വ്യാപനം പരമ്പരാഗത കുടിൽ വ്യവസായരംഗങ്ങളെ കാര്യ മായി ബാധിച്ചു. ഇതിനെ അതിജീവിക്കാനുള്ള ശേഷി

ടനാ പ്രതിനിധിയും ഉൾപ്പെട്ടിരിക്കണം)

2. വ്യവസായ സെമിനാറുകളും പ്രദർശന ങ്ങളും സംഘടിപ്പിക്കൽ

3. സംരഭകത്വ പരിശീലനവും പ്രചോദനവും നല്കൽ

4. മിനിവ്യവസായ എസ്റ്റേറ്റ്സ്ഥാപിക്കൽ

5. ദേശസാൽകൃത ബാങ്കുകളുടെ ശാഖകൾ തുറക്കാൻ വേണ്ട നടപടികൾ സ്വികരിക്കൽ

6. വ്യവസായ സംരഭകരെ ആകർഷിക്കാനു ഗകുന്ന തരത്തിലുള്ള വ്യവസായനയം ആവിഷ്ക രിക്കുക. (വ്യവസായ വല്കരണം)

7. ലൈസൻസിങ്ങിന് വേണ്ട ലളിത വല്ക്ക രണം

8 വൈദ്യുത പ്രശ്ന പരിഹാരത്തിനായി മൈക്രോഹൈഡ്രൽ പ്രോജക്ടുകൾ സ്ഥാപിക്കൽ

9 .സാമ്പത്തിക പ്രതിസന്ധി നേരിടുന്ന വ്യവസായങ്ങൾക്ക് കൂടുതൽ ലളിതമായ വായ്പാ സൗകര്യസാധ്യതകൾ ഏർപ്പെടുത്തുക .

10 പുഴയോരത്ത് മുളവെച്ച് പിടിപ്പിച്ചാൽ കുട്ട, മുറം നെയ്ത്തുകാർക്ക് ഉപകാരപ്പെടും .

ഗ്രാമസഭാ നിർദ്ദേശങ്ങളും സാധ്യതകളും

ജനകീയാസൂത്രണ പദ്ധതിയുടെ ഭാഗമായി നടത്തിയ പ്രാദേശിക സർവ്വെ പ്രകാരം നമ്മുടെ പഞ്ചായത്തിൽ 3597 പേർ തൊഴിൽ രഹിതരായി കാണുന്നു .ഇത് നമുക്കൊരു വിലയബാദ്ധ്യതയാണ് . ഇവരെ തൊഴിൽ രംഗത്തേക്ക് തിരിച്ച് വിടാതെ നമ്മുടെ പഞ്ചായത്തിന്റെ വികസനം പൂർണ്ണമാവില്ലെന്ന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ് . ഇതിനുള്ള ഒരു മാർഗ്ഗം വ്യവസായ വല്കരണം തന്നെയാണ് . (വ്യവസായവല്കരിക്കുക അല്ലെങ്കിൽ മരിക്കുക ഇതാവട്ടെ നമ്മുടെ മുദ്രാവാക്യം)

രൂക്ഷമായി കൊണ്ടിരിക്കുന്ന തൊഴിലില്ലായ്മയുടെ കാഠിന്യം കുറക്കാനുദകുന്നതരത്തിലുള്ള ഏതാനും സാദ്ധ്യതകൾ താഴെ പറയുന്ന രംഗങ്ങളിലുണ്ട് .

1. റബ്ബർ-തടി അധിഷ്ഠിത വ്യവസായം
2. .ഗുണമേന്മയുള്ള നാടൻ അരിപ്പൊടി നിർമ്മാണ വിപണന യൂണിറ്റ് .
3. അവിൽ നിർമ്മാണം
4. ബ്രാന്റടിസ്ഥാനത്തിൽ നല്ലയിനം കുത്തരി നിർമ്മാണം
5. വെളിച്ചെണ്ണ ബോട്ടിലിങ്ങ് യൂണിറ്റ്
6. തേങ്ങാ പൗഡർ, ക്രീം നിർമ്മാണം
7. തേങ്ങാ വെള്ള സംസ്ക്കരണം
8. ചിരട്ടക്കരി നിർമ്മാണം
9. വാഴക്കപ്പൊരി നിർമ്മാണം
10. കപ്പപ്പൊരി നിർമ്മാണം, ഉരുളകിഴങ്ങ്പ്പൊരി നിർമ്മാണം, ചേനപ്പൊരി നിർമ്മാണം, വാഴക്കപ്പൊരി
11. .പഴം ജാമുകൾ, സ്ക്വാഷ് (പൈനാപിൾ, മാങ്ങ, പപ്പായ, ചക്ക), തേൻ സംസ്ക്കരണം
12. ഹാർഡ് ബോർഡ് നിർമ്മാണം (വൈക്കോൽ-റബ്ബർ)
13. ആധുനികരീതിയിൽ ആയുർവേദ മരുന്ന് നിർമ്മാണം .
14. .അലങ്കാരപണിക്കുള്ള മരത്തടി ഉൽപന്നങ്ങൾ
15. .സ്യൂട്ട് കെയിസ്, ബാഗ് നിർമ്മാണം (സ്ക്കൂൾ ബാഗ്-വാനിറ്റിബാഗ്)
16. സോപ്പ് നിർമ്മാണം , മെഴുകുതിരി ചന്ദനത്തിരി
17. സിമന്റ് ഹോളോബ്ലോക്ക് നിർമ്മാണം
18. സിമന്റ് ജനൽ വാതിൽ കട്ടള നിർമ്മാണം
19. .ഇലക്ട്രാണിക്ക്ചോക്ക്-എമർജൻസി ലാബ്
20. കൊപ്ര സംസ്ക്കരണ യൂണിറ്റ്
21. കാലിത്തീറ്റ നിർമ്മാണം
22. .പരമ്പരാഗത പായനെയ്ത്ത് ആധുനിക വത്കരിക്കൽ
23. കയർ നിർമ്മാണം
24. അടക്കാ-പാക്ക് നിർമ്മാണയൂണിറ്റ്
25. .കാർഷിക പണിയായുധ നിർമ്മാണം (റബ്ബർ, മറ്റുകൃഷി)
26. കറി പൗഡർ, അച്ചാർ നിർമ്മാണം
27. റെഡിമെയ്ഡ് വ്യവസായം
28. പഠനസഹായ സാമഗ്രികളുടെ നിർമ്മാണം
29. പേപ്പർ ബാഗ് നിർമ്മാണം, നോട്ട്ബുക്ക് നിർമ്മാണം
30. ക്ഷീരോൽപന്ന നിർമ്മാണ വ്യാപനം
31. യന്ത്രവൽകൃത ചെങ്കല്ല് പെട്ടി
32. കപ്പ-സ്റ്റാർച്ച് നിർമ്മാണം
33. മേച്ചിൽ ഓട് നിർമ്മാണം
34. കുടിൽ വ്യവസായ വിപണന ശാലകൾ
35. പലിശ രഹിത ഫണ്ട് ലഭ്യമാക്കൽ

ടൂറിസം

കരുളായി പഞ്ചായത്തിൽ നെടുങ്കയം ടൂറിസ്റ്റ് കേന്ദ്രത്തിൽ നിന്ന് സൈലന്റ് വീലിയിലേക്ക് നമ്മുടെ പഞ്ചായത്തിലെ പാട്ടക്കരിമ്പ്, തൊളപ്പൻ കൈകോളനി, പൂത്തോട്ടം കടവ് എന്നിവ കൂട്ടിയിണക്കികൊണ്ട് ഒരു റോഡ് നിർമ്മിക്കുകയാണെങ്കിൽ (ഇതുവഴി ബ്രിട്ടീഷ് ഭരണകാലത്ത് അവർ സഞ്ചരിച്ചിരുന്ന വഴിയുടെ അവശിഷ്ടം ഇപ്പോഴുമുണ്ട്).നമ്മുടെ പഞ്ചായത്തിന് ടൂറിസം വികസനരംഗത്ത് വൻ കുതിച്ചു ചാട്ടത്തിനും അതു വഴി പഞ്ചായത്തിന് വൻ വരുമാനത്തിനും സാധ്യതയുമുണ്ട്)

പശ്ചിമഘട്ട മലനിരകളിലെ വടക്കേക്കോട്ട മൂലയും കോഴിപ്രമലയും തമ്മിൽ ബന്ധിപ്പിച്ച് ഒരു അണക്കെട്ട് നിർമ്മിച്ചാൽ അത് ടൂറിസത്തിനും ജല സേചനത്തിനും അതോടൊപ്പം വൈദ്യുതി പ്രതിസന്ധി പരിഹരിക്കന്നതിനും സാധിക്കും .

നിത്യഹരിത വനങ്ങളും പുൽമേടുകളും അരുവികളും വെള്ളച്ചാട്ടങ്ങളും അപൂർവ്വ പക്ഷിമൃഗാദികളും വൻമരങ്ങളും ഉയർന്ന മലകളും അടങ്ങിയ ഈ പ്രദേശം കണ്ണിനും മനസിനും കുളിർമ്മയേകുന്നു .കൂടാതെ നാക്കേക്കല്ല് (കുത്തനെയുള്ള പാറയുടെ) ദൂരെ നിന്നുള്ള വീക്ഷണവും മനോഹരമാണ് .പോക്കുവെയിലിൽ ഈ പ്രദേശം ചെമ്പിന്റെ നിറമായി മാറുന്നു .പിന്നെ പൂർവ്വകാല ലിപികളുടങ്ങിയ എഴുത്ത്കല്ല് പുരാവസ്തുഗവേഷകർക്കിനും പിടികിട്ടാതെ നിൽകുന്നു .സായ്വിള കോളനിയിൽ ഇന്നും അളകളിൽ താമസിക്കുന്ന ആളുകളുണ്ട് .

5.4

വിദ്യാഭ്യാസം

നമ്മുടെ പഞ്ചായത്തിന്റെ വിദ്യാഭ്യാസ ചരിത്രത്തിൽ അനൗപചാരിക വിദ്യാഭ്യാസത്തിൽ ഔപചാരിക വിദ്യാഭ്യാസത്തോടൊപ്പമോ അധിലധികമോ ഉയർന്നൊരു സ്ഥാനം ഉണ്ടെന്നു കാണാം. സ്വാതന്ത്ര്യ പ്രസ്ഥാനത്തിന്റെ വിവിധ ശാഖകൾ ജനങ്ങളുടെ വിദ്യാഭ്യാസത്തെ പ്രോൽസാഹിപ്പിക്കാൻ ഉതകുന്നവയായിരിക്കും. രാഷ്ട്രീയവും, സാംസ്കാരികവും, മതപരവുമായ ആശയങ്ങൾ ജനങ്ങളെ ഒന്നിപ്പിക്കാൻ സഹായിച്ചു. അയിത്തത്തിനും, അടിമത്വത്തിനും, അടിയാ‍യ്മക്കും, കുടിയിറക്കിനുമെതിരായി ആയിരക്കണക്കിന് ആളുകൾ രംഗത്തു വന്നു. കോൺഗ്രസ് പ്രസ്ഥാനവും, സോഷ്യലിസ്റ്റ് – കമ്മ്യൂണിസ്റ്റ് പ്രസ്ഥാനങ്ങളും കർഷക തൊഴിലാളി പ്രസ്ഥാനങ്ങളും ജനവിദ്യാഭ്യാസത്തിന്ന് പറ്റിയ പുതിയ രീതികൾ സ്വീകരിച്ചു. പൊതുയോഗങ്ങൾ നടത്തുക, പത്രങ്ങൾ വായിക്കുക, വായനശാലകൾ സ്ഥാപിക്കുക, ബഹുജന പ്രസ്ഥാനങ്ങൾ സംഘടിപ്പിക്കാൻ ആവശ്യമായ ആശയ പ്രചരണവും, അന്തരീക്ഷവും സൃഷ്ടിക്കുക ഇവയെല്ലാം അനൗപചാരിക വിദ്യാഭ്യാസത്തെയും വളർത്താൻ അതിന്റെതായ പങ്ക് നിർവ്വഹിച്ചിട്ടുണ്ട്. ജീവിതത്തിലെ എല്ലാ താളക്കേടുകളെയും, പ്രതിസന്ധികളെയും ധൈര്യപൂർവ്വം അഭിമുഖീകരിക്കാനും, മനുഷ്യനെ കണ്ടെത്താനും, മനുഷ്യത്വത്തെ ആദരിക്കുവാനുമുള്ള ശീലം വളർത്തിയെടുക്കുവാനും നമ്മെ സഹായിക്കുന്നത് ഔപചാരിക അനൗപചാരിക രംഗത്ത് നടന്നപ്രവർത്തനങ്ങളാണെന്ന് പറയാതെ വയ്യ. അന്വേഷണത്തിന്റെയും പഠനത്തിന്റെയും, കലാസ്വാദനത്തിന്റെയും, അനന്തമായ വിശുദ്ധ താളത്തിലൂടെ സഹനത്തിന്റെയും, സഹിഷ്ണുതയുടെയും ബാലപാഠങ്ങൾ ഉറപ്പിക്കാൻ കഴിഞ്ഞതും, നിലനിർത്താൻ കഴിയേണ്ടതും വിദ്യാഭ്യാസത്തിലൂടെയാണ്. പാഠ്യക്രമങ്ങളും പാഠ്യേതര പ്രവർത്തനങ്ങളും സമന്വയിപ്പിച്ചുകൊണ്ട് വിദ്യാർത്ഥികളെ സമൂഹത്തിനും രാഷ്ട്രത്തിനും വേണ്ടി ഒരുക്കുക എന്ന മഹത്തായ ലക്ഷ്യം കൈവരിക്കേണ്ട മേഖലയാണിത്.

ഇന്ന് വിദ്യാഭ്യാസ കാര്യത്തിൽ ഏറെ ശ്രദ്ധ ചെലുത്തുന്നവരാണ് രക്ഷിതാക്കളിൽ അധികവും. കുട്ടികൾക്ക് മെച്ചപ്പെട്ട രീതിയിലുള്ള വിദ്യാഭ്യാസം ലഭിക്കണമെന്നാണ് എല്ലാ രക്ഷിതാക്കളും ആഗ്രഹിക്കുന്നത്. രക്ഷിതാക്കളുടെ ഈ ആഗ്രഹമനുസരിച്ച് നമ്മുടെ പൊതു വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നിലവാരം ഉയർത്തിക്കൊണ്ടു വരാൻ കഴിയണം. രക്ഷിതാക്കളുടെ മനസ്സറിയാൻ അധ്യാപകർക്ക് കഴിയേണ്ടതുണ്ട്. അതനുസരിച്ച് അധ്യാപകരക്ഷാകർത്തൃ വിദ്യാർത്ഥി ബന്ധം ശക്തിപ്പെടണം. എന്തെല്ലാം പ്രതികൂല സാഹചര്യങ്ങളുണ്ടായാലും വിദ്യാഭ്യാസ നിലവാരം ഉയർത്താൻ അധ്യാപകരുടെ കർമ്മശേഷിപൂർണ്ണമായും വിദ്യാലയ വർഷത്തിന്റെ തുടക്കത്തിൽത്തന്നെ ഉയർന്നുവരണം. അതിനാവശ്യമായ ആത്മവിശ്വാസം നൽകാൻ കഴിയുന്ന പ്രശ്ന പരിശോധനക്കും പരിഹാര പരിപാടികൾ കണ്ടെത്തുന്നതിന്നുമാണ് ശ്രമിക്കുന്നത്.

അല്പം ചരിത്രം

ഏറനാട്ടിലെ നിലമ്പൂരിന്റെ മണ്ണിൽ ആദ്യമായി സ്ഥാപിക്കപ്പെട്ട മൂന്ന് ഔപചാരിക വിദ്യാലയങ്ങളിലൊന്നാണ് ഇന്നത്തെ അമരമ്പലം ഗവൺമെന്റ് എൽ. പി. സ്ക്കൂൾ. മലബാർ കാർഷിക കലാപം നടന്ന 1921 ലാണ് ഏറനാട്ടിലെ കിഴക്കൻ മലയോരത്തെ അമരമ്പലം പഞ്ചായത്തിൽ ഉള്ളാട് ഗ്രാമത്തിൽ ഒരു വിദ്യാലയം സ്ഥാപിച്ചത്. 'ബോഡ് ഓഫ് ബോയ്സ് സ്ക്കൂൾ അമരമ്പലം' എന്നായിരുന്നു ഈ വിദ്യാലയത്തിന്റെ പേരെങ്കിലും കളരിക്കൽ മാധവി പൊറ്റക്കാട്ട് പാർവ്വതി, പറയേറ്റ നാരായണി, പറയേറ്റ ദേവകി, പൊറ്റക്കാട്ട് കല്ല്യാണി, പൂളക്കൽ ഉണ്ണൂലി എന്നീ ആറ് പെൺകുട്ടികളെക്കൂടി ചേർത്തുകൊണ്ടാണ് ഈ വിദ്യാലയം ആരംഭിച്ചത്. 1921 ൽ 22 കുട്ടികളെയാണ് ഈ വിദ്യാലയത്തിൽ ചേർത്തിരുന്നത്. പുളിക്കൻ മാധവൻ, പൊറ്റക്കാട്ട് ഗോവിന്ദൻ, കളരിക്കൽ ശങ്കരൻ എന്നിവരായിരുന്നു യഥാക്രമം ഈ സ്ക്കൂളിലെ ഒന്നും രണ്ടും മൂന്നും നമ്പറായി പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾ. 75 വർഷങ്ങളായി ഈ വിദ്യാലയത്തിൽ നിന്ന് പുറത്തെറിയപ്പെട്ട് കൊണ്ടിരിക്കുന്ന വിത്തുകളിൽ പലതും വളർന്നു വലുതായി, ഈ ഭൂമിക്ക് തണൽ ഏകികൊണ്ട് സമൂഹത്തിന്റെ വിവിധ മണ്ഡലങ്ങളിൽ വ്യക്തിമുദ്ര പതിപ്പിക്കുന്നവരായി തീർന്നിട്ടുണ്ട്.

1939 ൽ വി. രൈരു നായനാർ ആണ് ഇന്നത്തെ ചേലോട് S.A.U.P സ്ക്കൂൾ സ്ഥാപിച്ചത്. ദേവധാർ മലബാർ റൂറൽ ട്രസ്റ്റിന്റെ (DMRP) കീഴിൽ ഒരു ഏകാധ്യാപിക സ്ക്കൂളായാണ് പ്രവർത്തനം ആരംഭിച്ചത്. ഹരിജനോദ്ധാരണം പ്രവർത്തനത്തിന്റെ ഭാഗമായി പ്രസ്തുത സ്ഥലത്തുണ്ടായിരുന്ന ഹരിജൻ ഹോസ്റ്റലിനോടും അനാഥ മന്ദിരത്തിനോടും അനുബന്ധമായ ഒരു

സ്ഥാപനം എന്ന നിലക്കായിരുന്നു ഈ സ്ക്കൂളിന്റെ തുടക്കം ഈ സ്ക്കൂൾ പിന്നീട് പഞ്ചായത്തിലെ ആദ്യത്തെ എലിമെന്ററി സ്ക്കൂളായി വളരുകയുണ്ടായി. (1948-ൽ) ഈ സ്ക്കൂളിൽ ആദ്യത്തെ ഹെഡ്മാസ്റ്ററായി സേവനം അനുഷ്ഠിച്ചിരുന്നത് ഭരത്പ്പിഷാരടിയായിരുന്നു. പിൽക്കാലത്ത് ഈ വിദ്യാലയം സെർവൻസ് ഓഫ് ഇന്ത്യ സൊസൈറ്റിക്ക് കൈമാറി. സൊസൈറ്റിയുടെ അന്നത്തെ പ്രസിഡന്റായിരുന്ന ശ്രീനിവാസ ശാസ്ത്രിയുടെ സ്മരണക്കയാണ് ശാസ്ത്രിയാർ എ.യു.പി. സ്ക്കൂൾ എന്ന പേര് സ്വീകരിക്കപ്പെട്ടത.

1929-ൽ മലബാർ ഡിസ്ട്രിക്ട് ബോർഡിന്റെ കാലത്ത് സ്ഥാപിക്കപ്പെട്ടതാണ് ഇപ്പോഴത്തെ പറമ്പ ഗവൺമെന്റ് യു.പി. സ്ക്കൂൾ. പിന്നീട് പ്രകൃതിക്ഷോഭത്താൽ സ്ക്കൂൾ കെട്ടിടം നിലം പൊത്തുകയും ഉദാരമനസ്ക്കനായ ശ്രീ കണ്ടുണ്ണിനായർ പറമ്പയിൽ സ്വന്തമായി കെട്ടിടമുണ്ടാക്കി സ്ക്കൂൾ നടത്താൻ കൊടുക്കുകയുണ്ടായി. ആദ്യം ഒരു എൽ. പി.സ്ക്കൂളായാണ് പ്രവർത്തനം തുടങ്ങിയത്. പ്രസ്തുത സ്ഥലവും കെട്ടിടവും കൈമാറ്റം ചെയ്യപ്പെട്ടതിനാൽ സ്ക്കൂൾ അതെ സ്ഥലത്തുതന്നെ വാടക നല്കിയാണ് പ്രവർത്തിക്കുന്നത്. പിന്നീട് ശ്രീ കെ. ആർ രാമനുണ്ണി കുറുപ്പ് സംഭാവനയായി നല്കിയ ഒന്നര ഏക്കറ സ്ഥലത്ത് മൂന്ന് ക്ലാസുകൾ നടത്താൻ കഴിയുന്ന ഒരു കെട്ടിടം നാട്ടുകാർ നിർമ്മിച്ചിട്ടുണ്ട്.

നമ്മുടെ പഞ്ചായത്തിലെ മലയോര പ്രദേശത്തെ ജനങ്ങൾ പ്രാഥമിക വിദ്യാഭ്യാസം പോലും നടത്തുവാൻ കഴിയാതിരുന്ന സാഹചര്യത്തിൽ 1957 ലാണ് ഇന്നത്തെ കവളമൂക്കട്ട ജി. എൽ. പി. സ്ക്കൂൾ ആരംഭിച്ചത്. ഇതിനായി ഒരു ജനകീയ കമ്മറ്റി രൂപീകരിച്ച് ശ്രീ വി.എം.സി. നാരായണൻ ഭട്ടതിരുപ്പാടിനോട് ഒരേക്കറ സ്ഥലം സംഭാവനയായി വാങ്ങി അതിലൊരു ഷെഡ്ഡ് കെട്ടി ഒരു അധ്യാപകനെവെച്ച് അഞ്ച് വർഷം ശമ്പളം കൊടുത്തുകൊണ്ടാണ് സ്കൂൾ പ്രവർത്തനം തുടങ്ങിയത്. 1962ൽ ഇതിന് അംഗീകാരം ലഭിച്ചു.

ഹൈസ്ക്കൂൾ പഠന സൗകര്യം ഇല്ലാതിരുന്ന കാലത്തെ പഞ്ചായത്തിൽ ഒരു ഹോസ്റ്റൽ സ്ഥാപിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് അന്നത്തെ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ പി.എം. അബ്ദുഹാം 1974ൽ ഗവൺമെന്റിന് നിവേദനം കൊടുത്തതിന്റെ അടിസ്ഥാനത്തിലാണ് സ്ക്കൂൾ അനുവധിക്കപ്പെട്ടത്. മൂന്ന് ഏക്കർ സ്ഥലം ശ്രീമതി ചക്കനാത്ത് മീനാക്ഷിയമ്മ സംഭാവനയായി നല്കി. ഗവൺമെന്റിന് നൽകേണ്ടിയിരുന്ന 25000 രൂപ അന്ന് ഉദാരമതികളായ പൊതുജനങ്ങളിൽനിന്നും ശേഖരിക്കാൻ സാധിച്ചു. സ്ക്കൂൾ പ്രവർത്തനം ആരംഭിച്ചത് മാമ്പറ്റയിൽ ഒരു മദ്രസയിലായിരുന്നു. പിന്നീട് പായമ്പാടം ഗവൺമെന്റ് എൽ. പി. എസിലേക്കും 1982 ൽ

പട്ടിക 2 സ്ക്കൂളിന്റെ പൊതു വിവരങ്ങൾ

ക്രമനമ്പർ	1 സ്ക്കൂളിന്റെ പേര്	സ്ക്കൂളിന്റെ ഉടമസ്ഥത			കുട്ടികളുടെ എണ്ണം			അധ്യാപകരുടെ എണ്ണം		
		സർക്കാർ	എയ്ഡഡ്	ആൺ	പെൺ	ആകെ	ആകെ അനുവദിച്ച പോസ്റ്റ്	നിലവിലുള്ളവരുടെ എണ്ണം	ഒഴിവുകളുടെ എണ്ണം	ദീർഘ കാല ലീവ് നിലവിലുള്ളവർ
1	2	3	4	5	6	7	8	9	10	11
1	ജി എൽ പി എസ് പായമ്പാടം			59	56	115	5	4	1	–
2	ജി യു പി എസ് അമരമ്പലം സൗത്ത്			195	161	356	10	9	1	–
3	എൻ.എ.എ.എം.എ.എൽ.പി.എസ് തേൾപ്പാറ			210	199	409	12	11	1	1
4	GLPS കവളമൂക്കട്ട			121	152	173	9	9		
5	AUPS പൂക്കോട്ടുപാടം			549	575	1124	34	33	1	1
6	SAUPS ചേലോട്			905	841	1746	41	41		
7	GUPS പറമ്പ			680	693	1373	30	30		
8	GLPS അമരമ്പലം			104	119	223	77			
9	AKMLPS കൂറ്റമ്പാറ			256	254	510	13	13		
10	GHS പൂക്കോട്ടുപാടം			862	898	1760	58	57		

ഇപ്പോഴുള്ള സ്വന്തം കെട്ടിടത്തിലേക്കും മാറ്റി.

ഔപചാരിക വിദ്യാഭ്യാസം ഇന്ന്

പഞ്ചായത്തിൽ ഒമ്പത് പ്രൈമറി സ്ക്കൂളുകളും ഒരു ഹൈസ്ക്കൂളും ആണ് ഉള്ളത്. എൽ.പി സ്ക്കൂളുഉകളുടെ എണ്ണം അഞ്ചും യു.പി. സ്ക്കൂളുകൾ നാലുമാണ്. കവളമുക്കട്ടയിൽ എൽ.പി. സ്ക്കൂളുനിനോട് ചേർന്ന് ഒരു പ്രീ പ്രൈമറി സ്ക്കൂളും പ്രവർത്തിക്കുന്നു. യു.പി. സ്ക്കൂളുകളിൽ രണ്ടെണ്ണം എയ്ഡഡ് മേഖലയിലാണ്. എല്ലാ യു.പി. സ്ക്കൂളുകളിലും 1 മുതൽ 7 വരെയുള്ള ക്ലാസുകൾ നടക്കുന്നുണ്ട്. ഹൈസ്ക്കൂളിൽ 8 മുതൽ 10വരെയും. പഞ്ചായത്തിൽ ആകെ 6849 വിദ്യാർത്ഥികളുണ്ട്. (ആൺ 3941 പെൺ 3908) ഇവരിൽ 1760 പേർ ഹൈസ്ക്കൂളിലാണ്. 1143 പേർ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്നു. 549 പേർ തോറ്റ് പഠിക്കുന്നവർ ഉണ്ട്. ഇതിൽ 107 പേർ പട്ടികജാതി പട്ടികവർഗ്ഗക്കാരാണ്. ഈ വർഷത്തെ മൊത്തം 106 കൊഴിഞ്ഞ് പോക്കിൽ 28 പേർ SC/ST വിഭാഗക്കാരാണ്. കൊഴിഞ്ഞ് പോക്കിന്റെ ശതമാനം 1.53 ആണ്. SC/ST വിഭാഗത്തിൽ ഇത് 2.29 ആണ്.

പൈമറിയിൽ 5089 കുട്ടികൾക്ക് 157 അധ്യാപകരാണുള്ളത്. ഹൈസ്ക്കൂളിലാവട്ടെ 57 അധ്യാപകരുണ്ട്. പഞ്ചായത്തിൽ ആകെ 214 അധ്യാപകർ ജോലി ചെയ്യുന്നു. പ്രൈമറി വിഭാഗത്തിൽ 4ഉം ഹൈസ്ക്കൂളിൽ 1ഉം മൊത്തം 5 തസ്തികകൾ ഒഴിവുണ്ട്. 2 പേർ ദീർഘകാല അവധിയിലാണ്.

ഭൗതീക സൗകര്യങ്ങൾ

പ്രധാന പ്രശ്നം ക്ലാസ് മുറികളുടെ പോരായ്മയാണ്. സർക്കാർ നിയമ പ്രകാരം 360 കുട്ടികൾക്ക് മാത്രം പഠിക്കാൻ മുറികളുള്ള പറമ്പ യു.പി. സക്കൂളിൽ 1373 കുട്ടികളുണ്ട്. പകുതിയിലധികം ക്ലാസുകൾ നടക്കുന്നത് വാടക കെട്ടിടത്തിലുമാണ്. 11 മുറികൾ പുതുതായി നിർമ്മിക്കാൻ DPEP ൽ അനുവദിച്ചിട്ടുണ്ട്.

മുഴുവൻ ക്ലാസുകളും വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്ക്കൂളാണ് ജി.എൽ. പി. എസ് അമരമ്പലം. 75-ാം വാർഷികം ആഘോഷിക്കുന്ന ഈ സ്ക്കൂളിൽ ഭൗതിക സൗകര്യങ്ങൾ ശോചനീയ നിലയിലാണ്. എയ്ഡഡ് മേഖലയിൽ തേൾപാറ എൻ. എ. എ. എം. എൽ. പി. എസിന് ഒഴികെ മറ്റുള്ള സ്ക്കൂളുകളിലും ക്ലാസ്മുറികളുടെ അവസ്ഥ പരിതാപകരമാണ്. ഹൈസ്ക്കൂളിലാകട്ടെ ഉള്ള മുറികൾ കുറ്റമറ്റവയാണെങ്കിലും കൂടുതൽ മുറികൾ ഉണ്ടായെങ്കിൽ മാത്രമെ ഷിഫ്റ്റ് സമ്പ്രദായം ഒഴിവാക്കാൻ സാധിക്കുകയുള്ളു.

രക്ഷാകർത്തൃസമിതിയുടെ സഹായത്തോടെ ഹൈസ്കൂളിൽ 3 ക്ലാസുകൾ നടത്താവുന്ന ഒരു ഹാൾ നിർമ്മിക്കാൻ കഴിഞ്ഞതും, പറമ്പ ഗവ: യു.പി. സ്കൂളും രക്ഷാകർതൃസമിതിയുടെ വകയായി ഒരു സ്റ്റേജ് കം ക്ലാസ് മുറി നിർമ്മിക്കാൻ കഴിഞ്ഞതും, 1987-90 കാലഘട്ടത്തിൽ അമരമ്പല ഗവ: സ്കൂൾ യു.പിയാക്കുവാൻ 2 ക്ലാസ് മുറികൾ PTA നിർമ്മിച്ചതും ഇത്തരുണത്തിൽ എടുത്തു പറയേണ്ടതുണ്ട്. കക്കൂസ്, മൂത്രപുര എന്നീ അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യതയുടെ കാര്യത്തിലും പല സ്കൂളും ബുദ്ധിമുട്ട് അനുഭവിക്കുന്നു. ഇനിയും മൂത്രപുരകൾ ആവശ്യമുള്ളവയാണ്, 6 സ്ക്കൂളുകൾ. കൂറ്റമ്പാറ എൽ. പി. സ്കൂളിലെയും പൂക്കോട്ടുപാടം ഹൈസ്കൂളിലെയും കക്കൂസുകൾ ഉപയോഗശൂന്യമാണ്.

കുടിവെള്ളത്തിനുള്ള സൗകര്യം പരിമിതിയെങ്കിലും എല്ലാ സ്കൂളുകളിലുമുണ്ട്. ഫർണീച്ചറുകൾ വേണ്ടത്ര ഇല്ലാത്തവയാണ് 8 സ്കൂളുകൾ. പഠനോപകരണങ്ങൾ സൂക്ഷിച്ചുവെക്കാനുള്ള ഫർണീച്ചർ സൗകര്യം ചില പ്രൈമറി സ്കൂളുകളിലില്ല. അമരമ്പലം ജി. എൽ. പി. സ്കൂളിനും, പറമ്പ യു. പി. സ്കൂളിനും സ്വന്തമായ കളിസ്ഥലമില്ല. പൂക്കോട്ടുപാടം ഹൈസ്ക്കൂളിനൊഴികെ, മറ്റുള്ളവയ്ക്കൊന്നുംതന്നെ ചുറ്റുമതിലില്ല. സ്കൂളുകളിൽ അറ്റകുറ്റപണികൾ യഥാസമയം നടക്കുന്നില്ല. ഗ്രൗണ്ടുള്ള സ്കൂളുകളിൽ തന്നെ അവ ഉപയോഗപ്പെടുത്തത്തക്ക രീതിയല്ല ഉള്ളത്.

പി.ടി.എ- ഒരവലോകനം

അധ്യാപക - രക്ഷാകർതൃ സമിതിയുടെ പ്രവർത്തനം ഈ പഞ്ചായത്തിലെ വിവിധ സ്കൂളുകളിൽ വേണ്ടത്ര സജീവമാണെന്ന് പറയാൻ കഴിയുകയില്ല. വർഷാരംഭത്തിൽ രക്ഷിതാക്കളുടെ പൊതുയോഗം വിളിച്ചു ചേർക്കുകയും സമിതിക്ക് രൂപം നൽകുകയും ചെയ്യാറുണ്ട്. എന്നാൽ പങ്കാളിത്തം വേണ്ടത്ര ഉണ്ടാക്കാറില്ല. അതുപോലെ മാതൃസമിതികളുടെ രൂപീകരണവും നടത്താറുണ്ട്. വിദ്യാർത്ഥികളുടെ അഡ്മിഷൻ സമയത്ത് പി.ടി.എ ഫണ്ട് എല്ലാ വിദ്യാലയങ്ങളിലും സ്വരൂപിക്കുക പതിവുണ്ട്. ഈ പണ്ട് പ്രധാനമായും ഫർണീച്ചർ റിപ്പയറിംഗ് പോലുള്ള കാര്യങ്ങൾക്കാണ് ഉപയോഗിക്കാറ്. പി.ടി.എ യുടെ സഹകരണത്തോടെ പറമ്പ ഗവ: യു.പി. സ്കൂളിൽ സ്റ്റേജ് കം ക്ലാസ്മുറിയും, ശുദ്ധജല വിതരണ സംവിധാനവും ഉണ്ടാക്കാൻ

സാധിച്ചിട്ടുണ്ട്. അതുപോലെ തന്നെ ഗവ: ഹൈസ്കൂളിൽ മൂന്ന് ഡിവിഷനുകൾ ഓരോ സെഷനിലും നടത്താൻ പര്യാപ്തമായ രീതിയിൽ നല്ലൊരു പി.ടി.എ. ബ്ലോക്ക് നിർമ്മിക്കാനും സാധിച്ചിട്ടുണ്ട്.

പി.ടി.എ കളുടെ പ്രവർത്തനം പൊതുവായി വിലയിരുത്തുമ്പോൾ മനസ്സിലാക്കാൻ കഴിയുന്നത്, ഭൗതിക സൗകര്യങ്ങൾ ഒരുക്കുന്നതിൽ പരിമിതമായി ഇടപെടുന്നതിൽ ഒതുങ്ങി നിൽക്കുന്നു എന്നുള്ളതാണ്. ഇതിലുപരിയായി അക്കാഡമിക് രംഗത്ത് ഇടപെടാൻ പി.ടി.എയ്ക്ക് അവസരം ലഭിക്കുന്നില്ല. പി.ടി.എ. എന്നൊരു സങ്കല്പത്തിലേക്ക് എത്താൻ പോലും മിക്ക സ്കൂളുകളിലും കഴിയുന്നില്ല. അതേ സമയം ചില സ്കൂളുകളിൽ പരീക്ഷകൾക്ക് ശേഷം പ്രോഗ്രസ് കാർഡു വിതരണം ചെയ്യുന്ന അവസരങ്ങളിൽ രക്ഷിതാക്കളെ പ്രത്യേകമായി സ്കൂളുകളിലേക്ക് വിളിച്ച് വരുത്തി ലഭിച്ച മാർക്ക് അറിയാക്കാറുണ്ട്. പി.ടി.എ കൾക്കും മാതൃസമിതികൾക്കും മൂല്യനിർണ്ണയത്തിലും മറ്റ് അക്കാദമിക് പ്രവർത്തനങ്ങളിലും പങ്ക് നൽകേണ്ടിയിരിക്കുന്നു. സ്കൂളുകളിൽ വിദ്യാർത്ഥികൾക്ക് ഡയറി സംവിധാനം ഏർപ്പെടുത്തിയാൽ പഠന നിലവാരത്തെക്കുറിച്ചും പിന്നോക്കാവസ്ഥയെക്കുറിച്ചും അതത് സമയങ്ങളിൽത്തന്നെ രക്ഷിതാക്കളെ അറിയിക്കാൻ കഴിയും. പരിഹാര ബോധനത്തിനും പ്രബലനത്തിനും ഇതുവഴി രക്ഷിതാക്കളുടെ സഹകരണം ഉറപ്പാക്കാൻ കഴിയും. പായമ്പാടം ഗവ: എൽ. പി. സ്കൂളിൽ ഈ സംവിധാനം ഏർപ്പെടുത്തി കഴിഞ്ഞിട്ടുണ്ട്. മാതൃസമിതികളുടെ പ്രവർത്തനം പേരിനു മാത്രമുള്ള ഇന്നത്തെ അവസ്ഥ മാറണം. വിദ്യാഭ്യാസ മേഖ

പട്ടിക 5

അക്കാദമിക് നിലവാരം

കുട്ടികളുടെ പൊതു നിലവാരം മാർക്കടിസ്ഥാനത്തിൽ

ക്രമനമ്പർ	സ്കൂളിന്റെ പേര്	ക്ലാസ്	ആകെ	30% ൽ താഴെ	30–40 മാർക്ക് നേടുന്നവർ	40–50 നേടുന്നവർ	50–60 നേടുന്നവർ	60നു മുകളിൽ
1	G.L.P.S. പായമ്പാടം	3–4	55	11	5	12	18	9
2	G.U.P.S. അമരമ്പലം സൗത്ത്	3–7	268	120	56	39	26	27
3	N.A.A.M.A.L.P.S. തേൾപ്പാറ	1–4	409	83	39	63	46	178
4	G.L.P.S കവളമുക്കട്ട	3–4	106	56	11	21	9	8
5	A.U.P.S പൂക്കോട്ടുംപാടം	3–7	914	545	125	64	90	
6	S.A.U.P.S ചേലോട്	3–7	1447	696	368	219	109	54
7	G.U.P.S. പറമ്പ	3–7	1104	662	167	95	70	120
8	G.L.P.S. അമരമ്പലം	3–4	118	37	15	13	22	29
9	A.K.M.L.P.S. കൂറ്റമ്പാറ	3–4	264	112	46	32	37	37
10	G.H.S പൂക്കോട്ടുംപാടം	8–10	1760	1373	161	114	64	48

ലയായി ബന്ധപ്പെടുന്ന എല്ലാവരും ഇന്ന് ഏറ്റെടുക്കേണ്ട പ്രധാന കടമ ഗുണനിലവാരം മെച്ചപ്പെടുത്തുക എന്നതായിരിക്കണം.

- സയൻസ് പരീക്ഷണങ്ങൾ കുട്ടികൾക്ക് ചെയ്തും, കണ്ടും മനസ്സിലാക്കാൻ അവസരം ലഭിക്കത്തക്ക വിധം ലബോറട്ടറികൾ പ്രവർത്തിക്കുന്നില്ല. പഠനോപകരണങ്ങൾ ഉപയോഗിച്ച് കൊണ്ട് അധ്യാപനം മധുരകരമായ ഒരനുഭൂതിയാക്കാനും പഠനം രസകരമാക്കാനും ബോധപൂർവ്വമയ ശ്രമം ഉണ്ടാകേണ്ടതാണ്.

പൊതുനിലവാരം

മൂന്നാംതരം മുതൽ പത്താംതരം വരെയുള്ള വിദ്യാർത്ഥികളുടെ പഠനനിലവാരം പട്ടിക 5ൽ പ്രതിപാദിച്ചിരിക്കുന്നു. ലഭിച്ച മാർക്കിന്റെ അടിസ്ഥാനത്തിൽ പ്രൈമറിയിൽ 50% വും ഹൈസ്കൂളിൽ 78% വും പിന്നോക്കവസ്ഥയിലാണ്. അതുകൊണ്ട് തന്നെS.S.L.C യുടെ വിജയ ശതമാനവും പുറകിലാണ്. ക്ലാസ് മുറിക്കകത്തെ പഠന ബോധന പ്രവർത്തനങ്ങൾ ഫലപ്രാപ്തി നേടുന്നില്ലെന്ന് ഇത് സൂചിപ്പിക്കുന്നു. പഠന ബോധന രീതിയിൽ മാറ്റം വരുത്താൻ കഴിഞ്ഞില്ലെങ്കിൽ കുട്ടികളിൽ സ്വയം പഠന രീതി വളർത്താനും പഠനത്തിൽ സ്ഥായിയായ താൽപര്യം ഉണർത്താനും കഴിയുകയില്ല. പഠനത്തിൽ പിന്നോക്കവസ്ഥയിലുള്ളവരെ ആ സ്ഥിതിയിൽനിന്നുമുയർത്താൻ പരിഹാര ബോധന രംഗം സജീവമാകുന്നില്ല. പഠന ബോധന പ്രവർത്തനങ്ങൾ ന്യൂനപക്ഷം വരുന്ന മിടുക്കന്മാരെ കേന്ദ്രീകരിച്ചായിതീരുന്നു. കുട്ടികളുടെ അടിസ്ഥാന നൈപുണ്യങ്ങൾ വികസിപ്പിക്കാനുതകുന്ന ബോധന തന്ത്രങ്ങൾ പ്രയോഗിക്കേണ്ടതുണ്ട്. കേരള ശാസ്ത്ര സാഹിത്യ പരിഷത്തിന്റെ നേതൃത്വത്തിൽ 1992-93ൽ നടന്ന 'ഓപ്പറേഷൻ ക്ലാസ് റൂം' പരിപാടിയുടെ ഭാഗമായി പായന്നൂടം G.L.P.S ൽ സമയബന്ധിതമയി പഠനത്തിൽ പിന്നോക്കക്കാരായ വിദ്യാർത്ഥികളെ അക്ഷരജ്ഞാനമുള്ളവരാക്കാൻ നടത്തിയ പ്രവർത്തനം മാതൃകാപരമായിരുന്നു. ഈ പരിപാടിയുടെ ഭാഗമായിതന്നെ ഒന്നു മുതൽ നാല് വരെ ക്ലാസുകളിലെ വിവിധ വിഷയങ്ങളുടെ പാഠനാസൂത്രണത്തിനായി ഷെഡ്യൂളുകൾ തയ്യാറാക്കി അധ്യാപകർക്ക് എത്തിച്ചിരുന്നു. സാക്ഷരതാ പരിപാടിയുടെ ഭാഗമായി നടന്ന 'അമ്മതൻ മണിക്കുട്ടൻ' എന്ന പരിപാടി കുട്ടികളിൽ താൽപര്യം വളർത്താനും അധ്യാപകരിൽ ആത്മവിശ്വാസം ഉണ്ടാക്കാനും ഉതകുന്നതായിരുന്നു. അത്പോലെ തന്നെ പരിഷത്തിന്റെ നേതൃത്വത്തിൽ നടത്തുന്ന 'വിജ്ഞാനോൽസവം' മൂല്യനിർണ്ണയ രംഗത്ത് പുതിയ മാനം കണ്ടെത്താൻ സഹായകരമായിട്ടുണ്ട്.

പാഠ്യേതര പ്രവർത്തനങ്ങൾ

കഴിഞ്ഞ വർഷത്തെ ജില്ലാ-സംസ്ഥാന മേഖലകളിൽ നമ്മുടെ വിദ്യാലയങ്ങളുടെ പങ്ക് വിലയിരുത്തുന്നതാണ് പട്ടിക6

കുട്ടികൾക്ക് ലഭിച്ചിട്ടുള്ള അവാർഡുകൾ സംബന്ധിച്ചുള്ള വിവരം

ക്രമനമ്പർ സമ്മാനങ്ങൾ നേടിയ സ്കൂളിന്റെ പേര് ഇന വിവരം ജില്ലാ തലത്തിൽ സംസ്ഥാന തലത്തിൽ ആൺകുട്ടികൾ പെൺകുട്ടികൾ ആകെ കുട്ടികൾ ആൺകുട്ടികൾ പെൺകുട്ടികൾ ആകെ കുട്ടികൾ

മറ്റുവിദ്യാലയങ്ങൾക്ക് ജില്ലാ-സംസ്ഥാന തല പുരസ്കാരങ്ങൾ ലഭിച്ചിട്ടില്ല

സാമ്പത്തിക ആനുകൂല്യത്തിന്റെ ലഭ്യത

വിവിധ സാമ്പത്തിക ആനുകൂല്യം ലഭിക്കുന്ന വിദ്യാർത്ഥികളുടെ വിവരം പട്ടിക 7 ൽ കൊടുത്തിരിക്കുന്നു.

10

പഞ്ചായത്തിൽ ബീഡിതൊഴിലാളികൾ ധാരാളമുണ്ടെങ്കിലും അവരുടെ മക്കൾക്കാർക്കും തന്നെ ബീഡിതൊഴിലാളി സ്കോളർഷിപ്പ് ലഭിക്കുന്നില്ല.

സ്വകാര്യ സമാന്തര വിദ്യാഭ്യാസ സ്ഥാപനങ്ങൾ

സ്കൂൾ വിദ്യാർത്ഥികൾക്കും പത്താം തരം തോറ്റു പഠിക്കുന്നവർക്കും പത്തിനുശേഷമുള്ള തുടർവിദ്യാഭ്യാസ സൗ കര്യങ്ങൾ നൽകുന്നതുമായ രണ്ട് സ്വകാര്യ സ്ഥാപനങ്ങൾ ഇവിടെ പ്രവർത്തിക്കുന്നുണ്ട്. ഒരു ടൈപ്പ്റൈറ്റിംഗ് സ്ഥാപനവും ഉണ്ട്. മറ്റ് സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഒന്നും തന്നെയില്ല.

അംഗൻവാടികൾ

വിവിധവാർഡുകളിലായി 19 അംഗൻവാടികൾ പ്രവർത്തിക്കുന്നുണ്ട്. ജനസംഖ്യാനുപാ

തികമായി ആയിരത്തിന് ഒന്ന് എന്ന കണക്കിൽ 27 അംഗൻവാടികൾ പ്രവർത്തിക്കേണ്ടതാണ്. അംഗൻവാടികളെ സംബന്ധിച്ച വിശദവിവരങ്ങൾ വനിത, സാമൂഹ്യക്ഷേമം, വിഷയങ്ങളിൽ പ്രതിപാദിക്കുന്നുണ്ട്. മൂന്ന് സ്വകാര്യ ഇംഗ്ലീഷ്മീഡിയം നഴ്സറികളും ഒരു മലായാളം മീഡിയം നഴ്സറിയും പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. 228 കുട്ടികൾ ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ പഠിക്കുന്നുണ്ട്.

സാക്ഷരതാ പ്രവർത്തനം

സാക്ഷരതാ രംഗത്ത് ഒന്നാം ഘട്ടത്തിൽ അഭിമാനാർഹമായ ഒരു ബഹുജനമുന്നേറ്റം ഉണ്ടാക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. സമൂഹത്തിന്റെ പുറമ്പോക്കിലായിപ്പോയ നിരക്ഷരരായ സാധാരണ ജനങ്ങൾക്ക് അക്ഷരത്തിന്റെ ശക്തി നൽകുവാൻ കഴിഞ്ഞെങ്കിലും തുടർപ്രവർത്തനം നടത്താൻ കഴിയാത്തതിന്റെ കുറ്റബോധം നിലനിൽക്കുന്നു. ജനവിദ്യാകേന്ദ്രങ്ങൾ നിർജ്ജീവമാണ്. സാക്ഷരതയിൽ നിന്ന് വികസനത്തിലേക്ക് എന്ന ആശയം ഊട്ടിയുറപ്പിക്കാൻ കഴിഞ്ഞില്ല. പുതിയ വികസനസംസ്കാരം ജനങ്ങളിലെത്തിക്കാൻ സാക്ഷരതാ തുടർപ്രവർത്തനം ശക്തിപ്പെടുത്തിയേതീരു.

വിദ്യാഭ്യാസരംഗത്തെ പ്രശ്നങ്ങൾ

1. വിദ്യാലയങ്ങളിൽ വേണ്ടത്ര ഭൗതിക സൗകര്യങ്ങളില്ല.

2. പ്രൈമറി തലത്തിൽ 50%വും ഹൈസ്കൂളിൽ 78%വും പഠനത്തിൽ പിന്നോക്കക്കാരാണ്.

3. അംഗീകൃതമല്ലാത്ത വിദ്യാലയങ്ങളിലേക്ക് കുട്ടികളെ പറഞ്ഞയക്കാനുള്ള പ്രവണത കൂടുന്നു. തങ്ങൾ ജോലിചെയ്യുന്ന സ്കൂളിൽ വിടാതെ അനംഗീകൃതവിദ്യാലയങ്ങളിലേക്ക് തങ്ങളുടെ കുട്ടികളെ അയക്കുന്ന ചില അധ്യാപകരും ഉണ്ട്.

4. പാരമ്പര്യ ബോധനരീതിയാണ് കൂടുതലും നടക്കുന്നത്.

5. പഠന ബോധന പ്രവർത്തനങ്ങൾ ശിശുകേന്ദ്രീകൃതമാകുന്നില്ല.

6. പുതിയ ബോധന തന്ത്രങ്ങൾ പരിചയപ്പെടാൻ അധ്യാപകർക്കു വേദികൾ ലഭിക്കുന്നില്ല.

7. പി.ടി.എ. കളുടെ പ്രവർത്തനം തുലോം പരിമിതമാണ്

8. അക്കാദമിക് രംഗത്ത് ഇടപെടാൻ രക്ഷിതാക്കളെ പ്രാപ്തരാക്കിയിട്ടില്ല.

9. പല പ്രദേശങ്ങളിലെ കുട്ടികൾക്കും യു.പി സ്കൂളും ഹൈസ്കൂളും നടന്നെത്താവുന്നതിലും ദൂരത്താണ്.

10. വേണ്ടത്ര കെട്ടിട സൗകര്യം ഇല്ലാത്തതിനാൽ പറമ്പ യു.പി സ്കൂളും ഹൈസ്കൂളും ഷിഫ്റ്റ് സമ്പ്രദായത്തിലാണ് പ്രവർത്തിക്കുന്നത്.

11. ഒഴിഞ്ഞുകിടക്കുന്ന 5 അധ്യാപക തസ്തികകളുണ്ട്.

12. പ്രാഥമിക സൗകര്യങ്ങളുടെ അപര്യാപ്തത

13. S.S.L.C യുടെ റിസൽട്ട് മെച്ചപ്പെടുത്താൻ കഴിയുന്നില്ല.

14. ഫീസ് കൊടുക്കുന്നുണ്ടെങ്കിലും ലൈബ്രറി – ലാബ് സൗകര്യങ്ങൾ കുട്ടികൾക്ക് പ്രയോജനപ്പെടുന്നില്ല.

15. പഠനത്തിൽ പിന്നോക്കക്കാർക്ക് പരിഹാരബോധനം വേണ്ട സമയത്ത് നൽകുന്നില്ല.

16. സ്കൂൾ വെൽഫെയർ കമ്മിറ്റികൾ പ്രവർത്തിക്കുന്നില്ല.

17. സ്കൂൾ കോംപ്ലക്സ് ഫലപ്രദമാകുന്നില്ല.

18. സ്കൂൾ റിസോഴ്സ് ഗ്രൂപ്പ് പ്രവർത്തിക്കുന്നില്ല.

19. D.P.E.P. ഗ്രാന്റ് ഉപയോഗിച്ച് പഠനോപകരണങ്ങൾ വേണ്ടത്ര ലഭ്യമാക്കുന്നില്ല.

20. വൈജ്ഞാനിക മേഖലയെ മാത്രമളക്കുന്ന മൂല്യനിർണ്ണയരീതി തുടർന്നു വരുന്നു.

21. സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇല്ല.

മേൽപ്പറഞ്ഞ പല പ്രശ്നങ്ങളും ജനകീയ ഇടപെടൽ വഴി ഒരു പരിധിവരെ പരിഹരിക്കാവുന്നവയാണ്. അക്കാദമിക് തലത്തിലെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനും പരിഹാരം കണ്ടെത്തുന്നതിനുമുള്ള വേദി സ്കൂൾ തലത്തിലും പഞ്ചായത്ത് തലത്തിലും ഉണ്ടാകണം. അധ്യാപക വിദ്യാർത്ഥി രക്ഷകർതൃ ബന്ധം ശക്തിപ്പെടുത്തണം.

പരിഹാരനിർദ്ദേശങ്ങൾ

അധ്യാപകർ ചെയ്യേണ്ടത്

1. ഏതാനും കുട്ടികളെ പഠിപ്പിക്കു എന്നതിനു പകരം എല്ലാകുട്ടികളെയും സ്വയം പഠനത്തിനു പ്രോത്സാഹിപ്പിക്കുന്ന സമീപനം ഉണ്ടാവണം.

2. യഥാസമയം പരിഹാരബോധനം നടത്തണം.

3. അകത്തും പുറത്തുമുള്ള പഠനപ്രവർത്തനങ്ങൾ കുട്ടിയുടെ വൈജ്ഞാനിക വൈകാരിക മനശ്ശാസ്ത്രപരമായ വികാസത്തിന് ഊന്നൽ നൽകുന്നവയായിരിക്കണം (TOTALITY)

4. പഠിച്ചകാര്യങ്ങൾ നിലനിർത്താനുള്ള ശേഷി (SUSTAINABLITY)യും അവ ജീവിതത്തിൽ പകർത്താനുള്ള ശേഷിയും (TRANSFERABITY) യും കുട്ടികളിൽ വളരാനാവശ്യമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യണം.

5. ശിശുകേന്ദ്രീകൃതവും പ്രവർത്തനോൻമുഖവുമായ ബോധന തന്ത്രങ്ങൾ പ്രയോഗിക്കണം.

6. കുട്ടിയുടെ അടിസ്ഥാന നൈപുണ്യങ്ങൾ വികസിപ്പിക്കന്നുതിനു പകരം വിവരങ്ങൾ കുത്തിനിറക്കാൻ ബദ്ധപ്പെടുന്ന ഇന്നത്തെ രീതി ഒഴിവാക്കണം.

7. പാഠപുസ്തകത്തെ മാത്രം കേന്ദ്രീകരിച്ചുള്ള പഠനരീതിയിൽ നിന്ന് പ്രവർത്തനങ്ങൾക്കവസരം നൽകുന്ന രീതി പിൻതുടരണം.

8. ഫലപ്രദമായ മൂല്യനിർണ്ണയ രീതി അവലംബിക്കണം. പഞ്ചായത്തടിസ്ഥാനത്തിൽ ഇതിനുള്ള ചോദ്യക്കടലാസുകൾ രൂപപ്പെടുത്തണം.

9. രക്ഷിതാക്കളേയും പൂർവ്വവിദ്യാർത്ഥികളേയും സഹകരിപ്പിച്ച് പരിഹാരബോധനത്തിന് പരിപാടികൾ ആവിഷ്കരിക്കണം.

10. പഠനം രസകരമാക്കാനുള്ള തന്ത്രങ്ങൾ (മൈമിങ്ങ്, നാടകാവിഷ്കരണം, റോൾപ്ലേ, വായ്ത്താരി, മാപ്പിങ്ങ്, പസിലുകൾ, പ്രോജക്ടുകൾ) ഫലപ്രദമായി ഉപയോഗിക്കണം. ഇതിനായി പഞ്ചായത്തിൽ അധ്യാപകപരിശീലന പരിപാടി ആരംഭിക്കണം.

12. മാതൃസമിതികളേയും പി.ടി.എകളേയും സ്കൂൾ വെൽഫെയർ കമ്മറ്റികളേയും ശക്തിപ്പെടുത്തണം.

രക്ഷിതാക്കൾ ചെയ്യേണ്ടത്

1. ജനകീയ സമിതികൾ ശക്തിപ്പെടുത്തണം.

2. കുട്ടികളെ മുദ്രകുത്താതെ കിട്ടിയ മാർക്കിന് അനുമോദിക്കുകയും പ്രോത്സാഹിപ്പിക്കുകയും വേണം.

3. എങ്ങനെയെങ്കിലും റാങ്കും മാർക്കും നേടലല്ല വിദ്യാഭ്യാസത്തിന്റെ ലക്ഷ്യമെന്ന് തിരിച്ചറിയണം.

4. ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് പ്രാദേശിക വിഭവസമാഹരണം നടത്തണം.

5. അംഗീകൃതവിദ്യാലയങ്ങളെ മാത്രം ആശ്രയിക്കുക.

6. കുട്ടികളിൽ നല്ല ശീലം വളർത്താൻ ഒരു വർഷത്തെ നല്ല ക്ലാസ്, ഒരു ടേമിലെ നല്ല വിദ്യാർത്ഥി എന്നിങ്ങനെ സമ്മാനം നൽകുന്നതിനായി സമ്മാനങ്ങൾ സ്പോൺസർ ചെയ്യുക.

7. വിദ്യാലയപ്രവർത്തനങ്ങൾ മോണിട്ടർ ചെയ്യുക.

8. സ്കൂളിൽ ഡയറിസംവിധാനം ഏർപ്പെടുത്താൻ സഹായിക്കുക.

9. സ്കൂളിലെ സാംസ്കാരിക പ്രവർത്തനങ്ങൾ അർത്ഥവത്താക്കാൻ പരിപാടികളാവിഷ്കരിക്കുക.

10. പഠനയാത്രകൾ ഫലപ്രദമായി നടത്താൻ സഹകരിക്കണം.

11. ഹൈസ്കൂൾ തലത്തിൽ വൊക്കേഷനൽ ഗൈഡൻസിന് സഹായിക്കണം.

12. അവധിക്കാല അക്ഷരവേദി സംഘടിപ്പിക്കണം.

13. ശാസ്ത്രാന്വേഷണ പ്രോജക്ടുകൾ ഏറ്റെടുക്കാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുകയും സഹായിക്കുയും വേണം.

പൊതു മാർഗ്ഗനിർദ്ദേശങ്ങൾ

1. V. E. C. ശക്തിപ്പെടുത്തണം.

2. വർഷാരംഭത്തിൽ തന്നെ, നടത്താൻ

കഴിയുന്ന പരിപാടികൾ ആവിഷ്കരിച്ച് അധ്യാപകരുടെ സഹകരണം ഉറപ്പാക്കണം.

3. യഥാസമയം പാഠപുസ്തകം ലഭിക്കുന്നതിനും വികേന്ദ്രീകൃത വിതരണത്തിനും സംവിധാനം ഉറപ്പാക്കാണം.

4. ഉച്ചക്കഞ്ഞി പ്രശ്നങ്ങൾക്ക് പരിഹാരം കാണണം.

5. ലഭ്യമായ സഹായങ്ങൾ യഥാസമയം പൂർണ്ണമായും ലഭ്യമാക്കാനുള്ള ഇടപെടലുകൾ പഞ്ചായത്ത് ഭരണസമതി നടത്തണം.

6. സാങ്കേതിക വിദ്യാഭ്യാസത്തിന് ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തണം.

7. ഗ്രാമസഭകളിൽ നിന്നുയർന്നു വന്ന നിർദ്ദേശങ്ങൾ ചിട്ടപ്പെടുത്തി പരിശോധിക്കണം.

അടിയന്തരമായി ചെയ്യേണ്ടത്

1. പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായിക്കൊണ്ട് പഞ്ചായത്ത് ജനകീയ വിദ്യാഭ്യാസ സമിതി ഉണ്ടാക്കണം.

2. പി.ടി.എ.കളിൽ വിദ്യാർത്ഥികൾക്കും പ്രാതിനിധ്യം നൽകണം. ഈ സമിതിക്ക് സ്റ്റാറ്റ്യൂട്ടറി പദവി ലഭിക്കേണ്ടതുണ്ട്.

3. പൂക്കോട്ടു പാടം ടൗണിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന വെയിറ്റിംഗ് ഷെഡിനോടനുബന്ധിച്ച് ഒരു വായനശാലയും റഫറൻസ് ലൈബ്രറിയും തുടങ്ങണം.

4. തുടർ സാക്ഷരതാ പ്രവർത്തനം ശക്തിപ്പെടുത്തണം.

5. അംഗൻ വാടികളുടെ ശ്യോച്യാവസ്ഥ പരിഹരിക്കാൻ ജനകീയസമിതികൾ വേണം.

6. കവളമുക്കട്ട പ്രീ പ്രൈമറി സ്കൂൾ ഗവൺമെന്റ് ഏറ്റെടുക്കാനാവശ്യമായ നീക്കം നടത്തണം.

7. പൂക്കോട്ടു പാടം ഗവ.ഹൈസ്കൂൾ V.H.S.S. ആക്കി ഉയർത്തണം. +2 സംവിധാനം വേണം.

8. ഗവ.മേഖലയിലോ സഹകരണമേഖയിലോ ഒരു കോളേജ് സ്ഥാപിക്കണം.

9. ഒരു I.T.I / PolyTechnich സ്ഥാപിക്കണം.

ഭാവിതലമുറക്ക് ലക്ഷ്യബോധമുള്ള വിദ്യാഭ്യാസം നൽകേണ്ടതിന്റെ ആവശ്യകത നാം ഉൾക്കൊള്ളേണ്ടിയിരിക്കുന്നു. ഇതിനായി ഇന്നത്തെ നിലയിൽ നിന്നും അടിസ്ഥാനപരമായ മാറ്റം ഉണ്ടാകണം. പഠനബോധനരീതികളെക്കുറിച്ചുള്ള മിഥ്യാധാരണകളും മാമൂലുകളും മാറ്റുവാൻ നാം തയ്യാറാകണം. മണ്ണിനേയും മനുഷ്യനേയും സ്നേഹിക്കുന്ന, കൂട്ടായ്മയുടെ അനിവാര്യത തിരച്ചറിയുന്ന ഒരു പുത്തൻ തലമുറക്ക് രൂപം കൊടുക്കാനുതകുന്ന ആസ്വാദ്യകരവും മധുരതരവുമായ വിദ്യാഭ്യാസ രീതി അവലംബിക്കേണ്ടതുണ്ട്.

നാടിനു വേണ്ടൊരു ക്ഷതി നമ്മൾ
നാട്ടിൽ നിന്നു തുടങ്ങേണം
ആസൂത്രണവും ജനതതിയൊന്നായ്
കൂടിയിരുന്നു നടത്തേണം

5.5

ആരോഗ്യവും കുടിവെള്ളവും

ആരോഗ്യരംഗത്ത് പൊതുവേ പിന്നോക്കം നിൽക്കുന്ന മലപ്പുറം ജില്ലയിലെ നിലമ്പൂർ താലൂക്കിൽപ്പെട്ട അമരമ്പലം പഞ്ചായത്തിലെ ആരോഗ്യ നില പൊതുവെ തൃപ്തികരമാണ്. ആകെ ജനസംഖ്യ 26804(91 സെൻസസ്) ഉള്ള ഈ പഞ്ചായത്തിൽ സ്ഥായിയായ രോഗബാധ്യതയുള്ളവർ 192ഉം അംഗവൈകല്ല്യമുള്ളവർ 177ഉം ആണ്. പൊതുജനാരോഗ്യത്തിന്റെ സൂചികയായ ശിശുമരണനിരക്ക് 14ഉം മാതൃമരണനിരക്ക് 1ൽ താഴെയും ആണ്. കേരളത്തിന്റെത് യഥാക്രമം 16ഉം 1ൽ താഴെയും ആണ്. അതുപോലെ പഞ്ചായത്തിലെ ജനനനിരക്ക് 18.2ഉം മരണനിരക്ക് .....ഉം ആണ്. (സംസ്ഥാനം യഥാക്രമം 14ഉം 5.9ഉം ആണ്)

പഞ്ചായത്തിലെ മൊത്തം രോഗികളിൽ 35% പ്രാഥമികആരോഗ്യ കേന്ദ്രത്തേയും 35% ഹോമിയോ ആശുപത്രിയേയും 30% ആയുർവ്വേദ ആശുപത്രിയേയും സമീപിക്കുന്നു. ഇത് ഔദ്യാഗികമായ കണക്കാണ്. യഥാർത്ഥത്തിൽ നല്ലൊരു വിഭാഗം രോഗികൾ സ്വകാര്യ ആശുപത്രികളെയാണ് ആശ്രയിക്കുന്നത്. കൂടാതെ സ്പെഷലിസ്റ്റുകളുടെ അപര്യാപ്തത നിമിത്തം നല്ലൊരു ഭാഗം, നിലമ്പൂർ, മഞ്ചേരി, പെരിന്തൽമണ്ണ, കോഴിക്കോട് എന്നീ സ്ഥലങ്ങളിലേക്ക് പോകുന്നു. പൂക്കോട്ടുംപാടത്ത് പൊതുമേഖലയിലോ സ്വകാര്യമേഖലയിലോ പ്രസവ ശിശ്രൂഷാ സൗകര്യമുള്ള ഒരു ആശുപത്രി ഇല്ലാ എന്നത് വലിയൊരു പോരായ്മയാണ്.

പൂക്കോട്ടുംപാടത്ത് ചികിൽസാരംഗം സ്വകാര്യ മേഖലയുടെ നിയന്ത്രണത്തിലാണ്. നമ്മുടെ പഞ്ചായത്തിലെ ആദ്യ പൊതു ആരോഗ്യ സ്ഥാപനം പുക്കോട്ടുപാടം അങ്ങാടിയിലുള്ള ഗവ: ആയുർവ്വേദ ഡിസ്പെൻസറിയാണ്. നാട്ടുവൈദ്യന്റെ ആഭിമുഖ്യത്തിൽ തുടങ്ങിവെച്ച ഒരു വൈദ്യശാലയായിരുന്നു അത്. അതിന് ശേഷം മലബാർ ഡിസ്ട്രിക്ട് കൗൺസിലിന്റെ ആഭിമുഖ്യത്തിൽ ദുരിത നിവാരണ ആശുപത്രി എന്ന പേരിൽ പ്രവർത്തിച്ചു. അതിന് ശേഷം ഇന്ന് അത് ഗവ: ആയുർവ്വേദ ഡിസ്പെൻസറി പറമ്പ എന്ന പേരിൽ അറിയപ്പെടുന്നു. 1968-ലാണ് ഇത് സ്ഥാപിതമായത്.

ഈ സ്ഥാപനത്തിലിന്ന് ഒരു ഡോക്ടറും ഒരു അറ്റന്ററും ഒരു പാർട്ട് ടൈം സ്വീപ്പറും അടക്കം മൂന്ന് ജീവനക്കാർ മാത്രമാണ് ഉള്ളത്. ഈ സ്ഥാപനത്തിൽ പ്രതിദിനം ശരാശരി 75 രോഗികൾ വരുന്നുണ്ട്. ഇവർക്ക് ആവശ്യത്തിന് മരുന്നുകൾ വിതരണം ചെയ്യാൻ സാധിക്കുന്നില്ല. സംസ്കൃത ഔഷധങ്ങളുടെ കുറവ് വളരെയധികം അനുഭവപ്പെടുന്നുണ്ട്. സ്റ്റാഫിന്റെ അപര്യാപ്തതമൂലം ചില ദിവസങ്ങളിൽ ഡോക്ടർ തന്നെ കഷായം വെക്കുകയും രോഗികളെ പരിശോധിക്കുകയും മരുന്നു വിതരണം നടത്തുകയും ചെയ്യുന്നു.

പഞ്ചായത്തിലെ ഹൃദയഭാഗത്ത് സ്ഥിതി ചെയ്യുന്ന ഈ സ്ഥാപനത്തിന് സ്വന്തമായി കുടിവെള്ള സൗകര്യമില്ല. വൈദ്യുതീകരിക്കാത്തതും ചോർന്നു ഒലിക്കുന്നതുമായ കെട്ടിടം മാത്രമാണ് ഉള്ളത്. ഈ പരിമിതികൾ ഒക്കെ ഉണ്ടെങ്കിലും കഴിഞ്ഞ പദ്ധതി കാലങ്ങളിൽ പ്രത്യേക ക്യാമ്പുകൾ സംഘടിപ്പിക്കുകയുണ്ടായി. ഈ ക്യാമ്പുകളിൽ പൊതു ജനപങ്കാളിതം വളരെയധികം ഉണ്ടായിരുന്നു. ഇത്തരം ക്യാമ്പ് പ്രവർത്തനങ്ങളുടെ സേവനം വർദ്ധിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്.

ഈ സ്ഥാപനത്തിന്റെ ഉന്നമത്തിന്ന് ഇപ്പോഴുള്ള പരിമിതികളെല്ലാം ഇല്ലായ്മ ചെയ്യേണ്ടതുണ്ട്. അതിലേക്കുള്ള ചില നിർദ്ദേശങ്ങൾ.

1. സ്വന്തമായി ഒരു കിണർ വേണം
2. എത്രെയും പെട്ടെന്ന് വൈദ്യുതീകരിക്കണം
3. കെട്ടിടം അറ്റകുറ്റ പണികൾ നടത്തണം
4. ആവശ്യത്തിന് സ്റ്റാഫിനെ നിയമിക്കണം. (ഫാർമസിസ്റ്റ്)
5. മരുന്നുകളുടെ കോട്ട വർദ്ധിപ്പിക്കണം

6. ഡിസ്പ്പൻസറി ആശുപത്രിയായി ഉയർത്തണം

7. വനം വകുപ്പുമായി ചേർന്ന് ഔഷധ സസ്യങ്ങൾ വെച്ച് പിടിപ്പിക്കുക.

പഞ്ചായത്തിലെ മറ്റൊരു പൊതു ആരോഗ്യ സ്ഥാപനമാണ് ഗവ: ഹോമിയോ ഡിസ്പ്പൻസറി. 1980ൽ ചുള്ളിയോട് സ്ഥാപിതമായ ഈ സ്ഥാപനത്തിന് മെഡിക്കൽ ഓഫീസർ, ഫാർമസിസ്റ്റ്, പ്യൂൺ, പാർട്ട് ടൈം സ്വീപ്പർ എന്നിങ്ങനെ നാല് ജീവനക്കാരാണ് ഉള്ളത്. 1991ലാണ് ഈ സ്ഥാപനത്തിന് സ്വന്തമായി കെട്ടിടം ഉണ്ടായത് അടിസ്ഥാനസൗകര്യങ്ങളായ കുടിവെള്ളം, വൈദ്യുതി എന്നിവ ഈ സ്ഥാപനത്തിനില്ല. ദിവസവും ഏതാണ്ട് 60നും 100നും ഇടയിൽ രോഗികൾ വരുന്നുണ്ട്.

ഇവിടെ വരുന്ന രോഗികൾക്ക് ആവശ്യത്തിന് മരുന്നുകൾ വിതരണം ചെയ്യാൻ സാധിക്കുന്നില്ല. വാർധ്യക്യരോഗങ്ങൾ , പകർച്ചവ്യാധികൾ, ആസ്ത്മ എന്നീ രോഗങ്ങളാണ് ഇവിടെ കാണുന്നത് ഈ ഡിസ്പെൻസറിയുടെ ആഭിമുഖ്യത്തിൽ 1996 മാർച്ച് മാസത്തിൽനടത്തിയ മെഡിക്കൽ ക്യാമ്പിൽ വളരെയധികം ജനങ്ങൾ പങ്കെടുത്തിരുന്നു. (645 പേർ) ഇത്തരം ക്യാമ്പുകളിലൂടെ പൊതുജനപങ്കാളിത്തം വർധിപ്പിക്കാനും, പകർച്ചവ്യാധികൾ തടനായും സാധിച്ചിട്ടുണ്ട്. കൂടാതെ ഹോമിയോ ചികിത്സയെക്കുറിച്ച് ഒരവബോധം ജനങ്ങളിൽ വളർത്തിയെടുക്കാനും ക്യാമ്പുകൾ മുഖേന സാധിച്ചിട്ടുണ്ട്. ഈ സ്ഥാപനം സ്ഥിതി ചെയ്യുന്ന ചുള്ളിയോട് പ്രദേശത്തെ ആളുകൾ മാത്രമാണ് ഈ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തുന്നത്. പഞ്ചായത്തിന്റെ മറ്റുഭാഗങ്ങളിൽ നിന്നും വളരെ കുറച്ചു പേർമാത്രമേ എത്തുന്നുള്ളു. ആശുപത്രി വികസന സമിതി പ്രവർത്തിക്കുന്നുണ്ട്.

ഈ സ്ഥാപനത്തിന്റെ നല്ല നടത്തിപ്പിനു വേണ്ട ചില നിർദ്ദേശങ്ങൾ

1. ശുദ്ധജലം ലഭ്യമാക്കുക (കിണർ)
2. വൈദ്യുതീകരിക്കുക
3. അറ്റകുറ്റപണികൾ നടത്തുക.
4. ചുറ്റുമതിൽ നിർമ്മിക്കുക
5. ആവശ്യത്തിന് മരുന്ന് ലഭ്യമാക്കുക

6. ഡിസ്പെൻസറി ആശുപത്രിയാക്കി ഉയർത്തുക.

പഞ്ചായത്തിന്റെ കിഴക്കേ അറ്റത്ത് സ്ഥിതി ചെയ്യുന്ന കോരൻ നായർ മെമ്മോറിയൽ ആരോഗ്യ കേന്ദ്രമാണ് മറ്റൊരു സർക്കാർ സ്ഥാപനം. ജസ്റ്റിസ് ശിവരാമൻ നായർ സംഭാവനനൽകിയ ഈ സ്ഥാപനം നിലവിൽ വന്നത് 1988ലാണ്. ഇതിനു കീഴിൽ പൊട്ടിക്കല്ല്, കവളമുക്കട്ട, ചെട്ടിപ്പാടം, ഉപ്പുവള്ളി, ഉള്ളാട്, കൂറ്റമ്പാറ, അമരമ്പലം സൗത്ത് എന്നിവിടങ്ങളിലായി ഏഴു സബ്സെന്ററുകൾ പ്രവർത്തിക്കുന്നു. മെഡിക്കൽ ഓഫീസർ, ഫാർമസിസ്റ്റ്, സ്റ്റാഫ് നേഴ്സ്, ക്ലാർക്ക്, പ്യൂൺ, നേഴ്സിങ്ങ് അസിസ്റ്റന്റ് ഹോസ്പിറ്റൽ അറ്റൻഡർ, പാർട് ടൈം സ്വീപ്പർ, ഹെൽത്ത് ഇൻസ്പെക്ടർ, ലേഡി ഹെൽത്ത് ഇൻസ്പെക്ടർ എന്നിവരുടെ ഓരോ തസ്തികയും ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാർ 3ഉം ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സുമാർ ഏഴുമടക്കം ആകെ 20 ജീവനക്കാരാണ് ഈ സ്ഥാപനത്തിൽ പ്രവർത്തിക്കുന്നത്.

ഈ സ്ഥാപനം പഞ്ചായത്തിന്റെ കിഴക്കേ അറ്റത്തായതിനാൽ ബഹുഭൂരിഭക്ഷം ജനങ്ങൾക്കും ഇതിന്റെ സേവനം ലഭിക്കുന്നില്ല. ഇപ്പോൾ ഇതിൽ ശരാശരി 40 രോഗികൾ മാത്രമാണ് വരുന്നത്. അവർക്കു തന്നെ അവശ്യമരുന്നുകൾ വേണ്ടത്ര ലഭിക്കുന്നില്ല. വേണ്ടത്ര പരിശോധനാസൗകര്യങ്ങൾ ഇല്ലാത്ത ഈ സ്ഥാപനത്തിന് 88ൽ സർക്കാറിന് കൈമാറിയപ്പോഴത്തെ സൗകര്യങ്ങൾ മാത്രമേ ഇപ്പോഴുമുള്ളു . ഈ സ്ഥാപനത്തിൽ ചികിത്സക്കെത്തുന്നവരിൽ പകർച്ചവ്യാധികളും വാർധക്യരോഗങ്ങളുമാണ് കൂടുതലായി കാണുന്നത്. വയറിളക്കം, അമീബിയാസിസ്, മഞ്ഞപ്പിത്തം, ടൈഫോയിഡ് മുതലായവയും ആദിവാസികളിൽ കുഷ്ഠരോഗവും കണ്ടു വരുന്നുണ്ട്.

ചില നിർദ്ദേശങ്ങൾ

1. കെട്ടിടം പണി ഉടനെ പൂർത്തിയാക്കുക.
2. കിടത്തിചികിത്സിക്കാനുള്ള സൗകര്യം ഏർപ്പെടുത്തുക.
3. ജലവിതരണ സംവിധാനം ഏർപ്പെടുത്തുക.
4. അവശ്യമരുന്നുകൾ ലഭ്യമാക്കുക .

5. ഗതാഗതസൗകര്യം മെച്ചപ്പെടുത്തുക.

6. പൂക്കോട്ടും പാടത്ത് 25 കിടക്കകളുള്ള ഒരാശുപത്രി ആരംഭിക്കുക.

7. P. H. C. യിൽ ഡോക്ടറുടെ മുഴുവൻസമയ സേവനം ലഭ്യമാക്കുക.

സബ്സെന്ററുകൾ

പഞ്ചായത്തിൽ 7 സബ്സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. സബ്സെന്ററുകളുടെയും ബന്ധപ്പെട്ട ജീവനക്കാരുടേയും സേവനം കാര്യക്ഷമമല്ല. ഗർഭിണികൾക്കും കുട്ടികൾക്കും ഉള്ള പ്രതിരോധകുത്തിവെയ്പ്, വിളർച്ചയുള്ള കുട്ടികൾക്കും അമ്മമാർക്കും ഉള്ള മരുന്നുകൾ, അന്ധതാ നിവാരണത്തിനുള്ള വൈറ്റമിൻ എ, കുടുംബക്ഷേമപ്രവർത്തനങ്ങൾ എന്നിവ ഈ സെന്ററുകളിലൂടെ നടത്തുന്നുണ്ട്. പ്രാഥമികാചികിത്സാ സൗകര്യങ്ങൾ, ഭവനസന്ദർശനങ്ങൾ, ബോധവൽക്കരണങ്ങൾ എന്നിവ സെന്ററുകളിലൂടെ നടക്കുന്നില്ല. പലതിലും വൈദ്യുതി ഇല്ല. ആകെ മൂന്ന് ഹെൽത്ത് ഇൻസ്പെക്ടർമാർ മാത്രമേ പഞ്ചായത്തിലുള്ളു.

സബ്സെന്ററുകളുടെ കൂടുതൽ ഫലപ്രാപ്തിക്കായുള്ള ചില നിർദ്ദേശങ്ങൾ

1. സബ്സെന്ററുകളിൽ വാർഡ് മെമ്പർമാരുടെ നേതൃത്വത്തിൽ കാര്യക്ഷമമായ ജനകീയ സമിതി ഉണ്ടാവണം.

2. പഞ്ചായത്ത് ബോർഡിന്റെ നിരീക്ഷണവും നിയന്ത്രണവും ഉണ്ടാകണം.

3. സബ്സെന്ററുകളിൽ ഡോക്ടറുടെ സേവനം ലഭ്യമാകണം.

4. ഭൗതിക സൗകര്യങ്ങൾ വർധിപ്പിക്കണം.

5. ആരോഗ്യ ക്ലാസുകൾ നടത്തണം.

6. പകർച്ചവ്യാധികൾക്കെതിരെയുള്ള പ്രവർത്തനങ്ങൾ യഥാസമയം ഊർജ്ജിതമായി നടത്തണം.

7. ഭവന സന്ദർശനം കൃത്യമായി നടത്തുന്നുണ്ടെന്ന് ഉറപ്പു വരുത്തം.

8. പ്രതിരോധ കുത്തിവെയ്പുകളിൽ ജനപങ്കാളിത്തം ഉറപ്പാക്കാൻ നടപടികൾ ഉണ്ടാകണം.

സഹകാര്യമേഖല

അലോപ്പതി മേഖലയിൽ രണ്ട് ആശുപത്രികളും രണ്ട് ക്ലിനിക്കുകളും ഉണ്ട്. കൂടാതെ രണ്ട് ഹോമിയോ ക്ലിനിക്കുകൾ രണ്ട് ആയുർവേദ ക്ലിനിക്കുൾ, അഞ്ച് പാരമ്പര്യവൈദ്യൻമാർ, നാല് മെഡിക്കൽ സ്റ്റോറുകൾ ഒരു ക്ലിനിക്കൽ ലബോറട്ടറി എന്നിവയുമുണ്ട്. അനിധികൃതമായി പ്രവർത്തിക്കുന്ന ചില സ്ഥാപനങ്ങളും ഉള്ളതായിക്കാണുന്നു.

ചില നിർദ്ദേശങ്ങൾ

1. ജീവനക്കാരുടെ യോഗ്യത സർക്കാർ നിശ്ചയിച്ചപ്രകാരം ഉണ്ടെന്ന് ഉറപ്പുവരുണം.

2. സ്ഥാപനങ്ങൾക്കു മേൽ പഞ്ചായത്തിന് നിയന്ത്രണം വേണം.

3. ചട്ടങ്ങൾക്കും നിയമത്തിനും വിധേയമായി പ്രവർത്തിക്കുന്നു എന്നുറപ്പുവരുത്തണം.

4. നിശ്ചിത യോഗ്യത ഇല്ലാത്തവർ നടത്തുന്ന സ്ഥാപനങ്ങൾ നിരോധിക്കണം.

5. പലചരക്കുകടകളിലൂടെയും മറ്റും നടത്തുന്ന മരുന്ന് വിൽപന തടയണം.

നാട്ടു ചികിത്സാരംഗം

പ്രകൃതി ചികിത്സാസൗകര്യങ്ങൾ ഒന്നും തന്നെ നമ്മുടെ പഞ്ചായത്തിലില്ല. എന്നാൽ ഈ സമ്പ്രദായം അനുവർത്തിക്കുന്ന ആളുകൾ ഇവിടെയുണ്ട്. ഏറ്റവും കുറഞ്ഞ സാമ്പത്തിക ഭാരം ഉള്ളചികിത്സാരംഗമെന്ന നിലയിൽ ഈ ചികിത്സാരീതി പ്രോത്സാഹിപ്പിക്കപ്പെടേണ്ടതാണ്. നാട്ടു ചികിത്സാരംഗത്ത് വലിയ സംഭാവന ചെയ്യുന്നവർ നമ്മുടെ പഞ്ചായത്തിന്റെ ഉൾപ്രദേശങ്ങളിൽ അധികമാരുമറിയാതെ സേവനമനുഷ്ഠിക്കുന്നു. ആധുനിക ചികിത്സാസമ്പ്രദായങ്ങളുടെ പ്രചരണകോലാഹലങ്ങൾക്കിടയിൽ ഈ ചികിത്സാരീതി അന്യം നിന്നു പോകുന്ന സ്ഥിതിയാണ്. പേവിഷം, മഞ്ഞപ്പിത്തം തുടങ്ങിയ രോഗങ്ങൾക്ക് ഫലപ്രദമായ ചികിത്സ നടത്തുന്ന ചില കുടുംബങ്ങളും പലസ്ഥലങ്ങളിലും ഉണ്ട്. ഈ ചികിത്സാസമ്പ്രാദായങ്ങളുടെ ശാസ്ത്രീയത പരിശോധിച്ചിട്ട് വേണ്ട പ്രോത്സാഹനം നൽകേണ്ടതുണ്ട്.

ആരോഗ്യവും പരിസരവും

ആരോഗ്യം = ആശുപത്രി + ഡോക്ടർ + മരുന്നുകൾ എന്ന സമവാക്യം മാറി ആരോഗ്യം

= ഭക്ഷണം + ശുദ്ധജലം + ശുചിത്വമുള്ള പരിസരം + വിശ്രമം + വിനോദം എന്നാക്കിമാറ്റേണ്ടതുണ്ട്. ശരിയായ ഭക്ഷണരീതി, പരിസരശുചീകരണം, വ്യക്തിഗത ശുചിത്വം, മതിയായ വിശ്രമം, വിനോദം എന്നീക്കാര്യങ്ങളിൽ നമ്മുടെ ജനങ്ങൾ വളരെ പിന്നോക്കമാണ്. പൊതുസ്ഥലങ്ങൾ, പുഴയോരം, എന്നിവിടങ്ങളിലുള്ള മലമൂത്രവിസർജ്ജനം, ജലമലിനീകരണം, പൊതുസ്ഥാപനങ്ങൾ വാഹനങ്ങൾ ഇവയിലുള്ള പുകവലി, അലക്ഷ്യമായി ചപ്പുചവറുകൾ നിക്ഷേപിക്കൽ, മദ്യപാനം, ലഹരിമരുന്നുകളുടെ ഉപയോഗം ഇവ നിർബാധം നടക്കുന്നു. ശുദ്ധമായ കുടിവെള്ളത്തിന്റെ അപര്യാപ്തതയും, കക്കൂസുകളുടെ അഭാവവും പകർച്ചവ്യാധിക്ക് കാരണമാകുന്നു. 36% വീടുകളിൽ കക്കൂസും 31% വീടുകളിൽ സ്വന്തമായി കിണറുകളും ഇല്ല. നദീജലം തോട്ടപൊട്ടിച്ചും, നഞ്ച് കലക്കിയും വാഹനങ്ങൾകഴുകിയും ഓല ചീയിച്ചും മലിനമാക്കുന്നു. പരിസരമലീനീകരണം ഉണ്ടാക്കുന്ന മറ്റൊരു സ്രോതസ്സ് അറവ് ശാലകളും മത്സ്യമാർക്കറ്റുമാണ്. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന 8 അറവ് ശാലകളിൽ ഒന്നിനു പോലും ലൈസൻസില്ല. മത്സ്യമാംസക്കച്ചവടം അങ്ങാടിയുടെ ഹൃദയഭാഗത്തുതന്നെ നടത്തുന്നതും അവശിഷ്ടങ്ങൾ അവിടെത്തന്നെ നിക്ഷേപിക്കപ്പെടുന്നതുമായ സ്ഥിതിയുണ്ട്. ആരോഗ്യ വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഈകാര്യത്തിൽ തികഞ്ഞ അനാസ്ഥയാണ് പുലർത്തുന്നത്. പഞ്ചായത്ത് ബസ്സ്റ്റാന്റിനോട് ചേർന്ന് ആധുനികമായ ഒരു അറവുശാല പണിതിട്ടുണ്ടെങ്കിലും വൈദ്യുതിയില്ലാത്തതിനാൽ ഇത് ഉപയോഗിക്കുന്നില്ല. റബ്ബർക്കൃഷി ധാരാളമുള്ള നമ്മുടെ പഞ്ചായത്തിൽ റാട്ടകളും പാലെടുക്കുന്ന ചിരട്ടകളും ജനങ്ങളുടെ അഞ്ജതയും നിസ്സഹകരണവും നിമിത്തം കൊതുകുവളർത്തൽ കേന്ദ്രങ്ങളായിമാറുന്നു.സമീപഭാവിയിൽ തന്നെ കൊതുകുമൂലമുള്ള മാരകരോഗങ്ങൾ പൊട്ടിപ്പുറപ്പെടാനുള്ള സാധ്യതയുണ്ട്. മദ്യം, മയക്കു മരുന്നുകൾ, ലഹരിമിഠായി, പാനുകൾ, അമിതമായി നിറം ചേർത്ത മധുര ഉൽപ്പന്നങ്ങൾ, വിലകുറഞ്ഞ അച്ചാറുകൾ എന്നിവ പൊതുജനാരോഗ്യത്തെ കാര്യമായി ബാധിക്കുന്നു.

സന്നദ്ധ സംഘടനകൾ

ആരോഗ്യരംഗത്തു പ്രവർത്തിക്കുന്ന സന്നദ്ധസംഘടനകളൊന്നും പഞ്ചായത്തിലില്ല. ചില ക്ലബ്ബുകളും കേരള ശാസ്ത്ര സാഹിത്യ പരിഷത്തും സെമിനാറുകളും, ക്യാമ്പുകളും, ബോധവൽക്കരണ പ്രചരണങ്ങളും നടത്തിപ്പോരുന്നുണ്ട്. എന്നാൽ ഈസംഘടനകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് വേണ്ടത്ര ഫലപ്രദമാക്കാനുള്ള ഇടപെടലുകൾ ഒന്നും നടക്കുന്നില്ല.

ചില നിർദ്ദേശങ്ങൾ

1. P. H. C. യിലെ ഡോക്ടറുടെ സേവനം രാവിലെ 8 മുതൽ 10 വരെ പൂക്കോട്ടും പാടത്ത് ലഭ്യമാകുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുക.

2. വിവിധ ചികിത്സാരീതികളും സ്ഥാപനങ്ങളും ഏകോപിപ്പിച്ചുകൊണ്ട് പഞ്ചായത്ത് ജനകീയാരോഗ്യ സമിതിരൂപീകരിക്കുക. ഇതിനായി ഉടനെത്തെന്ന ഒരു ആരോഗ്യ കൺവെൻഷൻ വിളിച്ചു ചേർക്കുക.

3. മതിയായ ബോധവൽക്കരണ പരിപാടികൾ നടത്തുക.

4. കക്കൂസുകളുടെ നിർമ്മാണം സമയബന്ധിതമായി നടത്തുക.

5. പൊതുകിണറുകൾ സംരക്ഷിക്കുകയും നന്നാക്കുകയും ആവശ്യമുള്ളിടത്ത് പുതിയവ നിർമ്മിക്കുയും ചെയ്യുക.

6.. പഞ്ചായത്ത് അറവ് ശാല ഉടൻ ഉപയോഗയോഗ്യമാക്കുക.

7. ഭക്ഷ്യവസ്തുക്കളുടെ വിൽപനയിൽ മേൽനോട്ടം വഹിക്കാനായി ബന്ധപ്പെട്ടവരെ ഉൾപ്പെടുത്തി സമിതി ഉണ്ടാക്കുക.

8. പൊതു സ്ഥലങ്ങളിലും സിനിമാശാലകളിലും പുകവലി നിരോധനം കർശനമാക്കുക.

9. അങ്ങാടികൾ കേന്ദ്രീകരിച്ച് ശുചിത്വം നിലനിർത്തുവാൻ സ്ഥായിയായ സമഗ്രപരിപാടിക്ക് രൂപം കൊടുക്കുക.

10. ലഹരി വസ്തുക്കളുടെ വിൽപന പരിപൂർണ്ണമായി തടയുക.

11. വളർത്തുനായ്ക്കൾക്ക് കുത്തിവെയ്പ് നിർബന്ധമാക്കി ലൈസൻ സമ്പ്രദായം ഏർപ്പെടുത്തുക.

12. സമ്പൂർണ്ണ രോഗ പ്രതിരോധ പരിപാടി, ഹെൽത്ത കാർഡ്, പീരിയോഡിക്കൽ മെഡിക്കൽ ക്യാമ്പുകൾ എന്നിവക്ക് പരിപാടിക

ളാവിഷ്കരിക്കുക.

13. ശുദ്ധജല സ്രോതസ്സുകളിൽനിന്ന് കക്കൂസുകൾ, ശവക്കുഴികൾ എന്നിവയിലേക്കുള്ള അകലം കർശനമായും പാലിക്കുക.

14. പുരയിടങ്ങളിലെ ശവക്കുഴികളെ നിരുൽസാഹപ്പെടുത്തുകയും പൊതുശ്മശാനം സ്വീകരിക്കാനായി ബോധവൽക്കരണം നടത്തുകയും ചെയ്യുക.

15. വീടുകളിലെ മാലിന്യങ്ങൾ ജൈവവളമാക്കാനുള്ള സാങ്കേതിക വിദ്യ ജനങ്ങളിലെത്തിക്കുക.

16. റബ്ബർ റാട്ടകളിൽ നിന്നുള്ള മലിനജലം ടാങ്ക് കെട്ടിസംസ്കരിക്കൽ നിർബന്ധിതമാക്കുക.

കുടിവെള്ളം

രണ്ട് പുഴകളുടെ സാമീപ്യവും മൊത്തം കിണറുകളുടെ എണ്ണവും കുടിവെള്ളപ്രശ്നം പരിഹരിക്കാൻ ഒട്ടൊക്കെ സഹായകമായിട്ടുണ്ട്. എന്നാൽ ചുരുക്കം ചില സ്ഥലങ്ങളിൽ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നുണ്ട്. പൂക്കോട്ടുംപാടം, ചുള്ളിയോട്, എന്നീ അങ്ങാടികളിൽ ലഭിക്കുന്ന വെള്ളം വേണ്ടത്ര ശുദ്ധമല്ല. ജലജന്യരോഗങ്ങൾ ഉണ്ടാകാറുണ്ട്. പൊതുകിണറുകൾ മിക്കവയും ഉപയോഗയോഗ്യമല്ല. കുടവെള്ളക്ഷാമപരിഹാരത്തിന് ഗ്രാമസഭകളിൽ നിന്നും വന്നിട്ടുള്ള നിർദ്ദേശങ്ങൾ സമഗ്രമായി പരിശോധിച്ച് വേണ്ട നടപടികൾ ഉണ്ടാവേണ്ടതാണ്.

ചില നിർദ്ദേശങ്ങൾ

1. ജലക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളോടു ചേർന്നുള്ള പുഴയിൽ തടയണകെട്ടുകയും പൊതുവായ വാട്ടർടാങ്ക് കെട്ടി പമ്പ്ഹൗസ് നിർമ്മിച്ച് ജലവിതരണം ശക്തിപ്പെടുത്തണം.

2. ടി. കെ. കോളനിയിലെ ജനങ്ങൾ പുഴയിൽ നിന്ന് നേരിട്ട് പൈപ്പുകൾ മുഖേന നടത്തുന്ന വ്യക്തിഗത ജലവിതരണത്തിന് ഒരു പൊതു സംവിധാനം ഏർപ്പെടുത്തുകയും ശരിയായ ശുദ്ധീകരണം നടത്തുകയും ചെയ്യുക.

3. മഴവെള്ളം പുരയിടങ്ങളിൽ തങ്ങിനിൽക്കാനുള്ള സംവിധാനം ഉണ്ടാകുവാൻ ആവശ്യമായ ബോധവൽക്കരണം നടത്തുക.

4. ഉപയോഗശൂന്യമായ കിണറുകൾ നന്നാക്കി ചുറ്റും മതിൽ കെട്ടുക.

5. ആവശ്യാനുസരണം പൊതുകിണറുകൾ നിർമ്മിക്കുക.

6. പുഴവെള്ളം മലിനപ്പെടുത്തുന്നതും അനിയന്ത്രിതമായി പമ്പിങ്ങ് നടത്തുന്നതും അനധികൃതമണൽ വാരലും കർശനമായി നിരോധിക്കുക.

7. അശാസ്ത്രീയമായി കുഴൽക്കിണർ നിർമ്മിക്കാതിരിക്കുക.

8. പൊതു കിണറുകളും കുളങ്ങളും സംരക്ഷിക്കുവാൻ സമിതികളുണ്ടാക്കുക.

9. വനങ്ങളിലെ ചതുപ്പുകൾ സംരക്ഷിക്കുക.

10. കുളം, പാടം എന്നിവ നികത്തുന്നവർക്കെതിരെ കർശനമായ നടപടികൾ എടുക്കുക.

11. ജലപരിശോധനാ ക്യാമ്പുകൾ സംഘടിപ്പിക്കുക.

12. ജലലഭ്യത, ഉപയോഗം എന്നിവ ശാസ്ത്രീയമായി പഠിക്കുക.

ശുദ്ധമായ കുടിവെള്ളം ജനങ്ങളുടെ അവകാശവും ആരോഗ്യത്തിന് അത്യന്താപേക്ഷിതവുമാണ്. കൂടുതൽ പദ്ധതികൾക്കുപരിയായി ഉള്ള സംവിധാനത്തിന്റെ ഫലപ്രദമായ ഉപയോഗത്തിന് പരിപാടികൾ ആവശ്യമാണ്. രണ്ടായിരാമാണ്ടോടെ "എല്ലാവർക്കും ആരോഗ്യം" എന്ന ലക്ഷ്യം കൈവരിക്കാനായി "എല്ലാവർക്കും ശുദ്ധജലം" എന്ന ലക്ഷ്യം നേരത്തെ തന്നെ കൈവരിച്ചേപറ്റൂ. ■

5.6

ഗതാഗതം

ഈ നൂറ്റാണ്ടിന്റെ മധ്യാകാലഘട്ടത്തിൽ ഇവിടുത്തെ ജനങ്ങൾ പ്രധാനമായും കാൽനടയായും കാളവണ്ടികളിലുമായിരുന്നു യാത്ര ചെയ്തിരുന്നത്. ക്രമേണ റോഡുകളുടെ എണ്ണത്തിലും ഗുണത്തിലും നേരിയ പുരോഗതി ഉണ്ടായിത്തുടങ്ങി. 1964 ജനുവരി ഒന്നാം തീയതി തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതി പഞ്ചായത്തിൽ നിലവിൽവന്നു. ഈ കാലട്ടഘത്തിൽ 3 ബസ് സർവ്വീസുകൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. അക്കാലത്ത് ടാക്സികൾ ഉണ്ടായിരുന്നില്ല. മറ്റു വാഹനങ്ങളും ഉണ്ടായിരുന്നില്ല. ഇന്ന് നമ്മുടെ പഞ്ചായത്തിലൂടെ 53 ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ട്. ടാക്സികൾ ജീപ്പും കാറുമായി 59 എണ്ണവും 187 മോട്ടോർ സൈക്കിളും 818 സൈക്കിളുകളും ഉണ്ട്. (പ്രാദേശിക സർവ്വേ -96) 1964 ജനുവരി ഒന്നാം തീയതി പഞ്ചായത്ത് ബോർഡ് ആദ്യമായി നിലവിൽ വന്നശേഷം തോട്ടേക്കാട്, ഉപ്പുവള്ളി റോഡ് ജനപങ്കാളിത്തത്തോടെ ശ്രമദാനമായി നിർമ്മിച്ചു. അതിനുശേഷം പല റോഡുകളും പഞ്ചായത്ത് ഭരണസമിതിയുടെ നേതൃത്വത്തിൽ ഉണ്ടായെങ്കിലും എടുത്തപറയത്തക്ക ഒരു പ്രധാന റോഡ് പൂക്കോട്ടുംപാടം-പാട്ടക്കരിമ്പ് റോഡാണ്. ഈ റോഡ് ചുള്ളിയോട് വരെ ബ്ലോക്ക് സ്കീമിലും ചുള്ളിയോട് മുതൽ പാട്ടക്കരിമ്പ് വരെ പൂർണ്ണമായി ജനങ്ങളുടെ ശ്രമദാനഫലമായും നിർമ്മിച്ചതാണ്. പഞ്ചായത്തിൽ ഇപ്പോൾ 82.428 കി.മീ പഞ്ചായത്ത് റോഡും 19 കി.മീ.പിഡബ്ല്യു.ഡി. റോഡും ആണുള്ളത്. (വിശദവിവരങ്ങൾ പട്ടിക 1-ൽ) പഞ്ചായത്തിൽ പുതുതായി ഒരു ബസ് സ്റ്റാൻഡ് നിർമ്മിച്ചിട്ടുണ്ടെങ്കിലും ശരിയായ രീതിയിൽ ഉപയോഗിക്കാൻ തുടങ്ങിയിട്ടില്ല. സ്റ്റാൻഡ് ശരിയായ രീതിയിൽ ഉപയോഗപ്രദമാക്കേണ്ടതാണ്. പഞ്ചായത്തിനോട് ചേർന്ന് നിലമ്പൂർ റെയിൽവേ സ്റ്റേഷൻ സ്ഥിതി ചെയ്യുന്നു. നിലമ്പൂർ റെയിൽവേ ലൈൻ മൈസൂർ കാമരാജ് നഗർവരെ നീട്ടിയാൽ ബാംഗ്ലൂർക്കുള്ള ദൂരം ഗണ്യമായി കുറക്കാനും തെക്കെ മലബാറിന്റെ മുഖച്ഛായ തന്നെ മാറ്റിയെടുക്കാനും കഴിയും.

റോഡ് ഗതാഗത പ്രശ്നങ്ങൾ

1 റോഡുകളുടെ അപര്യാപ്തത

2 നിലവിലുള്ള റോഡുകൾക്ക് ഗുണനിലവാരമില്ലായ്മ.

3 റോഡ് വീതിക്കുറവും റോഡുകളിൽ നീർക്കെട്ടൊഴിവാക്കാൻ ഓവുപാലങ്ങളുടെയും ഓടകളുടെയും അഭാവം.

4 പാർശ്വങ്ങളിൽ നടപ്പാത ഇല്ലായ്മ

5 നിർമ്മാണ പ്രവർത്തനത്തിനും മറ്റുമുള്ള സാധന സാമഗ്രികൾ റോഡിന്റെ വശങ്ങളിൽ ഇടുന്നതുകൊണ്ടുള്ള പ്രശ്നങ്ങൾ

6. വകുപ്പുകൾ തമ്മിൽ ബന്ധമില്ലായ്മ

പരിഹാര നിർദ്ദേശങ്ങൾ

1. ഗ്രാമ സഭാ നിർദ്ദേശങ്ങളിൽ നിന്ന് റോഡുകളുടെ ആവശ്യവുമായി ബന്ധപ്പെട്ട് പട്ടികകൾ ചുവടെ കൊടുക്കുന്നു.
2. അറ്റകുറ്റപ്പണികൾ യാഥാസമയം ചെയ്യുകയും നിലവിലുള്ള റോഡുകളിൽ നീർക്കെട്ടനുഭവപ്പെടുന്ന ഭാഗങ്ങളിൽ ഓവുചാലുകളും കലങ്കുകളും നിർമ്മിക്കുകയും ചെയ്യുക.
3. റോഡ് വീതിക്കുറവ് കാരണം മിക്കറോഡുകൾക്കും വേണ്ട രീതിയിൽ ഓവുചാലുകൾ നിർമ്മിക്കേണ്ടതാണ്.
4. പ്രധാന റോഡുകളുടെ പാർശ്വങ്ങളിൽ ഓടകൾ നിർമ്മിച്ച് മുകളിൽ സ്ലാബിട്ട് നടപ്പാതയുണ്ടാക്കുക.
5. നിർമ്മാണ പ്രവർത്തനത്തിനും മറ്റുമുള്ള സാമഗ്രികൾ റോഡിന്റെ വശങ്ങളിൽ നിക്ഷേപിക്കുന്നത് നിയമം മൂലം കർശനമായി നിരോധിക്കണം.
6. വിവിധ വകുപ്പുകൾ തമ്മിൽ പരസ്പര ബന്ധവും പ്രവർത്തികൾ ആസൂത്രണം ചെയ്യുമ്പോൾ പൊതുധാരണയും ഉണ്ടാകേണ്ടതാണ്.

മറ്റുപ്രധാന യാത്രാ പ്രശ്നങ്ങൾ

1. പല പ്രധാന ഷോപ്പുകളിലും വെയ്റ്റിംഗ് ഷെഡ്ഡുകൾ ഇല്ല.
2. സ്വകാര്യ ബസ് സർവ്വീസുകൾ മാത്രമേ പഞ്ചായത്തിൽ ഇപ്പോൾ നിലവിലുള്ളൂ.
3. വർദ്ധിച്ചുവരുന്ന റോഡപകടങ്ങൾ
4. വിദ്യാർത്ഥികളുടെ യാത്രാദുരിതങ്ങൾ അവരുടെ

പഠനനിലവാരത്തെ ബാധിക്കുന്നു.

5. ഓട്ടോ – ടാക്സി തുടങ്ങിയ രംഗത്ത് ഏകീകൃത യാത്രക്കൂലി ഇല്ലായ്മ.

പരിഹാര നിർദ്ദേശങ്ങൾ

1. തേൾപ്പാറ, വേങ്ങാപ്പുര, കവള, K.P.M ഗേറ്റ്, പൂക്കോട്ടും പാടം, നരിപൊയിൽ, മാമ്പറ്റ എന്നീ സ്ഥലങ്ങളിൽ വെയിറ്റിംഗ് ഷെഡുകൾ അടിയന്തിരമായി നിർമ്മിക്കണം.

2. പഞ്ചായത്തിലൂടെ മുമ്പുണ്ടായിരുന്ന കെ.എസ്.ആർ.ടി.സി ബസുകൾ മുഴുവൻ തന്നെ പുനരാരംഭിക്കുകയും പാട്ടക്കരിമ്പ്-തിരുവന്തപുരം, തോൾപ്പാറ-കോട്ടയം തേൾപ്പാറ-മലപ്പുറം, പാട്ടക്കരിമ്പ്-പെരിന്തൽമണ്ണ ടി. കെ. കോളനി പൊട്ടിക്കല്ലുവഴി നിലമ്പൂർ എന്നിവടങ്ങളിലേക്ക് പുതിയ കെ.എസ്.ആർ.ടി.സി. ബസ്സ് സർവ്വീസുകൾ ആരംഭിക്കുകയും ചെയ്യണം.

3. വാഹനങ്ങളുടെ അമിത വേഗത കർശനമായിനിയന്ത്രിക്കുകയും, വാഹനങ്ങളുടെ കാര്യക്ഷമത കർശനമായി പരിശോധിക്കുകയും, ഡ്രൈവിംഗ് ലൈസൻസ് സമ്പ്രദായം ശാസ്ത്രീയമാക്കുകയും ചെയ്താൽ വാഹന അപകടം ഒരു പരിധി വരെ നിയന്ത്രിക്കാൻ കഴിയും

4. ടി.കെ. കോളനി തേൾപ്പാറ, ഒളർവട്ടം, പാട്ടക്കരിമ്പ് തുടങ്ങിയ സ്ഥലങ്ങളിൽ സ്ക്കൂൾ ബസ് അനുവദിക്കുക

5. ഓട്ടോറിക്ഷ, ടാക്സി എന്നീരംഗങ്ങളിൽ നിയമാനുസൃതമുള്ളതിൽ കൂടുതൽ യാത്രക്കൂലി ഈടാക്കുന്നത് കർശനമായി തടയാൻ നടപടിയെടുക്കുക, റോഡുകൾ കൂടുതൽ ഗതാഗതയോഗ്യമാക്കുന്നത് ഈ പ്രശ്ന പരിഹാരത്തിന് സഹായകമാവും

മാർക്കറ്റ്

നമ്മുടെ പഞ്ചായത്തിന്റെ പൊതു മാർക്കറ്റുകളോ ആഴ്ച ചന്തകളോ ഇപ്പോൾ നിലവില്ല. ഗ്രാമസഭകളിൽ നിന്ന് വന്ന നിർദ്ദേശങ്ങളനുസരിച്ച് പൂക്കോട്ടുപാടം കേന്ദ്രമായി ഒരു ആഴ്ചചന്തയുടെ സാധ്യത പിരശോധിക്കാവുന്നതാണ്. പൂക്കോട്ടുപാടം കൂരാട് റോഡിൽ കോട്ടപ്പുഴക്ക് ഒരു പാലം നിർമ്മിക്കുകയാണെങ്കിൽ മമ്പാട്ടുമൂല, പനംപൊയിൽ, കൂരാട് പ്രദേശങ്ങളിലുള്ള കാർഷികവിഭവങ്ങൾ പൂക്കോട്ടുംപാടം ആഴ്ച ചന്തയിൽ വിപണത്തിനെത്താനുള്ള സാധ്യത വളരെ വലുതാണ്. പഞ്ചായത്തിൽ ഒരുസ്ഥിരം മാവേലി സ്റ്റോർ ഇല്ല. ഈ പ്രശ്നം അടിയന്തിര പ്രാധാന്യത്തോടെ പരിഹരിക്കേണ്ടതാണ്.

പട്ടിക.1

പഞ്ചായത്തിലെ ടാർ റോഡുകൾ

	റോഡ്	ഉടമസ്ഥത	ദൂരം (കി.മി.)	അവസ്ഥ
1.	തൊണ്ടി-കോട്ടപ്പുഴപ്പാലം	P.W.D.	8	തൃപ്തികരം
2.	പൂക്കോട്ടുപാടം-പാട്ടക്കരിമ്പ്	P.W.D.	10	മോശം
3.	പൂക്കോട്ടുപാടം-ചെട്ടിപ്പാടം			മോശം
4.	കുറ്റമ്പാറ-രാമംകുത്ത്	"	1.200	തൃപ്തികരം
5.	നോട്ടേക്കാട്-ഉപ്പുവള്ളി റോഡ് ജംക്ഷൻ	"	1	തൃപ്തികരം
6.	അഞ്ചാംമൈൽ - അമരമ്പലം	"	2500	വളരെ മോശം
7.	മാമ്പറ്റ മുല്ലപ്പള്ളി	"	2.500	വളരെ മോശം
8.	കാരക്കുളം ചുള്ളിയാട്	"	1	മോശം
9.	പൂക്കോട്ടുപാടം-സരണി റോഡ്	"	0.400	തൃപ്തികരം

പട്ടിക 2

ടാർ ചെയ്യേണ്ട റോഡുകൾ

വാർഡ്	റോഡിന്റെ പേര്
I	
a.	പൂക്കോട്ടുപാടം- കൂരാട് റോഡ്
b.	പൂക്കോട്ടുപാടം - പെരുഞ്ചൂരൽ റോഡ്
c.	പാറക്കപ്പാടം - പാലമല റോഡ്
II a.	അഞ്ചാംമൈൽ - അമരമ്പലം റോഡ്
b.	ഗാന്ധിനഗർ - ചെറായി റോഡ്
c.	ഉള്ളാട് - പുതിയക്കോട് റോഡ്
III	
a.	കൂറ്റമ്പാറ - കുതിരപ്പുഴ റോഡ്
b.	ചെറായ് - ചെറുമിറ്റിക്കോട് റോഡ്
c.	ചെറുമുറ്റിക്കോട് - തോട്ടുമ്പുഴ റോഡ്
IV	
a.	പൂക്കോട്ടുപാടം - ഉപ്പുവള്ളി - തട്ടിയേക്കൽ റോഡ്
b.	അഞ്ചാംമൈൽ - ഉപ്പുവള്ളി റോഡ്
c.	തട്ടിയേക്കൽ - ആനമുണ്ട റോഡ്
d.	മേലെ കൂറ്റൻമ്പാറ - പള്ളിക്കുന്ന് റോഡ്
e.	കൂറ്റമ്പാറ - നിലംപതി റോഡ്
V	
a.	പൂക്കോട്ടുപാടം - അരക്കാംപൊയിൽ റോഡ്
b.	മാമ്പറ്റ - മേലെ മൈലംപാറ റോഡ്
c.	പൂക്കോട്ടുപാടം - മൈലംപാറ റോഡ്
d.	മണ്ണാത്തിപൊയിൽ - കോമുള്ളുംകുന്ന് റോഡ്
e.	കാരക്കുളം - മണ്ണാത്തിപൊയിൽ റോഡ്
f.	മണ്ണാത്തിപൊയിൽ - അരക്കംപൊയിൽ റോഡ്
VI	
a.	പൂക്കോട്ടുംപാടം - ചെട്ടിപ്പാടം റോഡ്
b.	ആനന്ദ്നഗർ - പഞ്ചായത്ത് ബസ്റ്റാന്റ്
VIII	
a.	ചുള്ളിയോട് പൊന്നാംകല്ല്.
b.	ചുള്ളിയോട് - ഉണ്ണിക്കുളം
c.	ഏലകല്ല് - ചെട്ടിപ്പാടം
IX	
a.	വേങ്ങാപ്പരുത-പൂത്തോട്ടം കടവ്
b.	പാട്ടക്കരിമ്പ് - നായ്ക്കൻകോളനി
c.	പരിയങ്ങാട് - ഒളർവട്ടം
X	
a.	മേലേഇല്ലിക്കോട്ടുപൊയിൽ - പുതിയകുത്ത്
b.	ഹരിജൻ കോളനി - ഇല്ലിക്കോട്ട്പോയിൽ
c.	കരുനെച്ചി - കുരുത്തിപ്പൊയിൽ
d.	കുരുത്തിപ്പൊയിൽ - ചെറായി
e.	ചുള്ളിയില് റോഡ്
f.	അമരമ്പലം - അമ്പലറോഡ്
XI	
a.	ചുള്ളിയോട് റോഡ് - പറയങ്ങാട് - വഴി - മൂച്ചിക്കൽ കോളനി
b.	ചുള്ളിയോട് - പരതകോളനി
c.	ചുള്ളിയോട് റോഡ് - തോടേക്കരി
d.	പറമ്പ - കാഞ്ഞിരം പാടം - മണ്ണാത്തിപൊയിൽ റോഡ്

റോഡ് നിർമ്മാണം

പട്ടിക - 3

വാർഡ്	റോഡിന്റെ പേര്
1. a.	പാറക്കപ്പാടം - നടുക്കുന്ന്
b.	നടുക്കുന്ന് - പായമ്പാടം
c.	പൂക്കോട്ടും പാടം - പെരുഞ്ചൂരിൽ പാടം
2. a.	പുതിയക്കോട് - ചെറായി
b.	ഉള്ളാട് - മാമ്പൊയിൽ
c.	ഉള്ളാട് - പൂക്കോട്ടും പാടം.
d.	പുതിയക്കോട് - നരിപ്പൊയിൽ
e.	നരിപ്പൊയിൽ - മേലേകൂറ്റമ്പാറ
f.	പുതിയ കളം - അമമ്പരലം പുഴ
g.	തരിശ് - പൂക്കോട്ടും പാടം
h.	മാമ്പൊയിൽ - പന്നിക്കോട്
i.	ഉള്ളാട് - പുതിയ കളം
j.	തോട്ടേക്കാട് - കോഴിശ്ശീരിക്കുന്ന് - പുതിയക്കോട്
k.	അഞ്ചാം മൈൽ - അമ്പലക്കുന്ന് തച്ചാൾപൊയിൽ
l.	പുതിയക്കോട് - ഭരദേവതാ റോഡ്

3. a.	മേലേക്കൂറ്റമ്പാറ – നരിപ്പൊയിൽ – കണ്ണച്ചൻകുന്ന് അമരാവതി
b.	ലക്ഷം വീട് – നരിക്കുന്ന് റോഡ്
c.	പുളിമലക്കുന്ന് – ചെറായി
d.	കൂറ്റമ്പാറ – ചെറായി – കുതിരപ്പുഴ
4. a.	അഞ്ചാം മൈൽ – ആനമുണ്ട – ഉപ്പുവള്ളി റോഡ്
b.	തോട്ടേക്കാട് വി.കെ. പടി – പള്ളിക്കുന്ന്
c.	കൂറ്റമ്പാറ – പള്ളിപ്പടി – വലമ്പുറം
d.	തോട്ടേക്കാട് – കാലിക്കുളം – കൂട്ടിക്കുന്ന്.
e.	തിരുമുണ്ടി – കാലിക്കുളം – കോട്ടക്കുന്ന്
f.	തട്ടിയേക്കൽ – ഉപ്പുവള്ളി
g.	ജു.മു.അ:ത്ത് പള്ളി – ആനമുണ്ട
h.	ഉപ്പുവള്ളി – പൊയിൽ റോഡ്
i.	വലിയകുളം – പറയങ്ങാട്
j.	ചുള്ളിയോട് റോഡ് ജംഗ്ഷൻ – വില്ലൂത്ത് പാടം – പറയാങ്ങാട്
k.	ചുങ്കത്ത് റോഡ് – വില്ലൂത്ത് പാടം
l.	ഒറവംക്കുണ്ട് – പറയങ്ങാട് റോഡ്
5 a.	ഒറവം കുണ്ട് റോഡ് – കുട്ടിക്കുന്നം റോഡ്
b.	കാക്കപ്പൊയിൽ – പള്ളിക്കുന്ന്
c.	തളിയങ്ങോട് – കാക്കപ്പൊയിൽ
d.	ചേലോട് സ്കൂൾ പാടം – ഉപ്പ്വള്ളി
e.	തളിങ്ങോട് – വാലിൽ ഹരിജൻകോളനി
f.	മണ്ണാത്തിപ്പൊയിൽ – മിൽ റോഡ്
g.	മാമ്പറ്റ – തുടിക്കോട്
6 a.	താഴെചുള്ളിയോട് – പുഴക്കടവ്
b.	കിഴക്കേ പര്യങ്ങാട് ഹരിജൻകോളനി
c.	ചെട്ടിപ്പാടം – കണക്കന്റ ചോല – പറമ്പ യു.പി.
d.	ചെട്ടിപ്പാടം – ഏലക്കല്ല്
7 a.	ചുള്ളിയോട് – ടി. കെ. കോളനി
b.	ചുള്ളയോട് ഗിരിജൻ കോളനി
c.	ഉണ്ണക്കുളം – പൊന്നാംകല്ല്
d.	ഏലക്കല്ല് – എള്ളും പറമ്പ്
e.	എള്ളും പറമ്പ് – പൊന്താം കല്ല് (പള്ളി)
f.	മൂർഖൻ പാടം – എള്ളുംപറമ്പ്
g.	ചുള്ളിയോട് – ഉണ്ണിക്കുളം
h.	ഉരുകുത്തിയൻ – ഏലക്കല്ല്
8 a.	കവളമുക്കട്ട – വീരാളിമുണ്ട – ഉണ്ണിക്കുളം
b.	വാഴച്ചാലി – ഒളർവട്ടം
c.	തേൾപ്പാറ – അറനാടൻ കൈ കെ.പി. എം. റോഡ്
d.	വാഴച്ചാലി – പൊട്ടിക്കല്ല്
e.	കവളമുക്കട്ട – അമ്പലം – അറനാടൻകൈ
f.	കവളമുക്കട്ട – പാണിക്കല്ല് – തേൾപ്പാറ – കിഴക്കേക്കര
g.	ഒളർവട്ടം – കൊമ്പൻകല്ല് – തേൾപ്പാറ
h.	പന്തിക്കൽ – കളംകുന്ന് റോഡ്
i.	വേങ്ങാപ്പരത – ദ്വീപു വഴി – കവളക്കുന്ന്
j.	തേൾപ്പാറ – അറനാടൻ കൈ – കവള
k.	മേലേപ്പീടിക – യത്തീംഖാന എസ്റ്റേറ്റ് വഴി കെ.പി.എം. റോഡ്
9. a.	പുഞ്ച – കളന്നിപ്പടി
b.	പാട്ടക്കരിമ്പ് – തെക്കുഭാഗം റോഡ്
c.	ടി. കെ. കോളനി – പാലം അപ്രോച്ച്
d.	ടി. കെ. കോളനി – അമ്പലക്കുന്ന്
e.	പാൽ സൊസൈറ്റി – ഫോറസ്റ്റ് റോഡ്
g.	വീട്ടിച്ചോല റോഡ് – എൻ. എ. എ. എം. എൽ. പി സ്കൂൾ – പുഞ്ച
10 a.	മേലേഇല്ലിക്കോട്ട് റോഡ് – കോളനി റോഡ്
b.	അമരമ്പലം സൗത്ത് – കരുനെച്ചിക്കുന്ന് റോഡ്
c.	പാറമുണ്ട – പുഴ റോഡ്
d.	കുരുത്തിപ്പൊയിൽ – പൊത്തന റോഡ്
e.	കുരുത്തിപ്പൊയിൽ – കാരാട് റോഡ്

ഫുട്ട്പാത്ത് നിർമ്മാണം

വാർഡ്	റോഡിന്റെ പേര്
8 a.	കവള – മാനുപ്പുട്ടി ഫുട്ട്പാത്ത്
11 b.	തോട്ടേക്കര – റീഗൽ എസ്റ്റേറ്റ്
4 c.	പൂക്കോട്ടും പാടം – വില്ലൂത്ത് പാടം
5 d.	കാക്കപ്പൊയിൽ കോളനി
e.	അരക്കംപൊയിൽ കുളത്തൊടി
7 f.	കാരക്കുളം ഫുട്ട്പാത്ത്
3 g.	കുതിരപ്പുഴ – പാത്തിച്ചാൽ കടവിൽ നട

	പ്പാലം നിർമ്മാണം
10 a.	സാംസ്കാരിക നിലയം – ഒടുങ്ങൽപാടം വഴി ഇല്ലിക്കോട്പൊയിൽ കോളനിയുമായി ബന്ധിപ്പിക്കുക.
b.	മേലെഇല്ലിക്കോട്ട് പൊയിലിൽ നിന്ന് – താഴേ ഇല്ലിക്കോട്ട്പൊയിൽ ഹെൽത്ത് സബ്സെന്റർ ഭാഗത്തേക്ക് പാടം വഴി
c.	സാംസ്കാരിക നിലയം – ഓട്ടുപാറ

റിപ്പയർചെയ്യേണ്ടതും പുതുതായി നിർമ്മക്കേണ്ടതുമായ റോഡുകൾ

വാർഡ്	റോഡിന്റെ പേര്
1 a.	പാറക്കപ്പാടം – പാലമല റോഡ്
b.	സരണിപ്പടി – ജു.മ.അ:ത്ത് പള്ളി റോഡ്
c.	പഞ്ഞംപൊയിൽ – പെരിഞ്ഞൂരി
d.	അമ്പലക്കുന്ന് – പെരുഞ്ഞൂരി e. സരണിപ്പടി – പായമ്പാടം
2 a.	മാമ്പൊയിൽ തരിശ് കോളനി റോഡ്
b.	ഉള്ളാട് വായനശാല – മണ്ണിൽ
c.	മണ്ണിൽ – മണ്ണിൽ കോളനി
3 a.	രാമംങ്കുത്ത് UP സ്കൂൾ റോഡ്
b.	ചെറായി – പാത്തിച്ചാൽ
c.	രാമൻകുത്ത് – ചേനേമ്പാടം
d.	ചെറുമുറ്റിക്കോട് – തോട്ടുമ്പുഴ
e.	സ്കൂൾ കുന്ന് – കുമൻ പാള
f.	നെല്ലിക്കുന്ന് അംഗൻവാടി റോഡ്
g.	ചെറായി – ഗണപതി റോഡ്
4. a.	അഞ്ചാം മൈൽ – കാലിക്കുളം
b.	കൃസ്ത്യൻ പള്ളി – ആനമണ്ടക്കുന്ന്
c.	കോമുപ്പടി – തട്ടിയേക്കൽ റോഡ്
5 a.	മാമ്പറ്റ – മൈലംമ്പാറ റോഡ്
b.	മണ്ണാത്തിപ്പൊയിൽ – ചേലോട് ഗിരിജൻ കോളനി
6. a.	ബ്രാണക്കോട് – പരിയങ്ങാട് റോഡ്
b.	പരിയങ്ങാട് കോളനി – കുട്ടിക്കുന്ന്
c.	പായംപാടം – വട്ടംപാടം
d	വട്ടംപാടം – കുളഞ്ഞൂരപൊയിൽ
e.	ചെട്ടിപ്പാടം – കോട്ടപ്പുഴ കടവ്
f.	വീട്ടിക്കുന്ന് – കോട്ടപ്പുഴ റോഡ്
10 a.	മേലെ ഇല്ലിക്കോട്ടുപൊയിൽ – ഏവങ്ങാട്
b.	ചുള്ളിയിൽ – പാറുണ്ട – കുരുത്തിപൊയിൽ
c.	ചുളിയിൽ – ഇല്ലിക്കോട്ടു പൊയിൽ
d.	മേലെഇല്ലിക്കോട്ടു പൊയിൽ – കൽച്ചിറി
e.	ചുള്ളിയിൽ – ഏമങ്ങാട്
f.	ശ്മശാനം – കരുനെച്ചി റോഡ്
g.	ടെമ്പിൾ കരുനെച്ചി റോഡ് – പാറുണ്ട റോഡുമായി ബന്ധം
h.	കരുത്തിപൊയിൽ – കേലാംപാടം
i.	മേലേഇല്ലിക്കോട്ടുപൊയിൽ – ചെട്ടിക്കുളം
j.	കരുനെച്ചി – മഞ്ഞള – മൂച്ചിക്കൽ
11 a.	മാമ്പറ്റ – കാഞ്ഞിരം പാടം റോഡ്
b.	ചുള്ളിയോട് – പന്നിക്കുളം
c.	പറമ്പ – അയ്യപ്പൻ കുളം – കാഞ്ഞിരം പാടം റോഡ്
d.	ആനന്ദ് നഗർ – തൊട്ടേക്കര – പറമ്പ സ്കൂൾ റോഡ്
e.	പറമ്പസ്കൂൾ – ചെട്ടിപ്പാടം റോഡ്
f.	ചുള്ളിയോട് – പരത കോളനിറോഡ്
g.	ചുള്ളിയോട് – അയ്യപ്പൻകുളം കോളനി റോഡ്



5.6
ഊർജ്ജം

അമരമ്പലം പഞ്ചായത്തിൽ 1975 ആഗസ്റ്റ് മാസത്തിൽ പൂക്കോട്ടും പാടം അങ്ങാടിയിൽ ഒരു ട്രാൻസ്ഫോർമർ സ്ഥാപിച്ച് പൂക്കോട്ടുപാടം-ചുള്ളിയോട് ഭാഗങ്ങളിൽ നൂറോളം വീടുകളിൽ വൈദ്യുതി കണക്ഷൻ , 10 തെരുവു വിളക്കുകളും സ്ഥാപിച്ചുകൊണ്ട് വൈദ്യുതിയുടെ ചരിത്രം ഈ പഞ്ചായത്തിൽ ആരംഭിക്കുന്നു. നിലമ്പൂർ 66കെ.വി. സബ് സ്റ്റേഷനിൽ നിന്ന് ഈ പ്രദേശത്തേക്ക് വൈദ്യുതി ലഭിക്കുന്നത്. ഈ പഞ്ചായത്തിൽ ഇപ്പോൾ 1465 ഗാർഹികഉപഭോക്താക്കളും 156 കാർഷിക ഉപഭോക്താക്കളും 232 വ്യാപാര ഉപഭോക്താക്കളും 30 വ്യാവസായിക ഉപഭോക്താക്കളും ഉണ്ട്. ഈ പഞ്ചായത്തിൽ 15 ട്രാൻസ്ഫോർമറുകൾ ഉണ്ടെങ്കിലും എല്ലാ ട്രാൻസ്ഫോർമറുകളും അധിക ഭാരം വഹിക്കുന്നു. ഉപഭോക്താക്കളിൽ 95%വും വോൾട്ടേജ് ക്ഷാമത്തെ സംബന്ധിച്ച് പരാതിയുള്ളവരാണ്. ഇതിൽ നല്ലൊരു ശതമാനം ഗാർഹികഉപഭോക്താക്കളും വോൾട്ടേജ് ആവശ്യമായ സമയത്ത് തീരെ ഇല്ലാത്തതിനാൽ മറ്റു വിളക്കുകളെ ആശ്രയിക്കേണ്ട ഗതികേടിലാണ്. പഞ്ചായത്തിൽ നിലവിലുള്ള ട്രാൻസ്ഫോർമറുകളുടെ എണ്ണം പട്ടിക 1ലും വോൾട്ടേജ് ക്ഷാമം പരിഹരിക്കുവാൻ ആവശ്യമായിട്ടുള്ള നിർദ്ദേശങ്ങളും ട്രാൻസ്ഫോർമറുകളുടെ എണ്ണവും സംബന്ധിച്ച വിവരങ്ങൾ പട്ടിക-2 പട്ടിക-3 എന്നിവയിലും ചേർത്തിരിക്കുന്നു. (പട്ടിക - 1, 2, 3 എന്നിവ യഥാക്രമം ഇവിടെ ചേർക്കുക)

അമരമ്പലം പഞ്ചായത്തിൽ നിലവിലുള്ള ഉപഭോക്താക്കൾക്ക് വൈദ്യുതി സംബന്ധമായ കാര്യങ്ങൾക്ക് സെക്ഷൻ ഓഫീസിൽ എത്തണമെങ്കിൽ 10 മുതൽ 25 വരെ കിലോമീറ്റർ യാത്ര ചെയ്യേണ്ടതുണ്ട്. ഇതിനൊരു പരിഹാരമായിപൂക്കോട്ടുപാടം കേന്ദ്രമായി ചോക്കാട്, കരുളായി ഭാഗത്തുള്ളവർക്കുകൂടി സൗകര്യപ്രദമായ രീതിയിൽ ഏകദേശം 4600 ഓളം ഉപഭോക്താക്കൾക്ക് ഒരു സെക്ഷൻ ഓഫീസ് ആരംഭിക്കാൻ വേണ്ട തീരുമാനം സർക്കാർ തലത്തിൽ എടുത്തിരുന്നതായി പത്രങ്ങളിലൂടെ അറിയാൻ കഴിഞ്ഞെങ്കിലും അതിന്റെ തുടർ നടപടികൾ യാതൊന്നും തന്നെ ഇതുവരെയും ഉണ്ടായതായി അറിവില്ല. പഞ്ചായത്ത് പ്രദേശത്ത് 28 കി.മി 11.കെ.വി. ലൈനുകളും 35കീ. മി 3-ഫേസ് (3) ലൈനും 29 കി.മീ. സിങ്കിൾ ഫേസ് (s) ലൈനും ഉണ്ട്. പഞ്ചായത്തിൽ നാല് സോഡിയം വേപ്പർ ലാമ്പുകളും 73 സ്ട്രീറ്റുലൈറ്റുകളും ഉണ്ടെങ്കിലും ഭൂരിഭാഗവും പ്രകാശിക്കുന്നവയല്ല. നിലവിലുള്ള സ്ഥിതിയിൽ 75% വീടുകളിലും വൈദ്യുതിയില്ല. ഇത് വൈദ്യുതമേഖലയിൽ നമ്മുടെ പഞ്ചായത്ത് എത്രമാത്രം പിറകിലാണെന്നുള്ളതിലേക്ക് വിരൽചൂണ്ടുന്നു. നമ്മുടെ പഞ്ചായത്തിൽ സ്വന്തമായി വീട്ടാവശ്യത്തിന് പൂർണ്ണമായും സൗരോർജ്ജം ഉപയോഗിക്കുന്ന 17 വീടുകളും ഉണ്ട്.

നമ്മുടെ പഞ്ചായത്തിൽ വീടുകളിൽ അധികവും പാചകാവശ്യത്തിന് വിറകാണ് ഉപയോഗിക്കുന്നത്.[ആകെയുള്ള 4888 (91ലെ സെൻസസ് റിപ്പോർട്ട്) വീടുകളിൽ 4503 വീടുകളിലും] കിഴക്കൻ മേഖലകളിലെ ഏതാനും വീടുകൾ ഒഴിച്ചാൽ ഭൂരിഭാഗം ആളുകളും വിറക് വിലകൊടുത്ത് വാങ്ങുന്നവരാണ്. കുറച്ച് വീടുകളിൽ മാത്രം വിറക് തെങ്ങിൽ നിന്നുംമറ്റുമായി ശേഖരിക്കുന്നു. പാചകാവശ്യത്തിനായി വൈദ്യുതി, മണ്ണെണ്ണ തുടങ്ങിയ മറ്റു ശ്രോതസ്സുകളെ ആശ്രയിക്കുന്നവർ വിരലിലെണ്ണാവുന്നവർ മാത്രം

വിറകിന്റെ വ്യാപകമായ ഉപയോഗം ചെറിയതോതിലെങ്കിലും വനനശീകരണത്തിന് കാരണമാകുന്നു. സാധാരണ അടുപ്പുകളിൽ ഒരു കിലോഗ്രാം വിറകുപയോഗിക്കുമ്പോൾ 10% ഊർജ്ജം മാത്രമാണ് നമുക്ക് ലഭിക്കുന്നത്. അതായത് 1 കി.ഗ്രാം. വിറകിൽ നിന്നും 4000കലോറി ഊർജ്ജം കിട്ടേണ്ടസ്ഥാനത്ത് നമുക്ക് ലഭ്യമാകുന്നത് കേവലം നാന്നൂറ് കലോറി മാത്രമാണ്. അങ്ങിനെ ലഭ്യമാക്കേണ്ട ഊർജ്ജത്തിന്റെ സിംഹഭാഗവും നമുക്ക് നഷ്ടമാകുന്നു. മാത്രമല്ല, സാധാരണ വിറകടുപ്പുകൾ വീട്ടമ്മമാരുടെ ആരോഗ്യത്തെയും ദോഷകരമായി ബാധിക്കുന്നു.

പുകശല്യമില്ലാത്ത, ദക്ഷത കൂടിയ അടുപ്പുകളുടെ ഉപയോഗം വ്യാപകമാക്കിയാൽ വിറകിനുവേണ്ടിയുള്ള വനം കൈയേറ്റം ഒരു പരിധിവരെ തടയാൻ കഴിയുന്നുതും നമുക്ക് നഷ്ടപ്പെട്ടുപോകുന്ന അധിക ഊർജ്ജം, സാമ്പത്തിക നഷ്ടം എന്നിവ പരിഹരിക്കാൻ കഴിയും അതുപോലെ കച്ചിപ്പെട്ടി നിർമ്മാണവും അതിന്റെ പ്രചരണവും ഊർജ്ജലാഭത്തിന് വളരെയധികം സഹായകമാവും. അനർട്ട്, കേരളാശാസ്ത്രസാഹിത്യ പരിഷത്ത് തുടങ്ങിയവയുമായി ബന്ധപ്പെട്ട് ഇത്തരം സൗകര്യങ്ങൾ സാധാരണ ജനതക്ക് പ്രയോജനപ്പെടുത്താവുന്നതാണ്.

വൈദ്യുതമേഖലയിൽ നമ്മുടെ പ്രശ്നങ്ങൾ

1. പഞ്ചായത്തിലെ ഭൂരിഭാഗം പ്രദേശത്തും വൈദ്യുതി എത്തിയിട്ടില്ല.

2. ഉപഭോക്താക്കളിൽ 95% ഗുണഭോക്താക്കൾക്കും വോൾട്ടേജ് ക്ഷാമം വളരേ രൂക്ഷമായി അനുഭവപ്പെടുന്നു.

3. പൂക്കോട്ടും പാടം കേന്ദ്രമായി സെക്ഷൻ ഓഫീസ് ഇല്ലാത്തതിനാൽ ഉപഭോക്താക്കൾ വളരെയധികം കഷ്ടപ്പെടുന്നു.

4. വൈദ്യുതി ലൈനിൽ മരച്ചില്ലകൾ തട്ടിനിൽക്കുന്നത് യഥാസമയം മുറിച്ചു മാറ്റാത്തത് കാരണം ലൈനിൽ വോൾട്ടേജ് കുറയുന്നതിനും വിതരണ നഷ്ടം വർദ്ധിക്കുന്നതിനും കാരണമാകുന്നു.

5. പ്രധാനപ്പെട്ട മിക്കസ്ഥലങ്ങളിലും സ്ട്രീറ്റ് ലൈറ്റുകൾ ഇല്ല.

6. സ്റ്റെപ്പ്-അപ്പ് ഉപയോഗം മറ്റ് ഉപഭോക്താക്കൾക്ക് പ്രശ്നമാകുന്നു.

7. അതാത് പ്രദേശത്തെ ചുമതലയുള്ള വൈദ്യുത ജീവനക്കാരും ജനപ്രതിനിധികളും ഗുണഭോക്താക്കളും തമ്മിൽ പരസ്പരം ബന്ധപ്പെടാനുള്ള അവസരം ഇല്ല.

8. O. Y. E. C, C. D എന്നിവ അടച്ച് അപേക്ഷിച്ചവർ കണക്ഷന് വേണ്ടി അനന്തമായി കാത്തിരിക്കേണ്ടിവരുന്നു.

9. ബോർഡു ജീവനക്കാരുടെ പ്രശ്നങ്ങൾ പരിഹിക്കുന്നതിനുള്ള വിമുഖതയും അനാസ്ഥയും പൊതുജനങ്ങളുടെ വിഷമങ്ങൾ കൂട്ടുന്നു.

10. സൗരോർജ്ജം, ബയോഗ്യാസ്, തുടങ്ങിയ പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകളുടെ ഉപയോഗം വേണ്ടവിധം പ്രോത്സാഹിപ്പിക്കുന്നില്ല.

11. സ്ട്രീറ്റ് ലൈറ്റുകളിൽ അധികവും പ്രവർത്തനരഹിതമാണ്.

പരിഹാരനിർദ്ദേശങ്ങൾ1. വർദ്ധിച്ചുവരുന്ന ആവശ്യത്തിനനുസരിച്ച് വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനു വേണ്ടി പദ്ധതികൾ കണ്ടെത്തി നടപ്പാക്കുക.

2. കിഴക്കൻ മേഖലയിലെ വടക്കേ കോട്ടമലയും തെക്കേ കോട്ടമലയും ബന്ധിപ്പിച്ച് ഒരു ചെറുകിട ജലവൈദ്യുത പദ്ധതിക്കുള്ള സാധ്യത പരിശോധിക്കേണ്ടതാണ്.

3. നിലവിലുള്ള ജലസ്രോതസ്സുകളിൽ നിന്ന് മിനി മൈക്രോ പദ്ധതികളുടെ സാധ്യത കണ്ടെത്തേണ്ടതാണ്.

4. നമ്മുടെ പഞ്ചായത്തിലെ സൂര്യപ്രകാശം ലഭിക്കുന്ന തുറസ്സായ സ്ഥലങ്ങൾ വിശേഷിച്ചും സ്കൂളുകൾ, വയലുകൾ തുടങ്ങിയ പ്രദേശങ്ങളിൽ സൗരസെല്ലുകൾ സ്ഥാപിച്ച് വൈദ്യുതി ഉത്പാദിപ്പിക്കാൻ ശ്രമിക്കണം. ഇതിനു വേണ്ട സാങ്കേതിക സഹായം അനർട്ടിൽ നിന്നും ശാസ്ത്രസാഹിത്യ പരിഷത്തിന്റെ ആഭിമുഖ്യത്തിൽ മുണ്ടൂരിലുള്ള ഗവേഷണസ്ഥാപനമായ ഐ.ആർ.ടി.സി.യിൽ നിന്നും മറ്റും സ്വീകരിക്കാവുന്നതാണ്.

5. നമ്മുടെ പഞ്ചായത്തിലെ മുഖ്യ കാർഷിക വിളയായ റബ്ബറിന്റെ റാട്ടപ്പുരകളിൽ നിന്നും മലിന ജലം ഉപയോഗിച്ച് ഊർജ്ജം ഉപയോഗിക്കാനുള്ള സാധ്യതകളും പരിശോധിക്കേണ്ടതാണ്.

6. വൈദ്യുതി വിതരണത്തിലെ പ്രസരണ നഷ്ടം പരിഹരിക്കുന്നതിന് ഇപ്പോഴുള്ള അശാസ്ത്രീയ വൈദ്യുത ലൈനുകളുടെ ഘടന പുനഃക്രമീകരിക്കേണ്ടതാണ്.

7. ഈ പഞ്ചായത്തിലെ ഇനി അത്യാവശ്യമായി അനുവദിച്ചുകിട്ടേണ്ട ട്രാൻസ്ഫോർമറുകളുടെയും ത്രീഫേസ് (3 0) സിംഗിൾ ഫേസ് (S 0) ലൈനുകളുടെയും വിവരങ്ങൾ പട്ടിക -4ൽ പ്രതി

പാദിച്ചിരിക്കുന്നത് ശ്രദ്ധിക്കുക.

പട്ടിക 4

8. പൂക്കോട്ടും പാടം കേന്ദ്രമായി സെക്ഷൻ ഓഫീസ് അനുവദിക്കുക.

9. വൈദ്യുതി ലൈനിൽ തട്ടിനിൽക്കുന്ന മരച്ചില്ലകൾ അതാത് പ്രദേശത്തെ ഉപഭോക്താക്കൾ ഫീൽഡ് ജീവനക്കാരുമായി ബന്ധപ്പെട്ട് അവരുടെ നേതൃത്വത്തിൽ ശ്രമദാനമായി മുറിച്ചു മാറ്റാനുള്ള സംവിധാനം ഉണ്ടാക്കുക.

10. മിക്ക ഗ്രാമസഭകളും സ്ട്രീറ്റ് ലൈറ്റുകൾക്ക് വേണ്ടി നീണ്ട പട്ടികകൾ തന്നെ സമർപ്പിച്ചിരിക്കുന്നു. ഫണ്ടിന്റെ പിരിമിതിയും, സാങ്കേതിക പ്രശ്നങ്ങളും കണക്കിലെടുത്ത് ഗ്രാമസഭകൾതന്നെ അവയുടെ എണ്ണം നിജപ്പെടുത്തേണ്ടതിരിക്കുന്നു. (പട്ടിക-5 ഇവിടെ ചേർക്കുക) സൗരോർജ്ജ വഴിവിളക്കുകൾ സ്ഥാപിച്ച് ഇതിനൊരു പരിഹാരം കണ്ടെത്തുന്നതിന് വേണ്ടി ശ്രമിക്കാവുന്നതാണ്.

11. സ്റ്റെപ്-അപ് ഉപയോഗം തടയുകയും പട്ടിക 2ലും 3ലും പറയുന്ന പരിഹാര നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കുകയും ചെയ്യുക.

12. വൈദ്യുതി ജീവനക്കാരെയും ജനപ്രതിനിധികളേയും ഉപഭോക്താക്കളെയും ഉൾപ്പെടുത്തിക്കൊണ്ട്.സമിതികൾ രൂപീകരിക്കുക. അതുപോലെത്തെന്നെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വൈദ്യുതി ജീവനക്കാരുടെ മേൽ നിയന്ത്രണം ഏർപ്പെടുത്തുക.

13. O.Y.E.C. അടച്ചവർക്ക് സമയബന്ധിതമായി (പരമാവധി 3 മാസത്തിനുള്ളിൽ) കണക്ഷൻ ലഭ്യമാക്കുക.

14. ബോർഡ് ജീവനക്കാരിൽ സാമൂഹ്യ പ്രതിബദ്ധതയും നിസ്വാർത്ഥമായ സേവന തത്പരതയും വളർത്തുന്നതിന് വേണ്ടിയുള്ള ശ്രമം ട്രേഡ്യൂണിയൻ തലത്തിൽ നിന്ന് ഉണ്ടാകേണ്ടതാണ്.

15. സൗരോർജ്ജത്തിന്റെ വ്യാപകമായ ഉപയോഗത്തിനാവശ്യമായിട്ടുള്ള പ്രചരണവും ആനുകൂല്യങ്ങളും പഞ്ചായത്തിന്റെ നേതൃത്വത്തിൽ ചെയ്തുകൊടുക്കേണ്ടതാണ്.

16. സ്ട്രീറ്റ് ലൈറ്റുകളുടെ നിയന്ത്രണം തദ്ദേശം സ്വയംഭരണ സ്ഥാപനങ്ങളെ ഏൽപിക്കുക.

പട്ടിക - 4

അമരമ്പലം പഞ്ചായത്തിൽ ഇനിയും വൈദ്യുതി എത്തേണ്ട സ്ഥലം സംബന്ധിച്ച വിവരം

വാർഡ്	പുതിയലൈൻ വരേണ്ട സ്ഥലങ്ങൾ	ലൈനിന്റെ സ്വഭാവം
I	പാറക്കപ്പാടം	30
,,	നടുക്കുന്ന് കോളനി	50
II	അഞ്ചാംമൈൽ - ഉള്ളാട്	30
,,	കണ്ണശ്ശൻകുന്ന് - അമ്പലക്കുന്ന്	30
III	നരിപൊയിൽ കോളനി, കോഴിശ്ശേരിക്കുന്ന്	30
,,	ചെറുമിറ്റിക്കോട് കോളനി	30
IV	അഞ്ചാംമൈൽ - കുട്ടിക്കുന്ന്	30
VI	പെരിങ്ങാട്	
	നങ്കോട്	
	താഴേചുള്ളിയോട്	50
	കണക്കൻ ചോല	
	പറമ്പ	50
	ചെട്ടിപ്പാടം ഹരിജൻ കോളനികൾ	
	പരിയങ്ങാട് ഹരിജൻ കോളനി	
	പറമ്പ ഹരിജൻ കോളനി	
VII	ചുള്ളിയോട് SC കോളനി	
	ST കോളനി - ടി. കെ. കോളനി	
	അറനാടൻ കോളനി	
VIII	കവളക്കുന്ന് കോളനി	

	പൊട്ടിക്കല്ല് - കുമ്പളപ്പാറ			ഇല്ലിക്കാട്ടു പൊയിൽ കോളനി	30
IX	തേൾപ്പാറ - പൂത്തോട്ടം കടവ്	30		അമനമ്പലം ഓട്ടു കമ്പനി-സ്കൂൾപടി	
	പൊട്ടക്കരിമ്പ് - ആദിവാസി കോളനി	30	XI	മാമ്പറ്റ-മാമ്പറ്റ മുകൾ ഭാഗം	
X	ഹരിജൻ കോളനി			കാരക്കുളം-ചുള്ളിയോട്	
	മേലേ ഇല്ലിക്കോട്ട്പൊയിൽ			പന്നിക്കുളം- അയ്യപ്പൻ കുളം	
	കുളക്കാട്ടുപുറം			ഉപ്പു വള്ളി	
				തോട്ടേക്കര- ആനക്കോട്	

പട്ടിക 1

അമരമ്പലം പഞ്ചായത്ത് നിലവിലുള്ള ട്രാൻസ്ഫോർമറുകളും - വിതരണവും

എണ്ണം	സ്ഥാനം	ശേഷി (KWA-ൽ)	ദൂരം L.T. 30 ലൈൻ	ദൂരം L.T. 30 ലൈൻ
1.	നിലം പതി	100 KVA	5 K.M	2 K.M
2.	ചേലോട്	63 "	1.5 "	2"
3.	പൂക്കോട്ടു പാടം No.1	160 "	1.5 "	2.5 "
4.	പൂക്കോട്ടു പാടം No. 2	100 "	2.5 "	1.5 "
5.	കോട്ടക്കുളം	100 "	1.5 "	2.5 "
6.	ചുള്ളിയോട്	100 "	2.0 "	3.-"
7.	ചെട്ടിപ്പാടം	63 "	1.5 "	1-"
8.	കവളമുക്കട്ടNo. 1	100 "	2.0 "	1-"
9.	കവളമുക്കട്ട No. 2	100 "	3.5 "	1.5 "
10.	വേങ്ങാപരത	100 "	4.5 "	2.-"
11.	പായമ്പാടം	63 "	2.0"	3.5 "
12.	ചെറായി	63 "	1.0"	1.-"
13	അങ്ങാടി മണ്ണ്	100"	2.5 "	2-"
14.	പുതിയകളം	63 "	2.0 "	2-"
15.	അമരമ്പലം സൗത്ത്	63 "	1.0 "	1.5 "
16.	തരിശ്	100 "		

പട്ടിക – 2

അമരമ്പലം പഞ്ചായത്ത് വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി ചെയ്യേണ്ട പ്രവൃത്തികൾ

എണ്ണം	ട്രാൻസ്ഫോർമർ സ്ഥാപിക്കേണ്ട സ്ഥലം	11 KV Line ദൂരം K.M
1.	മേലേക്കൂറ്റമ്പാറ	
2.	തോട്ടേക്കാട്	
3.	സരണി ടാക്കീസിന് സമീപം	.3
4.	തട്ടിയേക്കൽ ഹരിജൻ കോളനി	.3
5.	വട്ടപ്പാടം	.5
6.	മാമ്പറ്റ അങ്ങാടി	
7.	തേൾപ്പാറ	.4
8.	മണ്ണത്തിപൊയിൽ	1.00
9.	ചെറായി	
10.	പാറക്കപ്പാടം	.8
11.	അഞ്ചാംമൈൽ	.75

പട്ടിക – 3

നിലവിലുള്ള So ലൈൻ 3oലൈൻ ആക്കേണ്ടത്

എണ്ണം	ലൈൻ നിലവിലുള്ള സ്ഥലം	ദൂരം (KM)
1.	തോട്ടേക്കാട് വി.കെ. ബ്രിക്സ് വഴി	2.00 KM
2.	തട്ടിയേക്കൽ ഹരിജൻ കോടതി	0.500 ”
3.	വട്ടപ്പാടം	1.5 ”
4.	മാമ്പറ്റ അങ്ങാടി	1.00”
5.	ചുള്ളിയോട് – ഏലക്കല്ല്	1.7”
6.	തോട്ടേക്കര	1.– ”
7.	പായമ്പാടം – വട്ടപ്പാടം	2.0 ”
8.	മണ്ണാത്തി പൊയിൽ	1.5 ”
9.	കൂറ്റമ്പാറ – ചെറുമിറ്റിക്കോട്	3.–”
10.	പൂക്കോട്ടു പാടം – പെരുമ്പൂർ	2– ”
	ആകെ – 18.200	



പാർപ്പിടവും സാമൂഹ്യക്ഷേമവും.

പാർപ്പിടം :-

അമരമ്പലം ഗ്രാമ പഞ്ചായത്തിലെ ആകെ ജനസംഖ്യ 26804 ആണ് .നാലായിരത്തിഎണ്ണൂറ്റി അൻപത്തിയേഴ് 4888 വീടുകളിലായിട്ടാണ് ഇവർ താമസിക്കുന്നത് . (91 സെൻസസ് റിപ്പോർട്ട്) ഒരു വീട്ടിൽ തന്നെ ഒന്നിൽ കൂടുതൽ കുടുംബങ്ങൾ താമസിക്കുന്നുണ്ട് .വീടു നിർമ്മാണത്തിൽ ഗൾഫ് പണത്തിന്റെ സ്വാധീനം ഉണ്ട് ആർഭാട മേഖലയിലേക്കാണ് ഗൾഫ് പണത്തിന്റെ ഗണ്യമായഭാഗം ചിലവഴിക്കുന്നത് .കേരളത്തിന്റെ ഭൂപ്രകൃതിക്കും കാലാവസ്ഥയ്ക്കും അനുയോജ്യമല്ലാത്തകേരളീയ വാസ്തുശില്പ വിദ്യയിൽ നിന്ന് അന്യമായ പണം ദുർവ്യയം ചെയ്തു കൊണ്ടുള്ള വീടുകൾ പഞ്ചായത്തിൽ ഉണ്ട് . കൃഷിയിടങ്ങൾ നികത്തി വീടു വെക്കുന്നവരുടെ എണ്ണം വർദ്ധിച്ച് വരുകയാണ് . PWD റോഡിന്റെ വക്കിൽ വീടുകളുടെ എണ്ണം കൂടി വരുകയാണ് . കൂടുതൽ സൗകര്യങ്ങൾക്കുള്ള ആർത്തിയും വീടിനെ ഒരു പ്രദർശനവസ്തുവാക്കി മാറ്റുന്നതും നഗര സംസ്ക്കാരത്തിന്റെ ഭാഗമാണ് .സ്വന്തമായി വീടില്ലാത്ത 554 കുടുംബങ്ങൾ പഞ്ചായത്തിലുണ്ട് . മനുഷ്യന്റെ പ്രാഥമിക ആവശ്യങ്ങളിൽ ഒന്നായ വീട് മുഴുവൻ കുടുംബങ്ങൾക്കും ഉണ്ടാകാതെ പോയത് ഈ രംഗത്തെ പ്രശ്നങ്ങളുടെ ഗൗരവം വർദ്ധിപ്പിക്കുന്നു .

പഞ്ചായത്തിലാകെ 3991 ഓടിട്ട വീടുകളും 220 ടെറസ് വീടുകളും 646 ഓലമേഞ്ഞ വീടുകളുമാണ് ഉള്ളത് .ഓലമേഞ്ഞ വീടുകളിൽ മുഴുവനും പ്രാഥമിക സൗകര്യം പോലും ഇല്ലാത്തതാണ് .ഓടിട്ട വീടുകളിൽ മേൽകുര തകരാറായ വീടുകളും ഉണ്ട് .

വീടു നിർമ്മാണ ഘട്ടത്തിൽ നിലവിലുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കാത്തത് കൊണ്ട് നിരവധി പ്രശ്നങ്ങൾ ഉണ്ടാകുന്നുണ്ട് .വീടുകൾക്ക് ചുറ്റും അമിതമായി പണം ചിലവഴിച്ച് കൊണ്ടുള്ള കൂറ്റൻ മതിലുകളും ഗേറ്റുകളും ഇല്ലാതില്ല .

വാർഡ്	ആകെവീട്	ഓട്	ഓല	ടെറസ്
1	404	353	16	35
2	536	428	88	20
3	428	386	23	19
4	558	501	26	31
5	384	321	48	15
6	426	361	50	15
7	410	331	61	18
8	624	512	105	7
9	536	381	134	21
10	408	360	24	24
11	465	374	76	15
ആകെ	5179	4308	651	220

വീടു വെക്കാൻ ആവശ്യമായി സ്ഥലത്തിന്റെ വിലയിലും നിർമ്മാണ സാമഗ്രികളുടെ വിലയിലും കൂലിയിനത്തിലും ക്രമാതീതമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട് .1990-ൽ ഒരു പടവ്കാന്റെ കൂലി 80, രൂപയായിരുന്നത് വിവിധഘട്ടങ്ങളിലായുള്ള വർദ്ധവിന വിലൂടെ ഇപ്പോൾ 150-രൂപയിൽ എത്തി നിർക്കുകയാണ് .സിമന്റ് ഒരുചാക്കിന് 90 -ൽ 65 -രൂപയായിരുന്നത് ഇപ്പോൾ 195 രൂപയാണ് .കരിങ്കല്ല് ,വെട്ടുകല്ല് , മണൽ ,കമ്പി ,മെറ്റൽ ,എന്നീവക്കെല്ലാം ഇന്ന് വില വർദ്ധിച്ചിട്ടുണ്ട് .പട്ടിക താഴെ കൊടുക്കുന്നു .

സർക്കാർ തലത്തിലുള്ള വിവിധ സ്കീമുകൾക്ക് പുറമെ പൂക്കോട്ടുംപാടം കോ-ഓപ്പറേറ്റീവ് അർബർ ബാങ്ക് ,കാൻഫീൻ ഹോസ് ,ഭവന നിർമ്മാണ ബോർഡ് , ജില്ലാ സഹകരണ ബാങ്ക് , നിലമ്പൂർ ഹൗസിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി , LIC തുടങ്ങിയ ഏജൻസികളുടെ സഹായത്തോടെ വീടുകൾ നിർമ്മിച്ചിട്ടുണ്ട് .വായ്പകൾക്കുവേണ്ടി ബന്ധപ്പെട്ടവരെ സമീപിക്കുമ്പോൾ സാങ്കേതിക പ്രശ്നങ്ങളുടെ സങ്കീർണ്ണത കൊണ്ട് നട്ടം തിരിയേണ്ട അനുഭവം ഉണ്ടാകാറുണ്ട് . അമിതമായ പലിശനിരക്കും പ്രശ്നങ്ങൾക്ക് ആക്കം കൂട്ടുന്നു .ഇത്കൊണ്ടെല്ലാം ഗുണഭോക്താക്കൾ പിൻതിരിയുകയും ചെയ്യേണ്ടി വരാറുണ്ട് .ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വേണ്ടി താഴെ പറയുന്ന നിർദ്ദേശങ്ങൾ വെക്കുകയാണ് .

1 പലിശ നിരക്ക് കുറയ്ക്കുക

2 ജാമ്യ വ്യവസ്ഥ ഉദാരമാക്കുക

3 ഉദ്യോഗസ്ഥന്മാരിൽ നിന്നും അനുഭവ പൂർവ്വമായ ഉറപ്പ് വരുത്തുക

ദുർബല പട്ടികജാതി പട്ടിക വർഗ്ഗകാർക്ക് അനുവദിക്കുന്ന വീടുകൾ നിർമ്മിക്കുമ്പോൾ പാലിക്കേണ്ട വ്യവസ്ഥകൾ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്.ഉദാഹരണമായി അടുത്തകാലത്ത് വൈദ്യുതി എത്താൻ സാധ്യത ഇല്ലാത്ത സ്ഥലങ്ങളിൽപോലും JRY പദ്ധതി പ്രകാരം വീടുകൾവെക്കുമ്പോൾ വയറിംഗ് നടത്തണമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട് ഇതിനു വേണ്ടി ദുർവ്യയം ചെയ്യുന്ന സംഖ്യ വീടിന്റെ നിർമ്മാണ ആവശ്യത്തിലേക്ക് ഉപയോഗിക്കാവുന്നതാണ്.

വർഷം	JRY	IAY	MWS	അൺടേഡ്
90-91	26			
91-92	13	7		
92-93	12	15		
93-94	20	9		10
94-95	17	27		
95-96	13	24	8	8

ഭവന നിർമ്മാണ ബോർഡ് മുഖേന നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഭവന വായ്പ വിരലിൽ എണ്ണാവുന്നവർക്ക് മാത്രമാണ് ലഭിക്കുന്നത്.ദുർബല ഇടത്തരം വിഭാഗങ്ങൾക്ക് മുൻഗണനാക്രമത്തിൻ യഥാസമയം വായ്പ ലഭിക്കാനുള്ള നടപടി കൈകൊള്ളേണ്ടതുണ്ട്.ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിലും നടത്തിപ്പിന്റെ ഉത്തരവാദിത്തത്തിനും ഗ്രാമപഞ്ചായത്തുകളെ ചുമതല ഏൽപ്പിക്കാവുന്നതുമാണ്. അപേക്ഷാഫോറങ്ങൾ ലഭിക്കുന്ന കാര്യത്തിലും ഗുണഭോക്താക്കൾക്ക് വിഷമം അനുഭവപ്പെടാറുണ്ട്.അപേക്ഷാഫോറങ്ങൾ ഗ്രാമപഞ്ചായത്തുകൾ വഴി വിതരണം ചെയ്യുകാണെങ്കിൽ ഈ പ്രശ്നത്തിന് പരിഹാരം കണ്ടെത്താനാവും.വീടു നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളുടെ പൂർത്തീകരണം സാക്ഷ്യപ്പെടുത്തി കൊണ്ടുള്ള സർട്ടിഫിക്കറ്റ് നൽകാനുള്ള അധികാരം ഗ്രാമപഞ്ചായത്ത് മെമ്പർമാർക്ക് നൽകേണ്ടതുണ്ട്.

IAY,JRY തുടങ്ങിയ പദ്ധതികളിലൂടെയുള്ള സഹായം 15,800 രൂപയിൽ നിന്ന് 25,000 രൂപയാക്കി ഉയർത്തേണ്ടതുണ്ട്. ഗുണഭോക്താവിന്റെ പങ്കാളിത്തം ഉണ്ടെങ്കിലും ഇപ്പോൾ നൽകിവരുന്ന സംഖ്യയ്ക്ക് നിർണ്ണയിക്കപ്പെട്ട പ്ലാനുകൾ അനുസരിച്ചുള്ള വീടുകൾ നിർമ്മക്കാൻ കഴിയുകയില്ല. നിർമ്മാണ സാമഗ്രികളുടെ വിലയിലും,കൂലിയിലും ഉള്ള വർദ്ധനവാണിതിനുകാരണം.അതുപോലെ രാജീവ് ദശലക്ഷം പദ്ധതി പ്രകാരം ലഭിക്കുന്ന വായ്പ പരമാവധി 50,000 രൂപയെങ്കിലും ആക്കി വർദ്ധിപ്പിക്കേണ്ടതുണ്ട്.

വിദഗ്ദ തൊഴിലാളികളുടെ ലഭ്യതക്കുറവ് വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കാൻ കാലതാമസം വരുത്തുന്നുണ്ട്.നിർമ്മിതി കേന്ദ്രത്തിന്റെ സഹായത്തോടുകൂടി തൊഴിൽ പരിശീലനം ലഭിക്കുവാനുള്ള സാഹചര്യം ഉണ്ടാക്കേണ്ടതുണ്ട്. വീടു നിർമ്മാണ് രംഗത്ത് കരാർ സമ്പ്രദായമാണ് ഇന്ന് നിലനിൽക്കുന്നത്.ലാഭാധിഷ്ഠിതമായ ഈ സമ്പ്രദായം വീടുകളുടെ ഉറപ്പിനെ ബാധിക്കുകയും ഗുണഭോക്താക്കൾക്ക് കൂടുതൽ പണം ചിലവഴിക്കേണ്ടിയും ചെയ്യുന്നു.

ഭവന വായ്പ ലഭിക്കുന്നതിലും വീടുകൾ, പുതുക്കി പണിയുന്നതിനും സാഹായം ലഭിക്കുന്നതിലും വരുന്ന വീഴ്ചകൾ കൊണ്ട് ദുർബല വിഭാഗത്തിൽപ്പെട്ടവർക്കും ഇടത്തരക്കാർക്കും സാമൂഹ്യ പ്രവർത്തനത്തോടും പ്രവർത്തകരോടും പുച്ഛമാണ്. മനുഷ്യന്റെ പ്രാഥമിക ആവശ്യം എന്ന നിലയ്ക്ക് വീടിന്റെ പ്രശ്നം പരിഹരിക്കാൻ കഴിയാത്തതു കൊണ്ടും ഇത്തരത്തിലുള്ള ഒരു സമീപനം സ്വീകരിക്കുന്നതിൽ കുറ്റപ്പെടുത്തിയിട്ടു കാര്യമില്ല.പ്രകോതി ക്ഷോഭത്തിൽ വീടു നശിക്കുന്നവർക്ക് സഹായം നൽകാൻ പദ്ധതിയുണ്ടെങ്കിലും അർഹതയുള്ള മുഴുവൻ ആളുകൾക്കും യഥാസമയം ലഭിക്കുന്നില്ല.

വീടു ചെറുതായാലും വലുതായാലും ഇന്ന് നിലനിൽക്കുന്ന നിർമ്മാണ രീതിയിൽ കാതലായ മാറ്റം വരുത്തേണ്ടതുണ്ട്.കേരളീയ വാസ്തുശിൽപ വിദ്യക്ക് അനുസൃതമായും അതിനു ആധുനിക സാങ്കേതിക രീതിയിൽ പരിഷ്ക്കരിച്ചും ചിലവ് ചുരുങ്ങിയ നിർമ്മാണ രീതികൾ സ്വീകരിക്കണ്ടതുണ്ട്. ഒരു ന്യൂനപക്ഷത്തിനു മാത്രം പണം ഉണ്ടെന്ന് കരുതി അത് ദുർവ്യയം ചെയ്യുന്നത് പഞ്ചായത്തിൽ നിയമം മൂലം തടയേണ്ടതുണ്ട്.കുടുംബാംഗങ്ങളുടെ എണ്ണത്തിനനുസരിച്ചായിരിക്കണം വീടിന്റെ വിസ്തൃതിയും സൗകര്യങ്ങളും.വീടിന്റെ ഏരിയ അനുസരിച്ച് നികുതിയുടെ തോതിൽ വർദ്ധനവ് ഉണ്ടാക്കാൻ കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഭേദഗതി വരുത്തേണ്ടതുണ്ട്.

പണം ദുർവ്യയം ചെയ്തുകൊണ്ട് വീടകൾ നിർമ്മക്കുന്നത് തെറ്റായ ഒരു സംസ്കാരത്തിന്റെ ഭാഗമാണ്.ചിലവുചുരുങ്ങിയ വീട് നിർമ്മാണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ബോധവത്ക്കരണം ആവശ്യമാണ്.പഞ്ചായത്ത് തലത്തിൽ രൂപീകരിക്കുന്ന വികസന സമിതിയുടെ കീഴിൽ ഒരു ഭവനനിർമ്മാണ സഹകരണ സംഘം ഉണ്ടാക്കാവുന്നതാണ്.ഗ്രാമപഞ്ചായത്തിന്റെ നിയന്ത്രണത്തിൽ ഭവനനിർമ്മാണ സഹകരണ സംഘത്തിന്റെ നേതൃത്വത്തിൽ ബോധവത്ക്കരണവും വീടുകളുടെ നിർമ്മാണവും നടത്താവുന്നതാണ്.പാർപ്പിടവുമായി ബന്ധപ്പെട്ട ചില നിർദ്ദേശങ്ങൾ താഴെ കൊടുക്കുന്നു.

1 വീടു നിർമ്മാണചെലവിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുക.

2 പഞ്ചായത്തുതലത്തിൽ ഭവനനിർമ്മാണ സഹകരസംഘം രൂപീകരിക്കുക.

3. വീടു നിർമ്മാണത്തിൽ ദുർബല, പട്ടിക ജാതി, പട്ടിക വർഗ്ഗ വിഭാഗങ്ങളുടെ സഹകരണം ഉറപ്പുവരുത്തുക.

4. അപേക്ഷകർ ഗ്രാമപഞ്ചായത്തുകൾ വഴി വിതരണം ചെയ്യുക.

5. സ്റ്റേജ് സർട്ടിഫിക്കറ്റുകൾ നൽകുവാനുള്ള അധികാരം മെമ്പർമാർക്കു നൽകുക.

6. വാലേഷൻ സർട്ടിഫിക്കറ്റുകൾ നൽകാനുള്ള അധികാരം പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള സാങ്കേതിക വിദഗ്ദർക്ക് കൂടി നൽകുക.

7. ചിലവ് കുറഞ്ഞ വീടുനിർമ്മാണം പ്രചരിപ്പിക്കുക.

8. വീടു നിർമ്മാണ സാമഗ്രികൾ പഞ്ചായത്ത് തലത്തിൽ നിർമ്മിക്കുവാനുള്ള സംവിധാനം ഉണ്ടാക്കുക.

9. വീടുകൾക്കു ചുറ്റുമുള്ള വൻമതിലുകൾക്കും വൻഗേറ്റുകൾക്കും നികുതി ചുമത്തുക.

10. സഹകരണസ്ഥാപനങ്ങളിലെ നിക്ഷേപ സംഖ്യകളിലെ ഒരു നിശ്ചിതശതമാനം ഭവന വായ്പക്കായിനീക്കിവയ്ക്കുക.

11. ആഡംബര വസ്തുക്കൾക്ക് പ്രത്യേക അധിക നികുതി ഏർപ്പെടുത്തുക.

പഞ്ചായത്തിലാകെ 21 പട്ടികവർഗ്ഗകോളനികളും, 23 പട്ടികജാതി കോളനികളും, രണ്ട് ലക്ഷം വിട് കോളനികളും ഉണ്ട്. കോളനിവീടുകളുടെ സ്ഥിതി അത്യന്തം ശോചനീയമാണ്. മേൽക്കൂര തകർന്നു വീഴാറായ വീടുകളാണ് അധികവും. കരാറുകാരിലൂടെ നടപ്പിലാക്കിയതുകൊണ്ടും ഗുണഭോക്താക്കളുടെ പങ്കാളിത്തമില്ലായ്മയും നിമിത്തമാണ് ഇങ്ങനെ സംഭവിക്കാനുള്ള മുഖ്യകാരണം. തകർന്നടിയാറായ ഇത്തരം വീടുകൾക്ക് പുനരുദ്ധാരണത്തിനായി ഉടൻ സഹായം ലഭിക്കേണ്ടതുണ്ട്. കോളനിവീടുകളുടെ സംരക്ഷണത്തിനുവേണ്ടി ഓരോ കോളനിയും കേന്ദ്രീകരിച്ച് വാർഡുമെമ്പർമാർ ഉൾപ്പെട്ട കമ്മറ്റി രൂപീകരിക്കാവുന്നതാണ്. കോളനിവീടുകളുടെ പശ്ചാത്തല സൗകര്യത്തിന്റെ സ്ഥിതി ശോചനീയമാണ്. മിക്കവാറും വീടുകളിൽ കക്കൂസിന്റെ അഭാവം ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാക്കുന്നുണ്ട്. കോളനികളുടെ പരിസരം മലിനമായി കിടക്കുന്നതുകൊണ്ട് പകർച്ചവ്യാധികൾ വ്യാപകമായി.

ഭവനരഹിതരായ ആളുകൾക്ക് വീടുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ യുദ്ധകാലാടിസ്ഥാനത്തിൽ സ്വീകരിക്കേണ്ടതുണ്ട്. ഇവർക്ക് വീടുവയ്ക്കുന്നതിനുള്ള സ്ഥലം പഞ്ചാത്തിലെ പുറമ്പോക്ക് ഭൂമിയിൽനിന്നും ഒരു പരിധിവരെ കണ്ടെത്താനാവും. സർക്കാർ പദ്ധതികളിൽ ഉൾപ്പെടുത്തിക്കൊണ്ട് വിവിധ ഏജൻസികളുടെ സഹകരണത്തോടുകൂടി ഇതിനു പരിഹാരം കണ്ടത്തേണ്ടതാണ്.

അടുത്ത 5 വർഷം കൊണ്ട് ഭവനരഹിതരുടെ പ്രശ്നം പരിഹകരിക്കാൻ ഒരു പരിധിവരെയെങ്കിലും നമുക്ക് കഴിയേണ്ടതുണ്ട്. അതിനുവേണ്ടി കൂട്ടായ്മടയോടെ മുന്നേറാം.

സാമൂഹ്യക്ഷേമം

അമരമ്പലം ഗ്രാമപഞ്ചായത്തിലെ 11 വാർഡുകളിലായി താമസിക്കുന്ന 4888 വീടുകളിലെ കുടുംബങ്ങളിൽ 1992ലെ IRDP സർവ്വേയുടെയും 1995ലെ അഡീഷണൽ IRDP സർവ്വേയുടെയും അടിസ്ഥാനത്തിൽ 3188 കുടുംബങ്ങൾ ദാരിദ്രരേഖയ്ക്ക് താഴെയുള്ളവരാണ്. 1994ലെ CBNP പദ്ധതിപ്രകാരം നടത്തിയ സർവ്വേ അടിസ്ഥാനത്തിൽ 1832 കുടുംബങ്ങൾ CDS മെമ്പർമാരായി കണ്ടെത്തിയിട്ടുണ്ട്.

ഇങ്ങിനെയുള്ള ഗുണഭോക്താക്കളുടെ (കുടുംബങ്ങളുടെ) സാമൂഹ്യക്ഷേമപ്രവർത്തനങ്ങൾക്കായി കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ നടപ്പിലാക്കിയ പല പദ്ധതികളിലൂടേയും സഹായം ലഭിച്ചവർ പഞ്ചായത്തിലുണ്ട്. ദാരിദ്ര്യനിർമാർജ്ജനം, ഗ്രാമീണ വനിതാ-ശിശു സംരക്ഷണം, സംയോജിത ശിശുക്ഷേമം, സ്വയം തൊഴിൽ പരിശീലനം, സ്വയം തൊഴിൽ കണ്ടെത്തൽ, ആരോഗ്യ വിദ്യാഭ്യാസം, വിവിധ പെൻഷൻ പദ്ധതികൾ, ക്ഷയരോഗ കുഷ്ഠരോഗികൾക്കുള്ള സാമ്പത്തിക സഹായം, പ്രകോതിക്ഷോഭം മൂലം വീടുകൾ നഷ്ടപ്പെട്ടവർക്കുള്ള സഹായം, പാവപ്പെട്ടവിധവകളുടെ പെൺമക്കളുടെ വിവാഹത്തിനുനൽകുന്ന സഹായം, തൊഴിലില്ലായ്മവേതനം തുടങ്ങിയവയിലൂടെയുള്ള സഹായങ്ങൾ പഞ്ചായത്തിൽ ലഭിച്ചിട്ടുണ്ട്. ക്ഷേമനിധിബോർഡുകൾ വഴി നടപ്പിലാക്കുന്ന ക്ഷേമപദ്ധതികളും ഇവിടെ നിലവിലുണ്ട്. ദരിദ്രകുടംബങ്ങളുടെ സ്ത്രീകൾക്ക് ഒന്നും രണ്ടും പ്രസവകാലത്തുള്ള ധനസഹായപദ്ധതിയും ഇപ്പോൾ നടപ്പിലുണ്ട്.

സാമൂഹ്യക്ഷേമപ്രവർത്തനത്തിൽ അമരമ്പലം പഞ്ചായത്ത്, നിലമ്പൂർബ്ലോക്ക്, ICDS Project Nilambur, റവന്യൂ, അഗ്രികൾച്ചറൽ, മൃഗസംരക്ഷണം, ക്ഷീരവികസനം, വ്യവസായം, വിദ്യാഭ്യാസം, തുടങ്ങിയ വകുപ്പുകളുടെ സഹകരണവും ധനകാര്യസ്ഥാപനങ്ങളുടേയും, സന്നദ്ധസംഘടനകളുടേയും സേവനങ്ങളും ഉണ്ടായിട്ടുണ്ട്. 2 വർഷക്കാലമായി CBNPയുടെ പ്രവർനവും ഈ രംഗത്തുണ്ട്.

ഈ പദ്ധതികളുടെ പുറമേ പട്ടികജാതി കോർപ്പറേഷനും സൊസൈറ്റിയും ഈ പഞ്ചായത്തിൽ സഹായം ചെയ്തു വരുന്നു.

മറ്റുവകുപ്പുകൾ വഴിയും കോർപ്പറേഷനുകൾ വഴിയും സംഘടനകൾ വഴിയും ധനസഹായംലഭിക്കുവാൻ അർഹതയുള്ളവർ ഉണ്ടെങ്കിലും പദ്ധതികൾ നടപ്പിലാക്കുന്നതിലുള്ള സാങ്കേതികമായ സങ്കീർണ്ണതകൾ ഇവരെ വിഷമിപ്പിക്കുന്നു .കൂടാതെ വിവിധപദ്ധതികളെക്കുറിച്ചുള്ള അറിവില്ലായ്മയും നില നിൽക്കുന്നുണ്ട് .സന്നദ്ധസംഘടനകളെ മതിയായ അംഗീകരം നൽകി ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കേണ്ടതുണ്ട് .വിവിധ ഡിപ്പാർട്ടുമെന്റുകളിലെ ഉദ്യോഗസ്ഥൻമാരുടെ എണ്ണക്കുറവു മൂലവും പദ്ധതികൾ ജനങ്ങളിലേക്ക് എത്തിക്കാൻ കഴിയുന്നില്ല. ഉദ്യോഗസ്ഥമേഖലയിൽ നില നിൽക്കുന്ന ഉദാസീനത ഇതിന് ആക്കം കൂട്ടുന്നു. വനിതാക്ഷേമകോർപറേഷൻ ഓഫീസ് ജില്ലയിൽ ഇല്ലാത്തതിന്റെ വിഷമവും അനുഭവിക്കുന്നുണ്ട് .ചുരുക്കിപ്പറഞ്ഞാൽ നിലവിലുള്ള പദ്ധതികൾ പൂർണ്ണമായും അർഹതയുള്ളവനിലേക്ക് എത്തുന്നില്ല.

പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടുള്ള വിവിധ പദ്ധതികളെക്കുറിച്ചുള്ള റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

1. സംയോജിത ഗ്രാമവികസന പരിപാടി. (IRDP)

ബ്ലോക്ക് മുഖേന നടപ്പിലാക്കുന്ന ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയാണിത്.

അമരമ്പലം പഞ്ചായത്തിൽ 1992 ലെIRDP സർവ്വെ അനുസരിച്ച് 2564 കുടുംബങ്ങളും 1995ലെ അഡീഷണിൽ IRDP സർവ്വെ അനുസരിച്ച് 624 കുടുംബങ്ങളും ദാരിദ്ര രേഖക്ക് താഴെയുള്ളവരായി കണ്ടെത്തി അതിൽ 418 പട്ടികജാതി കുടുംബങ്ങളും 65 പട്ടികവർഗ്ഗ കുടുംബങ്ങളും ആണ്. 1991-92 മുതൽ 1995-96 വരെ 240 കുടുംബങ്ങൾക്ക് IRDP ജനസഹായം ലഭിച്ചു അതിൽ 118 പട്ടികജാതി കുടുംബങ്ങളും 13 പട്ടികവർഗ്ഗ കുടുംബങ്ങളും ഉൾപ്പെടുന്നു .IRDP ധനസഹായം നല്കുന്നതിനായി ലോൺ അനുവദിക്കുന്നത് സൗത്ത് മലബാർ ഗ്രാമീണ ബാങ്ക് ചുള്ളിയോട്, സൗത്ത് മലബാർ ഗ്രാമീണ ബാങ്ക് വാണിയമ്പലം, നിലമ്പൂർ യൂണിയൻ ബാങ്ക്, അമരമ്പലം സർവ്വീസ് സഹകരണ ബാങ്ക് തുടങ്ങിയ സ്ഥാപനങ്ങളാണ്.

അന്ത്യോദയ അപ്രോച്ച് അനുസരിച്ചുള്ള IRDP വിതരണം കൊണ്ട് ആവശ്യക്കാർക്ക് സഹായം നൽകാൻ കഴിയാത്ത പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ട്. ഓരോരുത്തരുടെ ആവശ്യങ്ങളുടെ അടിസ്ഥാനത്തിലല്ല സഹായം നൽകുന്നത്. അടിച്ചേല്പിക്കപ്പെട്ട പദ്ധതി അനുസരിച്ചാണ് സഹായം നൽകുന്നത് .ഉദാഹരണയായി ചെറുകി

വ്യവസായം തുടങ്ങുന്നതിന് വേണ്ടി ഒരാൾ ആവശ്യം ഉന്നയിച്ചാൽ പശുവിനെ വാങ്ങുവാനുള്ള സ്കീമായിരിക്കും നിലവിലുള്ളത് ഇതുകൊണ്ട്തന്നെ പലരും IRDP സഹായം വാങ്ങാൻ തയ്യാറാകുന്നില്ല .ലോൺ എടുത്താൽ എഴുതിതള്ളുമെന്ന ധാരണയുള്ളത് കൊണ്ട് കടം വീട്ടുന്നത് അലംഭാവം കാണിക്കുന്നവരുണ്ട്. റേഷൻ കാർഡ് ഇല്ലാത്തത്കൊണ്ടും ജാമ്യ വ്യവസ്ഥകൾ നിമിത്തവും പലരിലും ഈ സഹായം എത്തുന്നില്ല .അനുവദിക്കപ്പെടുന്ന സഹായപദ്ധതികൾക്ക് തുടർ സഹായം ലഭിക്കുന്നില്ല.

നിർദ്ദേശങ്ങൾ

1. സ്വന്തം ജാമ്യത്തിൽ 25000 രൂപവരെ വായ്പ കൊടുക്കുക

2. വരുമാന പരിതി കാലോജിതമായി പരിഷ്കരിക്കുക.

3. ഗുണഭോക്താക്കളുടെ ആവശ്യം പരിഗണിച്ച് ലോണുകൾ കൊടുക്കുവാനുള്ള സംവിധാനം ഉണ്ടാക്കുക.

പട്ടിക

വർഷം	എണ്ണം	വായ്പ	സപ്സിഡി	പട്ടികജാതി/വർഗ്ഗം	വായ്പ	സബ്സിഡി	സ്ത്രീകൾ	വായ്പ	സബ്സ്ഡി
91-92	62	247642	170978	35	100830	100080	31	117675	85025
92-93	39	163770	71793	17	61988	50238	19	67093	59093
93-94	51	205535	150081	33	94535	92687	27	104200	73108
94-95	45	367041	221341	26	184241	145841	34	219774	138340
95-96	44	517740	165680	20	244570	114460	20	284780	92000
ആകെ	240	1501728	779873	131	686164	503306	131	793522	447566

4 സഹകരണ ബാങ്കുകൾക്ക് പ്രൈമറി സെക്ടറിൽ IRDP ധനസഹായം കൊടുക്കുന്നതിന് ജില്ലാ സംസ്ഥാന ബാങ്കുകൾ ലോൺ അനുവദിക്കുന്നതിനുള്ള നടപടികൾ വേണം.

5. പൂക്കോട്ടുപാടം കോ-ഓപ്പറേറ്റീവ് അർബൺ ബാങ്കിനെ കൂടി ലോൺ കൊടുക്കുന്നതിൽ ഉൾപ്പെടുത്തുക.

6.പദ്ധതി സഹായം ലഭിച്ചതിന്റെ വിനിയോഗ മേൽനോട്ടം വാർഡ് മെമ്പർമാരെ ഏല്പിക്കുക.

DWCRA

സ്ത്രീകളുടെയും കുട്ടികളുടെയും ആരോഗ്യം,വിദ്യാഭ്യാസം,സാമ്പത്തികം,സാമൂഹ്യം തുടങ്ങിയവയുടെ ഉന്നമനങ്ങൾക്ക് വേണ്ടിയാണ് D W.CRA യൂണിറ്റുകൾ പ്രവർത്തിക്കുന്നത്.എങ്കിലും സ്ത്രീകളുടെ സാമ്പത്തിക പുരോഗതിയും ഊന്നി കൊണ്ടാണ് ഇത് പ്രവർത്തിക്കുന്നത്.പുരുഷന്മാർ ജോലി ചെയ്ത് കിട്ടുന്ന കൂലിയുടെ കുടുംബത്തിൽ എത്തുന്നതിന്റെ അളവും സ്ത്രീ ജോലി ചെയ്ത് കിട്ടുന്ന കൂലിയുടെ കുടുംബത്തിൽ എത്തുന്നതിന്റെ അളവും താരതമ്യപ്പെടുത്തി നോക്കിയാൽ സ്ത്രീയുടെ ജോലിയുടെ പ്രാധാനിത്വ കുറിച്ച് മനസ്സിലാക്കാൻ സഹായിക്കും.ബ്ലോക്ക് മുഖേന നടപ്പിലാക്കുന്ന ഒരു പദ്ധതിയാണ് D W C R A IRDP ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള 10 നും 20 നും ഇടയിൽ പെട്ടിട്ടുള്ള ഒരേ ജോലി ഒരുമിച്ച് ചെയ്യാനുള്ള വരെ സങ്കടപ്പിച്ച് ചാരിറ്റബൾ സൊസൈറ്റി ആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന യൂണിറ്റുകളാണ് ഇത്.പഞ്ചായത്തിൽ 7 യൂണിറ്റുകളാണ് ഉള്ളത്.RDP ധനസഹായങ്ങൾക്ക് പുറമെ പ്രാരംഭ വർഷം മുതൽക്ക് തന്നെ ആരംഭിച്ചു.അഞ്ച് യൂണിറ്റുകൾക്കും 15000 രൂപ റിവോൾവിംഗ് ഫണ്ടായി ആദ്യ വർഷം രണ്ട് കൺവീനർമാർക്കും യാത്രപടിയായി 200 രൂപയും ഓരോ യൂണിറ്റിനും ലഭിച്ചിട്ടുണ്ട്. 95-96 മുതൽ ആരംഭിച്ച യൂണിറ്റുകൾക്ക് 25000 രൂപ റിവോൾവിംഗ് ഫണ്ടായി അനുവദിച്ചിട്ടുണ്ട്.

D W C R A യൂണിറുകളിൽ പത്താം വാർഡിലെ മെറ്റൽ ജെല്ലി യൂണിറ്റും എട്ടാം വാർഡിലെ കൊപ്രാ പ്രൊസസിംഗ് യൂണിറും അഞ്ചാം വാർഡിലെ തയ്യൽ യൂനിറ്റും പ്രവർത്തനരഹിതമാണ്.

സംഗം കൊപ്രാ പ്രോസസിംഗ് യൂണിറ്റ് (കവളമുക്കട്ട)

ആദ്യമായി പഞ്ചായത്തിൽ (8-ാം വാർഡിൽ) രൂപം കൊണ്ടയൂണിറ്റാണിത് 89-90 വർഷത്തിൽ പ്രവർത്തനം ആരംഭിച്ച ഈ. യൂണിറ്റിൽ 19 സ്ത്രീകൾ ജോലിചെയ്തിരിന്നു.യൂണിറ്റിന് സ്വന്തമായി 9.5 സെന്റ് സ്ഥലവും കെട്ടിടവും മിഷ്യനറിയും അത്യാവശ്യ ഫർണിച്ചറുകളും ഉണ്ട്. 1,14,00,000രൂപ ലോണും 57,000 രൂപ സബ്സിഡി ഉപയോഗിച്ചാണ് ഇത് പ്രവർത്തം ആരംഭിച്ചത്.നല്ലനിലയിൽ പ്രവർത്തിച്ചിരുന്ന ഈ യൂണിറ്റ് മാർക്കറ്റിലെ ഏറ്റക്കുറച്ചിലുകളും പ്രൊജക്റ്റ് റിപ്പോർട്ടിലെ അശാസ്ത്രീയതയും മതിയായ വിപണി ലഭ്യമല്ലാത്തതുകൊണ്ടും ഇന്ന് തകർന്നിരിക്കുന്നു.

മെറ്റൽ ജെല്ലി യൂണിറ്റ്, അമരമ്പലം സൗത്ത്

90-91 കാലങ്ങളിൽ 10 പട്ടികജാതി വനിതകളെ ഉൾപ്പെടുത്തി 15,000 രൂ. ലോണും അത്രതന്നെ സബ്സിഡിയും ഉപയോഗിച്ച ഒരു പ്രൈവറ്റ് കാറി വാടകക്ക് എടുത്താണ് ഇത് പ്രവർത്തനമാരംഭിച്ചത്. അംഗങ്ങളുടെ സഹകരണക്കുറവും ഈ രംഗത്തെ വൻകിടക്കാരുടെ ആധിപത്യവും കാറി ലഭിക്കാത്തതും മൂലം ഇതും തകർച്ചയിലാണ്.

നവോദയാ ആടുവളർത്തൽ യൂണിറ്റ്,

DWCRA യൂണിറ്റുകളുടെ വിവരണം

വർഷം	വനിതകളുടെ എണ്ണം	ലോൺ	സബ്സിഡി	റിവോൾവിംഗ് ഫണ്ട്	ത്രിഫ്റ്റ്	ഗവ വിഹിത ത്രിഫ്റ്റ്
89-90	19	114000	57000	15200	-	-
90-91	10	15000	15000	15200	-	-
91-92	-	-	-	-	-	-
92-93	10	27800	27800	15200	-	-
93-94	10	30000	30000	15200	4000	-
6360	6	36000	6000	-	-	
94-95	11	110000	44000	15200	15000	8000
95-96	13	161850	54000	25000	4825	-
ആകെ	78	494650	263800	107000	23825	8000

കോമുള്ളുംകുന്ന്

കോമുള്ളുംകുന്ന് ഹരിജൻ കോളനിയിലെ 10 വനിതകളാണ് ഇതിലെ അംഗങ്ങൾ .27,800 രൂ. ലോണും അത്ര തന്നെ സബ്സിഡിയും ഉപയോഗിച്ച് 20-3-92 ന് ആരംഭിച്ച ഈ യൂണിറ്റ് അത്യാവശ്യം നന്നായി പ്രവർത്തിക്കുന്നുണ്ട് .കുട്ടികളുടെ സംരക്ഷണത്തിനുവേണ്ടി C.C.A പദ്ധതി പ്രകാരം 1,500 രൂ. യൂണിറ്റിന് അനുവദിച്ചിട്ടുണ്ട്. ഇതിലെ അംഗങ്ങൾ ത്രിഫ്റ്റ് സൊസൈറ്റിയിൽ പണം നിക്ഷേപിക്കാൻ തയ്യാറാവുന്നില്ല.

സൂര്യ ചപ്പൽ യൂണിറ്റ്, ഉപ്പുവള്ളി

93-94 ൽ 30,000 രൂപ ലോണും അത്രയും സബ്സിഡിയും ഉപയോഗിച്ച് പ്രവർത്തനമാരംഭിച്ച ഈ യൂണിറ്റ് മുഴുവൻ കടവും അടച്ച് തീർത്തിട്ടുണ്ട്. എന്നാൽ പ്രവർത്തനമൂലധനത്തിന്റെ അപര്യാപ്തതയും വിപണനസൗകര്യക്കുറവും ഇതിന്റെ നടത്തിപ്പിനെ കാര്യമായി ബാധിക്കുന്നുണ്ട് .റിവോൾവിംങ്ങ് ഫണ്ടായ 15,000രൂ മാത്രമാണ് ഇപ്പോഴുള്ള പ്രവർത്തനമൂലധനം.

നിമ്മിനി ആടുവളർത്തൽ കേന്ദ്രം, നിമ്മിനി കോളനി

ലോണും സബ്സിഡിയുമായി 72,000 രൂ. മൂലധനമാക്കി തുടക്കം കുറിച്ച ഈ യൂണിറ്റ് ഇൻഫോർമൽ ഗ്രൂപ്പെന്നാണ് അറിയപ്പെടുന്നത്. ചാരിറ്റബിൾ സൊസൈറ്റി ആക്ട് പ്രകാരം റജിസ്റ്റർ ചെയ്യുന്നില്ല എന്നതും റിവോൾവിങ്ങ് ഫണ്ടിന്റെ പരിമിതിയുമാണ് ഈ യൂണിറ്റ് നേരിടുന്ന പ്രശ്നങ്ങൾ.

സ്വപ്ന ഡയറി യൂണിറ്റ്, തേൾപ്പാറ

11 മെമ്പർമാരുള്ള, 1,10,000 രൂ. ലോണും 44,000 രൂ .സബാസിഡിയും ഉപയോഗിച്ചുള്ള ഒരു പശുവളർത്തൽ പദ്ധതിയാണ് ഈ യൂണിറ്റിന്റേത്. യൂണിറ്റ് ഇന്ന് നല്ല നിലയിൽ പ്രവർത്തിക്കുന്നുണ്ട്. അംഗങ്ങളുടെ കുടുംബാംഗങ്ങൾക്ക് 10 തയ്യൽ മെഷിനുകൾ S.M.G ബാങ്ക് നൽകിയിട്ടുണ്ട്.

C. P. ഡയറി യൂണിറ്റ്, പൂക്കോട്ടുംപാടം

1,61,850രൂ. വായ്പയും 54,000രൂ. സബ്സിഡിയും ഉപയോഗിച്ച് ആരംഭിച്ച ഈ യൂണിറ്റിന് 8-29 6ൽ A .S C .ബാങ്കിൽ നിന്നും കൂടുതൽസഹായം ലഭിക്കുയുണ്ടായി .കൃത്യമായി വായ്പ തിരച്ചടക്കുകയും ത്രിഫ്റ്റ് സൊസൈറ്റി സജീവമായി പ്രവർത്തിക്കുന്നുണ്ട്.

അമ്പിളി ഡയറി യൂണിറ്റ് കൂറ്റമ്പാറ

7 പട്ടികജാതി വനിതകളടക്കം 10 പേരാണ് ഇതിന്റെ ഗുണഭോക്താക്കൾ നിലമ്പൂർ യൂണിയൻ ബാങ്കുമായി ബന്ധപ്പെട്ട് ഈ യൂണിറ്റ് പ്രവർത്തനത്തിലുള്ള ഒരുക്കത്തിലാണ്.

നിർദ്ദേശങ്ങൾ

1. അർഹതയുള്ള മുഴുവൻ ആളുകളെയും IRDP ലിസ്റ്റിൽ ഉൾപ്പെടുത്തുക

2. IRDP ഗുണഭോക്താക്കൾക്കൊപ്പം ആ പ്രദേശങ്ങളിൽ ജോലി ചെയ്യാൻ താൽപര്യമുള്ള മറ്റ് സ്ത്രീകളെക്കൂടി ഉൾപ്പെടുത്തുക.

3. അംസസ്കൃതവസ്തുക്കൾ ആവശ്യത്തിന് ലഭ്യമാക്കുക.

4. വിപണന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക.

5. വായ്പാ പലിശ നിരക്ക് കുറക്കുക.

6. കണക്കുകൾ കൈകാര്യം ചെയ്യുന്നതിന് വേണ്ടി ആവശ്യമായിടത്ത് സഹായിയെ നിയമിക്കാൻ അനുവാദം നൽകുക.

7. സാങ്കേതിക നടപടികളിൽ അയവ് വരുത്തുക.

8. സമൂഹത്തിൽ നിന്ന് സൗഹാർദ്ദപൂർവ്വമായ സഹകരണം ഉറപ്പുവരുത്തുക

9. ഓഫീസുകളിൽ സ്ത്രീകൾക്ക് പ്രത്യേക പരിഗണന നൽകുക.

10. സഹകരണ ബാങ്കുകളുടെ വായ്പാപദ്ധതിയിൽ സംവരണം ഏർപ്പെടുത്തുക.

CR SP

ഗ്രാമപ്രദേശങ്ങളിൽ കുറഞ്ഞസ്ഥലമുള്ളവർക്കും, സാമ്പത്തികമായിപിന്നോക്കം നിൽക്കുന്നവർക്കും വേണ്ടിയുള്ളതാണീ പദ്ധതി .ഈ പദ്ധതി പ്രകാരം കക്കൂസുകൾ നിർമ്മക്കാൻ 2,000രൂ .നൽകുന്നുണ്ട് .ഇപ്പോഴത്തെ സാഹചര്യത്തിൽ ഇതിന് ചുരുങ്ങിയത് 5,000രൂ .എങ്കിലും ചിലവുവരും .സർക്കാർ നൽകുന്ന സഹായം മതിയായ അളവിൽ ഉയർത്തേണ്ടതാണ്.

TRYSEM

IRDP ഗുണഭോക്താക്കളായ ഗ്രാമീണയുവതികൾക്ക് ധനസഹായം ലഭിക്കുന്നതിന് മുമ്പ് തൊഴിൽ പരിശീലനം കൊടുക്കന്ന പദ്ധതിയാണിത്. ഈ പദ്ധതി പ്രകാരം പരിശീലനം ലഭിക്കുന്നവർക്ക് IRDP സഹായം ലഭിക്കുന്നതിന് മുൻഗണന കൊടുക്കുന്നുണ്ട്. ഇതുവരെ ഈ പദ്ധതിയിൽ നമ്മുടെ പഞ്ചായത്തിലെ 16 പേർക്ക് പരിശീലനം നൽകിയിട്ടുണ്ട് .പരിശീലനകാലം വർദ്ധിപ്പിക്കുകയും എല്ലാവർക്കും ഒരേരീതിയിൽ സ്റ്റൈപ്പെന്റ് നൽകുകയും അസംസ്കൃതസാധനങ്ങൾ വാങ്ങാനുള്ള സംഖ്യയിൽ മതിയായ വർദ്ധന വരുത്തുകയും വേണം.

TO O LKIT

IRDP ലിസ്റ്റിലുൾപ്പെടുന്ന ഗ്രാമീണമേഖലയിലെ കൈത്തൊഴിലുകാർക്ക് പണിയായുധങ്ങൾ

വാങ്ങുന്നതിനുള്ള സഹായമാണിത് .ഗുണഭോക്താവിന്റെ വിഹിതമായ 200 രൂ. അടക്കം 2000 രൂ. ആണ് ലഭിക്കുന്നത് . 95-96ൽ അപേക്ഷ നൽകിയിട്ടുള്ളവർക്ക് ഇതേവരെ ടുൾകിറ്റ് വിതരണം നടന്നിട്ടില്ല .വാർഡുതലത്തിൽ അപേക്ഷകൾ സ്വീകരിച്ച് പഞ്ചായത്തിന്റെ ഉത്തരവാദിത്വത്തിൽ ടുൾകിറ്റുകൾ വിതരണം ചെയ്യാൻ സംവിധാനം ഉണ്ടാക്കണം .

സമൂഹ്യ വനവൽക്കരണം

96-97ൽ 3, 4 വാർഡുകളിലായി 137 തെങ്ങിൻ തൈകൾ പട്ടികജാതിയിൽപെട്ടവർക്കും 9 എണ്ണം സബ്സിഡി ഇനത്തിൽ ജനറൽ ഗ്രൂപ്പിനും കൊടുത്തു .ലഭിക്കുന്ന തൈകൾ ഗുണഭോക്താക്കൾ തങ്ങളുടെ ആവശ്യത്തിനുതന്നെ വിനിയോഗിക്കുന്നുണ്ടോ എന്ന് പരിശോധിക്കാൻ വാർഡുമെമ്പർമാരെ ചുമതലപ്പെടുത്തണം .

സന്നദ്ധ സംഘടനകൾ

മഹിളാ സമാജങ്ങൾ പല സ്ഥലങ്ങളിലും രൂപം കൊള്ളുകയും വേഗത്തിൽ പ്രവർത്തനരഹിതമാകുന്ന സ്ഥിതിയുണ്ട് . ഏതെങ്കിലും ഒരു പ്രശ്നത്തെ കേന്ദ്രീകരിച്ചാണ് പലസ്ഥലത്തും സമാജങ്ങളുണ്ടാകുന്നത് . അതിന്റെ സാക്ഷാത്കാരത്തോടെ സമാജം ഇല്ലാതാകുന്നു .ഇത്തരം കേന്ദ്രങ്ങളിൽ സ്ത്രീകൾക്കായുള്ള തൊഴിൽ സംരംഭങ്ങൾ ആരംഭിച്ചാൽ കൂടുതൽ പേരെ ഈ രംഗത്തേക്കാകർഷിക്കാൻ കഴിയും .

പെൻഷനുകൾ

1991 മുതൽ വിധവാപെൻഷൻ 34, വികലാംഗപെൻഷൻ 28, വാർധക്യകാല പെൻഷൻ 5 ക്ഷയരോഗപെൻഷൻ 32 ,കുഷ്ഠരോഗപെൻഷൻ 2 എന്നിങ്ങനെയും പ്രകൃതി ക്ഷോഭംമൂലം വീടു നശിച്ച 103 പേർക്ക് ധനസഹായവും വിധവകളുടെ പെൺമക്കൾക്ക് വിവാഹസഹായം 65 പേർക്കും ലഭിച്ചിട്ടുണ്ട് . കൂടാതെ പഞ്ചായത്തുമുഖേന മെറ്റേണിറ്റി ബെനിഫിറ്റ് 55 പേർക്കും അഗതി പെൻഷൻ 80 പേർക്കും നൽകിയിട്ടുണ്ട് . ഫാമിലി ബെനിഫിറ്റ് സ്കീമിൽ 7 പേർ അപേക്ഷിച്ചിട്ടുണ്ടങ്കിലും ഇതുവരെയും സഹായം ലഭിച്ചിട്ടില്ല . മുൻകാലത്ത് പെൻഷൻ ലഭിച്ചിരുന്ന ചിലർക്ക് അർഹതയുണ്ടായിട്ടും ,ഇപ്പോൾ ലഭിക്കുന്നില്ല .ഇത്തരം കേസുകൾ അന്വേഷിച്ച് റിപ്പോർട്ട് ചെയ്യാൻ ഗ്രാമപഞ്ചായത്ത് മെമ്പർമാരെ ചുമതലപ്പെടുത്തണം .

ക്ഷേമനിധി

വിവിധ ക്ഷേമനിധികളിലായി പഞ്ചായത്തിൽ 695 പേർ പങ്കാളികളാണ് .ക്ഷേമനിധികളെക്കുറിച്ച് ജനങ്ങൾക്കിടയിൽ വ്യാപകമായ പ്രചരണം നൽകേണ്ടതുണ്ട് .തൊഴിലുടമകളിൽ നിന്നും ക്ഷേമനിധിയിലേക്ക് ഈടാക്കേണ്ട കുടിശ്ശിക ഉടൻ പിരിച്ചെടുക്കേണ്ടതുണ്ട് .

തൊഴിലില്ലായ്മാവേതനം

പഞ്ചായത്തിൽ 188 പേർക്ക് തൊഴിലില്ലായ്മ വേതനം ലഭിക്കുന്നുണ്ട് .1083 പേർ എ6പ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട് .അർഹതയില്ലാത്തവർക്ക് ർക്ക് തൊഴില്ലായാമാവേതനം ലഭിക്കുന്നുണ്ട് .

പൊതുവിതരണം

10 പൊതുവിതരണകേന്ദ്രങ്ങളാണ് പഞ്ചായത്തിലുള്ളത് . 528 കുടുംബങ്ങൾക്ക് റേഷൻ കാർഡില്ല . ഉള്ള കാർഡിൽ പേരുൾപ്പെടാത്തവർ 879 പേരുണ്ട് .റേഷൻ കാർഡിനുള്ള അപേക്ഷകൾ സ്വീകരിക്കുവാനും കാർഡുകൾ വിതരണം ചെയ്യുവാനുമുള്ള സംവിധാനം പഞ്ചയാത്തോഫീസിൽ ഏർപ്പെടുത്തേണ്ടതാണ് .പൂക്കോട്ടും പാടത്തും അമരമ്പലം സൗത്തിലും ഓരോ മാവേലിസ്റ്റോർ ആവശ്യമുണ്ട് .

ചിലനിർദ്ദേശങ്ങൾ

1 .റേഷൻ സാധനങ്ങളുടെ മൊത്തവിതരണം ചുമതല വ്യക്തികളിൽ നിന്നു എടുത്തുമാറ്റി സിവിൽ സപ്ലൈസ് കോർപ്പറേഷനെ ഏൽപ്പിക്കണം .

2 റേഷൻ വ്യാപാരികളുടെ മുതൽ മുടക്കും അധ്വാനവും ശാസ്ത്രീയമായി പഠിച്ച് ന്യായമായപ്രതിഫലം ഉറപ്പുവരുത്തുകയും അഴിമതിയും വെട്ടിപ്പും തടയുവാനുള്ള സംവിധാനം ശക്തിപ്പെടുത്തുകയും വേണം .

3 .പൊതുവിതരണകേന്ദ്രങ്ങളുടെ പരിപൂർണ്ണ നിയന്ത്രണം പഞ്ചായത്തിന് കൊടുക്കണം .

4 .കടപരിശോധനക്ക് ഭരണ സമിതിയെ അധികാരപ്പെടുത്തണം .

5 എല്ലാ റേഷൻ കടകളും വാർഷിക ഓഡിറ്റിംഗിന് വിധേയമാക്കണം .

അംഗൻവാടികൾ

1994 ഏപ്രിൽ മുതലാണ് ഈ പഞ്ചായത്തിൽ ശിശു വികസനപദ്ധതി നടപ്പിലാക്കയത് . ആകെ അനുവദിച്ച 20 അംഗൻവാടികളിൽ 19 എണ്ണം ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട് .7 എണ്ണത്തിന് സ്വന്തമായി കെട്ടിടമുണ്ട് . രണ്ടിടത്ത് പണിനടക്കുന്നത് . 6എണ്ണത്തിന് സ്ഥലം ലഭിച്ചിട്ടുണ്ട് .അതിൽ 3 എണ്ണത്തിന് ഫണ്ട് അനുവദിച്ചിട്ടുണ്ട് . 1265 കുട്ടികളും 188 അമ്മമാരും രജിസ്റ്റർ ചെയ്തിട്ടുണ്ട് .തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കളുടെ എണ്ണം 338 8 .പട്ടികജാതി വീടുകൾ 568 ഉം പട്ടിക വർഗ്ഗവീടുകൾ 102 ഉം ആണ് .

നിർദ്ദേശങ്ങൾ

1. അംഗൻവാടി വർക്കറുടേയും ഹെൽപ്പറുടേയും വേതനം കാലോചിതമായി പരിഷ്കരിക്കുക.

2. പുകയില്ലാത്ത അടുപ്പുകൾ നിർബന്ധമാക്കുക

3. സ്വന്തം കെട്ടിടങ്ങൾ നിർമ്മിക്കുക

4. പോഷകാഹാരത്തിന് നൽകുന്ന സംഖ്യ വർദ്ധിപ്പിക്കുക

5. വർക്കർ എന്നത് ടീച്ചർ എന്ന് പുനർ നാമകരണം ചെയ്യുക.

6. വാർഡുമെമ്പർമാർ ആഴ്ചയിലൊരിക്കൽ അംഗൻ വാടി സന്ദർശിക്കുക.

7. അംഗൻവാടിയുടെ ലക്ഷ്യങ്ങളെക്കുറിച്ച് ബോധവൽക്കരണം നടത്തുക.

8. അംഗൻവാടി ജീവനക്കാരുടെ സേവനം പൊതുപ്രവർത്തനങ്ങളിൽ വർദ്ധിപ്പിക്കാൻ സന്നദ്ധരാക്കുക.

9. അംഗൻവാടികൾ പഞ്ചായത്തിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലുക്കുക.

10. വിദ്യാഭ്യാസരംഗത്തുള്ള സന്നദ്ധസംഘടനകളെ അംഗൻ വാടികളുടെ പ്രവർത്തനത്തിൽ ബന്ധപ്പെടുത്തുക.

11. പഞ്ചായത്തുകളിൽ വൃദ്ധമന്ദിരം സ്ഥാപിക്കുക.

12. 35 വയസ്സ് കഴിഞ്ഞ അവിവാഹിതർക്ക് സ്വയം തൊഴിലിന് പ്രത്യേക സാമ്പത്തികസാഹായം നൽകുക.

13. സ്ഥലസൗകര്യമുള്ള മഹിളാസമാജങ്ങൾക്ക് കെട്ടിടം നിർമ്മിക്കാൻ സഹായിക്കുക.

14. ക്ഷേമനിധികൾക്കും പെൻഷനുകൾക്കും അർഹരെ തിരഞ്ഞെടുക്കാനുള്ള സമ്പൂർണ്ണാധികാരം പഞ്ചായത്ത് ഭരണസമിതിക്ക് നൽകുക.

"കുടിലോരോന്നിലും ഓരോ നല്ല
കക്കൂസാണാദ്യം വേണ്ടത്
കൊട്ടാരത്തിലെ എയർക്കണ്ടീഷൻ
പിന്നീടാകാമല്ലോ."

5.8

സംസ്കാരം

മതാതീത സൗഹൃദം ഗാഢ്മായി നിലനിൽക്കുന്ന സാംസ്കാരിക പാരമ്പര്യത്തിന്റെ ഉടമകളാണ് നമ്മൾ. ജാതിമത സംഘർഷങ്ങൾ ഒന്നും തന്നെ ഈ പഞ്ചായ്തിൽ ഉണ്ടായിട്ടില്ല എന്നത് വിഭിന്ന മതസ്ഥർ തമ്മിലുള്ള സൗഹാർദ്ദത്തിന്റെ അളവ് വെളിപ്പെടുത്തുന്ന വസ്തുതയാണ്. വർഗ്ഗീയ സംഘർഷങ്ങൾക്കുള്ള സന്ദർഭങ്ങൾ ഉണ്ടായപ്പോഴെല്ലാം തന്നെ ആത്മസംയമനം പാലിച്ചുകൊണ്ട് വിവേകപൂർവ്വം ചിന്തിച്ച ജനതയാണ് ഈ പഞ്ചായത്തിന്റെ വിജയം. ഉയർന്ന രാഷ്ട്രീയ ബോധവും പുരോഗനമ ശക്തികളുടെ വമ്പിച്ച സ്വാധീനവും മേൽപറഞ്ഞ സൗഹൃതാന്തരീക്ഷം നിലനിർത്തുന്നതിന് സഹായിച്ചു. ഉത്സവങ്ങളും പെരുന്നാളുകളും ആഘോഷങ്ങളും ഇവിടെ ധാരാളമായി നടക്കാറുണ്ട്. വില്ലൂത്തു ശിവക്ഷേത്രത്തിലെ ശിവരാത്രി മഹോത്സവം, ചുള്ളിയോട്, തേൾപ്പാറ പള്ളിപ്പെരുന്നാളുകൾ എന്നിവ മുഴുവൻ ജനങ്ങളുടെയും ആഘോഷമായിമാറാറുണ്ട്. മുൻ കാലങ്ങളിൽ, പൂക്കോട്ടുംപാടം തിരുമുണ്ടിക്കൽ പള്ളിക്കുന്ന്, എന്നിവടങ്ങളിൽ നടത്താറുണ്ടായിരുന്ന നേർച്ച ഇപ്പോൽ അന്യം നിന്നിരിക്കുകയാണ്. വിദ്യാഭ്യാസപരമായും, സാംസ്കാരികമായ്ും ജനങ്ങൾ ഏറെ വളർന്നെങ്കിലും ചുരുങ്ങിയ അളവിലെങ്കിലും അന്ധവിശ്വാസങ്ങളും, അനാചാരങ്ങളും നിലനില്ക്കുന്നുണ്ട്. അപൂർവ്വം ചില കുടുംബങ്ങളിൽ മൃഗബലി നടക്കാറുണ്ട്. വേനൽക്കാലത്ത് പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉറഞ്ഞുതുള്ളുന്ന കോമരങ്ങളും താളാത്മകമായ വാദ്യമേളങ്ങളും അരങ്ങ് തകർക്കാറുണ്ട്. ഉത്സവങ്ങളോടും താളമേളങ്ങളോടുമൊപ്പം നാടൻ കലാരൂപങ്ങൾക്കും നമ്മുടെ പഞ്ചായത്തിൽ പ്രാമുഖ്യമുണ്ടായിരുന്നു. കോൽക്കളി, ദഫ്മുട്ടുകളി, പൂതക്കളി, കുംഭാട്ടം, പരിചമുട്ടുകളി എന്നിങ്ങനെ ജനങ്ങൾ ആവേശപൂർവ്വം കൊണ്ടാടിയിരുന്ന നിരവധി കലാരൂപങ്ങൾ ഇന്ന് അന്യം നിന്നിരിക്കുന്നു. അപൂർവ്വം ചില പട്ടികജാതി കോളനികളിൽ ചവിട്ടുകളി ഇന്നും തുടരുന്നു. ലോക പ്രശസ്ത മാന്ത്രികൻ ഗോപിനാഥ് മുതുകാടിന് ജൻമം നല്കിയ നാടാണ് നമ്മുടേത്. കലാസാഹിത്യ രംഗത്ത് വിശേഷിച്ചും സ്കൂൾതലത്തിൽ ശ്രദ്ധിക്കപ്പെടേണ്ട നേട്ടങ്ങൾ ഉണ്ടാക്കാൻ നമ്മുടെ പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്. സ്വാതന്ത്ര്യലബ്ധിക്കുമുമ്പുതന്നെ ജന്മിത്തത്തിനും ഫ്യൂഡൽ സംസ്കാരത്തിനുമെതിരെ ജനകീയ ശബ്ദം ഉയർന്നുവന്ന പാരമ്പര്യം നമുക്കുണ്ട്. പുരോഗമന കലാസമിതികളും മറ്റും നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിച്ചിട്ടുണ്ട്. തൊഴിലാളിപ്രസ്ഥാനങ്ങൾക്ക് ശക്തി പകർന്ന നാടകങ്ങളും മറ്റു കലാരൂപങ്ങളും വിജയകരമായി അരങ്ങേറിയിട്ടുണ്ട്. ''ആറടി മണ്ണ്'', ''ഇജ്ജ് നല്ലൊരു മനുഷ്യനാകാൻ നോക്ക് പാലിശ്ശേരി ബാലൻ നായരുടെ ചേച്ചിക്കൊരു പൂമാല'' എന്നീ നാടകങ്ങൾ നമ്മുടെ പഞ്ചായത്തിൽ ധാരാളം സ്ഥലങ്ങളിൽ അരങ്ങേറിയിട്ടുണ്ട്. കേരള ശാസ്ത്ര സാഹിത്യ പരിഷത്തിന്റെ നിരവധി കാലജാഥകൾ വമ്പിച്ച ബഹുജനപങ്കാളിത്തത്തോടെ ഇവിടെ നടന്നിട്ടുണ്ട്. തൊട്ടുകൂടായമയും തീണ്ടിക്കൂടായ്മയും കൊടികുത്തി വാണിരുന്ന കാലത്ത് ആചാര്യവിനോബഭാവെയുടെ നേതൃത്വത്തിൽ രൂപം കൊണ്ട ഹരിജനോദ്ധാരണ സമിതിയുടെ പ്രവർത്തകർ ഈ പഞ്ചായത്തിൽ വരികയുണ്ടായി. 1939 ൽ രൈരു നായനാർ, ഒരു ഹരിജൻ ഹോസ്റ്റലും ഓർഫനേജും തുടങ്ങി. ഇദ്ദേഹത്തിന്റെ ഓർമ്മക്കായി രൈരുപുരം കോളനി എന്ന പേരിൽ അറിയപ്പെട്ടിരുന്ന സ്ഥലമാണ് കാലന്തരത്തിൽ ചേലോട് ആയി മാറിയത്. ഈ പഞ്ചായത്തിലെ ആദ്യത്തെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അധ്യാപികയായിരുന്ന സി.സരോജിനി ടീച്ചർ ഈ ഹോസ്റ്റലിൽ ആയിരുന്നു പഠിച്ചത്. ഇന്ന് ഈ പഞ്ചായത്തിൽ നഴ്സറി മുതൽ ഹൈസ്കൂൾവരെ 15ൽ അധികം വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉണ്ട്. പഞ്ചായത്തിന്റെ വിവിധ മേഖലകളിലായി ഗ്രന്ഥശാലാ സംഘത്തിന്റെ ആഫിലിയേഷനുള്ള 5 ലൈബ്രറികളും തേൾപ്പാറ ചെറുപുഷ്പം ദേവാലയും വക മിഷൻലീഗ് ലൈബ്രറിയും പ്രവർത്തിക്കുന്നു. (പട്ടിക നോക്കുക) ഇപ്പോൾ പ്രവർത്തിച്ചുവരുന്ന വായനശാലകളിൽ 4 എണ്ണത്തിന് സ്വന്തമായി കെട്ടിടമുണ്ട്. കൂടാതെ ഹൈസ്കൂളുകളിലും മറ്റ് സ്കൂളുകളിലും വിദ്യാകോളേജിലും ലൈബ്രറികളുണ്ട്. ചുരുക്കം ചില ഹോം ലൈബ്രറികളും നമ്മുടെ പഞ്ചായത്തിലുണ്ട്. 1959 ൽ ആരംഭിച്ച പഞ്ചായത്തിലെ ആദ്യത്തെ വായനശാലയായ ഉപ്പുവള്ളി യുവജന വായനശാല ഇന്ന സജീവമായി പ്രവർത്തിക്കുന്നു. ജനവിദ്യാകേന്ദ്രം, റേഡിയോ എന്നിവ ഈ വായനശാലയിൽ പ്രവർത്തിക്കുന്നുണ്ട്. സ്വന്തമായുള്ള കെട്ടിടത്തിൽ വൈദ്യുതി ഇല്ലാത്തതിനൽ തൊട്ടടുത്ത കെട്ടിടത്തിലാണ് ടി.വി.യും റേഡിയോയും പ്രവർത്തിപ്പിക്കുന്നത്. 1961– ൽ ആരംഭിച്ച സ്വന്തം കെട്ടിടമുള്ള ഉള്ളാട് ദേശീയ വായനശാല ഇടക്കാലത്ത് മന്ദീഭവിച്ച് പോയെങ്കിലും ഇപ്പോൾ പുനരുദ്ധാന പ്രവർത്തനത്തിലാണ്. കവളമുക്കട വിശ്വപ്രഭാവായശാല, ചുള്ളിയോട് ഗ്രാമോദ്ധാരണ വായനശാല, തേൾപ്പാറ മിഷ്യൻലീഗ് വായനശാല എന്നിവ നല്ല നിലയിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും പൂക്കോട്ടുംപാടം പീപ്പിൾസ് ലൈബ്രറി മൃതാവസ്ഥയിലാണ്. ഈ പഞ്ചായത്തിൽ പൂക്കുട്ടുംപാടം അമരമ്പലം സൗത്ത്, പൊട്ടി

ക്കല്ല് എന്നിവടങ്ങളിൽ മൂന്ന് സാംസ്കാരിക നിലയങ്ങൾ ഉള്ളതിൽ പൂക്കോട്ടുംപാടം സാംസ്കാരിക നിലയം വെറും കെട്ടിമായി നിലനിൽക്കുന്നു. ധാരാളം കലാകായിക സമിതികൾ കൂണുകൾ പോലെ മുളച്ചുപൊന്തുകയും പെട്ടെന്ന് തന്നെ ഇല്ലാതാകുകയും ചെയ്യുന്ന സ്ഥിതിയുണ്ട്. ഇപ്പോൾ 18 കലാകായിക സമിതികൾ രംഗത്തുണ്ട്. (പട്ടിക 2 നോക്കുക) പൂക്കോട്ടുപാടം ടാസ് ക്ലബ്, ടോപ്പ് സ്റ്റാർ, ഒറവൻ കുണ്ട് സമാർട്ട് ക്ലബ് എന്നി സജീവമായി പ്രവർത്തിക്കുന്നുണ്ട്. കലാകാലിയ രംഗത്തും സാസ്കാരിക സന്നദ്ധ സേവന രംഗത്തും ഇവ ഫലപ്രദമായി ഇടപെടുന്നുണ്ട്. ഒട്ടെല്ലാ മലയാള പത്രങ്ങളും ഹിന്ദു, ഇന്ത്യൻ എക്സ്പ്രസ് എന്നീ ഇംഗ്ലീഷ് പത്രങ്ങളും ധാരാളം ആനുകാലിക പ്രസിദ്ധീകരണങ്ങളും പഞ്ചായത്തിൽ സജീവ സാന്നിദ്ധ്യംനിലനിർത്തുന്നു. സാംസാകാരിക മൂല്യച്യുതിയുടെ ഈ കാലഘട്ടത്തിൽ ആനുകാലിക പ്രസിദ്ധീകരണങ്ങളുടെ കൂട്ടത്തിൽ ഗൗരവമായ പുരോഗനമസാഹിത്യപ്രസിദ്ധീകരണങ്ങളുടെ പോരായ്മ നല്ലതുപോലെ നിഴലിക്കുന്നുണ്ട്. പൈങ്കിളി പ്രസിദ്ധീകരണങ്ങളുടെ വില്പനയിൽ ദിനം പ്രതിയുള്ള കുതിച്ചുകയറ്റം ഗൗരവപൂർവ്വം വീക്ഷിക്കേണ്ടിയിരിക്കുന്നു. പഞ്ചായത്തിലാകെയുള്ള വീടുകളിൽ 3000 വീടുകളിലും റേഡയോ ഉപയോഗിച്ചുവരുന്നു. 264 വീടുകളിൽ ടി.വി.ഉണ്ട്. എന്നാൽ, 591 വീടുകളിലേ പത്രമുള്ളു. വായനയുടെ ലോകത്തുനിന്നുള്ള പുതിയ തലമുറയുടെ പിന്നോട്ടടിയായി ഇതിനെ കാണുന്നുണ്ട്.പഞ്ചായത്തിൽ 2 സിനിമാശാലകളും 1 കേമ്പിൾ ടി.വി. സ്ഥാപനവും പ്രവർത്തിക്കുന്നുണ്ട്. വൈദേശിക സംസ്കരണത്തിന്റെ കടന്നുകയറ്റം ഇലക്ട്രോണിക് മാധ്യമങ്ങളുടെ അതിപ്രസരം എന്നിവ നമ്മുടെ സാസ്കാരിക പൈതൃകത്തിന് അപചയം വരുത്തുന്നുണ്ട്. പ്രശ്നങ്ങൾ:- 1. ആകെയുള്ള പതിനൊന്ന് വാർഡുകളിൽ 6 എണ്ണത്തിൽ വായനശാലയോ ഗ്രന്ഥാലയങ്ങളോ ഇല്ല.

2. പൂക്കോട്ടുംപാടം പീപ്പിൾസ് ലൈബ്രറിക്ക് സ്വന്തമായി കെട്ടിടമില്ല. പ്രവർത്തനം നിലച്ചിരിക്കുകയാണ്.

3. ജനവിദ്യ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നില്ല.

4. സാക്ഷരതയുടെ നേട്ടങ്ങൾക്ക് തുടർച്ചയില്ല.

5. തനതുകലകൾ അന്യം നിന്നു പോകുന്നു.

6. രൂപംകൊള്ളുന്ന കലാസാംസാകാരിക സംഘടനകൾ ഉടനടി കാലഗതിയടയുന്നു.

7. വിദ്യാർത്ഥികളുടെ പ്രതിഭയെ പരിപോഷിപ്പിക്കാൻ പരിപാടി ഇല്ല.

8. കായിക പരിശീലനങ്ങൾക്ക് സൗകര്യമില്ല,.

9. വിവിധ സാമൂഹ്യ പ്രവർത്തനങ്ങളിൽ കലാകായിക സംഘടനകൾക്കുള്ള പങ്ക് പരിമിതമാണ്. സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളിൽ സജീവമായി ഇടപെടേണ്ടതുണ്ട്.

10. പൈങ്കിളി പ്രസിദ്ധീകരണങ്ങളുടെ പ്രചാരം വർദ്ധിക്കുന്നു.

11. ലഹര പദാർത്ഥങ്ങളോട് യുവതലമുറക്ക് അഭിവാഞ്ചര ഏറുകയാണ്.

12. നമ്മുടെ പഞ്ചായത്തിൽ ഒരു റഫറൻസ് ഗ്രന്ഥശാലയില്ല.

പരിഹാര നിർദ്ദേശങ്ങൾ

1. പൂക്കോട്ടുംപാടം പീപ്പിൾസ് ലൈബ്രറി പഞ്ചായത്ത് ഏറ്റെടുത്ത് സ്വന്തം കെട്ടിടങ്ങളും മറ്റു സൗകര്യങ്ങളും ഉണ്ടാക്കണം. റഫറൻസ് ഗ്രന്ഥാലമായി ഉയർത്തണം.

2. എല്ലാ വായനശാലകൾക്കും 3-ൽകുറയാത്ത പത്രങ്ങളും പുരോഗമന പ്രസിദ്ധീകരണങ്ങളും പഞ്ചായത്ത് നൽകണം.

3. തുടർ സാക്ഷരതാ പ്രവർത്തനം അടിയന്തിരമായി ആരംഭിക്കണം.

4. ഉപ്പുവള്ളി ലൈബ്രറിക്ക് വൈദ്യുതി കണക്ഷൻ നൽകണം

5. പഞ്ചായത്ത് സാംസ്കാരിക നിലയങ്ങൾ സജീവമാക്കണം

6. ഒരു കേന്ദ്രകാല കായിക സംഘടനയ്ക്ക് രൂപം നൽകി പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിലെ സംഘടനകളെ അഫിലിയേറ്റ് ചെയ്യണം.

7. സാംസാകാരിക ഉന്നമനത്തിനുതകുന്ന ജനകീയ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കണം.

8. അന്ധവിശ്വാസങ്ങൾക്കും അനാചരങ്ങൾക്കും സാംസ്കാരിക അപയത്തിനുമെതിരായി സമഗ്ര ബോധവൽക്കരണ പരിപാടി വേണം.

9. കലാ-കായിക രംഗത്ത് പ്രതിഭകളെ പ്രോത്സാഹിപ്പിക്കുന്നതിന് ചിട്ടയോടുകൂടിയ പ്രവർത്തനങ്ങൾ വേണം.

10. സ്കൂളുകളിൽ പാഠ്യേതര പ്രവർത്തനങ്ങൾക്ക് അർഹിക്കുന്ന പരിഗണന ഉറപ്പുവരുത്തണം.

11. ഈ രംഗത്ത് പ്രവർത്തിക്കുന്ന വിവിധ ഏജൻസികളുടെ സഹായസഹകരണങ്ങൾ പൂർണ്ണമായും പ്രയോജനപ്പെടുത്തണം.

12. കേരളോത്സവം, ഓണാഘോഷം തുടങ്ങിയ വയെ പഞ്ചായത്തിന്റെ നേതൃത്വത്തിൽ കൂടുതൽ ജനകീയവും സജീവവുമാക്കണം.

13. പഞ്ചായത്തിൽ പൊതുകളിസ്ഥലങ്ങൾ നിർമ്മിക്കണം.

14. തനതുകലകളെ പ്രോത്സാഹിപ്പിക്കാൻ സമഗ്ര പദ്ധതി ആവിഷ്കരിക്കണം.

15. എല്ലാ സ്കൂളുകളിലും ആവശ്യമായ കലാകായികോപകരണങ്ങൾ അടിയന്തരമായി ലഭ്യമാക്കണം.

16. കായികരംഗത്തെ പ്രതിഭകൾക്ക് പ്രത്യേക കോച്ചിംഗ് സമ്പ്രദ്യം ഏർപ്പെടുത്തണം.

പട്ടിക –1

പ്രവർത്തിക്കുന്ന ഗ്രന്ഥശാലകൾ,

പേരും മേൽവിലാസവും, സ്ഥാപിച്ച വർഷം ,കെട്ടിടത്തിന്റെ വിവരം, നിലവിലുള്ള മെമ്പർമാർ, പ്രതിമാസ പുസ്തകവിതരണം, ആനുകാലിക പ്രസിദ്ധീകരണങ്ങളുടെ വിവര,ം പ്രവർത്തന മേഖല, ഗ്രാന്റ് ലഭിക്കുന്ന വിവരം, ഗ്രേഡ്, എന്നിവ ക്രമത്തിൽ താഴെ

യുവജനവായനശാല ഗ്രന്ഥാലയം ഉപ്പുവള്ളി 1959 സ്വന്തം 352 560 മാതൃഭൂമി, മലയാളമനോരമ, ദേശാഭിമാനി, ഇൻഡ്യാടുഡേ, കേരളശബ്ദം, കലാകൗമദി വായനശാല ഗ്രന്ഥാലയം ഉണ്ട്

C പീപ്പിൾസ് ലൈബ്രറി പൂക്കോട്ടുംപാടം 1969 വാടക 398 370 ദേശാഭിമാനി ദിനപ്പത്രം വായനശാല ഉണ്ട് ദേശീയവായനാശാല ഉള്ളാട് 1961 സ്വന്തം 100 150 കേരളകൗമദി, മാതൃഭൂമി, ഗൃഹലക്ഷ്മി, സ്പോർട്സ് മാസിക വായനശാല ഇല്ല – വിശ്വപ്രഭ വായനശാല കവളമുക്കട്ട 1967 സ്വന്തം 144 410 മാതൃഭൂമി, ദേശാഭിമാനി, കേരളകൗമദി പത്രങ്ങളും 12 വാരികകളും വായനശാല ഗ്രന്ഥാലയം ഉണ്ട്

D ഗ്രാമോദ്ധാരണ വായനശാല ചുള്ളിയോട് 1965 സ്വന്തം 110 360, ദേശാഭിമാനി, മാതൃഭൂമി, കർഷകശ്രീ, ജനപഥം വായനശാള ഗ്രന്ഥാലയം ഉണ്ട്

പട്ടിക–2

നിലവിലുള്ള ക്ലബുകളുടെ വിവരം

1 ടാസ് ആർട്സ് &സ്പോർട്സ് ക്ലബ് പൂക്കോട്ടുംപാടം.

2 ടോപ്പ് സ്റ്റാർ ആർട്സ് & സ്പോർട്സ് ക്ലബ് ,,

3 യാസ് ആർട്സ് & സ്പോർട്സ് ക്ലബ് കാരക്കുളം

4 ഗ്യാലക്സി ആർട്സ് & സ്പോർട്സ് ക്ലബ് ചേലോട്ട്

5 കിംഗ് സ്പോർട്ടിം ക്ലബ് ഉപ്പുവള്ളി

6 സ്മാർട്ട് ആർട്സ് & സ്പോർട്സ് ക്ലബ് ഒരവൻകുണ്ട്

7 പ്രസ്റ്റോ ആർട്സ് & സ്പോർട്സ് ക്ലബ് അഞ്ചാംമൈൽ

8 ജ്വാല ആർട് ക്ലബ് ചെട്ടിപ്പാടം

9 അമരാവതി ആർട്സ് & സ്പോർട്സ് ക്ലബ് കണ്ണച്ചൻകുന്ന്

10 ഷൈൻ ആർട്സ് & സ്പോർട്സ് ക്ലബ് തേൾപ്പാറ

11 ആർട്സ് & സ്പോർട്സ് ക്ലബ് അമരമ്പലം സൗത്ത്

12 കാമിക ആർട്സ് ക്ലബ് കുറ്റമ്പാറ

13 ജാലകം ആർട്സ് & സ്പോർട്സ് ക്ലബ് ചുള്ളിയോട്ട്

14 അനശ്വര ആർട്സ് ക്ലബ് പറമ്പ

15 പ്രണവം ആർട്സ് ക്ലബ് ചുള്ളിയോട്

16 യാസ് ആർട്സ് & സ്പോർട്സ് ക്ലബ് കൽച്ചിറ

17 പുലരി ആർട് ക്ലബ് പൊട്ടിക്കല്ല

18 നവധാര ആർട്സ് & സ്പോർട്സ് ക്ലബ് മേലേപ്പീടിക.



5.9

വനിതാക്ഷേമം

"പെണ്ണായി പിറക്കുന്ന ഒരു പ്രതിഭയും
മനുഷ്യരാശിക്ക് നഷ്ടമാകരുത്"

ഇന്ന് ഏറെ ചർച്ചചെയ്യുന്നതും ,ചർച്ചചെയ്യപ്പെടേണ്ടതുമായ ഒരു വിഷയമാണ് വനിതാ ക്ഷേമം . വനിതാക്ഷേമപ്രവർത്തനങ്ങൾക്ക് വ്യക്തവും നവീനവുമായ ഒരു ദിശാ ബോധം ഉണ്ടാക്കാനും അതിലൂടെ ഇവർ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താനും കഴിയേണ്ടതുണ്ട് വനിതകളുടെ നാനാവിധമായ പുരോഗതി ആവിഭാഗത്തിന്റെ മാത്രം കാര്യമല്ല . പ്രത്യുത ഓരോകുടുബത്തിന്റെയും നാടിന്റെ തന്നെയും ശോഭനമായ ഭാവിയുടെ പ്രശ്നമാണ് .ക്രാന്തദർശിതയുള്ളതും സംസ്ക്കാരസമ്പന്നവുമായ ഒരു സമൂഹം സ്ത്രീകൾക്ക് അർഹമായ പരിഗണന നൽകുന്നതിനുമടിക്കുകയില്ല .

ജനസംഖ്യയുടെ പകുതിയിലധികം സ്ത്രകളാണെങ്കെലിം സമൂഹത്തിന്റെ വികസനപ്രക്രിയയുടെ മുഖ്യധാരയിൽ നിന്നും അവർ മുഖം തിരിഞ്ഞു നിൽക്കുകയാണ് .

ആദ്യമായി വനിതാ ക്ഷേമ പ്രവർത്തനങ്ങളെക്കുറിച്ചുള്ള വിവേചനപരമായ കാഴ്ച്ചപ്പാട് മാറ്റിയെടുക്കുകയും അതിനെക്കുറിച്ചുള്ള ആശങ്കകൾ ഇല്ലാതാക്കുകയുമാണ് ചെയ്യേണ്ടത് .പുരുഷനെയും സ്ത്രീയെയും വേർതിരിച്ചു കാണാതെ ഒരു നാണയത്തിന്റെ ഇരുവശങ്ങളാണെന്ന യഥാർത്ഥ്യബോധം ഉൾക്കൊണ്ട് വിശാലമനസ്ക്കരും ഉല്പതിഷ്ണുകളുമായ പുരുന്മാരുടെ പ്രത്യേകിച്ച് യുവാക്കളുടെ സഹകരണം നേടിയെടുക്കെണ്ടതുണ്ട് .

ഇന്നു നമ്മുടെ സമൂഹം ഏറെവഴിപിഴച്ചിരിക്കുന്നതിന്റെയും ,അധർമ്മങ്ങൾ ,അനീതികൾ ,അക്രമങ്ങൾ എന്നിവ ഇവിടെ വിളയാടുന്നതിന്റെയും കാരണം സമൂഹത്തിലെ സ്ത്രീകളുടെ അവസ്ഥ അത്രയും പരിതാപകരമയതാണ് .തന്നെയുമല്ല അക്രമങ്ങളും പീഡനങ്ങളും സ്ത്രീക്കു നേരെ തിരിച്ചു വിട്ടിരിക്കുന്ന അഭിശപ്തമായ സ്ഥിതി വിശേഷമാണ് നമുക്കു ചുറ്റും കാണാൻ കഴിയുന്നത് .ഇന്ന് വർദ്ധിച്ചുവരുന്ന സ്ത്രീ പീഡനങ്ങളുടെ ഉറവിടം സ്ത്രീയെ വെറുമൊരു ഉപഭോഗ വസ്തുവായും ആഡംബരവസ്തുവായും കാണുന്ന സമൂഹത്തിന്റെ മനോഭാവമാമ് .സ്ത്രീ ആസ്വദിക്കപ്പെടേണ്ടതാണെന്ന തോന്നലാണ് , പരുഷൻമാർക്ക് മാത്രമായുള്ള വസ്തുക്കളുടെ പോലും പരസ്യത്തിൽ സ്ത്രീ ചൂഷണം ചെയ്യപ്പെടുന്നതിനു കാരണം .ഈ കമ്പോളസംസ്ക്കാരം മാറ്റിയെടുക്കാൻ സ്ത്രീ പുരുഷനടങ്ങന്ന ഈ സമൂഹത്തെ ബോധവൽക്കരിക്കേണ്ടതുണ്ട് കുടുംബകാര്യങ്ങളിലും നാട്ടുകാര്യങ്ങളിലും സ്ത്രീക്ക് പുരുഷനോടൊപ്പം സ്ഥാനം കൈവരേണ്ടിയിരിക്കുന്നു .

ഉത്തരവാദിത്വ ബോധമുള്ളവരും കൃത്യനിർവ്വഹണശേഷിയുള്ളവരുമായ വനിതകളെ കണ്ടെത്തുന്നതിനും സ്നേഹസമ്പന്നവും സമത്വസുന്ദരവുമായ ഒരു കുടുംബന്തരീക്ഷം ഉണ്ടാക്കിയെടുക്കുന്നതിനും ബോധപൂർവ്വമായ ഒരു ശ്രമം ആവശ്യമാണ് .

ആരും ഉയർത്താതെയുള്ള ഉയർച്ച സ്ത്രീകൾ സ്വയം നേടിയെടുക്കുകയാണ് വേണ്ടതെങ്കിലും ഇന്നത്തെ അവസ്ഥയിൽ നിന്നും കരകയറൻ അവർക്ക് ചിന്തിക്കുന്ന സമൂഹം ചില ആനുകൂല്യങ്ങൾ നല്കിയേതീരു .സ്വയം ഒരു ഉൽക്കാർഷേച്ഛ സ്ത്രകളിൽ ഉണ്ടാകുമ്പോൾ അത് സമൂഹത്തിലെ മന പൂർവ്വമല്ലാത്ത മ്ലേച്ഛവാസനകളെ ഇല്ലായ്മചെയ്യാൻ ഉപകരിക്കും .അതു കൊണ്ട് സ്ത്രീ പ്രശ്നങ്ങളിൽ ശക്തവും നിരന്തരവുമായ ബോധവൽക്കരണം നടത്താൻ അധികൃതരും സന്നദ്ധസംഘടനകളും വനിതാ ക്ഷേമപ്രവർത്തകരും തയ്യാറാകേണ്ടിയിരിക്കുന്നു .

നമ്മുടെ പഞ്ചായത്തിലെ മുൻകാല ചരിത്രത്തിലെ തിളങ്ങുന്ന എടാണ് 93 വയസ്സ് പിന്നിട്ട എൻ .ചീരു എന്നിവരുടെ ഭൂമിപിടച്ചെടുക്കാനുള്ള കർഷകത്തൊഴിലാളി പ്രക്ഷോഭത്തിലും ജാഥയിലും പങ്കെടുത്ത കഥ

നമ്മുടെ പഞ്ചായത്തിൽ 1921ൽ ആണ് ആദ്യമായി ഒരു വിദ്യാലയം (അമരമ്പലം ജി എൽ പി സ്ക്കൂൾ) തുടങ്ങയത് . ഇവിടുത്തെ ആദ്യത്തെ വിദ്യാർത്ഥിനികളായിരുന്നവരാണ് കളരിക്കൽ മാധവി ,പൊറ്റക്കാട്ട് പാർവ്വതി ,പറയറ്റ നാരായണി

എന്നിവർ.

അക്കാലത്ത് പട്ടിക ജാതിവഭാഗത്തിൽ നിന്നും വിദ്യഭ്യാസം നേടി അധ്യാപനരംഗത്ത് മഹത്തായ സേവനം അനുഷ്ഠിച്ച വനിതയാണ് മുൻപഞ്ചായത്ത് മെമ്പർ സരോജിനി ടീച്ചർ. നമ്മുടെ പഞ്ചായത തിലെ ആദ്യത്തെ ബീരുദ ധാരണി സി.കെ.ദാക്ഷാ യണിയാണ്.

വനിതാ നേതൃത്വം

ഇവിടെ ആദ്യമായി ഒരു മഹിളാ സമാജം ചേലോട് കേന്ദ്രമായി തുടങ്ങുന്നത് 1960 കളിലാണ്. 1970 ന് ശേഷമാണ് ഇന്നു നിലവിലുള്ളതും ഇല്ലാ ത്തതുമായ മറ്റു മഹിളാ സമാജങ്ങൾ പ്രവർത്തനം ആരംഭിച്ചത്.

നമ്മുടെ സ്ത്രീകളുടെ നിരക്ഷരത ഒട്ടുമു ക്കാലും മാറിയത് 1990ലെ സാക്ഷരതാ പ്രവർത്തനം മൂലമാണ് ഇതിൽ പ്രവർത്തിച്ചിരുന്ന ഇൻസ്ട്ര ക്റ്റർമാരിൽ 70% വും വനിതകളായിരുന്നു. 1990-91 ൽ ശാസ്ത്രസാഹിത്യപരിക്ഷത്ത് പൂക്കോട്ടും പാടം യൂണിറ്റ് സെക്രട്ടറിയും പ്രസിഡണ്ടും വനിത കളായിരുന്നു.

രണ്ടാം ഘട്ട സാക്ഷരതാ പ്രവർത്തനത്തിൽ നമ്മുടെ പഞ്ചായത്തിലെ കോ-ഓർഡിനേറ്റർ വനി തയായിരുന്നു.

1991 ലെ സേൻസ് പ്രകാരം ആകെ 26804 ആളുകളിൽ പകുതിയിലധികം (13739) സ്ത്രീക ളാണ് ഇവരിൽ തൊഴിലെടുക്കുന്ന സ്ത്രീകൾ വെറും 15% മാത്രമാണ്. ഇതിൽ 10% സ്ത്രീകൾ കർഷക തൊഴിലാളികളാണ്. നാമമാത്രമായ തൊഴിലാളിക ളാണ്. നാമമാത്രമായ തൊഴിലെടുത്തു ജീവിക്കുന്ന വർ 13% മാത്രമാണ്.

സ്ത്രീ പങ്കാളിത്തം വിവിധമേഖലകളിൽ

വിദ്യാഭ്യാസം നിലവാരം കുറഞ്ഞ ദരിദ്രരായ സ്ത്രീകൾ പൊതുവെ കൂലിപ്പണിക്ക് പോകുന്നവ രാണ്. ഇവരിൽ കർഷക തൊഴിലാളികാളാണ്. ഏറി യകൂറും. എന്നാൽ കൃഷി പൊതുവെ നിരുത്സാഹ പ്പെട്ടിരിക്കുന്നതും കൊണ്ട് സ്ത്രീതൊഴിലാളികളുടെ ശ്രദ്ധ മറ്റു നിർമ്മാണ തൊഴിലുകളിലേക്ക് തിരഞ്ഞി രിക്കുന്നു. സുരക്ഷിതത്വം കൂടുതലുള്ളതും അതതു പ്രദേശങ്ങളിൽ ജോലി കണ്ടെത്താൻ കഴിയുന്നതു മായകാർഷിക വൃത്തിയിൽ കൂടുതൽ തൊഴിലവസ രങ്ങൾ സൃഷ്ടിക്കേണ്ടതാണ്. അതിനായി നെൽകൃ ഷിയും മറ്റും കൂടുതൽ പ്രോത്സാഹിപ്പിക്കേണ്ടതാണ്.

തൊഴിൽ മേഖലിയിലെ സ്ത്രീ പുരുഷാനുപാതം
(1991ലെ സെൻസസ് പ്രകാരം)

തൊഴിൽ മേഖല	പുരുഷൻ	സ്ത്രീ
കർഷകർ	739	66
കർഷകതൊഴിലാളികൾ	2139	1453
നിർമ്മാണ തൊഴിലാളികൾ	176	11
വാണിജ്യവ്യാപാരം	533	30
നാമമാത്രമായ തൊഴിലാളികൾ	423	417
മറ്റുള്ളവർ	1916	527

തുല്യ ജോലിയ്ക്ക് തുല്യവേതനം എന്ന ആശയം എല്ലാ മേഖലകളിലും നടപ്പാക്കണം. പുരു ഷൻ ചെയ്യുന്ന പല ജോലികളിലും സ്ത്രീകൾ ഏർപ്പെടുന്നുണ്ട്. എന്നാൽ പുരഷ വിഭാഗത്തിന് കിട്ടുന്നകൂലി സ്ത്രീകൾകൾക്ക് ലഭിക്കുന്നില്ല. ഇവിടെ സ്ത്രീകൾ ചൂഷണം ചെയ്യപ്പെടുന്നു. ഈ സ്ഥിതി മാറ്റേണ്ടതുണ്ട്.

കൂലിയിലെ വ്യത്യാസം		
മേഖല	സ്ത്രീ	പുരുഷൻ
കാർഷികം	50	100
നിർമ്മാണ തൊഴിൽ	70	110-125

ബീഡി വ്യവസായ മേഖലയിലും മറ്റും പണി യെടുക്കുന്ന സ്ത്രീകൾക്ക് വലരെ തുച്ഛമായ വേതനം മാത്രമെ ലഭിക്കുന്നുള്ളു. അതുകൊണ്ട് സ്ത്രീകൾക്ക് ഉപജീവനത്തിന് പര്യാപ്തവുമായ വേതനം ലഭി ക്കുവാന് സത്വരനടപടികൾ ആവശ്യ മാണ് സ്ത്രീകൾക്ക് ഗാർഹിക ജോലിയുമായി ബന്ധ പ്പെടുത്തിചെയ്യാവുന്ന പച്ചക്കറി കൃഷി, ഔഷധ സസ്യനിർമ്മാണം ഉദ്യാനകൃഷി മുതലായ പ്രോത്സാ ഹിപ്പിക്കപ്പെടേണ്ടതാണ്. അതിനായി കൃഷിഭവൻ മുഖേന ആവശ്യമായ വിത്തുകൾ വളം, ഉപകരണ ങ്ങള, കീടനാശിനികൾ എന്നിവ ലഭ്യമാക്കി വേണ്ട പരിശീലനം നൽകേണ്ടതാണ്. നിർമറി പദ്ധതി നട പ്പാക്കിയിട്ടുള്ള സഹായങ്ങൾ നൽകാവുന്നതാണ്.

സ്ത്രീകളുടെ സാമ്പത്തിക ഭദ്രതയും സാമൂ ഹിക പദ്ധതിയും ഉയർത്തുന്നതിന് സ്ത്രീകൾക്ക് മാത്രമായി ഒട്ടേരെ സ്വയം തൊഴിൽ പദ്ധതികൾ നട പ്പാക്കാവുന്നതാണ്. പഞ്ചായത്തിൽ വനിതകളുടെ നേതൃത്വത്തിൽ ക്ഷീരോല്പാദനവ്യവസായ യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. C.P ഡയറി യൂണിറ്റ് എന്നിവ നന്നായി പ്രവർത്തിക്കുന്നുണ്ടെങ്കിലും സൂര്യാച പ്പൽസിന്റെ പ്രവർത്തനം ആശാവഹമല്ല. കൊപ്ര യൂണിറ്റ്, മെറ്റൽ ജെല്ലി യൂണിറ്റ് എന്നിവയുടെ

പ്രവർത്തനം നിലച്ചിരിക്കുകയാണ്. ഈ സംരംഭങ്ങളിൽ നേതൃത്വം നൽകുന്ന സ്ത്രീകൾക്ക് അതിനു വേണ്ട പരിശീലനം നൽകാത്തതും ഫലപ്രദമായ മാനേജ്മെന്റിന്റെ ആഭാവവും ഉല്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്താത്തതും ഉൽപ്പന്നങ്ങൾ ഇല്ലാത്തതും ഈ സംരംഭങ്ങൾ പരാജയപ്പെടാനുള്ള കാരണങ്ങളാണ്. ഈ യൂണിറ്റുകൾ പുനരുജ്ജീവിപ്പിക്കാനുള്ള സൗകര്യങ്ങൾ ഇല്ലാത്തതും ഈ സംരംഭങ്ങൾ പരാജയപ്പെടാനുള്ള കാരണങ്ങളാണ്. ഈ യൂണിറ്റുകൾ പുനരുജ്ജീവിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ ബന്ധപ്പെട്ടവർ എത്രയും പെട്ടന്ന് ചെയ്യേണ്ടതാണ്.

പരമ്പരാഗത തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ അവസ്ഥ വളരെ ശോചനീയമാണ്. പഞ്ചായത്ത് രേഖകളിൽ പ്പോലും ഉൾപ്പടാത്ത ആദി-ആന്ധ്ര (കംഭാരൻ) വിഭാഗത്തിലപ്പെട്ട തൊഴിലാളികൾ നമ്മുടെ ഇടയിലുണ്ട്. ഇവരെ സാമൂഹ്യ വകസനപ്രക്രിയകളിലേക്ക കൊണ്ടുവരേണ്ടതുണ്ട്. അതിനായി അവരുടെ വിദ്യാഭ്യാസ നിലവാരം സാമ്പത്തിക സ്ഥിതി എന്നിവ ഉയർത്തേണ്ടതാണ്. ഇവരുടെ തൊഴിലിനാവശ്യമായ അസംസ്കൃത സാധനങ്ങൾ ലഭ്യമാക്കാനും അവരുടെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കാനുള്ള സൗകര്യം ഏർപ്പെടുത്തുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

വൈവിധ്യമുള്ളതും നൂനതവുമായ മേഖലകളിൽ സ്ത്രീകൾക്ക് തൊഴിലിൽ പരിശീലനം പഞ്ചായത്ത് തലത്തിലും നൽകാൻ കഴിയണം. പരമ്പരാഗത തൊഴിലുകളിൽ സ്ത്രീകൾക്ക് കൂടുതൽ പ്രോത്സാഹനം നൽകേണ്ടതാണ്. ചെറുകിട വ്യവസായ സംരംഭങ്ങൾ കൂടുതലായി ആരംഭിക്കേണ്ടതുണ്ട്. (ഉദാ:- തയ്യൽ പരിശീലനം, റെഡിമെയ്ഡ് വസ്ത്രനിർമ്മാണം, പപ്പടനിർമ്മാണം മുതലായവ. ഇത്തരം സംരംഭങ്ങൾ വിജയിപ്പിക്കുന്നതിനായിനനമ്മുടെ പഞ്ചായത്തിൽ സഹകരണവനിതാ സഹകരണസംഘങ്ങൾ കൂടുതലായി ആരംഭിക്കേണ്ടുണ്ട്. (ഉദാ: തയ്യൽപരിശീലനം, റെഡിയ്ഡ് വസ്തു നിർമ്മാണം മുതലായവ). ഇത്തരം സംരംഭങ്ങൾ വിജയിപ്പിക്കുന്നതിനായി നമ്മുടെ പഞ്ചായത്തിൽ വനിതാസഹകരണ സംഘങ്ങൾ ആരംഭിക്കേണ്ടതാണ്. നമ്മുടെ ബ്ലോക്കിൽ ആകെയുള്ള രണ്ട് വനിതാ റേഷൻ കടകളിൽ ഒന്ന് നമ്മുടെ പഞ്ചായത്തിലാണെന്നത് എടുത്തു പറയത്തക്ക ഒരു കാര്യമാണ്. പ്രോത്സാഹനം നൽകിയാൽ കൂടുതൽ വനിതകൾ ഈ രംഗത്തേക്ക് കടന്നു വന്നേക്കാം.

II വാർഡുകളിൽ അബിളി ഡയറിയൂണിറ്റ് കറവമാടുകളെ വളർത്തൽ) 10 സ്ത്രീകളെ ഉൾപ്പെടുത്തി തുടങ്ങാനിരിക്കുന്നു. ഈ പഞ്ചായത്തിൽ പൂക്കോട്ടും പാടം കേന്ദ്രീകരിച്ച് ഒരു വനിതാ പാൽ സൊസൈറ്റി തുടങ്ങേണ്ടതാണ്. നമ്മുടെ പഞ്ചായത്തിൽ റബ്ബർ കൃഷി വ്യാപകമായി വരുകയാണ്. ഈ മേഖലയിൽ വരുന്ന തൊഴിലവസരങ്ങൾക്ക് സ്ത്രീകളെ പ്രാപ്തരാക്കാൻ ടാപ്പിംഗിനും മറ്റും പരിശീലനം നൽകേണ്ടതാണ്. നീർമറി പദ്ധതി പ്രകാരം III-ാം വാർഡിൽ പ്രവർത്തിച്ചിരുന്ന തയ്യൽ യൂണിറ്റ് പുനരാരംഭിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

ഓരോ വീട്ടിലും ഒരു സ്ത്രീയെങ്കിലും സാമ്പത്തിക സ്വയം പര്യാപ്തത കൈവരിക്കുക എന്ന ലക്ഷ്യം മുൻ നിർത്തി സ്ത്രീകൾക്ക് തൊഴിൽ സംവരണം ഏർപ്പെടുത്തിയിട്ടുണ്ട്.

സമൂഹത്തിലെ ഏറ്റവും ദരിദ്രരായ സ്ത്രീകളുടെ സാമൂഹ്യവും സാംസ്ക്കാരികവുമായ ഉന്നമനത്തിനുവേണ്ടി മലപ്പുറം ജില്ലയിൽ മാത്രം പ്രവർത്തിക്കുന്ന CBND (സാമൂഹ്യാധിഷ്ഠിത ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി) യുടെ പ്രവർത്തനം പ്രശംസനീയമാണ്. ഇതിന്റെ പ്രവർത്തകർ നടത്തിയിരുന്ന സമ്പാദ്യപദ്ധതി (ത്രീഫിറ്റ്) എടുത്തുപറയേണ്ടത്താണെങ്കിലും ഇന്ന് അതിന്റെ പ്രവർത്തനം മന്ദീഭവിച്ചു കിടക്കുന്ന ഒരു സാഹചര്യമാണുള്ളത്. ഗ്രാമതലത്തിൽ CBNP പ്രവർത്തനം നടത്തിയിരുന്ന APO മാർക്കും APC മാർക്കും (അസ്സോസിയേറ്റ് പഞ്ചായത്ത് കോ-ഓർഡിനേറ്റർ) അലവൻസ് നൽകിയിരുന്നത്. ഈസാമ്പത്തിക വർഷത്തിൽ തുടരാൻ കഴിയാത്ത്ത്തതാണ് ഇതിനു കാരണം. 2 വർഷം മാത്രം പിന്നിട്ട ഈ സംരംഭത്തെ പാടേ ഇല്ലാതാക്കാതിരിക്കാൻ അധികൃതരുടെ സത്വര ശ്രദ്ധ ഇതിലേക്ക് പതിയേണ്ടതാണ്. തൊഴിൽ സംഘടനകളിൽ പൊതുവെ സ്ത്രീ പങ്കാളിത്തം കുറവാണ്. ഇതിനു കാരണം സ്ത്രീകൾക്കിടയിലെ ആത്മ വിശ്വാസക്കുറവാണ്. സംഘടനകളിലെക്ക് വരുന്ന സ്ത്രീകൾക്ക് വേണ്ട പ്രോത്സാഹനവും നേതൃത്വപരിശീലനവും നൽകേണ്ടതുണ്ട്. സ്ത്രീകൽക്ക് പൊതുവെ അവരുടെ അവകാശങ്ങളെയും തൊഴിൽ നിയമങ്ങളെയും കുറിച്ച് വേണ്ടത്ര അറിവില്ല. പ്രവർത്തനരംഗത്തേയ്ക്കു വരാൻ അവരുടെ കുടുംബപശ്ചാത്തലം അവരെ അനുവദിക്കുന്നില്ല.

സ്ത്രീകളുടെ വിദ്യാഭ്യാസം വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണല്ലോ. സമൂഹത്തിന്റെ ഭാവി രൂപ്പ്പെടുന്നത് സ്ത്രീകളുടെ കൈകളിലൂടെയാണ്. സ്ത്രീക്ക് വിദ്യാഭ്യാസം നിഷേധിക്കപ്പെട്ടിരുന്ന ഒരു കാലഘട്ടത്തിൽ നിന്നും നാം വളരെയധികം മുന്നോട്ടു പോയിട്ടുണ്ടെങ്കിലും ഇന്നും വേണ്ടത്ര പ്രാധാന്യം സ്ത്രീവിദ്യാഭ്യാസത്തിനു ലഭിക്കുന്നില്ല. നമ്മുടെ പഞ്ചായത്തിലെ സ്ക്കൂളുകളിൽ പഠിക്കു

ന്നവരിൽ പെൺകുട്ടികളാണ് കൂടുതലെങ്കലും അവരുടെ വിദ്യഭ്യാസം സെക്കണ്ടറി തലത്തിൽ ഒതുങ്ങി നിൽക്കുന്നു. ഉന്നത വിദ്യാഭ്യാസരംഗത്ത് വനിതകൾക്ക് മാത്രമായി ഒരു സ്ഥാപനം ഇല്ലായെന്നുള്ളതുകൊണ്ട് എടുത്തുപറയത്തക്ക ന്യൂനതയാണ്. നമ്മുടെ പഞ്ചായത്തിൽ അധ്യാപനരംഗത്ത് പ്രവർത്തിക്കുന്നവരിൽ 70% വും സ്ത്രീകളാണ് എന്നുള്ളത് ശുഭോദാർക്കമായ ഒരു സംഗതിയാണ്. പ്രീ-പൈമറി വിദ്യാഭ്യാസരംഗത്ത് അംഗനവാടികൾ വളരെ സ്തുത്യർഹമായ സേവനമനുഷ്ടിക്കുന്നുണ്ടെങ്കിലും ഇവിടെ ജോലിചെയ്യുന്ന അധ്യാപകന്മാരുടെ സ്ഥിതി വളരെ ശോചനീയമാണ്. അവരുടെ ജോലിയ്ക്കനുസരിച്ചുള്ള വേതനം അവർക്കു ലഭിക്കേണ്ടത് സാമൂഹിക ആവശ്യമാണ്. അംഗനവാടികൾക്ക് ഭൂരിപക്ഷത്തിനും കെട്ടിടവും പ്രഥാമിക സൗകര്യങ്ങളും ഇല്ല. നമ്മുടെ ശ്രദ്ധ കൂടുതലായി ഈ മേഖലയിൽ പതിയേണ്ടതുണ്ട്. അംഗനവാടികളുടെയും മഹിളാ സമാജങ്ങളുടെയും പ്രവർത്തനം ഏകോപ്പിച്ച് സ്ത്രീകളുടെ സാന്നിധ്യം പരമാവധി ഉറപ്പുവരുത്തി അതിനെ ഒരു സാമൂഹിക സാംസ്ക്കാരിക കേന്ദ്രമാക്കി വളർത്തിയെടുക്കേണ്ടതുണ്ട്. അമരമ്പലം പഞ്ചായത്തിൽ പ്രവർത്തിക്കുന്ന മഹിളാ സമാജങ്ങളുടെയും അംഗനവാടികളുടെയും വാർഡുതരിച്ചുള്ള സ്ഥിതി വിവരപ്പട്ടിക താഴെ കൊടുക്കുന്നു.

1990 ലെ സാകഷരതാ പ്രവർത്തനം വഴി സ്ത്രീകളെ ഏറെക്കുറെ സാക്ഷരരാക്കാൻ കഴിഞ്ഞെങ്കിലും അവരിൽ വായനാശീലം വളർത്തിയെടുക്കാൻ തീരെ കഴിഞ്ഞിട്ടില്ല. ഈ അവസ്ഥമാറ്റിയെടുക്കാൻ വേണ്ടി പഞ്ചായത്തിൻ സഞ്ചരിക്കുന്ന വായനശാലാ ഏർപ്പെടുത്തേണ്ടതാണ്. ഇതിനു പുറമെ പഞ്ചായത്തിൽ വനിതകൾക്കു മാത്രമായി ഒരു വായനാശാലയും തുടങ്ങാവുന്നതാണ്. ഇവിടെ 2850 വീടുകളിൽ റേഡിയോ ഉണ്ടെങ്കിലും 591 വീടുകളിൽ മാത്രമെ വർത്തമാന പത്രം വരുത്തുന്നുള്ളൂ. എന്നുള്ളത് ഗൗരവമായി വായനാശീലത്തിന്റെ അഭാവത്തിലേക്ക് വിരൽ ചൂണ്ടുന്നു.

സ്ത്രീകൾ നേരിടുന്ന മറ്റൊരു പ്രധാന പ്രശ്നം അമിതമായ അധ്വാനഭാരത്തിന്റെതാണ്. ഈ പ്രശ്നം പരിഹരിക്കാൻ പുരുഷന്മാരുടെ ഭാഗത്തു നിന്നും സഹൃദയത്വത്തോടെയുള്ള ഒരു സമീപനം ആവശ്യമാണ്. വീട്ടുജോലികളും കുട്ടികളുടെ കാര്യവും സ്ത്രീകളുടെ മാത്രം ബാധ്യതയാണെന്ന സമീപനം മാറ്റി അവരുമായി സഹകരിക്കേണ്ടതാണ്.

കാർഷിക വൃത്തിയിൽ നിന്നും ശാരീരികാധ്വാനം കുടുതലുള്ളതും സുരക്ഷിതത്വം കുറഞ്ഞതുമായ മറ്റു മേഖലകളിലേക്ക് തിരിഞ്ഞത് സ്ത്രീതൊഴിലാളികളുടെ ആരോഗ്യസ്ഥിതിയെ പൊതുപെ ബാധിച്ചിട്ടുണ്ട്. മോശമായ ജീവിത സാഹചര്യവും തൊഴിൽ ദിനങ്ങളുടെ കുറവും പമ്പരാഗത തൊഴി

വാർഡ്	മഹിളാസമാജം	രജി	അഗംനവാടികൾ	റിമാർക്സ്
1	പാറക്കപ്പാടം	ഇല്ല	പാറക്കപ്പാടം	
2	(കൈരളി, കവിത)	ഉണ്ട്	(ഉള്ളാട്-കണ്ണച്ചംകുന്ന്)	കണ്ണച്ചം കുന്നിന് കെട്ടിടമില്ല.
3	നരിപൊയിൽ	ഇല്ല	നരിപൊയിൽ, ചെറായി	
4		ഇല്ല -	തട്ടിയേക്കൽ	താൽക്കാലികഷെഡ്
5	ചേലോട്	ഉണ്ട്	ചേലോട്, കാക്കപ്പൊയിൽ	കെട്ടിടമില്ല
6	ചെട്ടിപ്പാടം, പായമ്പാടം ഇല്ല	ഉണ്ട്	ചെട്ടിപ്പാടം, പായമ്പാടം	
7		ഇല്ല	ചുള്ളിയോട്	
8	അറനാടൻ കൈ, കവളമുക്കട്ട	ഉണ്ട്	അറനാടൻ കൈ, പൊട്ടിക്കല്ല്	
9	ജനരജ്ഞിനി	ഉണ്ട്	തേൾപ്പാറ	
10	പൗർണ്ണമി	ഉണ്ട്	പൗർണ്ണമി	
11	പുല്ലുപറമ്പ്, പന്നിക്കുളം, തോട്ടക്കര	ഇല്ല	പുല്ലുപറമ്പ്, പന്നിക്കുളം, തോട്ടക്കര	

ലാളി സ്ത്രീകളുടെ ആരോഗ്യത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട് . പൊതുവെ ആയുർദൈർഘ്യം സ്ത്രീകൾക്കു കൂടുതലാണെങ്കിലും നമ്മുടെ പഞ്ചായത്തലെ സ്ത്രീകളെ സംബന്ധിച്ചിടത്തോളം രോഗാതുരതകൂടതലാണ് .പ്രഥമിക ആരോഗ്യകേന്ദ്രത്തിൽ സന്ദർശിക്കുന്നവരിൽ കൂടുതലും സ്തീകളും കുട്ടികളുമാണ് .സ്ത്രീ രോഗവിദഗ്ധരുടെ സേവനം ഉറപ്പുവരുത്തേണ്ടത് അത്യവശ്യമാണ് .കുടുംബത്തിന്റെ ആരോഗ്യ പരിപാലനത്തിൽ സ്ത്രീകളുടെ പങ്ക് പ്രധാനപ്പെട്ടതായതിനാൽ പ്രാഥമിക ആരോഗ്യ പ്രശ്നങ്ങളിൽ സ്ത്രീകൾക്കിടയിൽ ബോധവൽക്കരണം നടത്തേണ്ടതും അത്യാവശ്യമാണ് .പഞ്ചായത്തിലെ സ്ത്രീകളിൽ ഭൂരിഭാഗവും പൂർണ്ണ മദ്യനിരോധനം ഏർപ്പെടുത്തണമെന്ന അഭിപ്രായക്കാരണ് ,

ഗവ :ആവിഷ്കരിച്ച് നടപ്പിലാക്കുന്ന സ്ത്രീ ക്ഷേമ പദ്ധതികളുടെ പ്രയോജനം പരമാവധി അവർക്കു ലഭ്യമാക്കേണ്ടതാണ് .ഇവിടെയുള്ള 546 വിധവകളിൽ 188 പേർക്കു മാത്രമാണ് വിധവാ പെൻഷൻ ലഭിക്കുന്നത് 30 വയസ്സ് കഴിഞ്ഞിട്ടും അവിവാഹിതകളായ 229 സ്ത്രീകളും വിവിഹമോചിതരായ 208 സ്ത്രീകളും ഉണ്ട് .പ്രായ പൂർത്തിയാകാത്ത പെൺകുട്ടികളുടെ വിവാഹവും ഇവിടെ നടക്കുന്നുണ്ട് .ഇത് നിരുത്സാഹപ്പെടുത്തേണ്ടതാണ് .
(അവലംബം :പ്രാദേശിക സർവ്വെ)

സാധ്യതകളും പരിഹാര നിർദ്ദേശങ്ങളും

1. സ്ത്രീ പ്രാതിനിധ്യം എല്ലാ മേഖലിയലും ഉറപ്പു വരുത്തുക .

2 നേതൃതരംഗത്തേക്കു വരുന്ന സ്ത്രീകൾക്ക് വേണ്ട പ്രോത്സാഹനവും പരിശീലനവും നല്കുക .

3 .കാർഷിക വൃത്തിയിൽ കൂടുതൽ തൊഴിലവസരങ്ങളുണ്ടാക്കി സ്ത്രീകൾക്ക് സുരക്ഷിതത്വമുള്ള തൊഴിൽ ഉറപ്പുവരുത്തുക .

4 .സഹകരണ മേഖലയിൽ കൂടുതൽ തൊഴിൽ സംരഭങ്ങൽ ഉണ്ടാക്കുക .

5 .പരമ്പരാഗത തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് പ്രോത്സാഹനവും സംരക്ഷണവും വിപണന സൗകര്യവും നൽകുക .

6 വൈവിധ്യമുള്ളതും ന്യൂതനവുമായ തൊഴിലുകളിൽ പരിശീലനം നൽകുക

7 സ്വയം തൊഴിൽ സംരംഭങ്ങളിൽ ഉല്പാദിപ്പിക്കപ്പെടുന്ന വസ്തുകൾക്ക് വനിതാ നേതൃത്വത്തിൽ വിപണന സ്ഥാപനങ്ങൾ ഏർപ്പെടുത്തുക .

8 തുല്യ ജോലിക്ക് വേതനം എന്ന ആശയം എല്ലാ മേഖലകളിലും ഉറപ്പുവരുത്തുക .

9 പരസ്യ ആർഭാട ആഡംബരങ്ങൾക്കെതിരായി ബോധവൽക്കരണം നടത്തുക .

10 അംഗനവാടികളുടെയും മഹിളാസമാജങ്ങളുടെയും പ്രവർത്തനം ഏകോപിപ്പിച്ച് അതിനെ സാമൂഹ്യ സാംസ്ക്കാരിക കേന്ദ്രമാക്കാനുള്ള പദ്ധതി തയ്യാറാക്കുക .

11. അംഗനവാടി ജീവനക്കാർക്ക് അർഹമായ വേതനം നൽകുക .

12. ഗൗരവമുള്ള വായനയെ പ്രോത്സാഹിപ്പിക്കുക ,അതിനായി സഞ്ചരിക്കുന്ന വായനശാലയും മറ്റും ഏർപ്പെടുത്തുക .

13. വിധവകൾ വിവാഹമോചിതർ , വിവാഹപ്രായം കഴിഞ്ഞ അവിവാഹിതർ എന്നീ വിഭാഗങ്ങൾക്ക് ക്ഷേമ പദ്ധതികൾ ആവിഷ്കരിക്കുക .

14 . വനിതാ ക്ഷേമ പ്രവർത്തനങ്ങൾക്ക് ഉണർവ്വേകാൻ ഒരു വനിതാ പഞ്ചായത്തു മെമ്പറുടെ നേതൃത്വത്തിൽ ജനകീയ സമിതി ഉണ്ടാക്കുക .

5.10

സഹകരണം

"മനുഷ്യൻ സ്വമേധയാ ഉച്ചനീചത്വ പരിഗണനകൾ കൂടാതെ അവരുടെ സാമ്പത്തിക താത്പര്യങ്ങൾ നേടുന്നതിന് ഉണ്ടാക്കുന്ന സംഘടനയാണ് സഹകരണം." കാൽവർട്ടിന്റെ ഈ അഭിപ്രായം എന്താണോ ലക്ഷ്യം വച്ചിട്ടുള്ളത് അത് എത്രമാത്രം സാധിതപ്രായമായിട്ടുണ്ട് എന്നു പരിശോധിക്കുകതന്നെ വേണം .അതെന്തായാലും സാമൂഹ്യകരമായ പിന്നോക്കാവസ്ഥ പരിഹരിച്ച് സമുദായത്തെ കുറേയേറെ മുന്നോട്ടുകൊണ്ടുപോകാൻ സഹകരണ പ്രസ്ഥാനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട് .

1852-ലെ വ്യവസായ പ്രോവിഡന്റ് നിയമമാണ് ഇന്ത്യയിൽ സഹകരണ പ്രസ്ഥാനത്തിനു തുടക്കമിട്ടത് . 1904ൽ മദ്രാസ് പ്രവശ്യാ ഗവ .പാസാക്കിയ സഹകരണ ആക്ട് പ്രകാരം പുലിക്കോട്ടിൽ ശ്രീരാവുണ്ണിക്കുട്ടി നായരുടെ നേതൃത്വത്തിൽ ഉപ്പുവള്ളിയിൽ 1942ൽ സ്ഥാപിച്ച ഐക്യനാണയ സഹകരണ സംഘമാണ് ഈ പഞ്ചായത്തിലെ ആദ്യത്തെ സഹകരണ സംഘം . അക്കാലത്ത് നാട്ടിൽ നിലവിലിരുന്ന 'ഹുണ്ടിക 'സമ്പ്രദായത്തിൽനിന്നും ചെറുകിട കർഷകരെ രക്ഷിക്കാനുള്ള സംഘടിത ശ്രമത്തിന്റെ ഫലമായാണ് ഈ സംഘം രൂപീകരിച്ചത് .കർഷകർക്ക് ആവശ്യമായ വിത്തും വളവും നൽകി അവരെ കടക്കെണിയിൽനിന്നും രക്ഷിക്കുകയായിരുന്നു സംഘത്തിന്റെ ലക്ഷ്യം . തുടക്കത്തിൽ ഒരു കർഷകന് വർഷത്തിൽ പരമാവധി 500 രൂപ വായ്പയായി നൽകുമായിരുന്നു .വൻകിട കർഷകനു മാത്രമേ അന്ന് ഇത്രയും തുക കാർഷികാവശ്യത്തിന് വേണ്ടിയിരുന്നുള്ളൂ . ആയതിനാൽ സാധാരണ കൃഷിക്കാരന് കൃഷിച്ചെലവുകൾക്കാവശ്യമായ മുഴുവൻ സംഖ്യയും വായ്പായായി ലഭിക്കാനുള്ള സാഹചര്യം അന്നുണ്ടായിരുന്നു .1969ൽ9ൽ്സൊസൈറ്റീസ് ആക്ട് പ്രകാരം ഇത് അമരമ്പലം സർവ്വീസ് സഹകരണ സംഘമായി . ഇന്നീ സ്ഥാപനം രണ്ടു ശാഖകളോടുകൂടി നല്ല നിലയിൽ പ്രവർത്തിച്ചുവരുന്നു .ഇതിനുപുറമെ വ്യത്യസ്ഥ പ്രവർത്തനമേഖലകളിലായി എട്ടു സഹകരണ സ്ഥാപനങ്ങൾ കൂടി ഈ പഞ്ചായത്തിലുണ്ട് .

പേരുകൾ ചുവടെ ചേർക്കുന്നു .

1 .പൂക്കോട്ടുംപാടം കരകൗശല വ്യവസായ സഹകരണ സംഘം

2 ക്ഷീരോല്പാദക സഹകരണ സംഘം ക്കുറ്റ്യാറ

3 , , ഉള്ളാട്

4 , , ചുള്ളിയോട്

5 , , വേങ്ങാപ്പരത

6 , , ഒളർവട്ടം

7. അമരമ്പലം കാളികാവ് പട്ടികജാതി പട്ടികവർഗ സഹകരണ സംഘം

8 നിലമ്പൂർ കോ :ഓപ്പറേറ്റീവ് അർബ്ബൻ ബാങ്ക് പൂക്കോട്ടും പാടം

ഇവയ്ക്കു പുറമെ സ്കൂൾസഹകരണ സംഘങ്ങളും CBN Pയുടെ ആഭമുഖ്യത്തിൽ ത്രഫ്റ്റ് സൊസൈറ്റിയും പ്രവർത്തിക്കുന്നുണ്ട് .

ഇവയ്ക്കു പുറമെ പൂക്കോട്ടുപാടത്തു ഒരു സഹകരണ ആശുപത്രി ആരംഭിച്ചുവെങ്കിലും ഇപ്പോഴതു പ്രവർത്തനരഹിതമാണ് .ഗ്രാമവ്യവസായ സഹകരണ സംഘം എന്ന പേരിൽ മറ്റൊരു സഹകരണ സ്ഥാപനം റജിസ്റ്റർ ചെയ്തിട്ട് ഏറെ നാളായെങ്കിലും ഇതുവരെ പ്രവർത്തനമാരംഭിച്ചിട്ടില്ല .

ഈ രംഗത്ത് ഇപ്പോൾ 57 ആളുകൾ സേവനമനുഷ്ഠിക്കുന്നുണ്ട് .കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ഒരു കോടി തൊണ്ണൂറ്റിയെട്ടു ലക്ഷം രൂപ വിതരണം ചെയ്തിട്ടുണ്ട് .നിലവിൽ ഈ സ്ഥാപനങ്ങൾക്ക് ചില പ്രവർത്തന പരിമിതികളുണ്ട് .സമയ ബന്ധിതമായി സഹായ പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കാൻ കഴിയുന്നില്ല . സ്ത്രീകളുടെ ഉന്നമനത്തെ ലക്ഷ്യമിട്ടു രൂപീകരിച്ച കരകൗശല സംഘത്തിന്റെ പ്രവർത്തനം തൃപ്തികരമല്ല .

സ്ഥാപനങ്ങൾ തിരിച്ചുള്ള വിശകലനം

അമരമ്പലം സർവ്വീസ് സഹകരണ ബാങ്ക്

പുലിക്കോട്ടിൽ ശ്രീ രാമനുണ്ണിക്കുട്ടി നായരോടൊപ്പം കൊമ്മജേരി ശ്രീ രാമനുണ്ണിക്കുറുപ്പും ഈ സംഘത്തിന്റെ സ്ഥാപക മുഖ്യസഹകരിയായിരുന്നു .ശ്രീ രാവുണ്ണിക്കുട്ടി നായരുടെ വീട്ടിലാണ് സംഘം തുടങ്ങിയത് . പിന്നീട് ചേലോട് സ്കൂളിനടുത്തുള്ള ഒരു ചായ പീടികയിലേക്കും 1957 ൽ വഴിമുച്ചിക്കൽ കളരിക്കൽ ശങ്കരൻനായരുടെ പീടികമുകളിലേക്കും മാറ്റി . 1963 ൽ ഉപ്പുവള്ളിയിൽ സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കാൻ തുടങ്ങി .ആദ്യഘട്ടത്തിൽ അമരമ്പലം കരുളായി പഞ്ചായത്തുകളും കാളികാവ് പഞ്ചായത്തിന്റെ തൃക്കുന്നശ്ശേരി ദേശവും ചേർന്നതായിരുന്നു ബാങ്കിന്റെ പ്രവർത്തന പരിധി .1956 വരെ ഡയറക്ടർമാർ തന്നെയായിരുന്നു ശമ്പളം പറ്റാതെ സെക്രട്ടറിയുടേയും ജീവനക്കാരുടെയും ജോലി നിർവഹിച്ചിരുന്നത് .56-57 കാലഘട്ടത്തിൽ ജില്ലാ ബാങ്കിൽ നിന്നും പേയ്ഡ് സെക്രട്ടറിയായി ശ്രീ പി .വി . ദാമോദരൻ നായരെ നിയമിച്ചു .ഇപ്പോൾ ബാങ്കിൽ 21 ജീവനക്കാരുണ്ട് .

പട്ടിക 1

ബാങ്കിന്റെ നിയന്ത്രണത്തിൽ കൺസ്യൂമർ സ്റ്റോർ, ടെക്സ്റ്റൈൽസ് ,വളം ഡിപ്പോ ,എന്നിവയും പ്രവർത്തിച്ചുവരുന്നു . പ്രാഥമിക സഹകരണ സംഘങ്ങളിൽ കൺസ്യൂമർ സ്റ്റോർ പ്രവർത്തിക്കുന്ന മലപ്പുറം ജില്ലയിലെ ഏക സ്ഥാപനമാണിത് .അവശ്യസാധനങ്ങളുടെ വിലനിലവാരം പിടിച്ചുനിർത്തുന്നതിൽ ഈ സ്ഥാപനത്തിന് ഗണ്യമായ പങ്കുണ്ട് .എന്നാൽ വിറ്റഴിക്കുന്ന സാധനങ്ങളുടെ ഗുണനിലവാരത്തിൽ ജനങ്ങൾക്ക് അതൃപ്തിയുണ്ട് .കഴിഞ്ഞ രണ്ടു വർഷങ്ങളായി ജില്ലാ ബാങ്കിൽ നിന്നും കിട്ടേണ്ട വിഹിതം കിട്ടാത്തതിനാൽ ആവശ്യക്കാർക്കെല്ലാം കാർഷിക വായ്പ നൽകുന്നതിന് തടസ്സം നേരിടുന്നു . അരക്കോടി രൂപയോളം ഈയിനത്തിൽ കിട്ടേണ്ടതായിരുന്നു .

കരകൗശല സഹകരണസംഘം

അമരമ്പലം പഞ്ചായത്തു പ്രദേശം പ്രവർത്തന പരിധിയായി 1978ൽ പായമ്പടത്തു മഹിളാ സമാജത്തോടനുബന്ധിച്ചു തുടങ്ങിയ ഈ സ്ഥാപനങ്ങളിൽ 157 അംഗങ്ങൾ ഉണ്ട് .ഓട ,മുള ഇവകൊണ്ടുള്ള കരകൗശല വസ്തുക്കൾ ഇവിടെ നിർമ്മിക്കുന്നു .അവ ഏറണാകുളത്തുള്ള അപ്പെക്സ് സംഘത്തിന് നിർബന്ധമായും കൊടുത്തിരിക്കണമെന്നാണ് വ്യവസ്ഥ .വളെ തുച്ഛമായ വിലയാണിതിനു ലഭിക്കുന്നത് .ഇതിൽ ജോലി ചെയ്യുണ്ണി വനിതാസംഗങ്ങൾക്ക് ദിവസത്തിൽ ശരാശരി പത്തുരൂപയേ കൂലിയിനത്തിൽ കിട്ടുന്നുള്ളൂ .IRDP മേളകൾക്കു ലഭിക്കുന്ന ഓർഡറുകളിലൂടെയാണ് സ്ഥാപനം കഷ്ടിച്ചു നിലനിന്നുപോരുന്നത് .

ക്ഷീരോത്പാദക സഹകരണസംഘങ്ങൾ

ആമേഖലയിൽ പഞ്ചായത്തിൽ 5 സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നു . (പേരുകൾ മുമ്പ് സൂചിപ്പിച്ചിട്ടുണ്ട് .)

ഇവയോരോന്നും 150 മുതൽ 200 ലിറ്റർ പാൽ വരെ ദിവസവും ശേഖരിക്കുന്നുണ്ട് .800 അംഗങ്ങളും 10 ജീവനക്കാരും ഈ സ്ഥാപനങ്ങളിൽ ഉണ്ട് .

പട്ടിക-3

അമരബലം -കാളികാവ്

പട്ടികജാതി പട്ടികവർഗ സഹകരണസംഘം .

അമരമ്പലം പട്ടിക വർഗ സഹകരണ സംഘം .

അമരമ്പലം കാളികാവ് പഞ്ചായത്തുകളിലെ പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ ക്ഷേമം ലക്ഷ്യമാക്കി സ്ഥാപിക്കപ്പെട്ടതാണീ സംഘം . ഇന്ന് ഇതിനെ പ്രവർത്തനം തൃപിതികരമല്ല .

പട്ടിക 4

നിലമ്പൂർ കോ ഓപ് :അർബൻ ബാങ്ക്

1973-ൽ നിലമ്പൂർ കോ ഓപ് .അർബ്ബൻ ബാങ്കിന്റെ ഒരു ശാഖ പൂക്കോട്ടുംപാടത്ത് ആരംഭിച്ചു . കാർഷികേതര വായ്പകളാണ് ഈ ബാങ്ക് നൽകുന്നത് . 4 ജീവനക്കാർ ഈ ബാങ്കിൽ ജോലി ചെയ്യുന്നുണ്ട് .കേരളത്തിലെ ഏറ്റവും മികച്ച അർബ്ബൻ ബാങ്കിനുള്ള അവാർഡും നേടിയിട്ടുള്ള ഈ സ്ഥാപനത്തിന്റെ പൂക്കോട്ടംപാടം ശാഖയുടെ പ്രവർത്തനം ജനങ്ങളുടെ പ്രതീക്ഷക്കൊത്തുയരുന്നില്ല .

പ്രശ്നങ്ങൾ

1 .താത്പര്യമുള്ളതെല്ലാം അംഗത്വം ലഭിക്കുന്നില്ല .

2 .ആവശ്യങ്ങൾക്കനുസൃതമായി വായ്പ നൽകുന്നില്ല

3 നടപടിക്രമങ്ങളുടെ നൂലാമാലകളുണ്ട് .

4 കാർഷിക വായ്പകളുടെ ദുരുപയോഗം നടക്കുന്നു .

5 അംഗങ്ങൾക്കു ലാഭവിഹിതം നൽകുന്നില്ല .

6 പലിശ സബ്സിഡിയും മറ്റും യഥാസമയം അർഹരായവർക്കു വിതരമം ചെയ്യുന്നില്ല .

7 .സ്ഥാപിത ലക്ഷ്യങ്ങളിൽനിന്നും വഴിമാറുന്നു .

8 ഷെയർ ഇനത്തിൽ വലിയ തുക ബാങ്കിനു നൽകേണ്ടിവരുന്നതിനാൽ വായ്പ എടുക്കുന്നവർക്ക് സാമ്പത്തിക നഷ്ടം സംഭവിക്കുന്നു .

പരിഹാരനിർദ്ദേശങ്ങൾ

1 . താത്പര്യമുള്ളവർക്കെല്ലാം അംഗത്വം നൽകുക .

2 . ആവശ്യാനുസൃതമായി പരിധിയില്ലാതെ വായ്പ നൽകുക .

3 കാർഷികോല്പന്നങ്ങൾക്ക് സംഭരണ വിപണന സൗകര്യങ്ങൾ ഏർപ്പെടുത്തുക

4 കൺസ്യൂമർ സ്റ്റോറിന്റെയും മറ്റ് അനുബന്ധ സ്ഥാപനങ്ങളുടെയും പ്രവർത്തനം മെച്ചപ്പെടുത്തുക

5 ഓൺഫണ്ടിലെ വായ്പാ പലിശനിരക്ക് കുറക്കുക

6 . തൊഴിൽ സംരംഭങ്ങൾക്ക് അർഹമായ പ്രധാന്യം കൊടുക്കണം .

7 അർബ്ബൻ ബാങ്ക് ഈ പഞ്ചായത്തിൽ നിന്നും ശേഖരിക്കുന്നമ മുഴുവൻ തുകയും ഇവിടെത്തന്നെ വിനിയോഗിക്കണം .

8 പ്രത്യേക ലക്ഷ്യപ്രാപ്തിക്കുവേണ്ടി രൂപീകരിക്കപ്പെട്ടിട്ടുള്ള സംഘങ്ങളുടെ പ്രവർത്തനം കൂടുതൽ ഫലപ്രദമാക്കണം .

9 വായ്പകൾ അനുവദിക്കുന്നതിൽ ദുർബ്ബലവിഭാഗങ്ങൾക്ക് മുൻഗണന നൽകുകയും ജാമ്യവ്യവസ്ഥകൾ ഉദാരമാക്കുകയും ചെയ്യുക .

10. സഹകരണ തൊഴിൽ സംരംഭങ്ങൾക്ക് കൂടുതൽ പരിഗണന നൽകണം .

11. സബ്സിഡിയും മറ്റാനുകൂല്യങ്ങളും അർഹരായവർക്കെല്ലാം ലഭിക്കുന്നുഎന്നുറപ്പുവരുത്തണം .

12. അംഗങ്ങൾക്ക് ലാഭവിഹിതം നൽകണം

13. സ്കൂൾ സഹകരണ സംഘങ്ങൾ പഞ്ചായത്തുതലത്തിൽ ഏകോപിപ്പിക്കുക .

പട്ടിക 1 അമരമ്പലം സർവ്വീസ് സഹകരണ ബാങ്ക്

ക്ര .ന .ബാങ്കിന്റെ പേര് പ്രവർത്തനം ആരംഭിച്ച വർഷം പ്രവർത്തന പരിധി അംഗത്വം ഓഹരി മൂലധനം കടം (1000) നിക്ഷേപം (1000) വായ്പ കാർഷികം കാർഷികേതരം പ്രവർത്തന മൂലധനം ലാഭമോ നഷ്ടമോ ജീവനക്കാർ എന്നിവ ക്രമത്തിൽതാഴെ

1 അമരമ്പലം സർവ്വീസ് സഹകരണബേങ്ക് LIDF.1091 1942 അമരമ്പലം പഞ്ചായത്ത് 7321 41 ലക്ഷം -3.1 ലക്ഷം 92 ലക്ഷം 21

പട്ടിക-2 പൂക്കോട്ടുംപാടം കരകൗശലവ്യവസായസംഘം .

ക്ര .ന സംഘത്തിന്റെ പേര് തുടങ്ങിയ വർഷം

പ്രവർത്തന മൂലധനം ജീവനക്കാർ പ്രവർത്തന പരിധി ഗ്രാന്റ് രൂ. ഉല്പാദനവും വിപണനവും എന്നിവ ക്രമത്തിൽതാഴെ

1.പൂക്കോട്ടുംപാടം കരകൗശലവ്യവസായ സഹകരണസംഘം 1976 17000 17 അമരമ്പലം പഞ്ചായത്ത് 25000. ഓട,മുള ഇവ ഉപയോഗിച്ചുള്ള കരകൗശലവസ്തുക്കൾ.

പട്ടിക -3 ക്ഷീരസഹകരണ സംഘങ്ങൾ

ക്രന തുടങ്ങിയവർഷം അംഗങ്ങൾ സംഘത്തിന്റെ പേര് പ്രവർത്തനമൂലധനം പ്രവർത്തനപരിധി ജീവനക്കാർ ശേഖരിക്കുന്ന പാലിന്റെ അളവ് ലിറ്ററിൽഎന്നിവ ക്രമത്തിൽ താഴെ

1 92 -കുറ്റമ്പാറ ക്ഷീരോല്പാദക സഹകരണ സംഘം 1000 3,4 വാർഡുകൾ 2-

2 91 147 ഉള്ളാട് ക്ഷീരോല്പാദക സഹകരണ സംഘം 1000 2-ാം വാർഡും 1ന്റെ ചില 2 170

3 —ചുള്ളിയോട് ക്ഷിരോല്പാദക സഹകരണ സംഘം 1000 6,7 വാർഡുകൾ 3 180

4.91 202 വേങ്ങാപ്പിരത ക്ഷീരോത്പാതക സഹകരണസംഘം 1000 8,9 വാർഡുകൾ 2 180

5 91 155 ഒളർവട്ടം ക്ഷീരോല്പാദക സഹകരണസംഘം 1000 8,9 വാർഡുകൾ 2 2000

പട്ടിക-4 അമരമ്പലം കാളികാവ് പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘം.

ക്രന സംഘത്തിന്റെ പേര് തുടങ്ങിയ വർഷം പ്രവർത്തന മൂലധനം ലക്ഷം അംഗങ്ങൾ നിക്ഷേപം രൂപ പ്രവർത്തനപരിധി കടം കൊടുത്ത വായ്പ രൂപ എന്നിവ ക്രമത്തിൽ താഴെ

1 അമരമ്പലം, കാളികാവ് പട്ടികജാതി പട്ടിക വർഗ സഹകരണസംഘം 1978 2 539 23998 80 അമരമ്പലം കാളികാവ് പഞ്ചായത്തുകൾ ഗവ ഗ്രാന്റ് 8

പുതിയ പരീക്ഷണമാണിത് നമ്മുടെ
കനവുകളൊക്കെപൂക്കേണം
പുതുവഴി വെട്ടുകയാണിതിലേ
മുള്ളുകളുണ്ടെന്നോർക്കേണം



5.11

പട്ടികജാതി പട്ടികവർഗ്ഗ കേന്ദ്രം

നമ്മുടെ നാട്ടിലെ സാമൂഹിക സാമ്പത്തിക സാംസ്കാരിക മുന്നേറ്റങ്ങളും പിന്നിൽ സുപ്രധാനമായ പങ്കുവഹിച്ചിട്ടുള്ള പട്ടികജാതി പട്ടികവർഗ്ഗ ജനത കാലാകാലങ്ങളായി സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്നും പിൻതള്ളപ്പെട്ടുകിടക്കുകയാണ് .ചരിത്രപരവും സാമൂഹികവുമായ കാരണങ്ങളോടൊപ്പം നാടിന്റെ നിയന്ത്രണവും അധികാരവും കൈയ്യാളിയവരുടെ നിക്ഷിപ്ത താത്പര്യങ്ങളും ഈ പിന്നോക്കാവസ്ഥക്കു കാരണമായിട്ടുണ്ട് .സ്വതന്ത്രഭാരതത്തിൽ ഈ വിഭാഗത്തിൽ പെട്ടവരെ പ്രത്യേകം പട്ടികപ്പെടുത്തേണ്ടി വന്നതു തന്നെ അവരുടെ പിന്നക്കാവസ്ഥയുടെ തെളിവാണല്ലോ .ക്ഷേമം എന്നതിന്റെ അർത്ഥം തന്നെ അവരെ സംബന്ധിച്ചിടത്തോളം വ്യത്യസ്ഥമാണ് .അവരുടെ ഉന്നമനം എന്നാൽ അവരുടെ നിലനിൽപ് സംരക്ഷിക്കൽ തന്നെയാണ് . നമ്മുടെ സമൂഹത്തിൽ ഈ വിഭാഗത്തിന്റെ പ്രസ്കതി തീർത്തും അവഗണിക്കപ്പെടുന്നു .നാടിന്റെ വികസനത്തിൽ വിശേഷിച്ച് കാർഷികമേഖലയുടെ പുരോഗതിയിൽ ഈ വിഭാഗത്തിനുള്ള പ്രാധാന്യം പൂർണ്ണമായും ഉൾക്കൊള്ളുവാൻ സമൂഹത്തിന് കഴിഞ്ഞിട്ടില്ല .ഇന്ത്യയുടെ ആത്മാവ് ഗ്രാമങ്ങളിലാണെങ്കിൽ ഗ്രാമങ്ങളുടെ ആത്മാവ് ഇവരിലാണ് . നമ്മുടെ നാടിന്റെ തനതു സംസ്കാരത്തിന്റെ ഉറവിടം തേടുന്നവർ എത്തി നിൽക്കുക ഇവരിലാണ് .ഈ സാഹചര്യങ്ങൾ മനസ്സിലാക്കിക്കൊണ്ടുവേണം പട്ടികജാതി പട്ടികവർഗ്ഗത്തിന്റെ പ്രശ്നങ്ങളും സാധ്യതകളും ചർച്ചചെയ്യാൻ .

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തെ സംബന്ധിച്ചുള്ള വ്യക്തമായ വിവരങ്ങളും കണക്കുകളും ഒരിടത്തും ലഭ്യമല്ല . ലഭ്യമായ വിവരങ്ങൾ അവ്യക്തവും അപൂർണ്ണവും പരസ്പരം പൊരുത്തപ്പെടാത്തവയും ആണ് .അതുകൊണ്ടുതന്നെ ഇവരുടെ പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിനും പരിഹാരങ്ങൾ നിർദ്ദേശിക്കുന്നതിനും പരിമിതികൾ ഉണ്ട് .ഈ റിപ്പോർട്ട് തയ്യാറാക്കുന്നതിന് പ്രാധാനമായും അവലംബിച്ചത് 1991 ലെ സെൻസസ് റിപ്പോർട്ടും പഞ്ചായത്ത് ബോർഡ് അംഗങ്ങളിൽ നിന്നും കിട്ടിയ വിവരങ്ങളും ആണ് .

പഞ്ചാത്തിലെ ആകെ ജനസംഖ്യയുടെ 12.7 ശതമാനം പട്ടികജാതി വിഭാഗവും 2 34 ശതമാനം പട്ടികവർഗ്ഗ വിഭാഗങ്ങളും ആണ് പ്രട്ടിക -1) കോളനികളിൽ താമസിക്കുന്നവർക്കു പുറമെ മറ്റു വിഭാഗങ്ങളുമായി ഇടകലർന്നു താമസിക്കുന്നവരുണ്ട് . പ്രട്ടിക -2 പട്ടികജാതി പട്ടിക വർഗ്ഗവിഭാഗങ്ങളുടെ നിലവിലുള്ള സാമൂഹികസാമ്പത്തിക അവസ്ഥ വേർതിരച്ച് ഇനി പറയുന്നു .

1 പട്ടികജാതി

മുൻപു തന്നെ പട്ടികജാതി വിഭാഗത്തിൽ പെട്ടവരെ സമൂഹത്തിൽ നിന്നും അകറ്റി നിർത്തുന്ന സ്ഥിതി നമ്മുടെ പഞ്ചായത്തിന് ഇല്ല .പുരോഗമന ശക്തികളുടെ നിരന്തരമായ ഇടപെടലുകളാണ് ഇതിനുകാരണം . ഇവിടെ നടന്നിട്ടുള്ള കർഷക സമരങ്ങളിലും മറ്റു ബഹുജന പ്രക്ഷോഭങ്ങളിലും ഇവരുടെ പ്രാതിനിധ്യം പണ്ടേ ഉണ്ട് .സ്വാതന്ത്ര സമര കാലഘട്ടത്തിൽ ചുള്ളീയോട് നടന്നിട്ടുള്ള പന്തീഭോജനം പോലെയുള്ള പ്രവർത്തനങ്ങൾ ഇവരെ സമൂഹത്തിലേക്ക് കൊണ്ടുവരുവാനിടയായി . ജാതി പേര് വിളിക്കുന്ന സമ്പ്രദായം ഇവിടെയില്ല .പൊതു പ്രവർത്തനരംഗത്ത് ഇവരുടെ പങ്കാളിത്തമുണ്ട് .ഇവിടെയുള്ള സഹകരണ സംഘങ്ങളിൽ ഈ വിഭാഗത്തിൽപ്പെട്ട ധാരാളം അംഗങ്ങളുണ്ട് .ഇവരുടെ വിവാഹം തുടങ്ങിയ ചടങ്ങുകളിൽ മറ്റുള്ളവർ പങ്കെടുക്കുകയും ഭക്ഷണം കഴിക്കുകയും ചെയ്യാറുണ്ട് .ഈ പഞ്ചായത്തിന്റെ ചില ഭാഗങ്ങളിൽ പട്ടികജാതിക്കാർ നടത്തുന്ന ചായക്കടകൾ ഉണ്ട് .

എന്നാൽ സാമ്പത്തികമായും വിദ്യാഭ്യാസപരമായും ഈ വിഭാഗക്കാർ ഇന്നും വളരെ പിന്നോക്കാവസ്ഥയിലാണ് .ഭൂരിപക്ഷവും ദരിദ്രരാണ് .ബോധവത്ക്കരണത്തിന്റെ അഭാവം മൂലം സാമ്പത്തിക വിനിയോഗത്തിൽ ചിട്ടയില്ലാത്തവരാണ് ഏറെയും .ബഹുഭൂരിപക്ഷം കാർഷിക മേഖലയിൽ പണിയെടുക്കുന്നവരാണ് . കാർഷിക മേഖലയുടെ തളർച്ച അവരുടെ തൊഴിൽ സാധ്യതയെ കാര്യമായി ബാധിച്ചിട്ടുണ്ട് .ഭൂപരിഷ്കരണത്തിന്റെ നേട്ടങ്ങൾ ഇവർക്ക് വേണ്ടത്ര പ്രയോജനപ്പെട്ടിട്ടില്ല .തൊഴിൽ ദിനങ്ങളുടെ എണ്ണം ഭീതിജനകമായി കുറഞ്ഞുവരുന്നു .കാർഷിക രംഗത്ത് അല്പമെങ്കിലും പുരോഗതിയുള്ള റബ്ബർ കൃഷിമേഖലയിൽ ടാപ്പിംഗ് രംഗത്തെ ഇക്കൂട്ടരുടെ പ്രാധിനിധ്യം തുലോം പരിമിതമാണ് .വീടില്ലാതെ ധാരാളം കുടുംബങ്ങളുണ്ട് .ഭൂരിപക്ഷം വീടുകളും വാസയോഗ്യമല്ല .ബഹുഭൂരിപക്ഷത്തിനും കക്കൂസ് ,കിണർ എന്നിവയില്ല .വ്യത്തിഹീനമായ വീടും പരിസരവും അടിക്കടി ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാക്കുന്നു .പരിസരജന്യവും ദാരിദ്യജന്യവുമായ രോഗങ്ങളാണ് കൂടുതലുള്ളത് .പൊതുജനാരോഗ്യ സംവിധാനത്തിന്റെ അപര്യാപ്തതയും അഭാവവും നിമിത്തം വേണ്ടത്ര ചികിത്സ ലഭിക്കാത്ത സാഹചര്യമുണ്ട് .ഭൂരിപക്ഷത്തിനും ചികിത്സക്കായി സ്വകാര്യമേഖലയെ ആശ്രയിക്കേണ്ട സ്ഥിതിയാണുള്ളത് . മുതിർന്നവർ ഭൂരിപക്ഷവും നിരക്ഷരരാണ് .കുട്ടികളെല്ലാം സ്കൂളുകളിൽ എത്തുന്നുണ്ടെങ്കലും പഠന നിലവാരം വളരെ പിന്നോക്കമാണ് .ഒന്നാം ക്ലാസിലെത്തുന്ന കുട്ടികളിൽ പത്താം ക്ലാസ് പൂർത്തിയാക്കുന്നവർ കേവലം പത്ത് ശതമാനത്തിൽ താഴെ മാത്രമാണ് .കുട്ടികളെ സ്കൂളിലയക്കുന്ന കാര്യത്തിലും കൊഴിഞ്ഞുപോക്കിന്റെ കാര്യത്തിലും സാക്ഷരതാ പരിപാടിയെ തുടർന്ന് വലിയ മാറ്റമുണ്ടായിട്ടുണ്ട് .ഈ വിഭാഗക്കാർക്കുള്ള സർക്കാർ സഹായം അപര്യാപ്തമാണ് . ലഭിക്കുന്ന സഹായപദ്ധതികളിൽ വ്യാപകമായ ചൂഷണവും ദുർവിനിയോഗവുമുണ്ട് .കോളനികളുടെ പേരിൽ നടപ്പിലാക്കുന്ന ചില വികസന

പ്രവർത്തനങ്ങളുടെ ഗുണഫലങ്ങൾ നൂറ് ശതമാനവും മറ്റുള്ളവർ അനുഭവിക്കുന്ന സാഹചര്യമുണ്ട് .ഉദാഹരണം വൈദ്യുതി .

2 പട്ടികവർഗ്ഗം

ഈ പഞ്ചായത്തിൽ പണിയർ, നായ്ക്കർ, അറനാടർ എന്നീ വിഭാഗത്തിൽപ്പെട്ടവരാണ് ഭൂരിപക്ഷവും. കുറച്ച് മുത്തന്മാരുമുണ്ട് .വളരെ പണ്ട് തന്നെ പരിഷ്കൃതവിഭാഗങ്ങളുമായി ഇടപഴകി കഴിഞ്ഞ ഒരു ഗണനീയ വിഭാഗം ഈ പഞ്ചായത്തിലുണ്ടായിരുന്നു. 1930 കളിൽതന്നെ ഈ വിഭാഗത്തെ കാർഷികവൃത്തിയിൽ ഉപയോഗിച്ചിരുന്നു. ചില പുരാതന കുടുംബങ്ങളിൽ ഇവരെ ഗാർഹിക ജോലിക്കും ഉപയോഗിച്ചിട്ടുണ്ട്. എന്നാൽ ഇന്നും കാടിന്ന് പുറത്തേക്ക് ഒരു ബന്ധവുമില്ലാതെ കഴിയുന്നവരുമുണ്ട് .അവർക്ക് സ്വന്തമായ ആചാരമര്യാതകളാണുള്ളത് .സമൂഹത്തിൽ ഇടപഴകി കഴിയുന്നതിന്ന് അവർ തീർത്തും വിമുഖരാണ് .പട്ടികവർഗ്ഗക്കാരുടെ സാമ്പത്തിക സ്ഥിതി പട്ടിക ജാതിക്കാരുടേതിനേക്കാൾ മോശമാണ് . ബഹുഭൂരിപക്ഷവും പരമ ദരിദ്രരാണ് .കാടുകളിൽ താമസിക്കുന്നവർ നൂറ് ശതമാനവും പരമ ദരിദ്രരാണ് .ഇവർക്ക് സർക്കാറിൽ നിന്നുള്ള ഒരാനുകൂല്യവും ലഭിക്കുന്നില്ല .ഇവർ ശേഖരിക്കുന്ന വനവിഭവങ്ങൾ സ്വകാര്യ വ്യക്തികൾ തുച്ഛ വിലക്ക് തട്ടിയെടുക്കുന്നു .സമീപ പ്രദേശങ്ങളിൽ ഗിരിജൻ സൊസൈറ്റികൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും അവർക്ക് പ്രയോജനപ്പെടുന്നില്ല .കാട്ടിനുള്ളിലുള്ളവർ നൂറ് ശതമാനവും നിരക്ഷരരാണ് .ഇവരുടെ കുട്ടികൾക്ക് ഒന്നിനും തന്നെ ഔപചാരിക വിദ്യാഭ്യാസം ലഭിക്കുന്നില്ല. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി ഒരു ട്രൈബൽ ഹോസ്റ്ററൽ പൂക്കോട്ടും പാടത്ത് പ്രവർത്തിക്കുന്നുണ്ട് .പരിമിതമായ സൗകര്യങ്ങളോടുകൂടി വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനം ഇപ്പോൾ ഒഴിപ്പിക്കൽ ഭീഷണിയിലാണ് .40 കുട്ടികളെ താമസിപ്പിക്കാനുദ്ദേശിച്ചുള്ള ഈ ഹോസ്റ്ററലിൽ 28 കുട്ടികളെ ഉള്ളൂ .ഇതിൽ ഈ പഞ്ചായത്തിൽപ്പെട്ടവർ ആരും തന്നെയില്ല. ഇവരുടെ പഠന നിലവാരം വളരെ മോശമാണ് . പോഷക ദാരിദ്ര്യവും തന്മൂലമുള്ള രോഗങ്ങളും ഇവരിലുണ്ട് .അടുത്ത കാലത്ത് സ്കൂൾ തലത്തിൽ നടന്ന വൈദ്യ പരിശോധനയുടെ പരിശീലന ഘട്ടത്തിൽ വിവിധ രോഗങ്ങൾക്ക് സാമ്പിളുകളായി കാണിച്ചത് ഈ ഹോസ്റ്റലിലെ കുട്ടികളെ മാത്രമാണ് .തൊഴിലില്ലായ്മയും ദാരിദ്ര്യവും പട്ടിക വർഗ്ഗക്കാരിൽ വളരെ കൂടുതലാണ് .കാട്ടിനുള്ളിൽ താമസിക്കുന്നവർ പുറത്തെ ഒരു ജോലിക്കും പോകാറില്ല. ഇവർ പുറത്തെ ചികിത്സാ സൗകര്യങ്ങൾ ഒന്നും ഉപയോഗപ്പെടുത്തുന്നില്ല .കോളനികളിലടക്കം വീടില്ലാത്ത നിരവധി കുടുംബങ്ങളുണ്ട് .കാട്ടിനുള്ളിലുള്ളവർ വന ഉല്പന്നങ്ങളുപയോഗിച്ച് ഉണ്ടാക്കുന്ന കൂരകളിലാണ് താമസിക്കുന്നത് .അത് നിരന്തരമായ വന്യമൃഗ ആക്രമണ ഭീഷണിയിലുമാണ് .

പ്രശ്നങ്ങൾ

1 കോളനികളിലും പുറത്തും ധാരാളം ഭവനരഹിതരുണ്ട്

2 വീടു വയ്ക്കാൻ സ്ഥലമില്ല

3 ഉള്ള സ്ഥലത്തിനു പട്ടയമില്ല

4 വീടുകൾ പലതും വാസയോഗ്യമല്ല

5 വീടു വെക്കാൻ ലഭിക്കുന്ന സഹായം അപര്യാപ്തവും ഇടത്തട്ടുകാരിലൂടെയുമാണ് .

6 വ്യാപകമായ ചൂഷണവും ,അഴിമതിയും ,ദുർവിനിയോഗ്യവും നടക്കുന്നു .

7 പ്രാഥമിക സൗകര്യങ്ങളില്ല

8 വനവാസികൾക്ക് വീടുവെയ്ക്കാൻ സഹായമില്ല

9 വനവാസികളുടെ കൂരകൾ വന്യമൃഗങ്ങൾ തകർക്കുന്നു .

10 കോളനി വീടുകളിൽ വൈദ്യുതിയില്ല .

11 കോളനികളുടെ പേരിൽ നടപ്പിലാക്കിയ വൈദ്യുതീകരണ സ്ക്കീമുകൾ നൂറുശതമാനവും മറ്റുള്ളവർ ഉപയോഗിക്കുന്നു

12 സൗകര്യ പ്രദമായ പൊതു ശ്മശാനങ്ങളില്ല .

13 ഉള്ള പൊതു ശ്മശാനങ്ങൾ ചുറ്റുമതിൽ പൊളിഞ്ഞ് കാടുപിടിച്ച കിടക്കുന്നു .

14 ബഹുഭൂരൃപക്ഷവും പരമ ദരിദ്രരാണ്

15 വേണ്ടത്ര തൊഴിലവസരങ്ങളില്ല

16 വിദഗ്ദ തൊഴിലുകൾ വശമില്ല

17 തൊഴിൽ പരിശീലന സൗകര്യങ്ങളില്ല

18 പരമ്പരാഗത വ്യവസായങ്ങൾക്കാവശ്യമായ അസംസ്കത വസ്തുക്കളുടെ ദൗർലഭ്യമുണ്ട് .

19 ഉത്പന്നങ്ങൾക്ക് വിപണന സാധ്യത പരിമിതമാണ്

20 മതിയായ വില ലഭിക്കുന്നില്ല

21 ഇടത്തട്ടുകാരുടെ ചൂഷണമുണ്ട്

22 വിദ്യാഭ്യാസ പുരോഗതി കൈവരിച്ചിട്ടില്ല

23 നിരക്ഷരത ഉണ്ട്

24 കുട്ടികളിൽ കൊഴിഞ്ഞു പോക്കുണ്ട്

25 കുട്ടികൾക്ക് സ്കൂളുകളിലെത്താൻ ഗതാഗത സൗകര്യങ്ങൾ പര്യാപ്തമല്ല .

26 മതിയായ ചികിത്സാ സൗകര്യം ലഭിക്കുന്നില്ല

27 പൊതു ജനാരോഗ്യ സംവിധാനം പര്യാപ്തമല്ല

28 അന്ധവിശ്വാസങ്ങളും അനാചാരങ്ങളുമുണ്ട് .

29 മദ്യപാനം സ്ത്രീകളിലടക്കം വ്യാപകമാണ്

30 ലഭ്യമായ ആനുകൂല്യങ്ങളെപ്പറ്റി അറിവില്ല

31 പെൻഷനുകൾ, ക്ഷേമനിധികൾ എന്നിവ അർഹരായവർക്കെല്ലാം ലഭ്യമല്ല

32 കൊള്ളപ്പലിശക്കാരുടെ ചൂഷണത്തിനു വിധേയരാണ്

33 എല്ലാ കോളനികൾക്കും അംഗീകാരമില്ല

സാധ്യതകളും പരിഹാര നിർദ്ദേശങ്ങളും

1 പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളെ കേന്ദ്രീകരിച്ച് സമഗ്ര സർവ്വെ നടത്തുക.

2 കൈവശ ഭൂമിക്ക് പട്ടയം ലഭ്യമാക്കുക

3 അംഗീകാരമില്ലാത്ത കോളനികൾക്ക് അംഗീകാരം നൽകുക

4 എല്ലാവർക്കും വീടുവെക്കാനുള്ള പദ്ധതി ആവിഷ്കരിക്കണം

5 വികസന പ്രവർത്തനങ്ങൾ നടപ്പാക്കുമ്പോൾ ഗുണഭോക്താക്കളുടെ പങ്കാളിത്തം ഉറപ്പാക്കണം

6 .പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ പ്രശ്നങ്ങൾ പഠിക്കാനും പരിഹാരങ്ങൾ നിർദ്ദേശിക്കാനും സ്ക്കീമുകൾ തയ്യാറാക്കാനും ലഭ്യമായ സഹായ പദ്ധതികളെല്ലാം ലഭിക്കുന്നുവെന്ന് ഉറപ്പു വരുത്താനും അവ നടപ്പാക്കുന്നതിന്റെ മേൽനോട്ടം വഹിക്കുവാനും പഞ്ചായത്തു തല സമിതി വേണം

7. നടപ്പിലാക്കുന്ന പദ്ധതികളുടെ മോണിറ്ററിംഗ് നടത്താനും പോരായ്മകൾ പരിഹരിക്കാനും ആറുമാസത്തിലൊരിക്കൽ പഞ്ചായത്തു ഭരണസമിതി പ്രത്യേക അജണ്ട വച്ചു കൂടണം

8 ഇപ്പോൾ വീടില്ലാത്തവർക്ക് അടുത്ത സാമ്പത്തിക വർഷം തന്നെ വീടു നിർമ്മിച്ചു കൊടുക്കണം

9 കോളനികളിൽ സൗരോർജ്ജ വൈദ്യുതി ലഭ്യമാക്കുന്നതിന് സമഗ്ര നടപടി വേണം

10. എല്ലാ വീടുകൾക്കും കുടിവെള്ളവും കക്കൂസും യുദ്ധകാലടിസ്ഥാനത്തിൽ ഉറപ്പുവരുത്തണം

11 കുട്ടികളുടെ വിദ്യാഭ്യാസ കാര്യത്തിൽ ശ്രദ്ധിക്കുവാനായി പഞ്ചായത്തുതലത്തിൽ അദ്ധ്യാപക സമിതി വേണം

12 സ്ത്രീകളുടെ ഉന്നമനത്തിനുള്ള പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുവാൻ ഒരു പഞ്ചായത്ത് വനിതാ അംഗത്തെ ചുമതലപ്പെടുത്തണം.

13. കോളനികൾ കേന്ദ്രീകരിച്ച് കഴിയുന്നത്ര നേഴ്സറി സ്ക്കൂളുകൾ സ്ഥാപിക്കണം

14. സ്ക്കൂൾ പി.ടി.എ-കളിൽ പട്ടികവിഭാഗക്കാരുടെ പ്രാധിനിത്യം ഉറപ്പുവരുത്തണം

15. പുസ്തകം, കുട, യൂണിഫോമുകൾ-സൗജന്യമായി നൽകണം

16. കലാ-കായിക രംഗത്ത് പ്രത്യേക പരിശീലനം നൽകാൻ സ്ക്കൂൾ തലത്തിൽ സംവിധാനമുണ്ടാക്കണം.

17. ട്രൈബൽ ഹോസ്റ്റലിന് എല്ലാ സൗകര്യങ്ങളുമുള്ള കെട്ടിമുണ്ടാവണം

18. ഹോസ്റ്റൽ പ്രവർത്തനത്തിന്റെ മേൽനോട്ടം വഹിക്കുന്നതിന് പഞ്ചായത്ത് പ്രസിഡന്റിന്റെ നേതൃത്വത്തിൽ പ്രത്യേക സമിതിവേണം

19 എല്ലാവർക്കും റേഷൻകാർഡ് ഉറപ്പുവരുത്തണം

20 പൊതു ജനാരോഗ്യ സംവിധാനം കൂടുതൽ പ്രയോജനപ്പെടുത്തണം.

21 കോളനികളിലും ട്രൈബൽ ഹോസ്റ്റലിലും ഡോക്ടർമാർ പീരിയോഡിക്കൽ വിസിറ്റ് നടത്തണം.

22. ആരോഗ്യരംഗത്തെ പ്രവർത്തനങ്ങൾക്ക് നേതൃത്വം വഹിക്കാൻ പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ ഒരു ജീവനക്കാരെ പ്രത്യേകം ചുമലതപ്പെടുത്തണം.

23. പരമ്പരാഗത വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിനും അടിയന്തര നടപടികൾ വേണം.

24. പഞ്ചായത്തിലെ ജലസ്രോതസിനെ അടിസ്ഥാനപ്പെടുത്തി മിനിപദ്ധതികൾ നടപ്പിലാക്കണം.

25. നിർമ്മിതി കേന്ദ്രവുമായി ബന്ധപ്പെട്ട് തെരഞ്ഞെടുക്കപ്പെട്ട യുവതീയുവാക്കൾക്ക് നിർമ്മാണരംഗത്ത് വിദഗ്ദ്ധ പരിശീലനം നൽകണം.

26 .കാർഷിക യന്ത്രോപകരണങ്ങൾ ഉപയോഗിക്കുന്നതിന് പരിശീലനം നൽകണം.

27. കോഴിവളർത്തൽ, പച്ചക്കറി കൃഷി, ഔഷധ സസ്യകൃഷി എന്നിവ പ്രോത്സാഹിപ്പിക്കാൻ സമഗ്രപദ്ധതി തയ്യാറാക്കണം.

28. പ്രത്യേക ബോധവത്കരണ ക്യാമ്പുകളും മെഡിക്കൽ ക്യാമ്പുകളും നടത്തണം.

29 .സാങ്കേതിക പരിശീലനത്തിന് സ്ഥിരം ഏർപ്പാടുണ്ടാക്കണം.

30 .തനതുകലകൾ പ്രോത്സാഹിപ്പിക്കണം.

31. കോളനികളിൽ ടി.വി/. റേഡിയോ സ്ഥാപിക്കണം.

32. ത്രിഫ്റ്റ് സൊസൈറ്റികളുടെ പ്രവർത്തനം വ്യാപിപ്പിക്കണം

33. പ്രത്യേക സഹകരണ സംഘങ്ങളുടെ പ്രവർത്തനം വ്യാപിപ്പിക്കണം.

34 .ലഭ്യമായ ആനുകൂല്യങ്ങളുടെ ബോധവത്ക്കരണം നടത്തണം

35. എല്ലാവിധ സർക്കാർ സർക്കാരേതര വികസന സമിതികളിലും പ്രാതിനിധ്യം ഉറപ്പുവരുത്തണം.

36. പ്രത്യേക സാക്ഷരതാ പദ്ധതി വേണം.

37. കാട്ടിൽ വസിക്കുന്നവരുടെ സാക്ഷരതയ്ക്കായി സമീപ പഞ്ചായത്തുകളെ സംയോജിപ്പിച്ച് പ്രത്യേക സ്കീമുകൾ തയ്യാറാക്കണം.

പട്ടിക-2

നമ്പർ	വാർഡ് നമ്പർ	കോളനിയുടെ പേര്	പട്ടികജാതി	പട്ടിക വർഗം.
1	I	നടുക്കുന്നുമ്മൽ	12	
2		പെരുഞ്ചൂരൽ	8	
3		പാറയ്ക്കപ്പാടം		5
4	II	പുതിയകളം	11	

സാധ്യതകളും പരിഹാര നിർദ്ദേശങ്ങളും

1 പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളെ കേന്ദ്രീകരിച്ച് സമഗ്ര സർവ്വെ നടത്തുക.

2 കൈവശ ഭൂമിക്ക് പട്ടയം ലഭ്യമാക്കുക

3 അംഗീകാരമില്ലാത്ത കോളനികൾക്ക് അംഗീകാരം നൽകുക

4 എല്ലാവർക്കും വീടുവെക്കാനുള്ള പദ്ധതി ആവിഷ്കരിക്കണം

5 വികസന പ്രവർത്തനങ്ങൾ നടപ്പാക്കുമ്പോൾ ഗുണഭോക്താക്കളുടെ പങ്കാളിത്തം ഉറപ്പാക്കണം

6.പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ പ്രശ്നങ്ങൾ പഠിക്കാനും പരിഹാരങ്ങൾ നിർദ്ദേശിക്കാനും സ്കീമുകൾ തയ്യാറാക്കാനും ലഭ്യമായ സഹായ പദ്ധതികളെല്ലാം ലഭിക്കുന്നുവെന്ന് ഉറപ്പു വരുത്താനും അവ നടപ്പാക്കുന്നതിന്റെ മേൽനോട്ടം വഹിക്കുവാനും പഞ്ചായത്തു തല സമിതി വേണം

7. നടപ്പിലാക്കുന്ന പദ്ധതികളുടെ മോണിറ്ററിംഗ് നടത്താനും പോരായ്മകൾ പരിഹരിക്കാനും ആറുമാസത്തിലൊരിക്കൽ പഞ്ചായത്തു ഭരണസമിതി പ്രത്യേക അജണ്ട വച്ചു കൂടണം

8 ഇപ്പോൾ വീടില്ലാത്തവർക്ക് അടുത്ത സാമ്പത്തിക വർഷം തന്നെ വീടു നിർമ്മിച്ചു കൊടുക്കണം

9 കോളനികളിൽ സൗരോർജ്ജ വൈദ്യുതി ലഭ്യമാക്കുന്നതിന് സമഗ്ര നടപടി വേണം

10. എല്ലാ വീടുകൾക്കും കുടിവെള്ളവും കക്കൂസും യുദ്ധകാലടിസ്ഥാനത്തിൽ ഉറപ്പുവരുത്തണം

11 കുട്ടികളുടെ വിദ്യാഭ്യാസ കാര്യത്തിൽ ശ്രദ്ധിക്കുവാനായി പഞ്ചായത്തുതലത്തിൽ അദ്ധ്യാപക സമിതി വേണം

12 സ്ത്രീകളുടെ ഉന്നമനത്തിനുള്ള പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുവാൻ ഒരു പഞ്ചായത്ത് വനിതാ അംഗത്തെ ചുമതലപ്പെടുത്തണം.

13. കോളനികൾ കേന്ദ്രീകരിച്ച് കഴിയുന്നത്ര നേഴ്സറി സ്കൂളുകൾ സ്ഥാപിക്കണം

14. സ്കൂൾ പി.ടി.എ-കളിൽ പട്ടികവിഭാഗക്കാരുടെ പ്രാധിനിത്യം ഉറപ്പുവരുത്തണം

15. പുസ്തകം, കുട, യൂണിഫോമുകൾ-സൗജന്യമായി നൽകണം

16. കലാ-കായിക രംഗത്ത് പ്രത്യേക പരിശീലനം നൽകാൻ സ്കൂൾ തലത്തിൽ സംവിധാനമുണ്ടാക്കണം.

17. ട്രൈബൽ ഹോസ്റ്റലിന് എല്ലാ സൗകര്യങ്ങളുമുള്ള കെട്ടിമുണ്ടാവണം

18. ഹോസ്റ്റൽ പ്രവർത്തനത്തിന്റെ മേൽനോട്ടം വഹിക്കുന്നതിന് പഞ്ചായത്ത് പ്രസിഡന്റിന്റെ നേതൃത്വത്തിൽ പ്രത്യേക സമിതിവേണം

19 എല്ലാവർക്കും റേഷൻകാർഡ് ഉറപ്പുവരുത്തണം

20 പൊതു ജനാരോഗ്യ സംവിധാനം കൂടുതൽ പ്രയോജനപ്പെടുത്തണം.

21 കോളനികളിലും ട്രൈബൽ ഹോസ്റ്റലിലും ഡോക്ടർമാർ പീരിയോഡിക്കൽ വിസിറ്റ് നടത്തണം.

22. ആരോഗ്യരംഗത്തെ പ്രവർത്തനങ്ങൾക്ക് നേതൃത്വം വഹിക്കാൻ പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ ഒരു ജീവനക്കാരെ പ്രത്യേകം ചുമലതപ്പെടുത്തണം.

23. പരമ്പരാഗത വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിനും അടിയന്തര നടപടികൾ വേണം.

24. പഞ്ചായത്തിലെ ജലസ്രോതസിനെ അടിസ്ഥാനപ്പെടുത്തി മിനിപദ്ധതികൾ നടപ്പിലാക്കണം.

25. നിർമ്മിതി കേന്ദ്രവുമായി ബന്ധപ്പെട്ട് തെരഞ്ഞെടുക്കപ്പെട്ട യുവതീയുവാക്കൾക്ക് നിർമ്മാണരംഗത്ത് വിദഗ്ദ്ധ പരിശീലനം നൽകണം.

26.കാർഷിക യന്ത്രോപകരണങ്ങൾ ഉപയോഗിക്കുന്നതിന് പരിശീലനം നൽകണം.

27. കോഴിവളർത്തൽ, പച്ചക്കറി കൃഷി, ഔഷധ സസ്യകൃഷി എന്നിവ പ്രോത്സാഹിപ്പിക്കാൻ സമഗ്രപദ്ധതി തയ്യാറാക്കണം.

28. പ്രത്യേക ബോധവത്കരണ ക്യാമ്പുകളും മെഡിക്കൽ ക്യാമ്പുകളും നടത്തണം.

29.സാങ്കേതിക പരിശീലനത്തിന് സ്ഥിരം ഏർപ്പാടുണ്ടാക്കണം.

30.തനതുകലകൾ പ്രോത്സാഹിപ്പിക്കണം.

31. കോളനികളിൽ ടി.വി/.റേഡിയോ സ്ഥാപിക്കണം.

32. ത്രിഫ്റ്റ് സൊസൈറ്റികളുടെ പ്രവർത്തനം വ്യാപിപ്പിക്കണം

33. പ്രത്യേക സഹകരണ സംഘങ്ങളുടെ പ്രവർത്തനം വ്യാപിപ്പിക്കണം.

34.ലഭ്യമായ ആനുകൂല്യങ്ങളുടെ ബോധവത്ക്കരണം നടത്തണം

35. എല്ലാവിധ സർക്കാർ സർക്കാരേതര വികസന സമിതികളിലും പ്രാതിനിധ്യം ഉറപ്പുവരുത്തണം.

36. പ്രത്യേക സാക്ഷരതാ പദ്ധതി വേണം.

37. കാട്ടിൽ വസിക്കുന്നവരുടെ സാക്ഷരതയ്ക്കായി സമീപ പഞ്ചായത്തുകളെ സംയോജിപ്പിച്ച് പ്രത്യേക സ്കീമുകൾ തയ്യാറാക്കണം.

പട്ടിക-2

നമ്പർ	വാർഡ് നമ്പർ	കോളനിയുടെ പേര്	പട്ടികജാതി	പട്ടിക വർഗം.
1	I	നടുക്കുന്നുമ്മൽ	12	
2		പെരുഞ്ചൂരൽ	8	
3		പാറയ്ക്കപ്പാടം		5
4	II	പുതിയകളം	11	

5		മണ്ണിൽ	15	
6		നെൻമിനി	10	
7		തരിശ്ശ-മാമ്പൊയിൽ	15	
8		ഉള്ളാട് 9		
9		പുതിയക്കോട്-കണ്ണൻകുന്ന്	11	
10		കോഴിശ്ശേരി	7	
11	I	ചെറായി	22	
12		മേലേക്കുറ്റമ്പാറ	7	
13		ചെറുമിറ്റിക്കോട്	6	
14	IV	തട്ടിയക്കൽ	25	
15		കോട്ടക്കുന്ന്	6	
16	V	കാക്കപ്പൊയിൽ	20	
17		കോമുള്ളകുന്ന്	20	
18		ചേലോട്		10
19	VI	ചെട്ടിപ്പാടം	17	
20		പരിയങ്ങാട്	10	
21		വട്ടപ്പാടം	9	
		പറമ്പ്	10	10
22	VII	ഏല്ക്കല്ല്	10	10
23		ചുള്ളിയോട്		8
24		അരനാടൻ കോളനി		2
25	VIII	കവളറുക്കട്ട	4	
26		പൊട്ടിക്കല്ല താഴെ	7	
27		കളക്കുന്ന്	5	
28		തേൾപ്പാറ	10	
29		അറനാടൻകൈ		7
30		വീരാളിമുണ്ട		10
31		വടക്കേമുണ്ട		6
32		കൊമ്പൻകല്ല്		6
33	IX	പുഞ്ച	25	
34		പുത്തോട്ടംകടവ്	10	
35		ടി കെ .കോളനി		10
36		പാട്ടരിക്കമ്പ്		35
37	X	കരിനെച്ചിക്കുന്ന്	27	
38		ഇല്ലിക്കോട്ടുപോയിൽ	38	
39	IX	പുല്ലുപറമ്പ്	7	
40		പരത	12	

41		തോട്ടെക്കര	5	
42		പറയങ്കാട്	5	
43		കണക്കൻചോല	3	3
44		വഴിമൂച്ചിക്കൽ		6
45		അച്ചപ്പൻകുളം		10
		ആകെ വീടുകൾ	389	127

പട്ടികജാതി			പട്ടികവർഗം			മൊത്തംജനസംഖ്യ
പു.	സ്ത്രീ.	ആകെ	പു.	സ്ത്രീ	ആകെ	
1678	1726	3404	320	303	623	26804

"ഉറവുകൾ കണ്ടെടുക്കുവാൻ
മണ്ണിൽ നാം കുഴിക്കണം
നന്മ വീണ്ടെടുക്കുവാൻ
തമ്മിൽ നാം തിരക്കണം"

വിഭവസമാഹരണം

നമ്മുടെ ഗ്രാമം ഇന്ന് നേരിടുന്ന പ്രതിസന്ധികളിൽ ഒന്ന് വ്യാവസായിക മേഖലയിലെ നിശ്ചലതയാണ് . കാര്യമായ ഒരു വലിയ വ്യവസായസ്ഥാപനവും നമ്മുടെ ഗ്രാമത്തിലില്ല .നാമമാത്രമായ ചെറുകിട വ്യവസായങ്ങൾൾ മാത്രമാണുള്ളത് . ഈരംഗത്ത് മുന്നേറ്റം നടത്തിക്കൊണ്ട് വിഭവസമാഹരണത്തിന് മാർഗ്ഗങ്ങൾ വെട്ടിത്തുറക്കാനാവണം അസംസ്കൃതവസ്തുക്കളുടെ ലഭ്യതയും തൊഴിലെടുക്കുന്നതിനുള്ള സന്നദ്ധതയും നമ്മുടെ ഗ്രാമത്തിൽ സുലഭമാണ് .വൈദ്യുതിയും വിപണനവും പ്രശ്നമാണ് . ഈ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിഞ്ഞാൽ ചെറുകിട വ്യവസായങ്ങളുടെ ഒരു ശൃംഖല തന്നെ ഉണ്ടാവാനും വിഭവസമാഹരണത്തിന് സാദ്ധ്യത വർദ്ധിപ്പാക്കാനും കഴിയും .വൈദ്യുതി ഉൽപാദനം വർദ്ധിപ്പിക്കാനുള്ള സംസ്ഥാന സർക്കാറിന്റെ ശ്രമം വിജയത്തിലെത്തിക്കഴിഞ്ഞാൽ മാത്രമേ ഇക്കാര്യത്തിൽ നമുക്ക് മുന്നേറ്റം കൈവരിക്കാൻ പറ്റുകയുള്ളു .

കാർഷിക രംഗത്തെ മുരടിപ്പ് കൃഷിയിൽ ആശ നട്ടിരുന്ന നമ്മുടെ ഗ്രാമത്തെ ഉല്പാദനക്ഷമതയിൽ പിന്നോട്ടടിപ്പിക്കുന്നു .നെല്ല് മുതലായ ഹൃസ്വകാല വിളകൾ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു .കർഷകരിൽ ഏറെപ്പേർ കർഷകതൊഴിലാളികളായി മാറുന്നു .കർഷകതൊഴിലാളികൾ നിർമ്മാണരംഗത്തേക്കു നീങ്ങുന്നു . ഈ പ്രവണത തുടർന്നാൽ ഗൾഫ് മേഖലയിലെ ഒഴിഞ്ഞുപോരൽ വരുന്നതോടെ നമ്മുടെ ഗ്രാമം അതി വേഗം തൊഴിലില്ലായ്മയെ നേരിടുന്ന അവസ്ഥയിലേക്ക് നീങ്ങും .ഒരു കാലത്ത് രാസവള പ്രയോഗത്തിന് ഊന്നൽ കൊടുത്ത് പ്രവർത്തിച്ചിരുന്നുവെങ്കിൽ ഇപ്പോൾ ജൈവവളത്തിന് പ്രാധാന്യം നൽകാനും അതിനുള്ള മനോഭാവം കർഷകരിൽ വളർത്തിയെടുക്കാനും തയ്യാറായാൽ മാത്രമേ ഈ രംഗത്തെ മുരടിപ്പ് അവസാനിപ്പിക്കാൻ കഴിയൂ .

ഈ രണ്ടു രംഗത്തും ഫലപ്രദമായി ഇടപെടാൻ ഗ്രാമപഞ്ചായത്തുകൾക്ക് കഴിഞ്ഞാൽ മാത്രമേ വിഭവസമാഹരണ രംഗത്ത് ഗുണഫലങ്ങൾ കണ്ടെത്താനാവൂ .അതിനുള്ള അധികാരം ഗ്രാമ പഞ്ചായത്തുകൾക്ക നൽകണം

സർക്കാർ ഗ്രാന്റുകൾക്ക് ഭരണാധികാരികളെ സ്വാധീനിക്കേണ്ടതായ നിലപൂർണ്ണമായും മാറണം . ഒരു തരത്തിലുള്ള വിവേചനവും കൂടാതെ ഗ്രാന്റുകൾ പിരിക്കുന്നമേഖലയിൽ വെച്ചു തന്നെ പഞ്ചായത്തുകൾക്ക് കൈമാറാൻ നിയമനിർമ്മാണം നടത്തണം .സ്റ്റാമ്പ് ഡ്യൂട്ടിഗ്രാന്റുകൾ മുതലായവ ഉദാഹരണമായി എടുക്കണം .ജനസംഖ്യ ,പട്ടികജാതി , പട്ടിക വർഗ്ഗ ജനസംഖ്യ ,സ്ത്രീകളുടെ എണ്ണം എന്നിവയും ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരുടെ ജനസംഖ്യയും കണക്കിലെടുത്തു വേണം ഗ്രാന്റുകൾ വിതരണം ചെയ്യാൻ .സ്റ്റാമ്പ് ഡ്യൂട്ടിയിൽ പഞ്ചായത്തുകൾക്കും വിഹിതം ലഭിക്കുന്നു എന്നതു പോലെ തന്നെ സ്റ്റാമ്പ് ഡ്യൂട്ടി പരാജയപ്പെടുത്തുവാൻ കാണിക്കുന്ന കൃത്രിമങ്ങൾ അവസാനിപ്പിക്കുന്നതിന് ഓരോ ഗ്രാമത്തിലേയും ഭൂമിയുടെ വില കണക്കാക്കുന്നതിനുള്ള അധികാരം ഗ്രാമപഞ്ചായത്തുകൾക്ക് നൽകുകയും വേണം .

റവന്യൂവകുപ്പുകളും പിരിച്ചെടുക്കുന്ന ഭൂനികുതിയിൽ ശാസ്ത്രീയമായി മാറ്റങ്ങൾ വരുത്തണം . നെൽകൃഷിയും ,പച്ചക്കറിയും നടത്തുന്നു ഭൂമിയുടെ നികുതിയും തെങ്ങ് , കമുക് , റബ്ബർ , എന്നിവയുടെ നികുതിയും വ്യത്യസ്തമായിരിക്കണം . ഈ ക്രമം വെച്ച് തന്നെ സ്ലാബുകളാക്കി ഭൂനികുതിയെ മാറ്റണം . നെൽപ്പാടങ്ങൾ നികത്തിവലിയ അളവിൽ വീടു നിർമ്മാണത്തിനായി മാറ്റുന്ന ഭൂമികൾക്ക് ഉയർന്ന നികുതി ഏർപ്പെടുത്തണം .അങ്ങിനെ വരുമ്പോൾ നെൽകൃഷിയെയും ,പച്ചക്കറികൃഷിയേയും ചെറിയ തോതിൽ സംരക്ഷിക്കാനും കഴിയും .മാത്രമല്ല ഇതു വഴിവരുന്ന അധിക വിഭവസമാഹരണത്തിന്റെ ഭാഗം ഗ്രാമപഞ്ചായത്തുകൾക്കു ലഭിക്കും (പട്ടിക1)

താഴെ ചേർത്ത പട്ടിക പരിശോധിച്ചാൽ ഒരു കാര്യം നമുക്ക് വ്യക്തമാകും 1986–87 ൽ നമ്മുടെ ഗ്രാമപഞ്ചായത്തിൽ വിവിധ ഇനങ്ങളായി 3824 67 രൂപ വരുമാനമുണ്ടായിരുന്നതു 1991–92 ൽ 9681 83 രൂപയായും 92-93ൽ അൺടൈഡ് ഫണ്ട് ഉൾപ്പെടെ 1061589 രൂപയായും 93–94 ൽ JRY കൂടിച്ചേർന്ന് 133 011 9 രൂപയായും വരുമാനം വർദ്ധിച്ചു .ഏറ്റവും ഒടുവിൽ 95–96 ൽ 2131108 രൂപയിലേക്ക് നമ്മുടെ വരുമാനം വർദ്ധിച്ചു. അൺടൈഡ് JRY ഫണ്ടുകൾമാറ്റി നിർത്തിയാൽ 86–87 ൽ ഉണ്ടായിരുന്നു . 382467 രൂ 95–96 ൽ 1298186 ആയി വർധിപ്പിക്കാൻ കഴിഞ്ഞു . ഈ വർധനവ് ചെറുതെന്നു പറഞ്ഞുകൂടാ .ചെലവിനത്തിൽ എസ്റ്റാബ്ലിഷ്മെന്റ് മാത്രം 147180 ൽ നിന്ന് 619389 ആയി വർധിച്ചു .

നമമുടെ ഗ്രാമപഞ്ചായത്തിന്റെ വരുമാനം ആരെയും കൂടുതൽ വേദനിപ്പിക്കാതെ തന്നെ വലിയ വർധനവുണ്ടാക്കാൻ സാധിക്കും അതിനുള്ള മാർഗങ്ങൾ താഴെ പറയുന്നവയാണ് .

വരവ്	92–93	93–94	94–95	95–96
തൊഴിൽ നികുതി	77450	116461	12415	143775
കെട്ടിട നികുതി	88767	88767	171485	138275
159130				
വിനോദ നികുതി	117561	100101	139834	227210
നികുതിയേതര വരുമാനം	28641	44221	284441	69011
സംസ്ഥാന വിഹിതം	140529	212331	152859	187758
അൺടൈഡ് ഫണ്ട്	132600	272600	357700	37100
ഗ്രാന്റുകൾ	476041	226939	361472	511302
ജെ.ആർ വൈ		235981	441498	461922
ആകെ	1061589	1380119	2000294	2131108
ചെലവ്				
എസ്റ്റാബിളിഷ്മെന്റ്402723	446914	511147	619389	
പൊതുമരാമത്ത്	581410	305984	719655	513640
മറ്റുചെലവുകൾ	171943	656461	314230	377439
കടം തിരിച്ചടവ്	–	–	–	–
ആകെ	1156076	1409359	1545032	1510468

മൊത്തം കൃഷി ഭൂമിയിൽ 62.93% വരുന്ന 2614.8 ഹെക്ടർ ഭൂമിയിൽ റബ്ബർകൃഷിയാണ് ചെയ്തുവരുന്നത്.ഈ റബ്ബർ കൃഷിക്കാരിൽ നിന്ന് ഇന്ന് വളരെ ചുരുങ്ങിയ സംഖ്യമാത്രമാണ് തൊഴിൽ കരമായി പിരിക്കുന്നത്. ലഭ്യമായ വിവരങ്ങൾ വെച്ചു നോക്കുമ്പോൾ അര ഹെക്ടറിൽ താഴെ കൃഷിയുള്ളവർ മുതൽ 10ഹെക്ടറിനുമേൽ കൃഷി ചെയ്യുന്നവർ വരെ റബ്ബർകൃഷിക്കാരിലുണ്ട്.12284 കൃഷിക്കാരിൽ 920 പേരുടെ വകയായി 2000 ഹെക്ടർ റബ്ബർകൃഷിയുണ്ടെന്നാണ് കണക്കുകൾ കാണിക്കുന്നത്.ഇവരിൽ നിന്ന് സ്ലാബ് അടിസ്ഥാനത്തിൽ തൊഴിൽ നികുതിയും സർചാർജ്ജും പിരിക്കണമെന്നാണ് നിർദ്ദേശം.പട്ടിക അനുബന്ധമായി ചേർക്കുന്നു.

പട്ടിക 2

1/2 ഹെക്ടർ വരെ ഒഴിവ്	കൃഷിക്കാരുടെ എണ്ണം	സംഖ്യ	രൂപ
	200		
1/2 to 2	500	300Rs സർചാർജ്ജ്	150000
2to 5	150	1000Rs	150000
5to 10	50	1500Rs	75000
10ൻമേൽ	20	2000	40000
ആകെ ഭൂമി		ആകെ സംഖ്യ	
2000 ഹെക്ടർ		920	415000

തെങ്ങുകൃഷി:

ഒരു ഹെക്ടറിനുമേൽ കൃഷിയുള്ളവർക്ക് 2 ഹെക്ടർ വരെ ഹെക്ടറിനു 150 രൂ. തോതിൽ അതിനു മേലോട്ടുള്ളവരിൽ നിന്നും 300രൂ.തോതിൽ സർചാർജ്ജ് ആയും ഒരു ഹെക്ടറിനു താഴെയുള്ളവരിൽ നിന്ന് 50 രൂ.തൊഴിൽ നികുതിയായും പിരിക്കാവുന്നതാണ്.ഈയിനത്തിൽ 50000 രൂ.വർഷത്തിൽ പിരിച്ചെടുക്കാൻ കഴിയും.

കമുക്:

അരഹെക്ടർ മുതൽ 1 ഹെക്ടർ വരെയുള്ളവരിൽ നിന്നും 200 രൂ യും ഒരു ഹെക്ടറിന് മുകളിലുള്ളവരിൽ നിന്ന് 300രൂപയും സർചാർജ്ജ് ആയും അരഹെക്ടറിൽ താഴയുള്ളവരിൽ നിന്ന് 50 രൂപ തൊഴിൽ നികുതിയിനത്തിലുമായി 15000 രൂ.സമാഹരിക്കാൻ കഴിയും.

കശുമാവ്:

ഒരു ഹെക്ടർ മുതൽ 5 ഹെക്ടർ വരഹെ ഹെക്ടറിന് 150 രൂ യും അതിനുമുകളിൽ ഹെക്ടറിന് 200 രൂ യും സർചാർജ്ജ് ഈടാക്കാം. ഒരു ഹെക്ടറിന് താഴെയുള്ളവരിൽ നിന്ന് 50 രൂപ തൊഴിൽനികുതി പിരിക്കേണ്ടതാണ്.ഇതു വഴിമൊത്തത്തിൽ 5000 രൂ.യുടെ വരുമാനം ഉണ്ടാക്കാം.

കുരുമുളക് കൃഷി/മേൽ കൃഷി

കുരുമുളക് ദ്രുതവാട്ടം മൂലം നശിച്ചിരിക്കു

ന്നതിനാലും നെൽകൃഷി ആദായകരമല്ലാത്തതി നാലും ഈ വിഭാഗത്തിൽ നിന്ന് സർചാർജ്ജ് പിരി ക്കാതെ അവരെ പ്രോത്സഹിപ്പിക്കണം.

തൊഴിൽ നികുതി:

വരുമാനത്തിനനുസരിച്ച് തൊഴിലുള്ള മുഴു വൻ പേരിൽ നിന്നും തൊഴിൽ നികുതി പിരിച്ചെടു ക്കണം .എന്നാൽ അത് വരുമാനത്തിന്റെ ഒരു ചെറിയ അംശം മാത്രമേ ആയിക്കൂടൂ .ഇക്കാര്യത്തിൽ ഒരു ചോർച്ചകൂടാതെയും പഞ്ചായത്തിന്റെ വികസന ത്തിൽ തങ്ങളും പങ്കാളികളാകുന്നു എന്ന ബോധം വളർത്തിയെടുത്തും വരവുചെലവു കണക്കുകൾ സത്യസന്ധമായും ജനങ്ങളെ ബോധ്യപ്പെടുത്തിയും ചെയ്യേണ്ടതാണ് .പഞ്ചായത്തിൽ തൊഴിലെടുക്കുന്ന മുഴുവൻപേർക്കും ഗ്രൂപ്പ് ഇൻഷ്വറൻസ് കൊണ്ടുവരി കയും

ഗ്രൂപ്പ് ഇൻഷ്വറൻസിൽ അംഗമായിട്ടുള്ള മുഴു വൻ പേരിൽ നിന്നും തൊഴിൽ നികുതി പിരിച്ചെടു ക്കുകയും വേണം .ഇതിൽ കച്ചവടക്കാരേയും ഉൾപ്പെ ടുത്താവുന്നതാണ് .ഇത് കൃത്യമായി നടപ്പിലാക്കി യാൽ ഒരു ലക്ഷം രൂപയുടെ വർദ്ധനവുണ്ടാക്കാൻ സാധിക്കും.

കെട്ടിട നികുതി.

അശാസ്ത്രീയമായ നികുതികളുടെ ഘടന യിൽ മാറ്റം വരുത്തണം. കെട്ടിടത്തിന്റെ വിസ്തീർണ്ണവും വിലയേറിയ വസ്തുക്കൾ ഉപയോ ഗിച്ച് നിർമ്മിച്ചുട്ടുള്ളതും ആഡംബരത്തോടുകൂടിയി ട്ടുള്ളതും ആയ വീടുകൾക്ക് നികുതി ചുമത്തുമ്പോൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതും അവരെ ബോധവൽക്ക രിച്ചുകൊണ്ട് ദുർബലവിഭാഗങ്ങൾക്ക് പാർപ്പിടം ഉണ്ടാ ക്കുവാൻ ഉൾപ്പെടുത്തിയുള്ള വികസനപ്രവർത്തന ങ്ങളിൽ അവരുടെ പങ്ക് ഉറപ്പുവരുത്തുകയും വേണം. ഭാരിച്ച ചെലവു ചെയ്തുണ്ടാക്കുന്ന മതിലുകൾ ഗെയ്റ്റുകൾ എന്നിവയ്ക്ക് പ്രത്യേകനികുതി ഏർപ്പെ ടുത്തണം. ചുമരുകളുള്ള ഓലമേഞ്ഞതൊഴികെ യുള്ള മുഴുവൻ കെട്ടിടങ്ങൾക്കും നികുതിചുമ ത്തണം .നിർമ്മാണത്തിലെ അത്യാവശ്യ ധൂർത്ത് ഒഴിവാക്കാൻ സ്ലാബ് ഏർപ്പെടുത്തുകയും അഴിമതി ഒഴിവാക്കാൻ വാർഡ് മെമ്പർമാരുൾപ്പെട്ട അസൈ സ്മെന്റ് കമ്മിറ്റികളുടെ റിപ്പോർട്ടനുസരിച്ച് നികുതി ചുമത്തുകയും വേണം. വാടകക്കെട്ടിടങ്ങൾക്ക് യഥാർത്ഥ വാടകയുടെ അടിസ്ഥാനത്തിൽ നികുതി ചുമത്തണം. വാടക നിയന്ത്രണനിയമം പഞ്ചായ ത്തിൽ നടപ്പിലാക്കിയും വാടകകുറച്ചു കാണിക്കു ന്നത് ശിക്ഷാർഹമാക്കിയും ബോധവൽക്കരണം നട ത്തുകയും ചെയ്യുക .ഈ രംഗത്ത് ജാഗ്രത പാലി ച്ചാൽ 5,00000 രൂ. വർധിപ്പിക്കാൻ കഴിയും.

വിനോദനികുതി

തൊട്ടടുത്ത പഞ്ചായത്തുകളിൽ വിനോദനി കുതി ലഭിക്കുന്നതും നമ്മുടെ പഞ്ചായത്തിൽ ,ലഭി ക്കുന്നതും തമ്മിൽ ഭീമമായ അന്തൃമുണ്ട് .ഇത് അവ സാനിപ്പിക്കുന്നതിനാവശ്യമായ ചെക്കിങ്ങ് സമ്പ്ര ദായം ശക്തിപ്പെടുത്തുകയും നികുതിപ്പെട്ടിപ്പിനെ തിരെ ജനങ്ങളെ ബോധവൽക്കരിക്കയും വേണം. ഇന്ന് നിലവിലുള്ള ചെക്കിങ്ങ് സമ്പ്രദായത്തിൽ ആവശ്യമായ മാറ്റം വരുത്തണം .പരിശോധന ഉദ്യോ ഗസ്ഥനുപുറമെ സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങൾക്കു മൊത്തത്തിൽ പരിശോധന നടത്തുന്നതിന് അധി കാരമുണ്ടാകണം .ഇങ്ങനെ വന്നാൽ ഒരാൾ മാത്രം പരിശോധിക്കുന്നതുമൂലം ഉണ്ടാകുന്ന അപാകത കൾ തിരുത്താനാവും .പരിശോധാനാ ഉദ്യോഗസ്ഥന് ഇന്നനുവദിച്ചിട്ടുള്ള തുച്ഛമായ അലവൻസ് പുതു ക്കുകയും വേണം. ആവശ്യമെങ്കിൽ ലഭിക്കുന്ന നികുതി കണക്കാക്കി ആനുപാതിക ശതമാനത്തിൽ അലവൻസ് വർധിപ്പിക്കാവുന്നതാണ് .ഇങ്ങനെ ശ്രദ്ധ യോടുകൂടി നീങ്ങിയാൽ 200000 രൂപയുടെ വർധ നവ് ഉണ്ടാക്കാൻ കഴിയും.

സ്റ്റേഡിയം

ഗ്യാലറികളോടുകൂടിയ ഒരു സ്റ്റേഡിയം നിർമ്മിച്ച് വിഭവസമാഹരണം നടത്തുവാൻ കഴിയും. ഇപ്പോൾ ഈ പഞ്ചായത്തിൽ സ്പോർട്സ് പ്രേമി കൾക്ക് സ്പോർട്സ് സംഘടിപ്പിക്കണമെങ്കിൽ ഗവ ഹൈസ്കൂൾ ഗ്രൗണ്ടിനെ മാത്രം ആശ്രിയി ക്കേണ്ട സ്ഥിതിയിലാണ്. ഇത്തരത്തിൽ ഒരു സ്റ്റേഡിയം നിർമ്മിച്ചാൽ വർഷത്തിൽ 60,000 രൂ. സ്വരൂപിക്കാൻ കഴിയും.

ബസ്സ്റ്റാന്റ്, ഷോപ്പിംങ് കോംപ്ലക്സ്:

10,00000 ത്തോളം രൂ. ചെലുവ് ചെയ്ത് നിർമ്മിച്ച ബസ്സ്റ്റാന്റും ഷോപ്പിങ്ങ്കോംപ്ലക്സും മുറി കൾ വാടകയ്ക്കു കൊടുക്കുകയും സർക്കാർ സ്ഥാപ നങ്ങളായ പഞ്ചായത്തിന്റെ നിയന്ത്രണത്തിൽ വരുന്ന കൃഷിഭവൻ തുടങ്ങിയവ അങ്ങോട്ടു മാറ്റാവുന്നതു മാണ് .ആഴ്ചചന്തക്കുവേണ്ടി നിർമ്മിച്ചിട്ടുള്ള സ്റ്റാളു കളും തുറന്നു പ്രവർത്തനമാരംഭിക്കണം .സർവ്വീസ് നടത്തുന്നു മുഴുവൻ ബസ്സുകളും ബസ്സ്റ്റാന്റിൽ കയറുന്നതിനാവശ്യമായ നിയമനടപടികൾ സ്വീക രിക്കുകയും വേണം. ഇങ്ങനെ ചെയ്താൽ 50,000 രൂ. വരുമാനമുണ്ടാക്കാൻ കഴിയും .ഇതോ ടൊപ്പം ഷോപ്പിങ്ങ് കോംപ്ലക്സിനുമുകളിലേക്ക് കെട്ടിടം ഉയർത്തിപഞ്ചായത്താപ്പീസ് അങ്ങോട്ടുമാ റ്റുകയും ആപ്പീസ് കോംപൗണ്ടിൽ ആധുനിക സൗക ര്യങ്ങളോടുകൂടിയ കമ്മ്യൂണിറ്റ് ഹാൾ നിർമ്മിക്കു കയും വേണം .ഈയിനത്തിൽ 2,00000 രൂപവരു മാനം വർധിപ്പിക്കാൻ സാധിക്കും.

ടാക്സി-ഓട്ടോസ്റ്റാന്റ് -ടാക്സികളും ചരക്കു വണ്ടികളും ബസ്സ്റ്റാന്റിനു സമീപത്തേക്ക് മാറ്റണം. ഓട്ടോകൾ 'സരണി 'റോഡിലേക്ക് മാറ്റണം .എല്ലാ ഓട്ടോ-ടാക്സി-ഗുഡ്സുകളും പഞ്ചായത്തിൽ രജി സ്റ്റർ ചെയ്യുന്നതിനും അവയ്ക്കു നിശ്ചിത തുക രജി സ്ട്രേഷൻ ഫീസ് വാങ്ങുന്നതിനും നിയമമുണ്ടാകണം. 25,000 രൂ .ഈയിനത്തിൽവരുമാനം കണ്ടത്താൻ കഴിയും .മാത്രമല്ല പൂക്കോട്ടുപാടം അങ്ങാടിയിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കാനും സാധിക്കും.

കച്ചവടലൈസൻസ്

മുഴുവൻ കച്ചവട സ്ഥാപനങ്ങളും പരിശോധിച്ച് ലൈസൻസ് ഫീസ് ഈടാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം. കച്ചവടത്തിന്റെ സ്വഭാവവും വരുമാനവും മനസ്സിലാക്കിയായിരിക്കണം ലൈസൻസ് ഫീസ് ചുമത്തേണ്ടത്. ഇപ്പോൾ 164167 രൂ. യാണ് ഈയിനത്തിൽ കിട്ടുന്നത്. ലക്ഷക്കണക്കിന് രൂപയുടെ മുടക്കുമുതലോടുകൂടി കച്ചവടം നടത്തുന്നവരിൽ നിന്നുപോലും ചെറിയതോതിലുള്ള ലൈസൻസിഫീസാണ് ഈടാക്കുന്നത്. ലൈസൻസ്ഫീസ് ചുമത്തുന്നത് ശാസ്ത്രീയമാക്കിയാൽ വർധനവ് 50,000രൂ. യാക്കാൻ സാധിക്കും.

സഹകാര്യ ആശുപത്രികൾ

നമ്മുടെ പഞ്ചായത്തിൽ ഇപ്പോൾ മൂന്ന് സഹകാര്യ ആശുപത്രികൾ പ്രവർത്തിക്കുന്നു. ഇവയിൽ നിന്ന് പ്രാക്ടീസനുസരിച്ചും ബെഡ്ഡുകൾക്കനുസരിച്ചും ലൈസൻസ്ഫീസ് ഈടാക്കണം. 5000 രൂപയുടെ വാർഷികവരുമാനം പ്രതീക്ഷിക്കുന്നു.

പരസ്യങ്ങൾ

നമ്മുടെ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സിനിമാപ്രദർശനം മുതൽ വൻകിടവ്യവസായങ്ങളുടെ പരസ്യം വരെ വ്യാപകമായിവരുന്നു. അതിന് നികുതി ഈടാക്കുന്നതായി കാണുന്നില്ല. ഈയിനത്തിൽ നികുതി ചുമത്തി 10,000 രൂ. സ്വരൂപിക്കാൻ സാധിക്കും.

മാംസ മൽസ്യ വിൽപന

ഈയിനത്തിൽ ചെറുകിട ഇടത്തരം എന്ന ക്രമത്തിൽ ലൈസൻസ് ഏർപ്പെടുത്തണം. സ്ലോട്ടർഹൗസിൽ മാത്രം അറവു നടത്തുന്ന സംവിധാനം നടപ്പിൽ വരുത്തുക. പഞ്ചായത്തു കേന്ദ്രത്തിൽ ഒരു അറവുകേന്ദ്രം എന്നതു കൊണ്ട് ജനങ്ങൾക്ക് താൽക്കാലികബുദ്ധിമുട്ടുകൾ ഉണ്ടാകുമെങ്കിലും പലഗുണങ്ങളും ഇതുമൂലം ഉണ്ടാകും. ശാസ്ത്രീയമായി അറവുശാലയിൽ അറവു നടക്കുമ്പോൾ മൃഗങ്ങളെ പരിശോധനയ്ക്ക് വിധേയമാക്കുന്നത് പല ആരോഗ്യപ്രശ്നങ്ങളും പരിഹരിക്കാൻ കഴിയുമെന്നതും പലസ്ഥലങ്ങളിൽ അശാസ്ത്രീയമായി അറവു നടത്തി അവശിഷ്ടങ്ങൾ കിടന്ന് പലവിധ രോഗങ്ങൾക്കും കാരണമാകുമെന്നും ജനങ്ങളെ ബോധവൽക്കരിച്ചുകൊണ്ട് ഈ പരിപാടി നടപ്പിലാക്കിയാൽ വൻവിജയമാകും. അങ്ങാടിയിലെ മൽസ്യമാംസവിൽപന അവസാനിപ്പിച്ച് പ്രത്യേകം തയ്യാറാക്കിയ സ്റ്റാളിലേക്ക് മാറ്റുകയും വേണം. ഇങ്ങനെ വന്നാൽ 10,000 രൂ. യുടെ വാർഷിക വരുമാനം ഉണ്ടാകും.

നായ്ക്കൾക്ക് ലൈസൻസ്

പേവിഷബാധ തടയാൻ നിശ്ചിത പ്രായത്തിനകം നായ്ക്കൾക്ക് കുത്തുവെയ്പ്പു നടത്തി വെറ്ററിനറി ഡോക്ടറുടെ സർട്ടിഫിക്കറ്റ് വാങ്ങേണ്ടതും നായ്ക്കളെ വളർത്തുന്നതിനുള്ള ലൈസൻസും ഫീസും ചുമത്തേണ്ടതും അല്ലാതെ വളർത്തുന്നത് ശിക്ഷാർഹമാക്കുകയും വേണം. അങ്ങിനെ വന്നാൽ ഇപ്പോൾ നായ്ക്കളെ പിടിച്ചു കൊല്ലാൻ ചിലവഴിക്കുന്ന 5000 രൂപ ഒഴിവാക്കാനും ലൈസൻസിനത്തിൽ 5000 രൂപ വരുമാനം ഉണ്ടാക്കാനും കഴിയും. ഇതിനു വേണ്ടി വലിയ പ്രചാരണപ്രവർത്തനങ്ങൾ നടത്തണം.

മനുഷ്യാധ്വാനം

പഞ്ചായത്തിലെ 11 വാർഡുകളിലും വികസനത്തിനുവേണ്ടി ദാഹിക്കുന്ന ജനങ്ങളെ വികസനരംഗത്ത് അവർക്ക് നിർവ്വഹിക്കാനുള്ള പങ്ക് ബോധ്യപ്പെടുത്തി വികസനരംഗത്തേക്ക് മനുഷ്യാധ്വാനം സംഭാവനചെയ്യുക എന്ന മുദ്രാവാക്യത്തിലേക്ക് അവരെ ആവേശഭരിതരാക്കിക്കൊണ്ടുവരേണ്ടതുണ്ട്. നമ്മുടെ പൂർവ്വികൻമാർ സന്നദ്ധ പ്രവർത്തനങ്ങളിൽ കാണിച്ചിരുന്ന താത്പര്യം പുതിയ തലമുറക്ക് കൈമോശം വന്നുകൊണ്ടിരിക്കുകയാണെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ഒരു കാലത്ത് റോഡുകളും വിദ്യാലയങ്ങളും നിർമ്മിക്കാനും ആശുപത്രികൾക്ക് സ്ഥലം വാങ്ങുന്നതിനും പണപ്പിരിവ് നടത്താനും ദേഹാധ്വാനം സംഭാവനചെയ്യാനും അവർ സന്നദ്ധരായിരുന്നു. ഈ രംഗങ്ങളിൽ അവരനുഭവിച്ച ക്ലേശങ്ങളും ദുഃഖങ്ങളുമായിരുന്നു അവരെ മുന്നോട്ടു നയിച്ചത്. നമ്മുടെ പഞ്ചായത്തിലെ മലയോരമേഖലയിലും അമരമ്പലം മേഖലയിലും ഈ നിലക്ക് പ്രവർത്തിച്ചതിന്റെ ഫലമായിട്ടാണ് കവളമുക്കട്ട ജി എൽ പി സ്കൂളും അമരമ്പലം ജി എൽ പി. സ്കൂളും നിലവിൽ വന്നത്. ഇതുപോലെ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ 70- 80 കാലഘട്ടത്തിൽ മനുഷ്യാധ്വാനത്തിലൂടെയും വിഭവസമാഹരണത്തിലൂടെയുമാണ് പഞ്ചായത്ത് റോഡുകൾ വന്നത്. ഇതിൽ എടുത്തു പറയാവുന്ന റോഡാണ് ചുള്ളിയോട്-പാട്ടക്കരിമ്പ് റോഡ്. 79ൽ 35,000 രൂപ സമാഹരിച്ച് നിരവധിയാളുകളുടെ മനുഷ്യാധ്വാനത്തിലൂടെയാണ് ഈ റോഡ് നിർമ്മിച്ച് PW Dയെ ഏൽപ്പിച്ചുകൊടുത്തതും ആദ്യമായി ബസ്സ് ഗതാഗതം ആരംഭിച്ചതും. കൈമോശം വന്നുപോയിട്ടുള്ള ത്യാഗമനോഭാവം വീണ്ടെടുക്കാനും ജനങ്ങളെയാകെ വികസനപ്രവർത്തനങ്ങളിലേക്കിറക്കുന്നതിനും നമുക്ക് സാധിക്കണം. ഇതിന് വേണ്ടി ജനകീയാസൂത്രണസമിതിക്ക് ഒരു സ്ഥിരം സംവിധാനം ഉണ്ടാകണം. ഇത് വഴി സ്വന്തം പരിസരത്തിലൂടെ പോകുന്ന മണ്ണുകൊണ്ടുള്ള പഞ്ചായത്തു റോഡുകൾ വർഷാരംഭത്തിനുമുമ്പേ, ഓവുചാൽ വെട്ടി റിപ്പയർ ചെയ്യണം. അങ്ങിനെ വന്നാൽ നമ്മുടെ പഞ്ചായത്തിലെ മൺപാതകൾ റിപ്പയർ ചെയ്യുന്നതിന് ഇപ്പോൾ പഞ്ചായത്ത് ചിലവഴിക്കുന്ന ഓരോ വാർഡുകളിലേക്കും വർഷത്തിൽ ശരാശരി 15,000 കവീതം 11 വാർഡുകളിലേക്ക്) 1,65,000 രൂപ ചിലവ് ചുരുക്കാൻ കഴിയും. ചിലവ് ചുരുക്കൽ മാത്രമല്ല ഇതുകൊണ്ടുള്ള ഗുണം. ഇത്രയും സംഖ്യ കരാറുകാർക്ക് കൊടുത്താൽ പകുതി സംഖ്യപോലും ചിലവഴിക്കപ്പെടാത്തതിനാൽ ഗുണനിലവാരവും കുറയും. ഇടത്തട്ടുകാരുടെ ചൂഷണം ഒഴിവാക്കാനും

ഗ്രാമപാതയുടെ അറ്റകുറ്റപ്പണികളുടെ ഗുണമേൻമ മെച്ചപ്പെടുത്തുവാനും ഇതുമൂലം സാധിക്കുന്നു. ഇതിന് പുറമേ വർഷത്തിൽ രണ്ട് ഘട്ടത്തിലായി ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിലെ വികസനപ്രവർത്തനങ്ങൾക്കുവേണ്ടി ഓരോ വീട്ടിൽ നിന്നും ഓരോ അംഗത്തിന്റേയും ഒരു ദിവസത്തെ അധ്വാനം നൽകാൻ തയ്യാറാവുക. ഈ നിലയിൽ വർഷത്തിൽ രണ്ടുഘട്ടങ്ങളിൽ 5,000 വീടുകളിൽ നിന്നായി 10,000 വരുന്ന മനുഷ്യാധ്വാനത്തിനു ഇന്നത്തെ ശരാശരി കൂലി കണക്കിലെടുത്താൽ 10,00,000 രൂപയുടെ വിഭവ സമാഹരണമായി.

റോഡുകൾക്കു ടോൾ സമ്പ്രദായം ഏർപ്പെടുത്തൽ

നമ്മുടെ പഞ്ചായത്തിൽ നിർമ്മിക്കുന്ന പ്രധാന റോഡുകളിലെ നിർമ്മാണച്ചെലവ് നിർവ്വഹിക്കുവാൻ വാഹനങ്ങളിൽ നിന്ന് ടോൾ ഏർപ്പെടുത്താവുന്നതാണ്.

ബോണ്ട് ഇറക്കുക

സംസ്ഥാനസർക്കാറിന്റേയും അനുമതിയോടുകൂടി 10 വർഷക്കാലാവധിയോടുകൂടിയ ആകർഷണീയമായ ബോണ്ടുകൾ ഇറക്കുക. പ്രസ്തുത സംഖ്യ പ്രത്യുൽപാദനപരമായ പരിപാടികളിൽ മാത്രം ചിലവവിഴിക്കുക

അഭ്യസ്തവിദ്യരുടെ പങ്ക്

അഭ്യസ്തവിദ്യരായ തൊഴിലില്ലാത്ത ചെറുപ്പക്കാർ നമ്മുടെ വിദ്യാലയങ്ങളിലെ പഠനനിലവാരം മെച്ചപ്പെടുത്തുവാൻ PTA കളുമായി സഹകരിച്ച് ആഴ്ചയയിൽ 2 മണിക്കൂർ തങ്ങളിലുള്ള വിദ്യാധനം തങ്ങളുടെ നാട്ടിലെ നിർധനരും പഠനകാര്യത്തിൽ പിന്നോക്കം നിൽക്കുന്നവരുമായ വിദ്യാർത്ഥിനി വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തുന്നതിനുവേണ്ടി ചിലവഴിക്കുകയും DEEP പോലുള്ള പദ്ധതികളിലെ ദുർവ്യയങ്ങൾക്കെതിരെ പ്രതികരിച്ചും നല്ലകാര്യങ്ങളിൽ സഹകരിച്ചും വിദ്യാഭ്യാസ രംഗത്ത് വലിയെ മാറ്റങ്ങൾ സൃഷ്ടിക്കാൻ കഴിയും.

ഗൾഫ് ജോലിക്കാർ

നമ്മുടെ പഞ്ചായത്തിൽ 450 ഗൾഫ് ജോലിക്കാരുണ്ടെന്ന് സർവെ കാണിക്കുന്നു. വാർഡ് തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു.

1	2	3	4	5	6	7	8	9	10	11	വാർഡ്
80	50	55	34	37	36	75	19	10	8	46	

ഇവരിൽ ഉയർന്ന ശമ്പളം ലഭിക്കുന്നവർ പൊതുവെ പരിമിതമാണ്. എന്നാൽ പോലും ഓവർടൈം ജോലിചെയ്തും മറ്റും വളരെ കഷ്ടപ്പെട്ടു സമ്പാദിക്കുന്നവർ നാട്ടിൽ വന്ന് മണിമാളികൾ നിർമ്മിക്കാനുള്ള ഉത്സാഹമാണ് കാണുന്നത്. ഇത് നമ്മുടെ ജില്ലയിലെ ഒരു പ്രവണതയാണ്. ആ പ്രവണത നമ്മുടെ ഗ്രാമത്തിലും തുടരുന്നു. ഇത് നിരുൽസാഹപ്പെടുത്തേണ്ടതാണ്. അവരുടെ സമ്പാദ്യം ചെറുകിട വ്യവസായങ്ങളിൽ നിക്ഷേപിക്കാൻ പ്രോത്സാഹിപ്പിക്കുകയും ചെറുകിട വ്യവസായങ്ങൾ തുടങ്ങുന്നതിൽ വന്നു ചേരാനിടയുള്ള സാങ്കേതിക-ചുവപ്പുനാടകൾ ഇല്ലായ്മ ചെയ്യുകയും വേണം. ഈ നിലയ്ക്ക് ഒരു പ്രവർത്തനം വന്നാൽ വ്യവസായ രംഗത്ത് ഒന്നുമില്ലാത്ത നമ്മുടെ ഗ്രാമത്തിൽ ചെറുകിട വ്യവസായങ്ങളുടെ ഒരു മുന്നേറ്റം ഉണ്ടാക്കാൻ കഴിയും. അതുവഴിക്ക് കുറേപ്പേർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും കഴിയും.

ബാങ്ക് ഫൈനാൻസിയേഴ്സ്

നമ്മുടെ പഞ്ചായത്തിൽ ഒരു സഹകരണ ബാങ്കും അതിന്റെ രണ്ടു ശാഖകളും നിലമ്പൂർ പഞ്ചായത്തിൽ ഹെഡ്ഡോഫീസ് പ്രവർത്തിക്കുന്ന അർബ്ബൻ ബാങ്കിന്റെ ഒരു ശാഖയും സൗത്ത് മലബാർ ഗ്രാമീണ ബാങ്കിന്റെ ഒരു ശാഖയും പ്രവർത്തിക്കുന്നു.

95-96 അർബ്ബൻ ബാങ്ക് ശാഖയിൽ നിക്ഷേപം 1,06,34,597 രൂപയും സ്വത്തുപണയത്തിൽ 54,68,695 രൂപയും സ്വർണ്ണം ആൾ ജാമ്യം എന്നിവയിൽ 42,18,333 രൂപയും കൂടി മൊത്തം 96,87,028 വായ്പ നല്കുകയും ചെയ്തു.

അമരമ്പലം സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ 95-96 ലെ നിക്ഷേപം 31071921 രൂപയാണ്. വിവിധ ഇനം വായ്പകളായി 39274005 നൽകിയിട്ടുണ്ട്.

സൗത്ത് മലബാർ ഗ്രാമീണ ബാങ്ക് 95-96 ൽ 9026000 രൂപ വായ്പനൽകിയിട്ടുണ്ട്.

സ്വകാര്യ ഫൈനാൻസിയേഴ്സ്

കേളര വ്യാപാരി വ്യവസായി വികസന സൊസൈറ്റി രെജി:നമ്പർ 183/96 എന്ന വ്യാപാരികളുടെ സംഘവും നിലമ്പൂർ കേന്ദ്രമായി പ്രവർത്തിക്കുന്ന നിലമ്പൂർ ഗ്രാമീണ കാർഷിക വ്യാപാര വ്യവസായ വികസന സൊസൈറ്റിയും നമ്മുടെ പഞ്ചായത്തിന് നിക്ഷേപങ്ങൾ സ്വീകരിക്കുകയും വ്യാപാരികൾക്ക് വായ്പ നൽകുകയും ചെയ്യുന്നുണ്ട്. ഇവർ നിക്ഷേപം സ്വീകരിക്കുന്നതിന് 7.5 മുതൽ 17.5 ശതമാനം വരെ പലിശനിരക്കിലാണെന്നും വായ്പക്ക് 21% മേൽ പലിശ ഈടാക്കുന്നതായും അറിയുന്നു.

ഇതിനുപുറമെ നാടൻ മുതലാളിമാരും തമിഴ്നാട് നിവാസികളും പണമിട

പാട് നടത്തുന്നുണ്ട്. ഇതിന്റെ പലിശനിരക്ക് 36% മുതൽ 120% വരെയാണ്.

ചെലവുകൾ

പഞ്ചായത്തിൽ പല രംഗത്തും ചെലവ് ചുരുക്കാൻ കഴിയില്ല എന്നു മാത്രമല്ല കാലാനുസൃതമായ വർദ്ധനവുകൾ ഉണ്ടാവുകയും ചെയ്യും. എന്നാൽ ചിലകാര്യങ്ങളിലെങ്കിലും ചെലവ് ചുരു

ക്കാൻ കഴിയും. യഥാർത്ഥത്തിൽ ചെലവ് ചുരുക്കലല്ല ചെലവ് നിയന്ത്രിക്കലാണ് ഉദ്ദേശിക്കുന്നത്. ഉദാഹരണത്തിന് സ്റ്റേഷനറി, ഫർണിച്ചർ എന്നിവ വാങ്ങുന്നതിൽ അനാവശ്യ ചിലവുകൾ വരികയും ഗുണനിലവാരം കുറയുകയും ചെയ്യുന്നുണ്ട്. പർച്ചേസിംഗ് കമ്മിറ്റികൾ രൂപീകരിച്ച് കമ്മിറ്റിയുടെ നിയന്ത്രണത്തിലായിരിക്കണം ഇത്തരം സാധനങ്ങൾ വാങ്ങേണ്ടത്. മറ്റൊന്ന് പഞ്ചായത്ത് നേരിട്ട് നടത്തുന്ന പ്രവൃത്തികൾ ശരിയായരീതിയിൽ നടക്കുന്നുവെന്ന് ഉറപ്പുവരുത്തുവാൻ അതാത് സമയത്ത് എസ്റ്റിമേറ്റുകൾ പരസ്യപ്പെടുത്തി ജനങ്ങളിലെത്തിക്കണം.

സാങ്കേതിക പ്രവർത്തനങ്ങൾ നടത്തുന്നതിൽ നിന്നും ഇടത്തട്ടുകാരെ ഒഴിവാക്കി ലേബർ കോൺട്രാക്റ്റ് സൊസൈറ്റികൾ രൂപീകരിച്ച് അവരെ എല്പിക്കണം.

ഓരോ പഞ്ചായിത്തിൽ നിന്നും ലഭിക്കുന്ന ഇന്ദിരാ വികാസ്പത്രയുടെ നിശ്ചിത ശതമാനം സംഖ്യ അതതു പഞ്ചായത്തുകൾക്കു കിട്ടുമെന്നതു കൊണ്ട് പഞ്ചായത്തിലെ ജനങ്ങളിൽ നിന്നും പരമാവധി നിക്ഷേപം മഹിളാ പ്രധാൻ ഏജന്റുമാർ സംഭരിക്കുന്നതായാൽ പഞ്ചായത്തിന്റെ വിഭവസമാഹരണത്തിന് നല്ല സംഭാവന നൽകാൻകഴിയും.

95-96ൽ സർക്കാർ ഗ്രാൻഡുകൾ ഉൾപ്പെടെ 1298186/- Rs. വരുമാനം ഉണ്ടായിരുന്നത് ഈ റിപ്പോർട്ടിൽ പറയുന്ന വിഭവസമാഹരം നടത്തി കഴിഞ്ഞാൽ 2725000/-രൂപയായി വർദ്ധപ്പിക്കാൻ കഴിയും. ഇതുൾപ്പെടെ നമ്മുടെ വാർഷിക വരുമാനം 4023186/-രൂപയായിമാറും. ഇതിൽ സർക്കാർ ഫണ്ടുകൾ യാതൊന്നും ഉൾപ്പെടുത്തിയിട്ടില്ല. ആസൂത്രണബോർഡിന്റെ കണക്കുകൾ പ്രകാരം സർക്കാറിൽ നിന്നും 10000000 രൂപ നമുക്ക് വർഷത്തിൽ പ്രതീക്ഷിക്കാവുന്നതാണ്. പുതിയ വിഭവസമാഹരണത്തിന്റെ ഒറ്റനോട്ടത്തിലുള്ള പട്ടിക (പട്ടിക 3ൽ) ചേർത്തിരിക്കുന്നു.

പൊതുവിൽ ഈ റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ളതു വിഭവ സമാഹരണം ലക്ഷ്യപ്രാപ്തിയിലെത്തിക്കാൻ പ്രചരണ രംഗത്ത് ഒരു വലിയ മുന്നേറ്റം കൈവരിക്കേണ്ടതുണ്ട്. പുറമെ വാർഡ് മെമ്പർമാർ ജനകീയആസൂത്രണ സമിതി അംഗങ്ങൾ, സന്നദ്ധ സംഘടനകൾ, കലാ-സാംസ്കാരിക സംഘടനകൾ, പഞ്ചായത്ത് ജീവനക്കാർ എന്നിവർ ചേർന്ന് രാഷ്ട്രീയ, ജാതി, മത ചിന്തകൾക്കതീതമായ വികനസ രംഗത്തേക്കുള്ള ഒരു കുതിച്ചു ചാട്ടത്തിലേക്ക് ജനങ്ങളെ സജ്ജമാക്കി മുന്നോട്ടു പോകണം. അനാചാരങ്ങൾക്കെതിരായും, ജാതിമത ചിന്തകൾക്കതീതമായും, ലക്ഷ്യബോധമുള്ള ഒരു തലമുറയെ വാർത്തെടുക്കാൻ ഇതുവഴിനമുക്ക് സാധിക്കും അടുത്ത അഞ്ചു വർഷം നമ്മുടെ പഞ്ചായത്തിൽ ഒരു പുതിയ മുന്നേറ്റത്തിന്റെ കാലഘട്ടമുണ്ടാക്കി ഒരു പുത്തൻ സംസ്കാരം കെട്ടിപ്പടുക്കുമെന്ന പ്രതിജ്ഞയോടെ നമുക്ക് പ്രവർത്തനം ആരംഭിക്കാം.
വാർഡ് വാർഡ്

പട്ടിക III

ഇനം	സംഖ്യ
കൃഷി	485000
തൊഴിൽ നികുതി	100000
കെട്ടിട നികുതി	500000
വിനോദ നികുതി	200000
സ്റ്റേഡിയം & ഗ്യാലറി	60000
ബസ്സ്റ്റാന്റ് & കോംപ്ലക്സ്	50000
ടാക്സി-ഓട്ടോ	25000
കച്ചവട ലൈസൻസ്	50000
സ്വകാര്യ ആശുപത്രികൾ	5000
പരസ്യം	10000
മാംസ്യ-മത്സ്യമേഖല	10000
വളർത്ത് നായകൾക്ക് ലൈസൻസ്	5000
കമ്മ്യൂണിറ്റി ഹാൾ	60000
മനുഷ്യ വിഭവം	1165000
ആകെ	2725000



അമരമ്പലം ഗ്രാമപഞ്ചായത്ത് ജനകീയാസൂത്രണം

സമഗ്ര വികസനരേഖ

അനുബന്ധം

സാമൂഹ്യ - സാംസ്ക്കാരിക ചരിത്ര പശ്ചാത്തലം

60-കളിൽ പ്ലാന്റേഷൻ രംഗത്ത് ——————————————————————————യൂണിയൻ പ്രവർത്തനംകൊണ്ട് കഴിഞ്ഞിട്ടുണ്ട് എന്ന വാചകത്തിന്റെ തുടർച്ചയായി പിന്നീട് ആര്യാടൻ മുഹമ്മദ് നേതൃത്വം നൽകിയ യൂണിയനും ഈ മേഖലയിൽ ചില സമരങ്ങളും നടത്തിയിട്ടുണ്ട് എന്നു് വായിക്കണം.

കൂട്ടിചേർക്കേണ്ടത്:

തൊഴിലാളി രംഗത്ത് പിന്നീടുണ്ടായ സമരങ്ങളിൽ INTUC നേതാക്കളായ മഞ്ചേരി തൊടിക കുഞ്ഞിമുഹമ്മദ്, കൊട്ടാടൻ നാരായണൻ, STUനേതാക്കളായ ഒ.കെ. മുഹമ്മദ്, ഉമ്മർ ഖാൻ തുടങ്ങിയവരുടെ നേതൃത്വപരമായ പങ്കുണ്ടായിരുന്നു.

വിദ്യാഭ്യാസ – സാംസ്കാരിക രംഗത്ത് മണ്ണിൽ മുഹമ്മദ്മൊല്ലാക്കയുടെ പങ്ക് എടുത്തുപറയേണ്ടതുതന്നെയാണ്.

മലബാർ കലാപത്തിന്റെ 25-ാം വാർഷികത്തിനു് പുലത്ത് മമ്മതാജിയാണ് പൂക്കോട്ടും പാടത്ത് പതാക ഉയർത്തിയത്.

അഞ്ചാംമയിൽ, പുതിയക്കോട്, പുതിയകളം, പാറക്കപ്പാടം തുടങ്ങിയ സ്ഥലങ്ങളിൽ നടന്ന മിച്ചഭൂമി സമരത്തിനു് നേതൃത്വം നൽകിയത് എം.എം. കൃഷ്ണൻകുട്ടി ഉൾപ്പെടെയുള്ള നേതാക്കളായിരുന്നു.

വിദ്യാഭ്യാസം

അനുബന്ധം

(കൂട്ടിച്ചേർക്കലുകളും, ചേർക്കലുകളും
